മുത്തേടം ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ

111-6

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മൂത്തേടം ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ


സമഗ്ര വികസന റിപ്പോർട്ട്

1. ആമുഖം.
2. പഞ്ചായത്ത് പൊതുവിവരണം.
3. സാമൂഹിക ചരിത്ര പശ്ചാത്തലം.
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.
5. സാമൂഹിക ക്ഷേമം.
6. കൃഷിയും, ജലസേചനവും.
7. മൃഗസംരക്ഷണവും, മത്സ്യബന്ധനവും.
8. വ്യവസായം.
9. വിദ്യാഭ്യാസം.
10. കുടിവെള്ളം.
11. ഊർജ്ജം, മാർക്കറ്റ്.
12. പൊതുജനാരോഗ്യം.
13. ഗതാഗതം.
14. വനിതാക്ഷേമം.
15. സംസ്കാരം.
16. പാർപ്പിടം.
17. സഹകരണം.
18. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.
19. വിഭവസമാഹരണം.
20. ഉപസംഹാരം.

5

പഞ്ചായത്ത് രാജ്
സ്ഥാപിക്കപ്പെട്ട
കഴിയുമ്പോഴേ
അക്രമത്തിനു്
ഒരിക്കലും നേടാൻ
കഴിയാത്തതു്
പൊതുജനാഭി
പ്രായത്തിനു്
നിർവ്വഹിക്കാൻ
കഴിയും.

ഗാന്ധിജി.



ഗ്രാമങ്ങളാണു് ഇന്ത്യയുടെ
ഹൃദയങ്ങളാണു്.
ഗ്രാമീണ ജനത നശിച്ചാൽ
ഇന്ത്യ നശിക്കും.

ഗാന്ധിജി.


അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.
- ഒമ്പതാം പദ്ധതി ജനകീയ പദ്ധതി.
- 40 ശതമാനം പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്.
- വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം.


സ്വന്തം മതത്തിന്റെ ഹൃദയത്തിലെത്താൻ ഒരാൾക്ക് കഴിഞ്ഞാൽ, അയാൾക്ക മറ്റ് മതങ്ങളുടെ ഹൃദയത്തിലും എത്താനാവും.

ഗാന്ധിജി.


മൂത്തേടം ഗ്രാമ പഞ്ചായത്ത് സാരഥികൾ




കെ.എ. പീറ്റർ
പ്രസിഡന്റ്




വി.എ. മുഹമ്മദ് എന്ന മാനു
വൈസ് പ്രസിഡന്റ്




പി. ഇസ്മായിൽ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



വി.പി. അഹമ്മദുകുട്ടി
മെമ്പർ




എം.ടി. ജോസഫ്
മെമ്പർ



ഡെയിസി മത്തായി
മെമ്പർ



ആനി മാത്തുക്കുട്ടി
മെമ്പർ




ഇ. നാരായണൻ
മെമ്പർ




സി.ടി. രാധാമണി
മെമ്പർ



സി. സുബൈദ
മെമ്പർ



എം. ചന്ദ്രൻ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി



വള്ളപ്പ റഷീദ്
[illegible] പഞ്ചായത്ത് മെമ്പർ

9

മൂത്തേടം ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1	കെ. എ. പീറ്റർ	[പ്രസിഡണ്ട്]
2	വി. എ. മുഹമ്മദ് എന്ന മാനു	[വൈ: പ്രസിഡണ്ട്]
3	പി. ഇസ്മായിൽ	[സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ]
4	സി. റ്റി. രാധാമണി	[മെമ്പർ]
5	എം. റ്റി. ജോസഫ്	[മെമ്പർ]
6	ഇ. നാരായണൻ	[മെമ്പർ]
7	ഡെയ്സി മത്തായി	[മെമ്പർ]
8	വി. പി. അഹമ്മദ് കുട്ടി	[മെമ്പർ]
9	ആനി മാത്തുക്കുട്ടി	[മെമ്പർ]
10	സി. സുബൈദ	[മെമ്പർ]

പ്രഥമ പഞ്ചായത്ത് പ്രസിഡണ്ട് : പുതിയറ മുഹമ്മദ് എന്ന കുഞ്ഞാൻ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ : (1) വളപ്ര റഷീദ്

(2) പാനായി ജേക്കബ്

ജില്ലാ പഞ്ചായത്ത് മെമ്പർമാർ : (1) എൻ. വി ജേക്കബ് മാസ്റ്റർ

(2) കെ. എസ്. വിജയം

എം. എൽ. എ. : ശ്രീ. ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)

എം. പി. : ശ്രീ. സി. അഹമ്മദ് (മഞ്ചേരി)


എഡിറ്റോറിയൽ ബോഡ്

ചെയർമാൻ	:	കെ. എ. പീറ്റർ
ജനറൽ കൺവീനർ	:	എം. ചന്ദ്രൻ
കമ്മറ്റി അംഗങ്ങൾ	:	വി. എ. മുഹമ്മദ് എന്ന മാന്ത
		പി. ഇസ്മായിൽ
		എ. സീതികോയ തങ്ങൾ
		റ്റി. വി. വിശ്വനാഥൻ മാസ്റ്റർ
		അലവിക്കുട്ടി മാസ്റ്റർ
		ഡൊമിനിക് മാസ്റ്റർ
		ബാലചന്ദ്രൻ മാസ്റ്റർ
റിസോഴ്സ് പേഴ്സൺ	:	കെ. കെ വിൽസൻ (ബ്ലോക്ക് കൺവീനർ)
ജില്ലാ റിസോഴ്സ് പേഴ്സൺ	:	റ്റി. വി. വിശ്വനാഥൻ മാസ്റ്റർ (കൺവീനർ)
		എ. സീതികോയ തങ്ങൾ (കോ–ഓർഡിനേറ്റർ)
		സുകുമാരപണിക്കർ മാസ്റ്റർ
		പി. അലവിക്കുട്ടി മാസ്റ്റർ
		അബ്ദുറഹിമാൻ മാസ്റ്റർ
		എ. കെ. നൗഷാദലി
		ഡൊമിനിക് മാസ്റ്റർ
		പി. അഷ്റഫ്
		എം. എം. കുഞ്ഞലവി
		വി. പി. അഹമ്മദ് കുട്ടി

ആദരാഞ്ജലികൾ

മൂത്തേടം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറായിരിക്കെ
നിര്യാതനായ

ഇ. കെ. അബ്ദുറഹിമാൻ



വ്യഥകളാൽ ചിരിച്ചിലമ്പു തീർത്തു നീ
കഥതീരും മുമ്പേയരങ്ങൊഴിഞ്ഞു നീ
നിനക്കു മൃത്യുവോ കരഞ്ചിരാതിൽ നീ
തെളിച്ച നാളമാർ കെടുത്തുവാനിനി ?

വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. ആമുഖം ചരിത്രപശ്ചാത്തലം

കെ. എ. പീറർ
അഹമ്മദ്കുട്ടി വി. പി.
ഇസ്മായിൽ പി.
മുഹമ്മദ് പി. പി.
ബാലചന്ദ്രൻ മാസ്റ്റർ
ഡൊമിനിക് മാസ്റ്റർ
സുന്ദരേശൻ എൻ.
മുഹമ്മദ് വി. എ.
അബ്ദുറഹിമാൻ എ.

2. കൃഷിയും ജലസേചനവും

രാധാമണി ടീച്ചർ (ചെയർപേഴ്സൺ)
റവ. വി. വിശ്വനാഥൻ മാസ്റ്റർ (കൺവീനർ)
മുണ്ടമ്പ്ര ഹംസ, കൽക്കളം.
എം. റവ. ഹംസ ഹാജി

3. മൃഗസംരക്ഷണം

എം. റവ. ജോസഫ് (ചെയർമാൻ)
നൗഷാദലി ഇ. കെ. (കൺവീനർ)
സന്തോഷ്
എം. ബഷീർ
റവ. മുഹമ്മദ്

4. വിദ്യാഭ്യാസം

വി. എ. മുഹമ്മദ് എന്ന മാനു (ചെയർമാൻ)
അബ്ദുറഹിമാൻ എ. (കൺവീനർ)
ചെറിയ മുഹമ്മദ്
റവ. കെ. സജി

5. കുടിവെള്ളം പൊതുജനാരോഗ്യം

നാരായണൻ ഇ. (ചെയർമാൻ)
എം. എം. കുഞ്ഞലവി (കൺവീനർ)
റവ. വി. വർഗ്ഗീസ്
പുതിയറ മുഹമ്മദ്

6. വ്യവസായം

ഡെയ്സി മത്തായി (ചെയർമാൻ)
സീതിക്കോയ തങ്ങൾ (കൺവീനർ)
എൻ. സുന്ദരേശൻ
ചെറിയ മുഹമ്മദ്

7. ഗതാഗതം, ഊർജ്ജം

വി. പി അഹമ്മദ്കുട്ടി (ചെയർമാൻ)
സുകുമാരപണിക്കർ (കൺവീനർ)
പുതിയറ ഉണ്ണ്യലവി
കുഞ്ഞുണ്ണി എൻ. കെ.

8. പാർപ്പിടം, സാമൂഹ്യക്ഷേമം

പി. ഇസ്മായിൽ (ചെയർമാൻ)
അഷറഫ് പി. (കൺവീനർ)
ചേലക്കോടൻ മുഹമ്മദ്
പാലപ്പുറവൻ മുഹമ്മദ്

9. സംസ്കാരം

കെ. എ. പീറർ (ചെയർമാൻ)
എം. റവ. ചാക്കോ (കൺവീനർ)
എം. വി. തോമസ്
പി. കെ ബാലചന്ദ്രൻ മാസ്റ്റർ

10. വനിതാക്ഷേമം

ആനി മാത്തുക്കുട്ടി (ചെയർമാൻ)
ഡൊമിനിക് മാസ്റ്റർ (കൺവീനർ)
നസീന പി.
ലീസി

11. സഹകരണം

സുബൈദ ടീച്ചർ (ചെയർമാൻ)
അലവിക്കുട്ടി മാസ്റ്റർ (കൺവീനർ)
എൻ. പ്രഭാകരൻ
സക്കീർ ഹുസൈൻ

12. പട്ടികജാതി / പട്ടികവർഗം

പി. ഇസ്മായിൽ (ചെയർമാൻ)
രാജു മാസ്റ്റർ (കൺവീനർ)
കുമാരൻ മാസ്റ്റർ
കാവുങ്ങൽ ഇസ്മായിൽ
മാഞ്ചേരിതൊടിക സുന്ദരൻ

13. വിഭവ സമാഹരണം.

കെ. എ. പീറർ (ചെയർമാൻ)
ചന്ദ്രൻ എം. (കൺവീനർ)
കരീം ഹാജി

പഞ്ചായത്തുരാജ്

ഗാന്ധിജിയുടെയും നെഹ്റുജിയുടെയും കാഴ്ചപ്പാടിൽ

ഗാന്ധിജി : സ്വരാജ്, പഞ്ചായത്തുരാജ്, ജനാധിപത്യം, വികേന്ദ്രീകരണം, ഗ്രാമവികസനം എന്നിവയെപ്പററി.

കെട്ടിപ്പടുക്കലിൽ തങ്ങൾക്ക് ഫലപ്രധമായ സ്വാധീനമുള്ള തങ്ങളുടെ രാഷ്ട്രമാണെന്ന് ഏറവും പാവപ്പെട്ടവർക്ക അനുഭവവേദ്യമാകുന്ന ഒരിന്ത്യ, ജനങ്ങളിൽ ഉയർന്ന വഗ്രവും താഴ്ന്ന വഗ്രവും ഇല്ലാത്ത ഒരിന്ത്യ, എല്ലാ സമുദായങ്ങളും സമ്പൂർണ്ണമായ യോജിപ്പിൽ വത്തിക്കുന്ന ഒരിന്ത്യ, അങ്ങനെ ഒരിന്ത്യക്കുവേണ്ടി ഞാൻ പ്രവത്തിക്കും. അങ്ങനെയൊരിന്ത്യയിൽ തീണ്ടിക്കൂടായ്മയുടെ ശാപത്തിനോ, ലഹരിപിടിപ്പിക്കുന്ന പാനീയങ്ങളുടേയും മരുന്നുകളുടേയും ശാപത്തിനോ ഇടമുണ്ടായിരിക്കയില്ല. പുരുഷന്മാരേപോലെ തന്നെ സ്ത്രീകും എല്ലാ അവകാശങ്ങളും അനുഭവിക്കും. ചൂഷണം ചെയ്യാതെയും ചൂഷണം ചെയ്യപ്പെടാതെയും ലോകത്തിന്റെ മറെറല്ലാ ഭാഗങ്ങളുമായി സമാധാനത്തിൽ വത്തിക്കുന്നതാകയാൽ നമുക്ക സങ്കല്പിക്കാവുന്നതിൽ ഏറവും ചെറിയ ഒരു സൈന്യമേ ഉണ്ടായിരിക്കുകയുള്ള മൂകലക്ഷങ്ങളുടെ താല്പര്യങ്ങളുമായി സംഘർഷത്തിലേർപ്പെടാത്ത വിദേശീയമോ ദേശീയമോ ആയ എല്ലാ താല്പര്യങ്ങളും സനിഷ്കർഷം ആദരിക്കപ്പെടും.

യംഗ് ഇൻഡ്യ 10-1-1931

ഇന്ത്യ, ഏതാനും നഗരങ്ങളിലല്ല, പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്ന് ഞാൻ വിശ്വസിക്കുകയും എണ്ണമററ സന്ദർഭങ്ങളിൽ ആവത്തിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ പട്ടണവാസികളായ നാം ഇന്ത്യ പട്ടണങ്ങളിലാണ് പടുത്തുയത്തപ്പെടേണ്ടതെന്നും നമ്മുടെ ആവശ്യങ്ങളും നിറവേറുവാൻ വേണ്ടിയാണ് ഗ്രാമീണർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിച്ചിരിക്കുന്നു. ഭക്ഷിക്കുവാനും വെയിലിൽനിന്നും മഴയിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ട വസ്ത്രം ധരിക്കുന്നതിനും ആവശ്യമായത് ഈ പാവപ്പെട്ട ജനതയ്ക്കും ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ നാമൊരിക്കലും മിനക്കെട്ടിട്ടില്ല.

ഹരിജൻ 4-4-1936

അതിബലവാനു ലഭിക്കുന്ന അതു സൗകര്യം അതി ദുർബലനും ലഭിക്കണം എന്നുള്ളതാണ് ജനാധിപത്യത്തേക്കുറിച്ചുള്ള എന്റെ സങ്കൽപ്പം.

ഹരിജൻ 18-5-1940

പഞ്ചായത്ത് രാജ് സ്ഥാപിതമാകുമ്പോഴും അക്രമത്തിൽ ഒരിക്കലും നിർവ്വഹിക്കാനാവത്തത് പൊതുജനാഭിപ്രായം നിർവ്വഹിക്കും. സാമാന്യ ജനത അവരുടെ സ്വന്തം കരുത്ത് ബോധ്യപ്പെടാത്തിടത്തോളം കാലം ജന്മിമാർക്കും മുതലാളിമാർക്കും രാജാക്കൻമാർക്കും അധികാരശക്തി നിലനിർത്താൻ കഴിയും. ജന്മിത്വത്തിന്റെ അല്ലെങ്കിൽ മുതലാളിത്തത്തിന്റെ ദ്രോഹങ്ങളോട് ജനങ്ങളും നിസ്സഹകരിക്കുകയാണെങ്കിൽ അതു പട്ടിണികിടന്നു ചത്തുപോകും.

ഹരിജൻ 1-7-1947

വില്ലേജ് പഞ്ചായത്തുകളെക്കുറിച്ചും വികേന്ദ്രീകരണത്തെക്കുറിച്ചും മൻകൂർ നിഴലിപ്പിച്ചു കാണപ്പെട്ടിരിക്കുന്ന ഭരണഘടനയിൽ നിർദ്ദേശസൂചനയൊന്നുമില്ലെന്ന് എനിക്കു വിവരം ലഭിച്ചിരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യം ജനങ്ങളുടെ ശബ്ദത്തെ പ്രതിഫലിപ്പിക്കണമെങ്കിൽ നിശ്ചയമായും നമ്മുടെ അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന ഒരു വിട്ടുകളയൽ തന്നെയാണിത്. പഞ്ചായത്തുകളുടെ കൂടുതലധികാരം ജനങ്ങൾക്കു കൂടുതൽ നന്ന്.

ഹരിജൻ 21-12-1947

കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കാപ്പെടാവുന്നതല്ല ശരിയായ ജനായത്തം അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം.

യംഗ് ഇൻഡ്യ 18-1-1948


ജവഹർലാൽ നെഹ്റു: ആസൂത്രണം, പഞ്ചായത്തുരാജ്, ദാരിദ്ര്യം, വികസനം, എന്നിവയെക്കുറിച്ച്.

ഏതൊരു ശരിയായ ജനായത്തക്രമത്തിന്റെയും അടിസ്ഥാനം പ്രാദേശിക സ്വയംഭരണ ഗവൺമെന്റായിരുന്നു. ആയിരിക്കുകയും വേണം. ജനങ്ങളും ജനായത്തത്തെക്കുറിച്ചു ചിന്തിക്കുന്ന ശീലത്തിൽപ്പെട്ടത് ഉയർന്ന തലത്തിലാണ്. അത്രത്തോളം താഴ്ന്ന തലത്തിൽ നടന്നില്ല. മുകളിലുള്ള ജനായത്തിനു് അതു് താഴെ നിന്നുള്ള അസ്ഥിവാരത്തിൻമേൽ പടുത്തുയർത്തപ്പെതല്ലെങ്കിൽ, ഒരു വിജയമാകാനാവില്ല.

ജവഹർലാൽ നെഹ്റു. 1948 ആഗസ്റ്റ് 6 നു് ഡൽഹിയിൽ നടന്ന പ്രാദേശിക സ്വയംഭരണ ഗവണ്മെന്റു മന്ത്രിമാരുടെ കോൺഫറൻസിൽ.

പഞ്ചായത്തുരാജിനെക്കുറിച്ചുള്ള അത്യുത്സാഹം നിറഞ്ഞ തലത്തിലാണ് ഞാനിപ്പോഴും. അഞ്ചുലക്ഷമോ കൂടുതലോ ആയ ഇന്ത്യൻ ഗ്രാമങ്ങളിൽ പഞ്ചായത്തുരാജ് കെട്ടിപ്പൊക്കുന്ന ഇന്ത്യൻ പശ്ചാത്തലത്തിൽ ഇത് അടിസ്ഥാനപരവും വിപ്ലവകരവുമായ എന്തോ ആണെന്ന് എനിക്കു തോന്നുന്നു. ഗ്രാമങ്ങളിൽ നിന്ന് തറനിലവാരത്തിൽ മേലോട്ടു ശരിയാംവണ്ണം പ്രവർത്തിക്കുന്ന വിശാല ജനാധിപത്യ പ്രാതിനിധ്യമുള്ള ഈ സ്ഥാപനങ്ങളെക്കുറിച്ചുള്ള സങ്കല്പം എന്നെ വികാരോത്തേജിതനാക്കുന്നു. ജനായത്തം കേവലം ഉയരെയുള്ള അല്പെങ്കിൽ സംസ്ഥാനങ്ങളിലുള്ള പാർലമെന്റു മാത്രമല്ല, പ്രത്യുത ഓരോരുത്തനേയും വികാരോത്തേജിതനാക്കുന്ന എന്തോ ഒന്ന് രാജ്യത്തിനാവശ്യം വരുമ്പോഴും അവനവനേറ്റതായ ശരിയായ സ്ഥാനവും നിശ്ചയമായും ഏതു സ്ഥാനവും കയ്യേൽക്കാൻ ഏതൊരുത്തനേയും പ്രേരിപ്പിക്കുന്ന എന്തോ ഒന്നാണ്. ആത്യന്തികമായി എല്ലാ വ്യക്തികളേയും ഇന്ത്യയുടെ സംഭാവ്യ പ്രധാനമന്ത്രിയാകാൻ പരിശീലിപ്പിക്കുവാനുദ്ദേശിച്ചുള്ളതാണ് പഞ്ചായത്തുരാജെന്ന്, നാം ചെയ്യുന്നതെന്തുമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ഞാനങ്ങനെ ഉദ്ദേശിച്ചിട്ടുമുണ്ട്.

—ജവഹർലാൽ നെഹ്റു.



ആമുഖം

''ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്''. എന്ന മഹാത്മജിയുടെ ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചത് രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റു ആയിരുന്നു.

മുമ്പു നടപ്പിലായ പഞ്ചവൽസര പദ്ധതികളും എല്ലാം തന്നെ ഗവൺമെന്റ് ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്താൻ കഴിഞ്ഞില്ല. പദ്ധതി നടത്തിപ്പിലുണ്ടായ ഭീമമായ ചോർച്ച ഭരണാധികാരികളുടെ കണ്ണ് തുറപ്പിക്കുകയും ശ്രീ. രാജീവ് ഗാന്ധിയുടെ കാലത്ത് പാർലിമെന്റിൽ ഇത് ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു. അതിനു പരിഹാരമായാണ് പഞ്ചായത്ത് രാജ് ബില്ല് പാർലിമെന്റിൽ അവതരിപ്പിച്ചു് പാസ്സാക്കിയെടുക്കാൻ ശ്രമിച്ചത്. 1994-ൽ പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വന്നു.

ഒൻപതാം പദ്ധതി മറ്റു പദ്ധതികൾക്കു വിരുദ്ധമായി വികസനം താഴേതട്ടിൽ നിന്നു് ആസൂത്രണം ചെയ്തു് നടപ്പിലാക്കുന്നതുമൂലം പദ്ധതി പ്രയോജനപ്പെടാൻ ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തുമെന്നു് കരുതാം.

1995 ഒക്ടോബറിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനു്, സർക്കാരിൽ നിന്നും വിവിധ ഏജൻസികളും മുഖാന്തിരം ലഭിക്കുന്ന ഫണ്ടുകളും (Untied, JRY) പ്രാദേശികമായും, വളരെയധികം പ്രാധാന്യമർഹിക്കുന്നതുമായ വിവിധ പ്രവർത്തികളും ഭരണ സമിതി നേരിട്ടും ജനകീയ കമ്മറ്റികളും മുഖേനയും വിജയകരമായി നടത്തികൊണ്ടിരിക്കുന്നു. ഉദാഹരണമായി 3-ാം വാർഡിലെ പൂപ്പാതിരികടവ് റോഡ്, ചാമപ്പറമ്പ്-മുപ്പിനി റോഡ് മുതലായവ ജനകീയ കമ്മറ്റികളും മുഖാന്തിരം വിജയകരമായി നടപ്പിലാക്കുകയും ചെയ്തു.

വളരെ കാലമായി കാത്തിരുന്ന പരിവർത്തനമാണ് ജനങ്ങളും ഉത്തരവാദിത്വപൂർവ്വം അധികാരം ഏറ്റെടുക്കുകയെന്നുള്ളത്. കഴിഞ്ഞ കാല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്ക് ഉണ്ടായിരുന്നതിനേക്കാളും ഉത്തരവാദിത്വവും അർപ്പണ ബോധവും, ഗ്രാമസഭകളിലെ ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് മുൻതൂക്കം നൽകാനും ഈ പഞ്ചായത്ത് രാജ് നടപ്പിലായതിനുശേഷം നിലവിൽ വന്ന ഭരണസമിതിക്ക് സാധിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ വളരെയധികം ചാരിതാർത്ഥ്യം ഉണ്ട്.

ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്വം നടപ്പാക്കുന്നതിനു് ജനങ്ങളിൽ ഉണ്ടാകുന്ന ആശങ്കകളും അകറ്റുന്നതിനു് ജില്ലാ സംസ്ഥാന ആസൂത്രണ ബോർഡുകളും വേണ്ട നടപടികളും സ്വീകരിക്കുന്നതു് നന്നായിരിക്കും എന്നതുകൊണ്ടുതന്നെ ഗ്രാമങ്ങളിലെ ജനങ്ങളുടെ ആശകളും നിറവേറ്റാൻ ഗ്രാമ സഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും ഫലപ്രദമായിരിക്കും.

വകുപ്പു മേധാവിത്വം ഇല്ലാതാകണമെങ്കിൽ ജനങ്ങളുടെയും വകുപ്പുകളുടെയും ഇടയിൽ ഉയർന്നു വന്നിട്ടുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ കോട്ടകളും തകരണം. ജനനന്മക്കായി സർക്കാർ ആഫീസുകളിൽ ചെല്ലുന്നവർ ഓച്ചാനിച്ചു് നിന്നു് അധികാരികളോടു് യാചന ചെയ്യുന്ന രീതി മാറണം. ഓരോ പൗരനും ഉൾപ്പെട്ടതാണു് സർക്കാർ എന്നു് ഓരോ വ്യക്തിയും വിശ്വാസം വളർത്തിയെടുക്കണം ജനകീയതയുടെ മാതൃക എല്ലാ സർക്കാർ രംഗത്തും ഉണ്ടാക്കി കാണണം.


സംസ്ഥാന സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്നു് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം ഒരു പുതിയ സംരംഭമാണു്. ഇതു് ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തുമെന്നു് നമുക്കു് പ്രത്യാശിക്കാം.

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	–	മൂത്തേടം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	–	എടക്കര, കരുളായി
ബ്ലോക്ക് പഞ്ചായത്ത്	–	നിലമ്പൂർ ഡിവിഷൻ: കാരപ്പുറം, എടക്കര.
താലൂക്ക്	–	നിലമ്പൂർ.
അസംബ്ലി മണ്ഡലം	–	നിലമ്പൂർ.
വിസ്തീർണ്ണം	–	48 ച. കി. മീ.
അതിരുകൾ	–	കിഴക്ക് : സർക്കാർ വനം
		വടക്ക് : എടക്കര, വഴിക്കടവ് പഞ്ചായത്ത് (പുന്നപ്പുഴ)
		തെക്ക് : സർക്കാർ വനം കരുളായി പഞ്ചായത്ത് (കരിമ്പുഴ)
		പടിഞ്ഞാറ്: ചുങ്കത്തറ പഞ്ചായത്ത് (പുന്നപ്പുഴ)
ജനസംഖ്യ	–	19527 (1991ലെ സെൻസസ് പ്രകാരം)
പുരുഷന്മാർ	–	9558
സ്ത്രീകൾ	–	9969
സാക്ഷരർ	–	15441
വാർഡുകൾ	–	10

ഓഫീസുകൾ

പഞ്ചായത്ത് ഓഫീസ്	1
പോസ്റ്റോഫീസ് (ബ്രാഞ്ച്)	4
കൃഷിഭവൻ	1
ഫോറസ്റ്റ് സ്റ്റേഷൻ	1
സർവ്വീസ് സഹകരണ ബാങ്ക്	1
ക്ഷീരോല്പാദക സഹകരണ സംഘം	9
ഹൈസ്കൂൾ	1
യു. പി സ്കൂൾ	2
എൽ. പി. സ്കൂൾ	4
മൃഗാശുപത്രി	1
ആയുർവ്വേദ ആശുപത്രി	1
ഗ്രാമ വികസന ആഫീസ്	1
പ്രാഥമിക ആരോഗ്യ കേന്ദ്രം	1
സബ് സെൻറുകൾ	3



സാമൂഹ്യ ചരിത്ര പശ്ചാത്തലം

നീലക്കുറിഞ്ഞി പൂക്കുന്ന നീലഗിരി മലകളുടെ കുളിർമയും വനഭംഗിയും കിരീടമായി വെച്ച്, ഇളം തെന്നലിൽ ഊഞ്ഞാടുന്ന തെങ്ങോലകളുടെ വിശറിക്കാറേറേറ്റ്, മുൻ വിധികളില്ലാതെ കടന്നുവരുന്ന ഏതൊരാളെയും, സൃഷ്ടിയുടെ വിസ്മയ ചെപ്പുകൂടം തുറന്നു കാട്ടി വിരുന്നൂട്ടാൻ കൊതിക്കുന്ന മലനിരകളും കാട്ടാറുകളും, വയലേലകളും, ഗ്രാമീണത തുളുമ്പുന്ന നാട്ടിൻ പുറങ്ങളും, വികസനത്തിന്റെ പേരിൽ കോടാലി വീഴാത്ത പ്രകൃതി സൗന്ദര്യങ്ങളും, സ്നേഹമുള്ള ജനങ്ങളും, സാംസ്കാരിക തനിമയും, സാഹോദര്യ സ്നേഹവും, ദൈവ സാമീപ്യാവബോധവും, ചരിത്രസത്യങ്ങളും, ദേശസ്നേഹവും കൊണ്ട് സമ്പന്നവും; സ്വതന്ത്ര ഭാരതത്തിന്റെ വികസന ഡയറിയിൽ ഇനിയും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന, കേരളത്തിന്റെ ഇതര പഞ്ചായത്തുകളിൽ നിന്നു വിത്യസ്തമായി ഇത്തിരി സ്നേഹം ഹൃദയത്തിൽനിന്ന് പകർന്നുകൊടുക്കാൻ, ഇന്നും കഴിയുന്ന പച്ച മനുഷ്യരുടെ പുണ്യഭൂമിയായ മൂത്തേടം ഗ്രാമപഞ്ചായത്തിലെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം നടത്തുകയാണിവിടെ.....!

ഒരിട വേളയിലേക്ക് അഭയവും ആഹാരവും തേടിയെത്തുന്ന ദേശാടനക്കിളികൾക്ക് കൂട്ടുകൂടാനിടം നല്കുന്ന 'കുട്ടായിയും, കടലുണ്ടിയും' സ്ഥിതി ചെയ്യുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ നിന്നും 13 കി മീറ്റർ തെക്കുകിഴക്കുമാറി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് 'മൂത്തേടം'.

കോഴിക്കോട്ടുനിന്നും 'മൂത്തേടം' എന്ന സ്ഥലത്തുള്ള ഏതാനും കുടുംബങ്ങൾ - ഇപ്പോൾ കാട്ടികല്ലിൽ സ്ഥിതിചെയ്യുന്ന മുസ്ലിം പള്ളി കേന്ദ്രമാക്കി താമസമാക്കിയതിനാലാണ് ഈ പ്രദേശത്തിന് 'മൂത്തേടം' എന്ന് പേരുവന്നത് എന്നു പറയപ്പെടുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ ഒരു നാഗരിക സമൂഹം ഇവിടെ ജീവിച്ചിരുന്നതായി പഞ്ചായത്തിലെ സ്ഥലനാമങ്ങളായ ചേലക്കടവ്, മരത്തുംകടവ്, നമ്പൂരിപ്പൊട്ടി, കാരപ്പുറം, കൽക്കുളം, ചെമ്മന്തിട്ട, പാലാങ്കര എന്നിവയിൽനിന്നും അടുത്തുള്ള വനാന്തര ഭാഗത്തെ ചരിത്രാവശിഷ്ടങ്ങളിൽ നിന്നും മനസ്സിലാക്കാം.

ഈ പ്രദേശത്ത് പൂർവ്വികരായ ബ്രാഹ്മണർ 'ചേല' കഴുകാനും, കുളിക്കാനും മറ്റുമായി ഉപയോഗിച്ചിരുന്ന കടവിന് ചേലക്കടവെന്നും, ധാരാളം സന്യാസിമാർ ആദ്യകാലങ്ങളിൽ 'മഠ'ങ്ങൾ സ്ഥാപിച്ച് താമസമാക്കിയെന്നും അവരുടെ കടവായി ഇവിടം ഉപയോഗിച്ചുവെന്നും അങ്ങനെ 'മഠത്തുംകടവ്' എന്നുണ്ടായെന്നും ക്രമേണ 'മഠത്തുംകടവ്' മരത്തുംകടവായി മാറിയെന്നും, ആദ്യകാലങ്ങളിൽ മരം 'ലാട്ടി'വെച്ച് ഈ കടവിൽ 'പാണ്ടികെട്ടി മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോവുകയും ആയതിനാൽ ഈ കടവ് ഉപയോഗിക്കുകയും, അങ്ങനെ മരത്തുംകടവ് എന്ന് പേരുണ്ടായി എന്നും, ഇതിനടുത്തുള്ള പ്രദേശം നമ്പൂതിരിമാർ താമസിക്കാനുപയോഗിക്കുകയും ആയതിനാൽ 'നമ്പൂരിപ്പൊട്ടി' എന്നും,

പൂർവ്വികരായ ബ്രാഹ്മണർ കെട്ടിയുണ്ടാക്കിയ കുളങ്ങളുടെ ചരിത്രാവശിഷ്ടങ്ങളും പലതും കാണുന്ന ഈ പ്രദേശത്തിന് കൽക്കുളം എന്നും,

'പുതുവായ്' ഭാഗം മുതൽ താളിപ്പാടം വരെ ചെമ്മന്തിട്ട ദേവസ്വം വകയായിരുന്നു. ഈ പ്രദേശത്തിനു 'ചെമ്മന്തട്ടകം' എന്നും,

ആദ്യ കാലങ്ങളിൽ ഭൂരിഭാഗം പ്രദേശങ്ങളും വയലുകളായി നിലനിൽക്കേ, കുറച്ചുസ്ഥലത്തുമാത്രം ജനങ്ങൾക്ക് താമസിക്കാനും മറ്റും ഒരു 'കര' പ്രദേശം മാത്രം ഒഴിഞ്ഞു കിടന്നിരുന്നതായും ആയതിനാൽ 'കരപ്പുറം' എന്നും പിന്നീട് 'കാരപ്പുറ' മെന്നും വിളിക്കാനും കാരണമായി എന്നും,

ധാരാളം 'താളി' മരങ്ങൾ വളർന്നു വന്നിരുന്ന ഭൂപ്രദേശത്തിന് താളിപ്പാടം എന്നും, പേരുകൾ വിളിച്ചുപോന്നു.

ഏതോ മാരകരോഗം മൂലമോ, മറ്റെന്തോ കാരണങ്ങൾ കൊണ്ടോ ഈ സമൂഹം ഇവിടെ നിന്നും പലായനം ചെയ്തതായി അനുമാനിക്കുന്നു.

ഈ പ്രദേശത്ത് ആദിവാസികളും പട്ടികവർഗ്ഗക്കാരും ധാരാളമായി വസിച്ചിരുന്നെന്നും പറഞ്ഞുകേൾക്കുന്നു. ഇവരിൽ അറനാടർ മലയിൽപണിക്കർ, പണിയർ, കുറുമർ തുടങ്ങിയവരാതിരുന്നു ഭൂരിഭാഗവും.

ഈപ്രദേശം നിലമ്പൂർ കോവിലകം, ചെമ്മംതിട്ടദേവസ്വം വകകളായിരുന്നു ഇന്നത്തെ മൂത്തേടം പഞ്ചായത്ത് സ്ഥിതിചെയ്യുന്ന പ്രദേശം നിലമ്പൂർ കോവിലകത്ത് കാണംചാർത്ത് പാട്ടം എന്നീവ്യവസ്ഥകളിൽ ചില കുടുംബങ്ങൾ മദ്ധ്യവർത്തികളായി അവകാശം സ്ഥാപിച്ചു ഈ മദ്ധ്യവർത്തികളിൽ പ്രമുഖർ കല്ലുവെട്ടി കുടുംബം വലിയപീടികക്കൽ കുടുംബം പുതിയറ കുടുംബം തണ്ടുപാറ കുടുംബം എന്നിവയായിരുന്നു. ഈ മദ്ധ്യവർത്തികളിൽ നിന്നും വയലുകൾ പാട്ടത്തിനു കൃഷിക്കായി ഏറ്റുവാങ്ങി താളോം കൊല്ലിഭാഗത്ത് കമരിയൻ, എരഞ്ഞിക്കൽ, മുരിങ്ങോടൻ എന്നീ കുടുംബങ്ങളും നിലമ്പൂർ കോവിലകത്ത്നിന്ന് പുതുവായ്കളം ചിന്നമേനോൻ വല്ലടിമുണ്ട ഭാഗത്ത് പുതിയറ കുട്ടസ അത്തിക്കൽ എന്നവരുടെ കുടുംബങ്ങളും ജീവിച്ചു.

പാലാങ്കര ഭാഗം കല്ലുവെട്ടി കുടുംബത്തിന്റെയും കാരോട് ഭാഗം വലിയപീടിയക്കൽ കുടുംബത്തിന്റെയും വട്ടപ്പാടം ഭാഗം തണ്ടുപാറ കുടുംബത്തിന്റെതുമായിരുന്ന കല്ലുവെട്ടികളുടെയും നിലമ്പൂർ കോവിലകത്തിന്റെയും വകയായി ഉണ്ടായിരുന്ന ഭൂപ്രദേശത്തിന്റെ അതിരെന്ന നിലയ്ക്ക് നിലമ്പൂർ കേവിലകം ദാനം ചെയ്ത സ്ഥലത്ത് ''മൂത്തേടം മുസ്ലീംപള്ളി'' സ്ഥാപിച്ചു. നൂറ്റാണ്ടുകൾ പഴക്കം ഉള്ള ഈ മുസ്ലീം പള്ളി ചുങ്കത്തറ എടക്കര ഭാഗങ്ങളിലെ ഏറ്റവും പഴക്കംചെന്ന മുസ്ലീം പള്ളിയാണ്.

കൊല്ലവർഷം 1103-ൽ ചോളമുണ്ട ഭാഗത്ത് ചുള്ളിക്കളവൻ അലവിക്കുട്ടി എന്നവർ 300 ഏക്കർ സ്ഥലം കൃഷിക്കു വേണ്ടി മദ്ധ്യവർത്തികളിൽ നിന്നു വാങ്ങുകയും താമസം തുടങ്ങുകയും ചെയ്തു. പാലാങ്കരപാടം, ആലുങ്കൽ പരതനിലം എന്നിവ കല്ലുവെട്ടികളിൽ നിന്ന് വലിയ പീടികയ്ക്കൽ കുടുംബം കൈവശപ്പെടുത്തി പാട്ടത്തിനു നൽകി. 1921 – ലെ മലബാർ ലഹളയിൽ ഇവിടെനിന്നും പലരും പങ്കെടുത്തിരുന്നു

1928-ൽ വലിയപീടികയ്ക്കൽ ഉണ്ണ്യാസൻ ഹാജി നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമായ 'മാപ്പിള ബോർഡ്' സ്കൂൾ മൂത്തേടത്ത് സ്ഥാപിച്ചു. ഈ വിദ്യാലയത്തിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ വീരാൻകുട്ടി മാസ്റ്റർ ആയിരുന്നു.

പുതുവായ്കളം വക സ്ഥലത്ത് വളരെ പഴക്കമുള്ള 3 തെങ്ങുകൾ നില നിന്നിരുന്നതായി അറിയുന്നു. ഇക്കാലത്ത് കാളപൂട്ട് കണ്ടത്തിൽ ഉണ്ണിമാൻ മുസ്ല്യാർ വക കെട്ടിടം, മൂത്തേടംപള്ളി, കാരോട്കളം തുടങ്ങി ഏതാനും ഓടിട്ട പുരകൾ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ.

ഇക്കാലത്തു തന്നെ പെരുപ്പാറ ഭാഗത്ത് നിലമ്പൂർ കോവിലകത്തുനിന്ന് കൊച്ചുണ്ണിത്തമ്പുരാൻ നേരിട്ട് കൃഷി നടത്തുകയും എന്തോ 'നിധി' കൈവശപ്പെടുത്തുന്നതിനിടയിൽ ആരുടേയോ അടികൊണ്ട് നേരം പുലർന്നപ്പോഴേക്കും കൃഷിയിടങ്ങളെല്ലാം ഇട്ടേപ്പാടൻ കുടുംബത്തെ നോക്കി നടത്താൻ ഏൽപ്പിച്ച് സ്ഥലം വിട്ടതായും ഒരു ഐതിഹ്യമുണ്ട്

ഇക്കാലത്ത് ചാമപ്പറമ്പിൽ നിലമ്പൂർ കോവിലകം വകയായി ഒരു അമ്പലമുണ്ടായിരുന്നു. ഈ ക്ഷേത്രത്തിൽ വിളക്കു വെയ്ക്കുന്നതിനു 30 പറ നെല്ല് കോവിലകത്തു നിന്ന് നൽകി അമ്പാടി മാധവൻ നായർ എന്നവരെ ഏർപ്പാട് ചെയ്തിരുന്നതായും അറിയുന്നു.

ഇക്കാലത്തെ എടത്തുപറയത്തക്ക സംഭവങ്ങൾ എടക്കര താമസിച്ചിരുന്ന ചെറുകര

അപ്പുനായർ എന്നയാളും കാറ്റാടിയിൽ ഒരു പാലം നിർമ്മിക്കുന്നതിനുവേണ്ടി ശ്രമം ആരംഭിച്ചിരുന്നു എന്നുള്ളതും കൊല്ലവർഷം 1118-ൽ വല്ലടിമുണ്ടയിൽ ഏറാന്തോടൻ വേലു എന്നവർ ഒരു കുറിക്കല്ല്യാണം കഴിച്ചു് 64 രൂപ പിരിഞ്ഞുകിട്ടി എന്നുള്ളതുമാണു്. കൽക്കുളം ഭാഗത്തു് വാരിക്കുഴി നിർമ്മിച്ചു് ആന പിടുത്തം നടത്തിയിരുന്നു.

നിലമ്പൂർ കോവിലകം കരഭൂമികളും എല്ലാംതന്നെ നിബിഡ വനങ്ങളായി നിലനിർത്തി. ഈ വനങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി കോവിലകം വക 'ഫോറസ്റ്റു്' ഓഫീസും ഉദ്യോഗസ്ഥ സംവിധാനങ്ങളുമുണ്ടായിരുന്നു. ഈ ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ചു് വനം കൊള്ളക്കാർ വലിയ തേക്കു മരങ്ങളും ഉരുപ്പടികളാക്കി കടത്തി കൊണ്ടുപോവുകയും പട്ടമരങ്ങളും മുറിച്ചുനീക്കി കരിച്ചെടുക്കുവാനും മറ്റും ഉപയോഗിച്ചു. ഇങ്ങനെ വന നശീകരണം സംഭവിച്ച സ്ഥലങ്ങളും പിന്നീടു് പുനം കൃഷിക്കു് നൽകി.

1948 കാലത്തു് നിലമ്പൂർ ഭാഗത്തു് തിരുവിതാംകൂറിൽ നിന്നും എത്തിച്ചേർന്ന 'പ്ലാവുങ്കൽ അച്ചൻ' നിലമ്പൂർ കോവിലകംവക 280 ഏക്കർ സ്ഥലത്തു് പുല്ലഞ്ചേരിയിൽ സ്ഥാപിച്ച ബഥേൽ കോളനി അടിസ്ഥാനമാക്കിയാണു് ആദ്യത്തെ കുടിയേറ്റം നടന്നതു്.

1950-ൽ പാലാങ്കര പതിനാറേക്കർ എന്ന സ്ഥലത്തു് കുടിയേറ്റക്കാർ താമസമാക്കുകയും കൃഷിയിറക്കുകയും ചെയ്തു. തുടർന്നു് പാലാങ്കര തവളമുണ്ട, വട്ടപ്പാടം, തുടങ്ങി ചോളമുണ്ട വരെയുള്ള സ്ഥലങ്ങളും കയ്യേറിയും കോവിലകം ഉദ്യോഗസ്ഥന്മാരുടെ പീഡനങ്ങളും സഹിച്ചും കൃഷിയിറക്കി. ഇക്കാലമത്രയും ധാരാളംകേസ്സുകളും കുടിയേറ്റക്കാരിൽനിലവിലുണ്ടായിരുന്ന ആദ്യകാല കുടിയേറ്റക്കാരിൽ പണ്ടകശാലയിൽ ഈശോ, കെ.ടി. മത്തായി തുടങ്ങിയവർ ഉൾപ്പെടുന്നു. ഇക്കാലത്തുതന്നെ മുപ്പിനികാറ്റാടി ചേലക്കടവു് ഭാഗത്തും ക്രിസ്ത്യാനികളും കുടിയേറ്റം നടത്തിയിരുന്നു. കരുളായി ഭാഗത്തുനിന്നുള്ള തരിശുകൈയേറ്റം ഉൾകൊണ്ടുകൊണ്ടു് മുണ്ടമ്പ്ര കുടുംബം, തുപ്പിലിക്കാടൻ കുടുംബം, മുണ്ടോടൻ കുടുംബം, കൽക്കുളം സ്വദേശിയ ചേട്ടൻ തുടങ്ങിയവർ കൽക്കുളം, പച്ചളിപ്പാടം, നെല്ലിക്കുത്തു് എന്നീ ഭാഗങ്ങളിലെ തരിശുഭൂമികളും കൈവശപ്പെടുത്തി കൃഷിചെയ്തു വന്നു.

1953-ൽ പാലാങ്കരയിൽ ആദ്യമായി ഒരു ക്രിസ്ത്യൻ ദേവാലയം കാരാവള്ളിയിൽ ശാമുവേൽ എന്നവർ നൽകിയ സ്ഥലത്തു് സ്ഥാപിക്കപ്പെട്ടു. 1954-ൽ നിലമ്പൂർ പഞ്ചായത്തിലേക്കു് മൂത്തേടം നിവാസികളുടെ സമ്മതിദാനാവകാശത്താൽ കുഞ്ഞഹമ്മദു് മേസ്ത്രി തെരഞ്ഞെടുക്കപ്പെടുകയും ഇവിടത്തെ ആദ്യ റോഡായ എടക്കര-പാലാങ്കര റോഡു് വെട്ടുന്നതിനു് നേതൃത്വം നൽകുകയും ചെയ്തു. മൂത്തേടത്തു് 'ചെറുമുണ്ട ഡോക്ടർ' നടുവിലെ മുറിയിൽ തോമസു് എന്ന ഒരു പൊതു പ്രവർത്തകൻ ആതുര ശുശ്രൂഷാ രംഗത്തു് ഏക ആശ്രയമായിരുന്നു.

1963-ൽ എടക്കര പഞ്ചായത്തിലേക്കു് നടന്ന തെരഞ്ഞെടുപ്പിൽ പുതിയറ ഉണ്യലവി ഏറാന്തോടൻ രാമൻ എന്നിവർ മൂത്തേടം പഞ്ചായത്തുംപ്പെട്ട ഭാഗത്തു നിന്നും എടക്കര പഞ്ചായത്തിലേക്കു് തെരഞ്ഞെടുക്കപ്പെടുകയും പുതിയറ ഉണ്യലവി എന്നവർ എടക്കര പഞ്ചായത്തു് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അമരമ്പലം പഞ്ചായത്തിലേക്കു് നടന്ന തെരഞ്ഞെടുപ്പിൽ സി. കെ. മുഹമ്മദു് മാസ്റ്റർ പാലാങ്കര ഭാഗത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ രാജിയെ തുടർന്നു് ടി. എം. തോമസു് എന്നവരും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ആണു് മരംവെട്ടിച്ചാൽ, ചെമ്മംതിട്ട കാരപ്പുറം റോഡിന്റെ പ്രാരംഭ നടപടികളും ഹൈദർ മുസ്ലിയാർ, ചാരുനായർ, മുണ്ടയിൽ അലവി, കറുത്തേടത്തു് നാണി, ഏറാന്തോടൻ രാമൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ചതു്.

1964 കാലത്തു് കൽക്കുളം കെ. പി. രാജൻ, കൊടത്തോട്ടിൽ കുഞ്ഞിപ്പു എന്നു കുഞ്ഞവറാൻ, പനോലൻ മുഹമ്മദു് എന്നു മാനു എന്നിവരുടെ നേതൃത്വത്തിൽ പൂവ്വുണ്ടകുന്നിൽ നൂറു് ഏക്കറിലധികം ഭൂമി കയ്യേറി

അവസാനമായി കയ്യേറ്റം നടന്നത് നമ്പൂരിപ്പൊട്ടി, മരത്തുംകടവ് ഭാഗത്താണ്. ആയതിനുവേണ്ടി പുതിയറ കുടുംബവും വലിയ പീടിയക്കൽ കുടുംബവും തമ്മിൽ നടന്ന തർക്കത്തിൽ പുതിയറ കുടുംബം ഭൂമി കൈവശപ്പെടുത്തി ഭൂപരിഷ്ക്കരണം വന്നതോടെ കൃഷിഭൂമി കൃഷിക്കാരനു് എന്നആശയം നിലവിൽ വന്നു.

മൂത്തേടം ഹൈസ്കൂൾ 1974-ൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ: ചാക്കീരി അഹമ്മദുകുട്ടി ഉൽഘാടനം ചെയ്തു. ഈ സ്ഥാപനം തുടക്കം കുറിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നവർ കുറുത്തേടത്ത് അലവി, ഉണ്ണിമേനോൻ. ഫിലിപ്പ് നേരി തുടങ്ങിയവരുടെ പേരുകളും പ്രത്യേകം പ്രസ്താവ്യമാണ്.

ഈ പ്രദേശത്ത് ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിനുവേണ്ടി കെ. എ. പീറർ, കെ. പി. രാജൻ പൂന്തുരുത്തി അബ്ദുള്ള റഹിമാൻ, പി. വി. കുഞ്ഞഹമ്മദുകുട്ടി, തൈനാടൻ അലവി കുട്ടി, ചാരു നായർ, പുതിയറ മൊയ്തീൻ കുട്ടി, എ. പി. സീതികോയ തങ്ങൾ എം. ടി. ഹംസ ഹാജി, അടുക്കത്ത് അബൂബക്കർ ഹാജി എന്നിവരുടെ പരിശ്രമവും ആര്യാടൻ മുഹമ്മദ്, എം. പി. ഗംഗാധരൻ കളത്തിങ്കൽ ഹംസ, കെ. വാസു, ടി. കെ. അബ്ദുള്ളകുട്ടി, എൻ. പി. ജേക്കബ് മാസ്റ്റർ എന്നിവരുടെ കാലാകാലങ്ങളിലുള്ള സഹായവും വകുപ്പു മന്ത്രിയായിരുന്ന അവുക്കാദർകുട്ടി നഹ സാഹിബിന്റെയും, സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെയും പ്രത്യേക താല്പര്യ പ്രകാരവും 1979ൽ എടക്കര കരുളായി പഞ്ചായത്തുകളും വിഭജിച്ച് മൂത്തേടം പഞ്ചായത്ത് രൂപീകൃതമാകാൻ കാരണമായി.

മൂത്തേടം പഞ്ചായത്തിന്റെ ആസ്ഥാനം ശ്രീ. സി. കെ. മൊയ്തീൻ കുട്ടി ഹാജിയുടെ കെട്ടിടത്തിൽ ആരംഭിച്ചു. ആദ്യത്തെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. നാരായണൻ നായർ ആയിരുന്നു.

അതിനുശേഷം ശ്രീ. C.K. മൊയ്തീൻകുട്ടി ഹാജി 20 സെന്റ് സ്ഥലം കാരപ്പുറത്ത് പഞ്ചായത്ത് ആഫീസ് നിർമ്മിക്കുന്നതിനു് സൗജന്യമായി നൽകി 1980-ൽ സഹകരണ ബാങ്ക് സ്ഥാപിച്ച് ബാങ്കിംഗ് മേഖലയുടെ തുടക്കം കുറിച്ചു. ശ്രീ. വി. പി. അഹമ്മദ് കുട്ടി ഈ ബാങ്കിന്റെ ആദ്യ പ്രസിഡണ്ട് ആയി. കൈലാസത്തിൽ സഹദേവൻ അവർകളും സൗജന്യമായി നൽകിയ സ്ഥലത്ത് ബാങ്കിനു് സ്വന്തമായി കെട്ടിടം സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

1988-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. എട്ടുവാർഡുകളിൽ നിന്ന് പുതിയറ മൊയ്തീൻകുട്ടി എന്ന കുഞ്ഞാൻ (പ്രസിഡണ്ട്) ഭാസുരാ ദിവാകരൻ (വൈ:പ്രെ) എം. ബഷീർ, വി. പി. അഹമ്മദ് കുട്ടി, ടി. വി. ആൻറണി, സി. മാരൻ എ. പി സീതികോയ തങ്ങൾ, സുഹറ ടീച്ചർ എന്നിവർ മെമ്പർമാരും ആയുള്ള ഭരണസമിതി നിലവിൽ വന്നു.

1992 മെയ് മാസം 9-ാം തീയതി തദ്ദേശ സ്വയംഭരണ മന്ത്രി ശ്രീ. സി. ടി. അഹമ്മദാലി പഞ്ചായത്തിനു സ്വന്തമായി നിർമ്മിച്ച ഓഫീസ് കെട്ടിടം ഉൽഘാടനം ചെയ്തു ഈ ഉൽഘാടനകർമ്മം നിലമ്പൂർ എം. എൽ. എ. ശ്രീ. ആര്യാടൻ മുഹമ്മദ് അവർകളുടെ അദ്ധ്യക്ഷതയിലാണ് നടന്നത് മൂത്തേടം നിവാസികളുടെ ചിരകാല സ്വപ്നസാക്ഷാത്കാരമായി 1991 ഫെബ്രുവരി 24-ാംയീയതി പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രീ. ടി. കെ. ഹംസ കാറാടി പാലത്തിനു ജില്ലാ കൗൺസിൽ പ്രസിഡണ്ട് ശ്രീ. ഹസ്സൻ മഹ്മൂദ് കരിക്കളുടെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ വെച്ച് ശിലാസ്ഥാപനം നടത്തി. 1995 ആഗസ്റ്റ് 22-ാം തീയതി ഈ പാലം പൊതുമരാമത്ത് വകുപ്പ് മന്ത്രി സി. ടി. അഹമ്മദാലി ഉൽഘാടനം ചെയ്തു. നിലമ്പൂർ എം. എൽ. എ. യും തൊഴിൽ മന്ത്രിയുമായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് ഈ ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു. മൂത്തേടം നിവാസികളും ഈ ചടങ്ങിനു് സാക്ഷ്യം വഹിച്ചു.

പഞ്ചായത്ത് ജീവനക്കാരനായിരുന്ന മട്ടായി സിദ്ദീഖിന്റെയും, കുടുംബാംഗങ്ങളുടേയും, വരമ്പൻ കല്ലൻ ഇബ്രാഹിം എന്നവരുടേയും ക്ഷേയ്വിഷബാധയേറ്റുണ്ടായ അതിദാരുണമായ വിയോഗം ഈ പ്രദേശത്തെ നടുക്കി

യും വേദനാജനകവുമായ സംഭവങ്ങളായിരുന്നത്. ഈ അവസരത്തിൽ സ്മരിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം 10 വാർഡുകളിലേക്കായി 1995-ൽ നടന്നതെരഞ്ഞെടുപ്പിൽ ശ്രീ. കെ.എ. പീറ്റർ (പ്രസിഡണ്ടും) ഇ. കെ. അബ്ദുൾ റഹ്മാൻ(വൈ: പ്രസിഡണ്ടും) വി. പി. അഹമ്മദ്കുട്ടി, എം. ടി. ജോസ്, ഇ. നാരായണൻ വി. എ. മുഹമ്മദ് എന്നാ മാനു, ശ്രീമതി ഡെയ്സി മത്തായി, ആനി മാത്തുകുട്ടി, ശ്രീമതി സുബൈദ ടീച്ചർ, ശ്രീമതി രാധാമണി ടീച്ചർ എന്നിവരടങ്ങിയ ഭരണ സമിതി നിലവിൽ വന്നു.

ജില്ലാ പഞ്ചായത്ത് മെമ്പർമാരായി എൻ. വി. ജേക്കബ് മാസ്റ്റർ, കെ. എസ്സ്. വിജയം എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

പഞ്ചായത്ത് വൈസ് പ്രസിഡൻറായിരുന്ന ഇ. കെ. അബ്ദുൾ റഹ്മാൻ 1996 മാർച്ച് 20-ാം തീയതി അതിദാരുണമായ മോട്ടോർ ബൈക്കപകടത്തിൽ അകാലമൃത്യുവിനു ഇരയായി. തുടർന്ന് 7-ാം വാർഡിൽ നടന്ന തെരഞ്ഞെടുപ്പിൽ പി. ഇസ്മായിൽ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ഇ. കെ. അബ്ദുറഹിമാന്റെ വേർപാടിനുശേഷം ഒഴിവു വന്ന വൈ. പ്ര. സ്ഥാനത്തേക്ക് ശ്രീ. വി. എ. മുഹമ്മദ് എന്ന മാനുവും സ്റ്റാൽറിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് ശ്രീ പി. ഇസ്മായിലും തെരഞ്ഞെടുക്കപ്പെട്ടു.

മൂത്തേടം പഞ്ചായത്തിന്റെ വിസ്തീർണ്ണം 48 സ്ക്വയർ കി. മീറ്ററാണ്. 1991-ലെ സെൻസസ് പ്രകാരം ഇനസംഖ്യ 19527 ആണ്. പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരും തസ്തികയും എണ്ണവും (സെക്രട്ടറി 1, യു. ഡി. സി-1, എൽ. ഡി. സി. 1, ജെ. ബി. സി. 1, പാർട്ട് ടൈം സ്വീപ്പർ 1) വിസ്തൃതമായ ഈ പഞ്ചായത്തിൽ വികസന പ്രവർത്തനത്തിനു അപര്യാപ്തമാണ്.

ആരോഗ്യമേഖലയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറും മൂന്നു സബ്സെൻറും ഉണ്ട്. കൂടാതെ മൂത്തേടത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ആയുർവേദ ഉല്പാദന വിതരണ രംഗത്തേക്ക് മൃതസഞ്ജീവിനി എന്ന ആയുർവ്വേദ സൊസൈറ്റി പ്രവർത്തിച്ചു വരുന്നു. അതിനു ചുക്കാൻ പിടിക്കുന്നതു ശ്രീ. തച്ചേടത്ത് ജോൺ ജോസഫാണ്. പ്രൈമറി ഹെൽത്ത് സെൻറിനു ഒരേക്കർ സ്ഥലം പരേതനായ ശ്രീ. ഒറ്റപ്പാക്കൽ രാഘവൻ കുറഞ്ഞ വിലക്ക് നൽകിയിട്ടുണ്ട്. അതു കിട്ടുന്നതിനുവേണ്ടി പ്രവർത്തിച്ച ശ്രീ. കല്ലറ അഹമ്മദ് അവറുകളും പ്രത്യേകം നന്ദി അർഹിക്കുന്നു.

ഏഷ്യയിൽതന്നെ ഏറ്റവും കുറഞ്ഞ സ്ഥലത്ത് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന ഭൂ പ്രദേശമാണ് മൂത്തേടം. ഗ്രാമപഞ്ചായത്തിൽ വൈദ്യുതി എല്ലാ മേഖലകളിലും എത്തിയിട്ടില്ല. മൂച്ചിപ്പുര ലിഫ്റ്റ് ഇറിഗേഷൻ വേണ്ടവിധത്തിൽ ലക്ഷ്യത്തിലെത്തിയിട്ടില്ല. പാലാങ്കര ലിഫ്റ്റ് ഇറിഗേഷൻ നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. പണി തുടങ്ങാനിരിക്കുന്ന നെല്ലിക്കുത്ത് ലിഫ്റ്റ് ഇറിഗേഷൻ പ്രതീക്ഷക്ക് വക നൽകുന്നു. കരുളായിയേയും മൂത്തേടത്തേയും ബന്ധിപ്പിക്കുന്ന കല്ലേന്തോട്മുക്ക് പാലത്തിനു 1996 മാർച്ച് 15-ാം തീയതി തൊഴിൽ വകുപ്പു മന്ത്രി ശ്രീ ആര്യാടൻ മുഹമ്മദ് തറക്കല്ലിട്ടെങ്കിലും പ്രവർത്തി ആരംഭിച്ചിട്ടില്ല.

എല്ലാ പ്രദേശങ്ങളിലും റോഡുകളും വഴികളും കൃഷിസ്ഥലങ്ങളും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. സ്വന്തമായി ഒരു വില്ലേജ്, ടെലഫോൺ എക്സ്ചേഞ്ച് എന്നിവകൂടി അനുവദിച്ചുകിട്ടിയാൽ മൂത്തേടം ഒരു പൂർണ്ണ ഗ്രാമപഞ്ചായത്തിന്റെ രൂപവും ഭാവവും ആയി എന്നു തല്ക്കാലം ആശ്വസിക്കാം.

"ഈ ഭൂമുഖത്തുള്ള സർവ്വരുടെയും ആവശ്യത്തിനുള്ള
വിഭവങ്ങൾ ഇവിടെ ഉണ്ട്.
എന്നാൽ ആരുടെയും
ദുരാഗ്രഹത്തിനുള്ള വക ഇവിടെ ഇല്ല."

മഹാത്മാഗാന്ധി.

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി

വടക്ക്– എടക്കര, വഴിക്കടവ് പഞ്ചായത്തുകളും പുന്നപ്പുഴയും, തെക്ക് – സർക്കാർ വനം കരുളായി പഞ്ചായത്തും, കരിമ്പുഴയും കിഴക്ക്- സർക്കാർ വനവും പടിഞ്ഞാറ് – ചുങ്കത്തറ പഞ്ചായത്ത്, പുന്നപ്പുഴ ഇവയുമാണ് പഞ്ചായത്തിന്റെ അതിരുകൾ.

മൂത്തേടം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 48 സ്ക്വ. കി. മീറ്ററാണ് 1329 ഹെക്ടർ സ്ഥലം കൃഷിയിടങ്ങളാണ്. ഉയർന്ന പ്രദേശങ്ങൾ സമതലം, തീരസമതലം ചരിവുകൾ താഴ്വരകൾ എന്നിവ 9000 ഏക്കറും 3000 ഏക്കർ വനപ്രദേശവും പഞ്ചായത്ത് അതിർത്തിയിലുണ്ട്. ചരൽ കലർന്നമണ്ണും, പുഴയോരങ്ങളിൽ എക്കൽ മണ്ണുകളും, ചില സ്ഥലങ്ങളിൽ മണൽ പ്രദേശങ്ങളായും കാണുന്നു. പൊതുവേ ഫലപുഷ്ടിയുള്ള മൺ പ്രദേശങ്ങളാണ് കണ്ടുവരുന്നത്. ഭൂവിഭാഗം അധികവും കൃഷിചെയ്യാൻ വേണ്ടിയാണ് ഉപയോഗിച്ചുവരുന്നത്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 19527 ആണ്. പുരുഷൻമാർ 9558, സ്ത്രീകൾ 9969, 6 വയസ്സ്വരെയുള്ള കുട്ടികൾ 3350, പട്ടികജാതി വിഭാഗത്തിൽ പുരുഷൻ 853, സ്ത്രീകൾ 927, പട്ടിക വിഭാഗം പുരുഷൻമാർ 258, സ്ത്രീകൾ 288 എന്നിവയാണ് മൊത്തം സാക്ഷരരുടെ എണ്ണം 15441 ആണ്. ഇതിൽ സ്ത്രീകൾ 7236 ഉം പുരുഷൻമാർ 7205 ഉം ആകുന്നു.

മൊത്തം ജനന നിരക്ക് കൂടുതലും മരണ നിരക്ക് കുറവുമാണ്, ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതാണ്. ശിശുമരണ നിരക്ക് കുറവാണ് ജനങ്ങൾ പൊതുവെ അന്ധവിശ്വാസികളും കാർഷിക വൃത്തികളിൽ ഏർപ്പെട്ടുവരുന്നവരുമാണ്. ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയാൽ ജനങ്ങളുടെ ആരോഗ്യസ്ഥിതിൽ കാര്യമായ മാറ്റങ്ങളുണ്ടാകും.

ജലപ്രകൃതി


വർഷത്തിൽ ശരാശരി 248.25 മില്ലി മീറ്റർ മഴലഭിക്കുന്നു. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. പഞ്ചായത്തിന്റെ വടക്ക്ഭാഗം പുന്നപ്പുഴയും, തെക്ക് ഭാഗം കരിമ്പുഴയും ഒരിക്കലും വറ്റാത്ത പ്രകൃതിയുടെ മനോഹരമായ നീരുറവകളും ഡിസംബർ മാസത്തോടെ വറ്റിവരളുന്ന ചെറുതോടുകളും ഉണ്ട്. പഞ്ചായത്തിൽ പരിധികളിൽ 31 പൊതുകിണറുകളും 1480 സ്വകാര്യകിണറുകളും ഉൾപ്പെടെ 1521 കിണറുകളും, 3 കുഴൽ കിണറുകളും ഉണ്ട്. പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിന് പൈപ്പ് ലൈൻ എവിടേയും സ്ഥാപിച്ചിട്ടില്ല. ഏപ്രിൽ മെയ് മാസങ്ങളിൽ ഏറ്റവും കൂടുതൽ ശുദ്ധ ജല ക്ഷാമം അനുഭവപ്പെടുന്നു. ശുദ്ധജലത്തിനായി ധാരാളം ശ്രോതസുകൾ ഉണ്ടെങ്കിലും മൂത്തേടം ഗ്രാമ പഞ്ചായത്തിൽ ഭൂരിഭാഗത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. നിലവിലുള്ള ശ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയും മറ്റു ഏജൻസികൾ വഴിയും നടപ്പിലാക്കാൻ പോകുന്ന പദ്ധതികളിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആസൂത്രണത്തിന്റെയും വികസന പദ്ധതികളും നടപ്പിൽ വരുത്തുന്നതിന്റെയും
ഉത്തരവാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ട
സമയം വന്നുചേർന്നിരിക്കുന്നു.
ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും,
അമ്മാതിരി ചുമതലകളേറ്റെടുക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

ജവഹർലാൽ നെഹ്റു.

MOOTHEDAM GRAMA PANCHAYAT

BLOCK NILAMBUR DIST MALAPPURAM



INDEX

PANCHAYAT BOUNDARY
WARD BOUNDARY
ROADS
RIVER
FOREST
JUNCTIONS
INSTITUTIONS
DRAWN FOR DIST. TASK FO

സാമൂഹിക ക്ഷേമം

സാമൂഹിക ക്ഷേമ രംഗത്ത് ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാജ്ജന പദ്ധതിയും, സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര, സംസ്ഥാന ഗവർമെൻറുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയും, തൊഴിലാളി–തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്നതുമാണ് പ്രസ്തുത പദ്ധതികൾ.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭ്യമാകാത്ത അവസ്ഥ, ഉദ്യോഗസ്ഥ തലത്തിൽ നിന്നുള്ള ബോധവൽകരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ, എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊഴിലാളി – തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യമായി ഒന്നും തന്നെയില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, തെങ്ങ്കയറ്റ തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

1993-94 വർഷം വരേയും വനിതാ വികസന കോർപറേഷൻ ആസ്ഥാനം തിരുവനന്തപുരത്ത് ആയതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറുണ്ടായിരുന്നില്ല. സത്യത്തിൽ പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതിനെക്കുറിച്ച് അറിവില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ 1994-ൽ സാമൂഹിക ക്ഷേമ ബോർഡ് പ്രത്യേക താൽപര്യം എടുത്ത് ആസ്ഥാനം കോഴിക്കോട്ടേക്ക് മാറ്റിയതിനാൽ പല ആനുകൂല്യങ്ങളെ കുറിച്ചും സ്ത്രീകൾ ബോധവതികളായി.

സാമൂഹിക ക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ച് കൊണ്ട് പഞ്ചായത്തിൻെറ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിനു താഴെയുള്ള മൂത്തേടം വി. ഇ. ഒ. സർക്കിൾ വഴിയാണ്. വി. ഇ. ഒ. സർക്കിളുകളിലൂടെ നടപ്പാക്കുന്ന പദ്ധതി യഥാർത്ഥ ഗുണഭോക്താവിനു ശരിയാംവണ്ണം വിനിയോഗിക്കാൻ IRDP ലിസ്റ്റിലുള്ള ഗുണഭോക്താക്കളെ ബോധവൽക്കരണം നടത്തേണ്ടതാണ്. മൂത്തേടം വി. ഇ. ഒ. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെകുറിച്ച് വിശദമായിതന്നെ പ്രതിപാദിക്കുന്നുണ്ട്.

മൂത്തേടം വി. ഇ. ഒ. സർക്കിളിൽ 1992–93 IRDP സർവ്വേയിൽ 2046 കുടുംബങ്ങളും 95 അഡീഷണൽ സർവ്വെയിൽ 75 കുടുംബങ്ങളും ഉൾപ്പെടെ 2121 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളായി കണ്ടെത്തി. 861065 ക. സബ്സിഡിയായും 1766985 ക. വായ്പയായും വിതരണം ചെയ്യുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. 93–94 കാലയളവിൽ മൂത്തേടം പഞ്ചായത്തിനെ സർക്കാർ സാശ്രയ ഗ്രാമ പഞ്ചായത്തായി അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 94–95 കാലയളവിൽ 2 ലക്ഷം ക. കൃഷികാർക്കും ചെറുകിട കച്ചവടക്കാർക്കും സബ്സിഡിയായും മുൻ പഞ്ചായത്ത് ബോർഡ് നൽകുകയുണ്ടായി. 95-96ൽ സർക്കാരിൽ നിന്നും സാശ്രയ ഗ്രാമ പഞ്ചായത്തിനു കിട്ടിയ 2 ലക്ഷം ക പഞ്ചായത്തിലെ നിർദ്ധനരായ 50 കുടുംബങ്ങൾക്ക് ഓട് മേയുന്നതിന് ഒരാൾക്ക് 4000ക. വെച്ച് 96 ഓഗസ്റ്റ്

മാസത്തിൽ വിതരണം ചെയ്യ. 1993-94 കാലയളവിൽ മൂത്തേടം പഞ്ചായത്തിൽ 8 വാർഡുകളായിരുന്നു. ആ 8 വാർഡുകളിലെ IRDP സർവ്വെ ലിസ്റ്റിൽപെട്ട ഗുണഭോക്താക്കൾക്ക് പഞ്ചായത്തിനു പുറത്തുള്ള 3 ബാങ്കുകളെ സമീപിക്കണം ലോണുകൾ തരപ്പെടുത്തിയെടുക്കാൻ. പഴയ 1 മുതൽ 4 വരെയുള്ള വാർഡുകൾക്ക് മണിമൂളി SBI യേയും 5-ാം വാർഡ് എടക്കര കാനറാബാങ്കിനേയും 6, 7, 8 വാർഡുകൾ കരുളായി സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽ നിന്നുമാണ് ലോൺ കിട്ടികൊണ്ടിരിക്കുന്നത്. ഇതുമൂലം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലോൺ ലഭ്യമാവുന്നതിന് തടസ്സമായികൊണ്ടിരിക്കുന്നു. ഈ അവസ്ഥക്ക് പരിഹാരമായി കാരപ്പുറത്ത് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ബ്രാഞ്ച് അനുവദിക്കുകയോ അല്ലങ്കിൽ മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് ലോൺ ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2121 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത IRDP സർവ്വേയിൽ 1992-93 മുതൽ 1995-96 കാലയളവിൽ861065 രൂ. സബ്സിഡിയായും 1766985 രൂ. വായ്പയായും ആകെ 2628050 രൂപ വിതരണം ചെയ്തിട്ടുണ്ട്.

ഈ സർവ്വെ പരിപാടി കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ് ഈ പഞ്ചായത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ (സ്വന്തമായിട്ടോ, കൂട്ടായിട്ടോ) യൂനിറ്റുകളായി രണ്ടാം വാർഡിൽ നെല്ലിക്കുത്ത്, 3-ാം വാർഡിൽ ചെട്ടിയങ്ങാടി, മരത്തിൻ കടവ്, 5-ാം വാർഡിൽ മുപ്പിനി 8-ാം വാർഡിൽ പാലാങ്കര, 9-ാം വാർഡിൽ താന്നിപ്പൊട്ടി, 10-ാം വാർഡിൽ ബാലംകുളം, ചീന്നിക്കുന്ന്, കൽകുളം എന്നീ പ്രദേശങ്ങളിൽ ആട് വളർത്തൽ കേന്ദ്രം തുടങ്ങാവുന്നതാണ്. ഈ പ്രദേശങ്ങളാവട്ടെ ഫോറസ്റ്റിനു ചേർന്നു കിടക്കുന്ന പ്രദേശമാണ്. 1993-94 കാലഘട്ടത്തിൽ 'പ്രിയങ്ക' ആട് വളർത്തൽകേന്ദ്രം 1995-96 കാലഘട്ടത്തിൽ 'ദീപം' ആട് വളർത്തൽ കേന്ദ്രം എന്നിവ DWCRA പദ്ധതി പ്രകാരം കൽകുളത്ത് നടപ്പാക്കിയിട്ടുണ്ട്.

1994-ൽ മലപ്പുറം ജില്ലാ യൂനിസെഫ് ഏറെറടുത്ത് പഞ്ചായത്തിൽ 1700 കുടുംബങ്ങളം അംഗങ്ങളായ CBNP യുടെ കീഴിൽ 20 കുടുംബങ്ങൾക്ക് പലിശ രഹിത വായ്പയും 300 കുടുംബങ്ങൾക്ക് 100 രൂപക്ക് 2രൂപ നിരക്കിൽ പലിശയായും വായ്പ അനുവദിക്കുകയും ചെയ്യ. 7000 രൂപ യൂനിസെഫിന്റെ കീഴിൽ പഞ്ചായത്തിലെ CBNP ഗ്രൂപ് ലഭിക്കുകയുമുണ്ടായി.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ക്ലസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയിൽ CRSP 91-92 മുതൽ 95-96 വരെയുള്ള കാലയളവിൽ മൂത്തേടം VEO സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 2000 രൂപയുടെ ധനസഹായം അനുവദിക്കുകയും ചെയ്യ. 94-95ൽ സ്വാശ്രയ ഗ്രാമ പദ്ധതിയിൽ ഒരു കുടുംബത്തിന് 2500 രൂപ തോതിലുള്ള സബ്സിഡിയായി 2 ലക്ഷം രൂപ വിതരണം ചെയ്യ.

പെൻഷൻ.

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് പെൻഷനുകൾ, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായങ്ങൾ എന്നിവയാണ് ലഭിക്കുന്നത്. പഞ്ചായത്തിലെ 1, 2, 3, 4, 5, 6, 7, 10, 9-ാം വാർഡിന്റെ പകുതിഭാഗം എന്നിവ എടക്കര വില്ലേജിലും 8-ാം വാർഡ് 9-ാം വാർഡിന്റെ പകുതിഭാഗം എന്നിവ കരുളായി വില്ലേജിലും പെട്ടതാണ്. ഇപ്പോൾ അർഹരായ മുഴുവൻ ആളുകൾക്കും പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ് കണക്കിൽ കാണുന്നത്. ഉദ്യോഗസ്ഥ തലങ്ങളിലെ നിഷ്ക്രിയത്വം ഇതിനൊരു കാരണമായി കാണാവുന്നതാണ്. 94-95, 95-96 കാലയളവിൽ പെൻഷൻ ലഭ്യമായവരുടെ കണക്കുകൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

വിധവാ പെൻഷൻ:

പ്രായ പൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

മൂത്തേടം ഗ്രാമപഞ്ചായത്ത്

പെൻഷനുകളും, ധനസഹായം സംബന്ധിച്ച വിവരങ്ങളും (Ref. പെൻഷൻ രജിസ്റ്റർ)

വില്ലേജ്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
എടക്കര						
1991-92		70	42	18		23
1992-93		75	43	18		23
1993-94		80	46	19		28
1994-95		87	47	19		28
1995-96		99	54	24	270	28
കരുളായി						
1994-95	2	5	3	14	42	2
ആകെ	2	416	235	112	312	132

വികലാംഗ പെൻഷൻ:

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഈ വിഭാഗത്തിനും പെൻഷൻ മുഴുവനും ലഭിക്കാതെ പോവുകയാണ്. മഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളത്കൊണ്ടുതന്നെ ദൂര യാത്രയും ഒഴിവാക്കികൊടുക്കണം ഇതിനായി വികലാംഗത്വ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം.

അംഗനവാടികൾ:

സാമൂഹ്യ ക്ഷേമ രംഗത്ത് 1994ൽ മൂത്തേടം പഞ്ചായത്തിൽ 10 വാർഡുകളിൽ 1000 ജനങ്ങൾക്ക് ഒരു അംഗനവാടി എന്ന നിലയിൽ 10 വാർഡുകളിലായി 14 അംഗനവാടികൾ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ICDS ന്റെ ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടില്ല എന്ന് കണക്കുകൾ കാണിക്കുന്നു. അംഗനവാടികളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാൻ വീട്ടമ്മമാരെ അംഗനവാടികളുടെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരിക്കേണ്ടതാണ്.

അംഗനവാടികൾക്ക് സ്വന്തമായി ബിൽഡിംഗ് ഉണ്ടാക്കാൻ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് വളരെ കുറവാണ്. ആയതു മൂലം ബിൽഡിംഗ് ജോലി ചെയ്യുതീർക്കാൻ അംഗനവാടി കമ്മറ്റികൾ ബുദ്ധിമുട്ടുകയാണ്.

നിർദ്ദേശങ്ങൾ:

1 ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ട് JRY, അൺഎയ്ഡ് പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുകയും ഉള്ളവ അറ്റകുറ്റപണി നടത്തുകയും ചെയ്യേണ്ടതാണ്.

2 അംഗനവാടികൾക്ക് കെട്ടിടം പണിയാൻ സ്ഥലം വാങ്ങികൊടുക്കുക.

3 DWCRA യൂനിറ്റുകൾക്ക് ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

4 അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷക ആഹാരം നൽകുന്നത് കാര്യക്ഷമമാക്കുക.

5 അംഗന വാടി വർക്കർ മാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകളും ഉയർത്തുകയും ചെയ്യുക.

6 ജീവനക്കാരെ സ്ഥിരപ്പെടുത്തുക അവർക്ക് പൊതുപ്രവർത്തന രംഗത്ത് പങ്കാളികളാവാൻ വേണ്ട ബോധവൽക്കരണം നടത്തുക.

7 പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളേയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

8 ദാരിദ്ര്യരേഖയുടെ പരിധി 37000/– രൂപയാക്കി ഉയർത്തുക.



ഓരോരുത്തരും, പുരുഷനാവട്ടെ അല്ലെങ്കിൽ സ്ത്രീയാവട്ടെ, അവന്റെ അല്ലെങ്കിൽ അവളുടെ ഉത്തരവാദിത്വം ബോധ്യപ്പെടണമെന്ന് ജനായത്തം ആവശ്യപ്പെടുന്നു.
അതാണ് പഞ്ചായത്ത് രാജ് അർത്ഥമാക്കുന്നത്.

കൃഷിയും ജലസേചനവും

മൂന്നുഭാഗം പുഴകളാലും ഒരു ഭാഗം സഹ്യസാനുക്കളാലും ചുറ്റപ്പെട്ട ഒരുവികിസിത രാ കാർഷിക ഗ്രാമമാണ് മൂത്തേടം. കിഴക്ക് സഹ്യപർവ്വതവും വടക്കും പടിഞ്ഞാറും പുന്നപ്പുഴയും തെക്ക് കരിമ്പുഴയും ഈ പഞ്ചായത്തിനെ സമീപത്തുള്ള വഴിക്കടവ്, എടക്കര, ചുങ്കത്തറ, കരുളായി എന്നീ പഞ്ചായത്തുകളിൽ നിന്നും വേർതിരിക്കുന്നു മലകളും കുന്നുകളും ചരിവുകളും സമനിരപ്പായ പ്രദേശങ്ങളും സർക്കാർ വനഭൂമിയും ചേർന്നതാണ് ഈ ഭൂവിഭാഗം.

ജനസംഖ്യയിൽ ഭൂരിഭാഗവും നാമമാത്ര കർഷകരും കർഷക തൊഴിലാളികളുമാണ്. അങ്ങിങ്ങായി വൻകിട കൃഷിക്കാരും ചുങ്കത്തറയിലെ തോതിൽ സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരും ചെറുകിടകച്ചവടക്കാരും ഇവിടെ അധിവസിക്കുന്നു. അടുത്ത കാലത്ത് ഇവിടെനിന്ന് വിദേശത്ത് തൊഴിൽ തേടിപ്പോയ നല്ല വിഭാഗം ആളുകളുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗക്കാരായ ആളുകളും ഈ പഞ്ചായത്തിൽ ധാരാളമായി അധിവസിക്കുന്നു എന്നുള്ളത് ഈ മേഖലയുടെ ഒരു പ്രത്യേകതയാണ്. ഭൂരിഭാഗം വരുന്ന കർഷകരും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. കൃഷിക്കാരേയും കൈവശ ഭൂമിയേയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 1 (അവലംബം-കൃഷിഭവൻ രേഖ)

നാമമാത്ര കർഷകർ 1 ഹെക്ടർ വരെ	ചെറുകിട കർഷകർ 2 ഹെക്ടർ വരെ	വൻകിട കർഷകർ2ഹെക്ടറിനു മുകളിൽ
2559	596	189

കേരളത്തിന്റെ കാർഷിക സാമൂഹ്യരംഗങ്ങളിൽ പുതിയ യുഗപ്പിറവിക്ക് സാക്ഷ്യം വഹിച്ച ഭൂപരിഷ്കരണം നടപ്പായതോടെ കൃഷിഭൂമി സ്വന്തമായി ലഭിച്ച കൃഷിക്കാരാണ് ഇവിടെയുള്ള നല്ലൊരു വിഭാഗം. അതുവരെ നിലമ്പൂർ കോവിലകം തമ്പുരാക്കന്മാരുടെയും നാട്ടുപ്രമാണിമാരുടെയും കാൽക്കീഴിൽ ഞെരിഞ്ഞമർന്ന ഒരു ജനതയിൽ ആത്മവിശ്വാസവും കർമ്മോന്മുഖതയും തട്ടിയുണർത്താൻ ഈ നിയമനിർമ്മാണം വഴിവച്ചു. അധ്വാനത്തിന്റെ മഹത്വം അനുഭവിച്ചറിയാൻ അവസരം ലഭിച്ചതോടെ കാർഷിക മേഖല പുതിയ പ്രതീക്ഷകളുമായി മുന്നേറുന്ന ഒരു കാഴ്ചയാണ് പിന്നീട് കണ്ടത്. തെക്കൻകേരളത്തിൽനിന്നു വന്ന അധ്വാനശീലരായ കുടിയേറ്റക്കാരുടെ കടന്നുവരവ് കാർഷിക മേഖലക്ക് പുതിയ ശുഭാവഹം നൽകാൻ സഹായകമായി. എന്നാൽ ഈ മുന്നേറ്റം ഇന്ന് എല്ലാ മേഖലയിലും നിലനിർത്താൻ കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

പഞ്ചായത്തിലെ ഭൂമി സംബന്ധമായ വിവരങ്ങൾ

പട്ടിക 2 (കൃഷിഭവൻ രേഖ)

നമ്പർ	ഇനം	വിസ്തീർണ്ണം
1	നിലം	480 ഹെക്ടർ
2	പുരയിടം	1744 ഹെക്ടർ
3	കൃഷിയോഗ്യമായ തരിശ്	ഇല്ല
4	കൃഷിയോഗ്യമല്ലാത്ത തരിശ്	ഇല്ല
	ആകെ	2224 ഹെക്ടർ

ഭൂവിനിയോഗവും മൺതരങ്ങളും

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 48 ചതുരശ്ര കിലോമീറ്ററാണ്. പൊതുസ്ഥാപനങ്ങളും അതുമായി ബന്ധപ്പെട്ട ഭൂമിയും റോഡുകളും ഒഴിച്ചാൽ ഈ പ്രദേശത്തിന്റെ ഒരിഞ്ചു ഭൂമിപോലും തരിശായി ഇട്ടിട്ടില്ല എന്നുള്ളത് ഏറ്റവും വലിയ സവിശേഷതയാണ്. പുഴയോരങ്ങളിൽ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്കുകളും ഉണ്ട്.

മൺതരങ്ങളും പരിശോധിച്ചാൽ ഏറ്റവും കൂടുതൽ വരുന്നത് ചരൽ കലർന്ന മണ്ണാ

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ പട്ടിക 9

വാർഡ്	മുൻഗണന	പേരു്	നീളം കിമീ	വീതി	പ്രതീക്ഷിക്കുന്ന ചെലവു്	[ശ്രമദാനമായിസമാഹരിക്കാം
I		കാരപ്പുറം — പാലക്കുന്നു്	1			
II		പച്ചിലപ്പാടം—ഞാറപ്പാടം —ചക്കരക്കാടൻക്കുന്നു്	2			
		പൊതുശ്മശാന റോഡു്	$\frac{3}{4}$			
III		താളോംകൊല്ലി—താളിപ്പാടം സ്കൂൾ	1			
		തോട്ടപ്പാള — കോരുക്കുട്ടിപ്പടി	$\frac{1}{2}$			
IV		ചെമ്മംതിട്ട — കോട്ടക്കുന്നു്	1			
V		മൂന്നേടം—വരക്കോടു് ഗിരിജൻ കോളനി റോഡു് മുപ്പിനിക്കു് നീട്ടുക	1			
VI		കാക്കപ്പാടംകുന്നു് റോഡു്— തടപ്പറമ്പിലേക്കു് കണക്ടു് ചെയ്യുക	$\frac{1}{2}$			
		എണ്ണക്കരക്കള്ളിയിൽ നിന്നു് കാക്കപ്പടാം ഹൈസ്കൂൾ റോഡിലേക്കു് കണക്ഷൻ	$\frac{3}{4}$			
		പുതുവായു—കുട്ടിക്കൈ				
VII		താഴെകാട്ടിക്കല്ലു—മേലെകാട്ടിക്കല്ലു്	$\frac{3}{4}$			
		കുറിക്കാടു്—ഹൈസ്കൂൾ	$\frac{3}{4}$			
VIII		പാലാങ്കര—ചീരപ്പാടം	1			
		പാറായിപ്പടി—പള്ളിപ്പടി	1			
		പാലാങ്കര—മുണ്ടക്കൈ	1			
IX		പനമ്പാറ—പുതുവായു്	$\frac{1}{2}$			
		വട്ടപ്പാടം—നാരങ്ങാമൂല	$\frac{1}{2}$			
X		ബാലംകുളം—ഒടുക്കംപൊട്ടി	1			
		പൂങ്കുളംകൈ—ഇറയംതാണ്ടി	1			
		കല്ലുവെട്ടിക്കുന്നു്—ചോളമുണ്ട ചെട്ടിത്തംപരത	1			
		ചീനിക്കുന്നു്—കുട്ടിപ്പുംകുളം	1			
		ആകെ	$16\frac{1}{4}$			

ണെന്നു കാണാം. ഇതുതന്നെ കറുത്ത നിറമുള്ളതും ചുവപ്പുനിറമുള്ളതുമാണ്. ഈ മണ്ണിനു താരതമ്യേന ജലസംഗ്രഹണശേഷി ഉള്ളപ്പോൾ ജലസംഗ്രഹണശേഷി ഇല്ലാത്ത മണൽ കലർന്ന മണ്ണ് ഇവിടെ കണ്ടുവരുന്നു. പുഴയോരങ്ങളിൽ എക്കൽ നിറഞ്ഞതും പശയുള്ളതുമായ മണ്ണു കാണുന്നു. ഇതു താരതമ്യേന വളക്കൂറുള്ള മണ്ണാണ്. ജലസംഗ്രഹണശേഷിയുള്ള ഈ മണ്ണ് ഈ പ്രദേശങ്ങളിൽ മാത്രമേ കണ്ടുവരുന്നുള്ളു. നല്ല ജലസംഗ്രഹണശേഷിയുള്ള വനപ്രദേശത്തെ മണ്ണും ഇവിടത്തെ വനമേഖലകളിൽ ധാരാളമായി കാണാം.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ പൊതുവെ ആറായി തരംതിരിക്കാം. കുന്നുകളും മലകളും നിറഞ്ഞ ഉയർന്ന പ്രദേശം, സമനിരപ്പായ സമതലങ്ങൾ, പുഴയോരങ്ങളോടു ചേർന്ന തീരസമതലം, ചരിവുകൾ, വനപ്രദേശം, താഴ്വരകൾ എന്നിവ ചേർന്നതാണ്. ഓരോ പ്രദേശത്തിന്റെയും വിസ്തൃതിയും ശതമാനകണക്കും താഴെ കൊടുക്കുന്നു.

പട്ടിക 3 (കൃഷിഭവൻ രേഖ)

നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം	%
1	ഉയർന്ന പ്രദേശങ്ങൾ	1200 ഏക്കർ	10
2	സമതലം	6000 ,,	50
3	തീരസമതലം	600 ,,	5
4	ചരിവുകൾ	600 ,,	5
5	താഴ്വരകൾ	600 ,,	5
6	വനം	3000 ,,	25

കൃഷിയിനങ്ങളും കാർഷിക സമ്പ്രദായങ്ങളും

നെൽകൃഷി

വിശാലമായ പാടശേഖരങ്ങൾ ഈ പഞ്ചായത്തിൽ ഒരു പ്രത്യേകതയായിരുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെയുള്ള എല്ലാ കൃഷികളും നടക്കുന്നത്. നെൽകൃഷിയും ഇതിൽ നിന്ന് വിഭിന്നമല്ല. താളം തെറ്റിയ മഴയും ജലസേചന സൗകര്യക്കുറവും വർദ്ധിച്ച കൂലി ചെലവുകളും രാസവളത്തിന്റെയും കീടനാശിനിയുടെയും വിലവർദ്ധനവ്, കർഷക തൊഴിലാളികളുടെ അഭാവം, വിപണന സൗകര്യക്കുറവ് എന്നുതുടങ്ങിയുള്ള പ്രതിസന്ധികൾ മൂലം നെൽകൃഷിയിൽനിന്ന് കൃഷിക്കാർ പിന്തിരിഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ച മിക്ക പ്രദേശങ്ങളിലും കാണാം. ഇതു മാറ്റിയെടുക്കുന്നതിന് അടിയന്തിരമായ നടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ നെൽകൃഷി വലിയ തകർച്ചയെ നേരിടും. ഇന്നു പാടങ്ങൾ നികത്തി തെങ്ങു വെക്കുന്ന പ്രവണത പല സ്ഥലങ്ങളിലും വ്യാപകമായി വരുന്നുണ്ട്. പാടങ്ങളിൽ വാഴകൃഷി ചെയ്യുന്നതിനു കൃഷിക്കാരെ പ്രേരിപ്പിക്കുന്നതും നെൽകൃഷി നഷ്ടമായതു മൂലമാണ്. മിക്ക പാടങ്ങളിലും ഒന്നും രണ്ടും കൃഷി നടത്തുന്നവയാണ്. മൂന്നാം വിളയെടുക്കുന്ന പാടശേഖരങ്ങൾ നാമമാത്രമേയുള്ളൂ. നെൽകൃഷിയുടെ ഏറ്റവും കൂടിയ ഉല്പാദനം ഹെക്ടറിന് 3600 കിലോഗ്രാമാണ്.

നെൽകൃഷി സംബന്ധമായ വിവരങ്ങൾ

പട്ടിക 4 (കൃഷിഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല് ഒന്നാം വിള	480 ഹെക്ടർ
2	നെല്ല് രണ്ടാം വിള	340 ,,
3	നെല്ല് മൂന്നാം വിള	10 ,,

കൂലിനിരക്ക്

കർഷകത്തൊഴിലാളികളുടെ എണ്ണം ഗണ്യമായി കാഞ്ഞുവരുന്ന പ്രവണത നന്നായി കണ്ടുവരുന്നു. കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, പുത്തൻ ഉപഭോഗ സംസ്കാരം, വിദ്യാഭ്യാസ രംഗങ്ങളിൽ ഉണ്ടായ മാറ്റം ഗൾഫ് പണത്തിന്റെ വരവ് എന്നിവയെല്ലാം ഇതിനു കാരണമാണ്. പുരുഷത്തൊഴിലാളിക്ക് 85 രൂപയും സ്ത്രീ തൊഴിലാളിക്ക് 60 രൂപയുമാണ് കൂലി ഒരേകീകൃതമായ കൂലിയില്ല. തൊഴിലാളികളുടെ ദൗർലഭ്യം മൂലം കൂലിനിരക്കിനും മാറ്റമുണ്ടാകാറുണ്ട്.

നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങൾ

ഒരു കാലത്ത് പാമ്പുകളിലടക്കം ഏറ്റവും കൂടുതൽ ചെയ്തിരുന്ന നെൽകൃഷി കുറയാനുള്ള ഒരു കാരണം പലതരം രോഗബാധകളാണ്. പോളരോഗം, ഇലപ്പുള്ളി രോഗം, മുഞ്ഞബാധ എന്നിവയും ചാഴിബാധയും നെൽകൃഷിയെ നഷ്ടത്തിലാക്കുന്നു.

പാടശേഖര സമിതികൾ

നെൽകൃഷിയിൽ കർഷകർക്ക് താൽപ്പര്യം ഉണ്ടാക്കുന്നതിനും ഏറ്റവും പ്രാധാന്യമേറിയ ഈ കൃഷി ലാഭകരമാക്കുന്നതിനും ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ അവലംബിക്കുന്നതിനും, കൃഷിക്കാർക്ക് ധനസഹായം, വിത്ത്, വളം എന്നിവ ലാഭകരമായി ലഭ്യമാക്കുന്നതിനും, വേണ്ടിയുള്ള ഗ്രൂപ്പ് ഫാമിംഗിന്റെ ഭാഗമായി പാടശേഖര സമിതികളും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം ഒട്ടും ആശാവഹമല്ല.

പാടശേഖര സമിതികളും

പട്ടിക 5 കൃഷിഭവൻ രേഖ

നമ്പർ	വാർഡ്	പാടശേഖരസമിതിയുടെപേര്
1	IV	മേലേ കാരോട്
2	I	ചെമ്മംതിട്ട
3	IV	മൂച്ചിപ്പുര
4	V	മരുതങ്ങാട
5	II	പച്ചളിപ്പാടം
6	II	പെരുപ്പാറ
7	VI	പായിമ്പാടം
8	VII	പുതുവായ്
9	VI	പനമ്പറ
10	X	ബാലംകുളം
11	XI	താളിപ്പാടം

ഇടവിളകൾ

നെൽകൃഷിക്കുശേഷം വയലുകൾ പലപ്പോഴും തരിശിടാറുണ്ട്. ജല ദൗർലഭ്യമാണിതിനു കാരണം. എന്നാൽ ചിലയിടങ്ങളിൽ ഇടവിളയായി എള്ള്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യാറുണ്ട്. മുഖ്യ ഇടവിളകളും കൃഷിയിടങ്ങളുടെ വിസ്തൃതിയും താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 6 കൃഷിഭവൻ രേഖ

നമ്പർ	വിള	വിസ്തീർണ്ണം
1	പച്ചക്കറികൾ	17 ഹെക്ടർ
2	എള്ള്	10 ,,

കേരവികസനസമിതി

മൂത്തേടം പഞ്ചായത്തിൽ കാരപ്പറമ്പ് ആസ്ഥാനമാക്കി ഒരു കേരവികസനസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രത്യുത്പാദന സമിതിയിൽ മെമ്പർമാരെ ചേർക്കുന്നതിനൊഴിച്ച് സമിതി മുഖാന്തിരമായി കേരവികസനത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. ഈ സമിതിയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. സമിതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മറ്റു കൃഷികൾ

1 തെങ്ങുകൃഷി: നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പാടങ്ങളും നികത്തി തെങ്ങ് ധാരാളമിടങ്ങളിൽ കൃഷി ചെയ്തുവരുന്നു. വെള്ളം നനക്കുന്ന തെങ്ങിൻതോട്ടങ്ങളിൽ നല്ല കായ്ഫലമുണ്ടാകുന്നു. മണൽ കലർന്ന ഈ മണ്ണ് തെങ്ങുകൃഷിക്ക് വളരെ അനുയോജ്യമാണ്. ശരിയായി പരിചരിക്കുകയും ജലസേചനം നടത്തുകയും ചെയ്താൽ കായലോരങ്ങളിലേതിനെക്കാൾ നന്നായി ഈ പ്രദേശത്ത് തെങ്ങ് കായ്ക്കും. ഒരു കാലത്ത് നാളികേരം തീരെ കുറവായിരുന്ന ഈ പഞ്ചായത്ത് ഇന്ന് നാളികേരത്താൽ സമ്പന്നമാണെന്നു പറയാം. ചെന്നീരൊലിപ്പ്, ക്ലമ്പ് ചീയൽ എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ.

2 റബർകൃഷി: വിശാലമായ കശുമാവിൻതോട്ടങ്ങൾ ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. എന്നാലിന്ന് കശുമാവ് വ്യാപകമായി മുറിച്ചുമാറ്റുകയും ആയിടങ്ങളിൽ റബർ കൃഷി സ്ഥാനം പിടിക്കുകയും ചെയ്തു. പുരുക്കത്തിൽ ഇന്ന് ഇവിടെയുള്ള ഏറ്റവും വ്യാപകമായ കൃഷി റബറാണെന്നു പറയാം. റബറിനെ ബാധിക്കുന്ന പ്രധാന രോഗം പട്ടമരവിപ്പും മറ്റു കുമിൾ രോഗങ്ങളുമാണ്.

3 മരച്ചീനി: ഒരുകാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന ഒരു വിളയായിരുന്ന മരച്ചീനി ഇന്ന് അതെല്ലാം തോട്ടവിളകൾക്കു വഴിമാറിയിരിക്കുന്നു. പുരുക്കം ചില പ്രദേശങ്ങളിലേ ഇന്ന് മരച്ചീനി കൃഷിചെയ്യുന്നുള്ളൂ.

4 കുരുമുളക്: താരതമ്യേന ചൂടുകൂടിയ പ്രദേശമായതിനാൽ ഈ മേഖലയിൽ കുരുമുളകു കൃഷി വ്യാപകമല്ല. പുഴയോരങ്ങളിലെ വളക്കൂറുള്ള നനവുള്ള പ്രദേശങ്ങളിൽ നന്നായി കുരുമുളക് കൃഷിചെയ്യുന്നു. കുരുമുളകിന്റെ ദ്രുതവാട്ടം ഈ കൃഷിക്ക് ദോഷം ഉണ്ടാക്കുന്നു.

5 കമുക്: ലാഭകരമായ ഒരു കൃഷിയാണെങ്കിലും കമുക് എല്ലായിടവും കൃഷിചെയ്യുന്നില്ല. ജലസേചന ദുർലഭ്യമാണ് ഇതിനു കാരണം. പുഴയോടുചേർന്ന തീരപ്രദേശങ്ങളിൽ കമുക്കൃഷി വ്യാപകമായി കാണുന്നു. മഹാളി പോലെയുള്ള രോഗങ്ങളും കമുകിനെ ബാധിക്കാറുണ്ട്.

6 ഗ്രാമ്പൂ: സുഗന്ധ വ്യഞ്ജനമായ ഗ്രാമ്പൂ വളരെ ലാഭകരമാണെങ്കിലും ഇവിടെ അതിനനുയോജ്യമായ കാലാവസ്ഥയല്ല. വളരെ പരിമിതമായി പുഴയോടുചേർന്ന പുരുക്കം ചിലയിടങ്ങളിൽ ഗ്രാമ്പൂ കൃഷിയുണ്ട്. നാമമാത്രമായെങ്കിലും സർവ്വസുഗന്ധിയും കൃഷി ചെയ്യുന്നുണ്ട്.

വളരെ പരിമിതമായ തോതിൽ പരുത്തികൃഷി ചെയ്തിരുന്നു. എന്നാൽ പരുത്തി കൃഷി തീരെയില്ല

പട്ടിക 7 (കൃഷിഭവൻ രേഖ)

നമ്പർ	വിള	വിസ്തീർണ്ണം
1	തെങ്ങ്	398 ഹെക്ടർ
2	റബ്ബർ	724 ഹെക്ടർ
3	മരച്ചീനി	77 ഹെക്ടർ
4	കുരുമുളക്	44 ഹെക്ടർ
5	കശുമാവ്	43 ഹെക്ടർ
6	കമുക്	42 ഹെക്ടർ
7	ഗ്രാമ്പൂ	1 ഹെക്ടർ

മേൽപറഞ്ഞ കൃഷികളുടെ ഉന്നമനത്തിനുവേണ്ടി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കൃഷിഭവനിൽ നിന്ന് കൊടുത്ത നടീൽ വസ്തുക്കളുടെ വിവരങ്ങൾ

പട്ടിക 8 (അവലംബം കൃഷിഭവൻ)

ഇനം	1993-94	1994-95	1995-96
തെങ്ങ്	815 എണ്ണം	80 എണ്ണം	505 എണ്ണം
കുരുമുളക്	1000 ,,	4000 ,,	5000 ,,
കശുമാവ്	5120 ,,	480 ,,	4900 ,,
കമുക്	347 ,,	100 ,,	450 ,,
ഗ്രാമ്പൂ	.70 ,,	20 ,,	70 ,,

വളപ്രയോഗം

ധാരാളം പാടശേഖരങ്ങളും പുൽമേടുകളുമുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു ഇത്. നിബിഡമായ കാനനഛായ ഈ മേഖലയുടെ പ്ര

ത്യേകതയുമായിരുന്ന അന്ന് ജൈവവളമായിരുന്ന ധാരാളമായി ഉപയോഗിച്ചിരുന്നത്. എന്നാൽ ജൈവവളത്തിന്റെ അഭാവംമൂലം ഇന്ന് എല്ലാവരുംതന്നെ രാസവളമാണ് ഉപയോഗിക്കുന്നത്, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം നടക്കുന്നില്ല രാസവളത്തിന്റെ ഇത്തരത്തിലുള്ള ഉപയോഗം ഭൂമിയുടെ അമ്ലസ്വഭാവം വർദ്ധിപ്പിക്കുകയും ഫലപുഷ്ടി നഷ്ടമാക്കുകയും ചെയ്യുന്നു. സഹകരണ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ എട്ടും ഉൾപ്പടെ പത്ത് വളം വില്പന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്.

കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ കൂടുതലായും ഉപയോഗിക്കുന്നത്. ഇതു കൂടാതെ കശുമാവ്, കമുക് എന്നിവക്കും കീടനാശിനി ഉപയോഗിക്കുന്നു റബ്ബർകൃഷി ധാരാളമായുണ്ടെങ്കിലും അവയ്ക്കു മരുന്ന് തളിക്കുന്ന സ്വഭാവം വളരെക്കുറവാണ്. പട്ടാമ്പിപ്പിനു ബോഡോ പേസ്റ്റ്, ഇലകരിച്ചിലിനു ബോഡോ മിശ്രിതം എന്നിവ ഉപയോഗിച്ചുവരുന്നു, ശാസ്ത്രീയ രീതികളോ മുൻകരുതലുകളോ മരുന്നു തളിക്കുമ്പോൾ പരിഗണിക്കാറില്ല എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ് കഴിഞ്ഞകാലത്ത് പഞ്ചായത്തിൽ വിപണനം നടത്തിയ വളത്തിന്റെയും കീടനാശിനികളുടെയും വിവരം പട്ടിക 9 ൽ ചേർക്കുന്നു

കാർഷികോപകരണങ്ങൾ

നാടൻ കാർഷികോല്പന്നങ്ങൾ ധാരാളമായി ഉപയോഗിച്ചുവന്ന ഒരു പഞ്ചായത്തായിരുന്നു ഇത്. ഇന്ന് അവയെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു പുതിയ ഉപകരണങ്ങളാണ് ഇന്ന് മിക്കയിടങ്ങളിലും ഉപയോഗിക്കുന്നത്. കൃഷിഭവൻ രേഖകളിൽനിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഇവിടെയുള്ള കാർഷികോപകരണങ്ങളുടെ വിവരം പട്ടിക 10ൽ ചേർക്കുന്നു

വായ്പാ സംവിധാനങ്ങൾ

കാർഷിക മേഖലയുടെ അത്താണിയായി നിന്നു പ്രവർത്തിക്കേണ്ടത് സഹകരണസ്ഥാപനങ്ങളും കാർഷിക വായ്പാ സംവിധാനങ്ങളുമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ ബാങ്ക് മൂത്തേടം സർവ്വീസ് സഹകരണ സ്ഥാപനമാണ്. കൃഷിക്കു വേണ്ട ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ ഈ സ്ഥാപനത്തിനു കഴിയുന്നില്ല ഇതു കൂടാതെ വഴിക്കടവ് സർവ്വീസ് സഹകരണ ബാങ്ക്, മണിമൂളിയിൽ പ്രവർത്തിക്കുന്ന ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ ശാഖ, എടക്കര സർവ്വീസ് സഹകരണ ബാങ്ക്, കാനറാ ബാങ്കിന്റെ എടക്കര ശാഖ, കരുളായ് സർവ്വീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ കരുളായ് ശാഖ എന്നിവിടങ്ങളിൽ നിന്നെല്ലാം കൃഷിക്കാർ വായ്പ എടുക്കാറുണ്ട്. കാർഷിക ആവശ്യത്തിനായി എടുക്കുന്ന ലോണുകളും മറ്റാവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നും വായ്പകളും യഥാസമയം തിരിച്ചടക്കുന്നില്ല എന്നുമുള്ളത് വിമർശന വിധേയമായി കാണേണ്ടതാണ്.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണ് ഇവിടെയുള്ളത്. ജൂൺ മുതൽ സെപ്റ്റംബർ വരെ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ (കാലവർഷം) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം) എന്നിവയാണ് പ്രധാനമായി ലഭിക്കുന്ന മഴ. വേനൽ മഴ വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളു താരതമ്യേന പശകലർന്നതും ജലസംഗ്രഹണശേഷി കുറഞ്ഞതുമായ മണ്ണ് ധാരാളമുള്ള ഒരു പ്രദേശമായതിനാൽ വളരെ വേഗം വരൾച്ച ബാധിക്കുന്നു, ജലസേചനസൗകര്യക്കുറവുകൂടിയാകുമ്പോൾ കൃഷിക്കാരുടെ ജീവിതം താളം തെറ്റുന്നു എന്നുള്ളത് ഈ ഗ്രാമത്തിന്റെ ഏറ്റവും വലിയ ശാപമാണ്. ജലസേചന സൗകര്യമുള്ള പുഴയോരങ്ങൾ അതുകൊണ്ടുതന്നെ സമൃദ്ധവും ഐശ്വര്യപൂർണ്ണവുമാണ്.

പട്ടിക 9 (കൃഷിഭവൻ രേഖ)

ക്രമ നമ്പർ	സ്ഥാപനം	1993-94			1994-95			1995-96		
		രാസ വളം	കീടനാശിനി ഖരം	ദ്രവം	രാസ വളം	കീടനാശിനി ഖരം	ദ്രവം	രാസ വളം	കീടനാശിനി ഖരം	ദ്രവം
1	സഹകരണം	180 ടൺ	Nil	Nil	185 ടൺ	Nil	Nil	180 ടൺ	Nil	Nil
2	സ്വകാര്യം	162 ടൺ	160 kg	58 ലി	175 ടൺ	85 kg	34 ലി	163 ടൺ	90kg	42 ലി
	ആകെ	342 ടൺ	160 കി	58 ലി	330 ടൺ	85 കി	34 ലി	343 ടൺ	90കി	42 ലി

പട്ടിക 10 (കൃഷിഭവൻ രേഖ)

	ഉഴവുപകരണങ്ങൾ				മരുന്നുതളി ഉപകരണങ്ങൾ				
1	2	3	4	5	6	7	8	9	10
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്കർ സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറുയന്ത്രം	മറ്റുള്ളവ
	7	ഇല്ല	68	23	64	ഇല്ല	ഇല്ല	6	ഇല്ല

ഈ പ്രതിസന്ധിക്കു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 1978ൽ ആരംഭിച്ച രണ്ട് ലിഫ്റ്റ് ഇറിഗേഷനുകളാണ് മൂച്ചിപ്പുരതയ്യിൽ പാലാങ്കരയും. ഒന്നര ദശാബ്ദം കഴിഞ്ഞിട്ടും ഈ പദ്ധതികളും പൂർത്തീകരിക്കുന്നതിനോ പാലാങ്കര പദ്ധതി കമ്മീഷൻ ചെയ്യുന്നതിനോ കഴിഞ്ഞിട്ടില്ല. മൂച്ചിപ്പുര കമ്മീഷൻ ചെയ്തുവെങ്കിലും വളരെ പരിമിതമായ സ്ഥലത്തു മാത്രമേ അതിൽനിന്ന് ജലം എത്തുന്നുള്ളൂ. മിക്ക ഗ്രാമസഭകളിലേയും ഏറ്റവും ശ്രദ്ധ ആകർഷിച്ച പരാമർശ വിഷയം ഈ പദ്ധതിതന്നെക്കുറിച്ചായിരുന്നു. പഞ്ചായത്തിലെ 1, 4, 5, 6, 10 എന്നീ വാർഡുകളിലെ കൃഷിയിടങ്ങളെ നനയ്ക്കാൻ കഴിയുന്ന ഈ പദ്ധതി വളരെ വേഗം പൂർത്തിയാക്കിയാൽ കാർഷിക മേഖലയിൽ വൻപുരോഗതിയുണ്ടാക്കാൻ കഴിയും. ഇതേപോലെ പാലാങ്കര പദ്ധതി പൂർത്തിയാക്കിയാൽ 8, 9 എന്നീ വാർഡുകളിൽ ജലം എത്തിക്കാൻ കഴിയും.

നെല്ലിക്കുത്ത് മിനി ഇറിഗേഷൻ

മൂത്തേടത്തിന്റെ മിക്കയിടങ്ങളേയും ഹരിതാഭമാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് നെല്ലിക്കുത്ത് മിനി ഇറിഗേഷൻ. ഈ പദ്ധതിയുടെ പരിധിയിൽ ഇന്ന് പുരുങ്ങിയ മേഖല മാത്രമേയുള്ളൂ ഈ പദ്ധതിയുടെ മേഖല മറ്റു വാർഡുകളിലേക്കുകൂടി വ്യാപിപ്പിക്കുകയും ഒരു ചെക്ക്ഡാം കെട്ടി ഞാറപ്പാടം, താളിപ്പാടം പെരുപ്പാറ, കൽക്കളം, കോഴിപൂവൻകുന്ന് എന്നീ സ്ഥലങ്ങളിലേക്ക് കനാൽ നിർമ്മിക്കുകയും ചെയ്താൽ കാർഷിക മേഖലയിൽ ദ്രുതഗതിയിലുള്ള പുരോഗതിയും തദ്വാരാ നാടിന്റെ തന്നെ മുഖച്ഛായ മാറുന്നതിനും കഴിയും. ഗ്രാമസഭകളിൽ എല്ലാംതന്നെ ഈ പ്രശ്നം വളരെ താല്പര്യത്തോടെ തങ്ങളുടെ ചർച്ചകളിൽ കൊണ്ടുവന്ന വിഷയമാണ്.

തോടുകൾ

പഞ്ചായത്തിലെ കല്ലേന്തോട് ഒഴികെയുള്ള എല്ലാ തോട്ടകളും ഡിസംബർ മാസത്തോടെ വറ്റുന്നവയാണ്. കല്ലേന്തോടൊഴിച്ച് മറ്റൊന്നിനും ചീർപ്പുകളും ഇല്ല വലുതും ചെറുതുമായ 15 തോട്ടകളും അവയുടെ ഉപശാഖകളുമാണ് പഞ്ചായത്തിലുള്ളത്. വറ്റാത്ത ഏകതോടായ കല്ലേന്തോടിൽ രണ്ട് പതിറ്റാണ്ട് മുമ്പ് തുടങ്ങി പൂർത്തിയാക്കാത്ത രണ്ട് ക്രോസ്ബാർ ഉണ്ട് ഒന്നിനും റിപ്പയേർ ആവശ്യമാണ്. പഞ്ചായത്തിലെ തോട്ടകളുടെപേരുകളും ചുവടെ ചേർക്കുന്നു.

പട്ടിക 12 (കൃഷിഭവൻ രേഖ)

നമ്പർ	തോടിന്റെ പേര്
1	എറയംതാങ്ങി തോട്
2	അറന്നാടിച്ചി തോട്
3	താളോംകൊല്ലി തോട്
4	കാരോട്ട തോട്
5	മങ്കതങ്ങാട് തോട്
6	പായിമ്പാടം തോട്
7	വട്ടപ്പാടം തോട്
8	കല്ലേന്തോട്
9	കയിപ്പംകുളം, ബാലങ്കുളം തോട്
10	പെരുപ്പാറ–പുല്ലാഞ്ഞി തോട്
11	പച്ചലിപ്പാടം–പുല്ലാഞ്ഞി തോട്
12	ഞാറപ്പാടം–പുല്ലാഞ്ഞി തോട്

ഇവ കൂടാതെ മറ്റുചില തോട്ടകളും കൂടിയുള്ളതായി ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഈങ്ങാർതോട്, പുതുവായ്തോട്, കുറിക്കാട്ടതോട്, ചീരപ്പാടംതോട് എന്നിവയാണവ

കുളങ്ങളും കിണറുകളും

വറ്റാത്ത കുളങ്ങളും ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. കൃഷിഭവൻ രേഖകളും ഇതിനു സാക്ഷ്യം വഹിക്കുന്നു. പൊതുകുളങ്ങളും കിണറുകളും വളരെ കുറച്ചു മാത്രമേയുള്ളൂ ജലസേചനത്തിനായി ധാരാളം സ്വകാര്യ കിണറുകളും ഉള്ളപ്പോൾ സ്വകാര്യ കുളങ്ങളും വളരെ കൂടുതലായി കാണുന്നില്ല കൃഷിഭവനിൽനിന്നു ലഭിച്ച രേഖകളുപ്രകാരം പൊതു കുളങ്ങളുടെയും കിണറുകളുടെയും വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്

പട്ടിക 13

1	2	3
പൊതു ജലസേചന കിണർ	പൊതു ജലസേചന കുളം	ക്രോസ് ബാർ
11	5	4

നിർമ്മിതി പദ്ധതി

ജലസ്രോതസ്സുകളെ പരമാവധി ചൂഷണം ചെയ്തും കാർഷിക മേഖലയെ സംപുഷ്ടമാക്കുന്നതിനും OPECന്റെ സഹായത്തോടെയുള്ള ഈ പദ്ധതിയിൽ പഞ്ചായത്തിലെ എറയാതാങ്ങി പ്രദേശം തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 14 ൽ ചേർക്കുന്നു.

മണ്ണ്, ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും കൈതകളും ചെടികളും അതിർത്തിയിൽ വച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയും തട്ടുകളായി തിരിച്ചും മണ്ണ്, ജലം എന്നിവ സംരക്ഷിച്ചിരുന്ന ഭൂമി തുണ്ടുകളായി തിരിച്ചതും കാർഷിക വൃത്തിയോടുള്ള പുതിയ താൽപര്യക്കുറവും ഈ പ്രവർത്തനങ്ങളെ ബാധിച്ചു, ചില പ്രദേശങ്ങളിൽ കല്ലുകൾ കൊണ്ട് കെട്ടിയും തെങ്ങിൻ തോട്ടങ്ങളിൽ കാനകൾ കീറിയും റബർ തോട്ടങ്ങളിൽ പ്ലാറ്റ്ഫോമുകൾ എടുത്തും ജലവും മണ്ണും സംരക്ഷിച്ചുവരുന്ന ഭൂമിസംരക്ഷണത്തിന് ഓരോ കർഷകനും സബ്സിഡി അനുവദിക്കേണ്ടതാണ്

കൃഷിഭവൻ

1987 സെപ്തംബർ ഒന്നിന് കേരളത്തിന്റെ കാർഷികമേഖലയിൽ പുനരുദ്ധാരണത്തിന്റെ കൈത്തിരിയുമായി കേരളത്തിലെങ്ങോളമിങ്ങോളമുള്ള പഞ്ചായത്തുകളിൽ കൃഷിഭവൻ നിലവിൽ വന്നു. പൂർണ്ണമായും കാർഷികമേഖലയായ ഈ പഞ്ചായത്തിൽ ഒരുപാട് പ്രതീക്ഷകളുമായ്വന്ന കൃഷിഭവന്റെ പ്രവർത്തനം ഒട്ടും ആശാവഹമല്ല. പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും കൃഷിഭവന്റെ പ്രവർത്തനത്തെ കുറിച്ച് ഒട്ടുവളരെ വിമർശനങ്ങളും ഉയർന്നു വരുന്നു ഇതുള്ള പരിമിതികൾക്കിടയിലും അർഹതപ്പെട്ട കൃഷിക്കാർക്ക് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചകളും കാലതാമസങ്ങളും ഒഴിവാക്കേണ്ടതുണ്ട് എല്ലാ പാടശേഖര സമിതി ഓഫീസുകളിലും കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ ആഴ്ചയിൽ ഒരു ദിവസം വന്ന് അതാതുകാലങ്ങളിലുള്ള സർക്കാർ ധനസഹായങ്ങളുടെ നാട്ടിസ് ഓഫീസുകളിൽ പതിക്കേണ്ടതാണ്. കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ ആഴ്ചയിൽ മൂന്നുദിവസം ഫീൽഡിൽ പോകേണ്ടതാണ്.

പ്രശ്നങ്ങളും പ്രതിസന്ധികളും

കാർഷികമേഖലയായ ഈ പഞ്ചായത്ത് ഒട്ടുവളരെ പ്രതിസന്ധികളെ നേരിടുന്നു. ജലസേചന ദൗർലഭ്യമാണ് ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവ് കാർഷികത്തൊഴിലാളികളുടെ ലഭ്യതക്കുറവ് ഉല്പന്നങ്ങളുടെ വിലയിടിവ് വിപണന കേന്ദ്രങ്ങളുടെ അഭാവം, ജൈവവളങ്ങളുടെ പരിമിതി, ശാസ്ത്രീയ കൃഷിസമ്പ്രദായത്തിലുള്ള അജ്ഞത ഇവയെല്ലാമാണ് പ്രധാന പ്രതിസന്ധികളും.

നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നു. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പാടങ്ങളും നികത്തി തെങ്ങും മറ്റു വിളകളും കൃഷി ചെയ്യുന്നതാണ് ഗുരുതരമായ പ്രതിസന്ധിക്ക് വഴിവെക്കും. ഇടവിളകളായ കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറികളും എന്നിവയെല്ലാം വൻതോതിൽ കൃഷി ചെയ്തിരുന്ന കർഷകർ അത്തരം കൃഷികളിൽനിന്ന് പിന്തിരിയുന്നു. വീട്ടുമുറ്റത്ത് കുറഞ്ഞ ചെലവിൽ ഉണ്ടാക്കാവുന്ന പച്ചക്കറികളും പോലും ഇന്ന് കൃഷി ചെയ്യുന്നില്ല കാർഷിക പൈതൃകത്തിയോടുള്ള ഈ വിമുഖത ദൂരവ്യാപകങ്ങളായ പ്രതിസന്ധിയുളവാക്കുന്ന പ്രശ്നങ്ങളാണ്.

നിർദ്ദേശങ്ങൾ

1 ഒന്നര ദശാബ്ദങ്ങൾക്കുമുമ്പ് ആരംഭിച്ചതും ലക്ഷക്കണക്കിന് രൂപ മുതൽമുടക്കുള്ളതുമായ പാലാങ്കര-മൂച്ചിപ്പുര ലിഫ്റ്റ് ഇറിഗേഷനുകൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തനമേഖലയിൽ മുഴുവൻ ജലസേചനം നടത്തിയാൽ ഈ പദ്ധതിയുടെ പരിധിയിലുള്ള സ്ഥലങ്ങളെ ഐശ്വര്യപൂർണ്ണമാക്കാൻ കഴിയും. മൂച്ചിപ്പുര പദ്ധതി ഒരു ഉപകനാൽ വഴി താളിപ്പാടത്തേക്ക് നീട്ടിയാൽ ആ ഭാഗത്തെ നെൽകൃഷിക്ക് പ്രയോജനം ചെയ്യും. ചെട്ടിയാരങ്ങാടിയിൽ ഒരു മൈനർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ 3-ാം വാർഡിന്റെ മറ്റു പ്രദേശങ്ങളിലും ജലമെത്തിക്കാൻ കഴിയും. ആയതിനാൽ ഈ പദ്ധതികളും വളരെ വേഗം പൂർത്തിയാക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്യണം.

2 മൂത്തേടം പഞ്ചായത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളേയും നനച്ച് ഹരിതാഭമാക്കാൻ കഴിയുന്ന നെല്ലിക്കുത്ത് മിനി ഇറിഗേഷൻ പദ്ധതിയുടെ നിലവിലുള്ള പരിധി പുനഃക്രമീകരിച്ച് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ഈ പദ്ധതിയുടെ മുകൾഭാഗത്ത് ഒരു ചെക്ക് ഡാംകെട്ടി വെള്ളം തിരിച്ചുവിടുകയും ചെയ്താൽ കുറഞ്ഞ ചെലവിൽ മൂത്തേടത്തിന്റെ മിക്ക ഭാഗങ്ങളിലും ജലമെത്തിക്കാൻ കഴിയും. ആയതിനാൽ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്താനുള്ള സത്വര നടപടികളും ഉണ്ടാക്കുക

3 അഞ്ചാം വാർഡിലെ മരുതങ്ങാട്ട പുഴയിൽ 25 HP യുടെ ഒരു പമ്പ് സ്ഥാപിച്ചാൽ ആ പ്രദേശത്തുള്ള നെൽപ്പാടങ്ങളിൽ വെള്ളമെത്തിച്ച് നെൽകൃഷി മെച്ചപ്പെടുത്താൻ സാധിക്കും. ചക്കരക്കാടൻകുന്ന്, കാട്ടിക്കല്ല്, പുതുവായ് എന്നിവിടങ്ങളിൽ ഓരോ കളങ്ങളും നിർമ്മിക്കണം. 3-ാം വാർഡിലൂടെ ഒഴുകുന്ന പുല്ലാഞ്ഞിത്തോടി

ന് ചെട്ടിയാരങ്ങാടിയിൽ VCB നിർമ്മിച്ചാൽ യാത്രാപ്രശ്നം, ജലസേചനം എന്നിവ നടത്താം.

4 ഒന്നര ഏക്കറിൽ കൂടുതൽ വിസ്തൃതി ഉണ്ടായിരുന്നതും ഒരിക്കലും വറ്റാതിരുന്നതുമായ സ്വയിപ്പംകുളം ഇന്ന് ചെളിനിറഞ്ഞ് ഉപയോഗശൂന്യമായിക്കിടക്കുകയാണ്. ഈ കുളത്തിന്റെ യഥാർത്ഥ വിസ്തൃതി ഉറപ്പാക്കി ആഴംകൂട്ടിയാൽ കുറെയേറെ പ്രദേശങ്ങളിൽ ജലമെത്തിക്കാൻ കഴിയും.

5 കൃഷിക്കാരിൽ ലക്ഷ്യബോധവും സഹകരണ മനോഭാവവും ഉണ്ടാക്കുംവിധം പാടശേഖര സമിതികളെ പുനഃസംവിനാനം ചെയ്യുകയും അതിന്റെ ആനുകൂല്യം അർഹതപ്പെട്ടവർക്കു മുഴുവൻ നീതിപൂർവ്വം ലഭ്യമാക്കുകയും വേണം.

6 കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ ആഴ്ചയിൽ 3 ദിവസം ഫീൽഡിൽ പോയി കൃഷിക്കാർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം കൊടുക്കുകയും കൃഷിയെപ്പറ്റിയുള്ള ശരിയായ രേഖ തയ്യാറാക്കുകയും ചെയ്യുക. താളിപ്പാടം, നെല്ലിക്കുത്ത്, കൽക്കുളം, പെരുപ്പാറ എന്നീ സ്ഥലങ്ങളിൽ പാടശേഖര സമിതി സ്ഥാപിച്ചിട്ടുള്ള നോട്ടീസ്ബോർഡിൽ സബ്സീഡി, മറ്റ് സഹായങ്ങൾ എന്നിവയുടെ നോട്ടീസ് പതിക്കുക.

7 നെൽകൃഷിയിലെന്നതുപോലെ പച്ചക്കറി കൃഷിയിലും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാക്കുക. ഈങ്ങാർതോടിന് ചീർപ്പ് ഇടുക.

8 കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ലാഭകരമായ വില ലഭിക്കുന്നതിനും ഇവ സംഭരിച്ച് വിപണനം നടത്തുന്നതിനും പഞ്ചായത്തിൽ ഒരു മാക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

9 മണ്ണ പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വളപ്രയോഗം നടത്തുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനുള്ള സംവിധാനങ്ങളും കുറ്റമറ്റതാക്കുക ആയതിനുവേണ്ടി മൊബൈൽ മണ്ണ പരിശോധനാ യൂണിറ്റ് ആരംഭിക്കുക.

10 വിത്ത്, വളം, കീടനാശിനികളും മുതലായവ ലഭിക്കുന്നതിനും ഇവ സംഭരിച്ച് വിതരണം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾവഴി കൂടുതൽ വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തുക

11 ജൈവവളങ്ങളും കൂടുതലായി ഉപയോഗിക്കാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും ഇത് ലാഭകരമായി ലഭിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാക്കുകയും ചെയ്യുക

12 ഒന്നരണ്ട പ്രദേശങ്ങളിൽ ഉണ്ടായിരുന്നതും ലാഭകരമല്ലാത്തതിനാൽ നിലച്ചു പോയതുമായ മംബറി കൃഷിയും അനുബന്ധ വ്യവസായവും പുനരുദ്ധരിച്ച് കൂടുതൽ മേഖലകളിലേക്ക വ്യാപിപ്പിക്കുകയും വിപണന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക ഔഷധ സസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതിനും സൗകര്യമുണ്ടാക്കുക

13 പുന്നപ്പുഴയിൽ ധിന്നും പെരുംകൊല്ലംപാറയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയാൽ പച്ചിലപ്പാടം, താളിപ്പാടം, ഞാറപ്പാടം എന്നീ സ്ഥലങ്ങളിലെ 1200 ഏക്കറിലധികം വരുന്ന പാടശേഖരങ്ങളിലെയും 3000 ഏക്കർ കരഭൂമിയിലേയും കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും

മൂടേടത്തിന്റെ കാർഷിക മേഖലയിൽ നവചൈതന്യം പകരാൻ സഹായിക്കുന്ന ക്രിയാത്മകമായ ചില നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒൻപതാം പദ്ധതിയുടെ കാഹളം മലയാളക്കരയിലാകെ ആഞ്ഞടിക്കുമ്പോൾ ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമ സങ്കല്പത്തിന് കർമ്മസാക്ഷികളാവാം.

14 7-ാം വാർഡിൽപ്പെട്ട പുതുവായ്, കാട്ടിക്കല്ല്, ചോലയിൽ, കറിക്കാട് എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക

15 പുതുവായ് തോടിൽ VCB നിർമ്മിക്കുക.

പട്ടിക 14

നമ്പർ	പദ്ധതിയുടെ പേര്	സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചെലവായ തുക	സബ്സിഡിയിനത്തിൽ വിതരണംചെയ്തത്
1	ഏറയംതാങ്ങി OPEC നിർമ്മാണ പ്രദേശ വികസന പദ്ധതി	525 ഹെക്ടർ	630	40 ലക്ഷം	757431

മൃഗ സംരക്ഷണവും മത്സ്യബന്ധനവും

മൃഗ സംരക്ഷണം

ഈ പഞ്ചായത്തിൽ സംഘടിതരും അസംഘടിതരുമായി ഏകദേശം 3050 ഓളം ക്ഷീര കർഷകർ ഈ മേഖല ഉപ തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും ദാരിദ്രരേഖക്ക് താഴെയുള്ളവരാണ്. ഇവരുടെ ജീവിത നിലവാരം ഉയർത്തി കൊണ്ടുവന്നെങ്കിൽ മാത്രമെ ഈ പ്രദേശത്തെ ക്ഷീരകർഷകരും, ക്ഷീര സഹകരണ സംഘങ്ങളുടെയും നിലമെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമ മാത്രമായി ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 2120 പശുക്കളും 2492 ആടുകളും 95 ഉഴവുകാളകളും 199 എരുമകളും ആണുള്ളത്. ഇറച്ചിക്കു വേണ്ടിയല്ലെങ്കിലും 150 മുയലുകളെയും വളർത്തുന്നു. പഞ്ചായത്തിലെ 901 വീടുകളിലും കോഴി വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും ലാഭകരമല്ലാത്തതുകൊണ്ടും ഉഴവുകാളകളുടെ എണ്ണം കുറയാൻ കാരണമായി. പട്ടിക ഒന്ന് കാണുക. നിരന്തരമായുണ്ടാകുന്ന കോഴിവസന്തമൂലം കോഴികളുടെ എണ്ണവും കുറയുകയുണ്ടായി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണവും കുത്തനെ കുറയുകയുണ്ടായി.

1995 ലെ സാമൂഹിക സാമ്പത്തിക സർവ്വെപ്രകാരം പ്രതിദിനം 2995 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പട്ടിക രണ്ട് കാണുക. ഉല്പാദിപ്പിക്കുന്ന പാലിന്റെ 80% മിൽമയിൽ വിറ്റഴിക്കുന്നു. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടും കാലിവളർത്തുന്നതിനെ നിരുൽസാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. മൂത്തേടം പഞ്ചായത്തിൽ നിലവിൽ 9 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളും നിലവിലുണ്ട്. മൊത്തം 1687 മെമ്പർമാരുണ്ട്. അതിൽ 468 പേർ 'എ' ക്ലാസ് മെമ്പർമാരാണ്. ഏഷ്യയിൽ ഏറ്റവും കുറഞ്ഞ ഭൂപ്രദേശത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്ത് മൂത്തേടം ആണ് എന്നത് അഭിമാനാർഹമാണ്.

പട്ടിക ഒന്ന്

മൃഗങ്ങളുടെ ഇനം	1979	1996
പശു	4000	2320
ആട്	1000	2592
കന്നുകുട്ടികൾ	1200	675
എരുമ	810	199
കാള (ഉഴവ്)	2300	95
കോഴി	500	17030
താറാവ്	3500	2300
പോത്ത്	120	20

പട്ടിക രണ്ട്

സൊസൈറ്റി കോഡ്	A ക്ലാസ് മെമ്പർ	Total മെമ്പർ	Daily പാൽ
ചെമ്മംതിട്ട	35	185	150
താളിപ്പാടം	54	187	205
കാരപ്പറമ്പ്	60	222	275
കൽക്കുളം	52	254	230
മുപ്പിനി	40	92	160
ചേലക്കടവ്	48	164	250
വട്ടപ്പാടം	75	185	355
വെള്ളാരമുണ്ട	44	199	200
മൂത്തേടം	60	198	210
കരുളായി(പാലാങ്കര)	85	211	415

പ്രശ്നങ്ങൾ

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണ് ആകെയുള്ളത് അത് ചാമപറമ്പിലാണ് സ്ഥിതിചെയ്യുന്നത്. ഇത് പഞ്ചായത്തിന്റെ ഒരു സൈഡിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്ര സൗകര്യങ്ങളും

ലഭിക്കുന്നില്ല മൂത്തേടം പഞ്ചായത്തിൽപ്പെട്ട 3, 2, 10, 9,8,6 എന്നീ വാർഡുകളിൽ ഉള്ളവർ കാലികൾക്ക് രോഗം വന്നാൽ അഞ്ചും പത്തും കിലോമീറ്റർ ദൂരമുള്ള ചാമപറമ്പ് മൃഗാശുപത്രിയിലെത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. സമയത്ത് ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകുന്നു.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം. കുളമ്പുരോഗം, ഉദര രോഗം, പനി (കാലാവസ്ഥക്കനുസരിച്ച്) എന്നിവയാണ്. രോഗപ്രതിരോധത്തെ സംബന്ധിച്ചും, ശുചിത്വ ബോധത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മയും രോഗങ്ങളുടെ തുടക്കത്തിലെ ചികിത്സക്ക് തടസ്സമാണ്. മൂത്തേടം പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾ നാമമാത്രമാണെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല കൂടുതൽ പ്ലാൻറ് നിർമ്മിക്കാൻ സാധ്യതയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിൻറെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാൻറുണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവ വളത്തിൻറെ വലിയൊരു പങ്ക് നിറവേറ്റാൻ കാലി വളർത്തലിൽ നിന്നും നേടാൻ കഴിയുമെങ്കിലും പൊതുവിൽ കൃഷി (നെൽകൃഷി) ലാഭകരമല്ലാത്തതുകൊണ്ട് കാലി കൃഷിക്കും മാറ്റം സംഭവിച്ചു.

ഇപ്പോഴും 90% വീടുകളിലും കോഴി വളർത്തൽ ഉണ്ട്. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻ തോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത് കോഴി വളർത്തലിന് വൻ സാധ്യത ഉണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത് വിശാലമായ പാടശേഖരവും, പുഴയോരങ്ങളും, കുളങ്ങളും ഉള്ളതിനാൽ താറാവ് വളർത്തലിനും സാധ്യതയുണ്ട്.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീട്ടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. പ്രത്യുല്പാദനശേഷി കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിനു വേണ്ടി മുയലിനെ വളർത്തുന്നത് ലാഭകരമാണ്.

പ്രധാന പ്രശ്നങ്ങൾ

1 സാധാരണക്കാരായ താല്പര്യമുള്ള ക്ഷീര കർഷകർക്ക് സാമ്പത്തിക സഹായം കിട്ടാത്ത അവസ്ഥ.

2 കാലിതീറ്റക്ക് അമിത വിലയായതു കൊണ്ട് സബ്സിഡി കിട്ടാത്ത അവസ്ഥ.

3 പുൽകൃഷിക്ക് വേണ്ട സൗകര്യം ഇല്ലായ്മ.

4 പുൽകൃഷി ചെയ്യാൻ സ്ഥല പരിമിതി

5 വെക്കോൽ കിട്ടാത്ത അവസ്ഥ.

6 കാലോചിതമായി പാലിന് വിലയില്ലാത്തകാരണം കർഷകർ ഇതിൽ നിന്നും പിൻമാറുന്നു.

7 കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ നടപടി ഇല്ലായ്മ.

8 മൃഗ ചികിത്സയുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ:

1 മൂത്തേടം പഞ്ചായത്തിൽ 9 സൊസൈറ്റി കൾക്ക് ഒരു മൃഗാശുപത്രിയാണുള്ളത്. അതുകൊണ്ട് സൗകര്യപ്രദമായതും, ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ ഒരു മൃഗാശുപത്രി സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കുക.

2 ക്ഷീരകർഷകക്ക് ക്ഷേമനിധി നടപ്പാക്കുക.

3 സർക്കാരിൻറെ സാമ്പത്തിക സഹായത്തോടും സംഘങ്ങളുടെ സഹായത്തോടും ഒരു 'മിനി കാലിത്തീറ്റ ഫാക്ടറി' സ്ഥാപിക്കുക

4 സർക്കാരിൻറെ സഹായത്തോടും ക്ഷീര സഹകരണ സംഘ സഹായത്തോടും 10 വാർഡുകളിലും ഡയറി ഫാം സ്ഥാപിക്കുക.

5 സർക്കാർ സഹായത്തോടെ പുൽകൃഷി നടത്താൻ സഹായം നൽകുക.

6 സാധാരണക്കാർക്കും കർഷകർക്കും മൊബൈൽ ചികിൽസാ സൗകര്യം ഏർപ്പെടുത്തുക.

7 കന്നുകുട്ടി പരിപാലന പദ്ധതി എല്ലാ കർഷകർക്കും ലഭ്യമാക്കുക.

8 ക്ഷീര സംഘങ്ങൾക്ക് ഓഫീസ് ചെലവ്, കൃാൻ എന്നിവ വാങ്ങാൻ സർക്കാർ സാമ്പത്തിക സഹായം നൽകുക

9 മൃത്തേടം പഞ്ചായത്ത് 'മിൽമ' ഗ്രാമമായി പ്രഖ്യാപിക്കുക.

10 ഓരോ വീട്ടിലും ഓരോ പശു.

11 ആധുനിക അറവുശാല സ്ഥാപിക്കുക. അനുബന്ധമായി മാംസ മാർക്കറ്റും,

12 ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടിയെടുക്കുക.

13 കറവയുള്ള പശുക്കൾക്ക് സബ്സിഡിനിരക്കിൽ തീറ്റ നൽകുന്ന പരിപാടി നടപ്പിലാക്കുക.

14 എരുമ വളർത്തൽ യൂണിറ്റുകൾക്ക് ധന സഹായം നൽകുക.

15 മൃഗാശുപത്രി സൗകര്യം വർദ്ധിപ്പിക്കുക. മൈക്രോസ്കോപ്പ്, ടെലഫോൺ, വൈദ്യുതി, വെള്ളം, പരിശോധന ലാബറട്ടറി, ആധുനിക രോഗനിർണ്ണയ സംവിധാനം ലഭ്യമാക്കുക.

16 തീറ്റപുൽ, കന്നുകാലികൾക്ക് തീറ്റയായി ഉപയോഗിക്കാവുന്ന പയറുകളുടെ വിത്ത് മുതലായവ സൗജന്യ വിതരണം നടത്തുക.

17 താറാവുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടിയെടുക്കുക.

18 മഹിളാ സംഘങ്ങൾ പോലെയുള്ളതിന് പൗൾട്രി ഫാം സ്ഥാപിക്കാനുള്ള പദ്ധതി

19 മാംസോൽപ്പാദക സഹകരണ സംഘം സ്ഥാപിക്കുക.

20 സ്റ്റാൾ, ക്ലബ്ബുകൾ സ്ഥാപിക്കുക.

21 മുയൽ വളർത്തൽ പദ്ധതി:- സ്റ്റാൾ വിദ്യാർത്ഥികൾക്കുള്ള പദ്ധതി ആരംഭിക്കുക.

22 വനിതകൾക്ക് പശുവളർത്തൽ പദ്ധതിക്ക് സഹായം നൽകുക.

23 എഗ്ഗർ നേഴ്സറി തുടങ്ങാൻ ധനസഹായം നൽകുക.

24 മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുക,

25 വീട്ടുമുറ്റത്തെ കോഴി വളർത്തൽ.

26 പേപ്പട്ടി വിഷം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ നായ്ക്കളെ കൊല്ലുക

27 ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾക്ക് ധന സഹായം നൽകുക.

28 പന്നി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

29 കാളക്കുട്ടി പരിപാലനം മാംസ്യാവശ്യത്തിന് ഉപയോഗിക്കുക,

30 കാട വളർത്തൽ യൂണിറ്റുകൾക്ക് ധന സഹായം നല്കുക.

31 കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

32 കുളമ്പുരോഗം സൗജന്യ പ്രതിരോധ കുത്തിവെയ്പ് മൂലം തടയുക.

33 മത്സ്യ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

34 കുളം നിർമ്മിക്കാൻ സബ്സിഡി നൽകുക.

35 മത്സ്യ വിപണന മേഖല ഉണ്ടാക്കുക.

36 പുറം പോക്കുകൾ, വഴിയോരങ്ങൾ എന്നിവിടങ്ങളിൽ പ്ലാവ്, പേമാൽ, സുബാബുകൾ എന്നിവ വെച്ചു പിടിപ്പിക്കുക.

37 പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ ആടുവളർത്തൽ, കോഴിവളർത്തൽ പദ്ധതികൾ നടപ്പാക്കുക.

38 ഗുണഭോക്താക്കൾക്ക് ട്രെയ്നിംഗ് നിർബന്ധമാക്കുക.

39 ഓരോ വീട്ടിലും ചെന്ന് പ്രതിരോധ കുത്തിവെയ്പ് നടത്തുക.

40 **മാതൃകാ ഡയറി ഫാം യൂണിറ്റ്**

കാലിതൊഴുത്ത് നിർമ്മിച്ച് കറവ പശുക്കളെ വാങ്ങി മാതൃകാ പരമായി സംരക്ഷിക്കുന്നതിന് നൽകുന്ന ധനസഹായ പദ്ധതിയാണിത്. 2 കറവപശുക്കളും 50 സെൻറ് സ്ഥലത്ത് തീറ്റപുൽ കൃഷി ചെയ്തിട്ടുള്ള കർഷകനും 7000/ ധനസഹായം നൽകി ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

43

41 **മാതൃക കാലിതൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായധനം (തൊഴുത്തിന് 1250 രൂപ)**

നല്ല പാർപ്പിടം കറവ പശുക്കളിൽ 20% ത്തോളം പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സഹായിക്കും. രണ്ട് ഉരുക്കളെ ഉൾക്കൊള്ളാവുന്ന വൃത്തിയുള്ളതും, ഉറപ്പുള്ളതും നല്ല മേൽക്കൂരയും തറയും ഉള്ള മാതൃകാകാലിത്തൊഴുത്തുകൾ നിർമ്മിക്കാൻ 1250 രൂപാ വരെ ധനസഹായം നൽകാവുന്നതാണ്.

42 **വാണിജ്യ അടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷി**

കാലിതീറ്റയിൽ പച്ചപ്പുല്ലിന്റെ പ്രധാന്യം ഏറെയാണ്. സ്വന്തമായി ഭൂമിയുള്ള ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും ഭൂരഹിതരായ നാമമാത്ര കർഷകക്ക് പാട്ടത്തിനെടുത്ത ഭൂമിയിലും പുൽകൃഷിചെയ്യാം. ലാഭകരമായ ക്ഷീരോല്പാദനത്തിനും ആരോഗ്യകരമായ പശുപരിപാലനത്തിനും പച്ചപുല്ല് അത്യാവശ്യമാണ്.
ശാസ്ത്രീയമായി പച്ചപുല്ല് വെച്ച് പിടിപ്പിച്ച് കർഷകർക്ക് 1 കിലോക്ക് 40 പൈസ വച്ച് ഈ തോട്ടത്തിൽ നിന്നും പച്ചപുല്ല് നല്കാവുന്നതാണ്. ഈ ഇനത്തിൽ മൊത്തം 15000 രൂപ വരെ ധന സഹായം അനുവദിക്കാവുന്നതാണ്,

43 **നാടൻ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ**

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക, ഗ്രാമീണ ജനതയുടെ ആഹാര രീതി മെച്ചമാക്കുക, പാൽ ഉൽപ്പാദകക്ക് ആദായകരമായ വില നൽകുക തുടങ്ങിയ ലക്ഷ്യങ്ങളും മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതിയാണിത്. പാലിൽ നിന്നും അതിരുചികരമായ പനീർ, പേസ, വോവ, മിൽക് ചോക്ലേറ്റ് പാലിറച്ചി, അയ്യാർ, കട്ലെറ്റ്, കേക്ക്, ഐസ്ക്രീം, ലെസ്സി, സിപ്അപ്പ്, കൽഫി, തൈര് മുതലായ പാൽ ഉൽപ്പന്നങ്ങളും നിർമ്മിച്ച് വ്യാപാരം നടത്തുക. ഈ ഇനത്തിൽ 40000 രൂപ വരെ സബ്സിഡി നൽകാവുന്നതാണ്.

44 **കറവപശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി**

ഫണ്ട് ലഭ്യമാക്കുന്ന പക്ഷം പഞ്ചായത്തിലെ പരിമിത കർഷകർ, കർഷക തൊഴിലാളി, മറ്റു ദുർബ്ബല വിഭാഗങ്ങളും എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് കറവപശുക്കളെ 50% സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.

45 **കർഷക സമ്പർക്ക പരിപാടി**

പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ആധുനിക പശുപരിപാലനം, ക്ഷീര വികസനം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും നൽകുന്നു. ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണവും മറ്റും ലഭ്യമാക്കാൻ ഓരോ കർഷക സമ്പർക്ക പരിപാടിക്കും 500 രൂപ ക്രമത്തിൽ ധനസഹായം നൽകാവുന്നതാണ്.

46 **ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം**

ഈ പരിപാടിയിൽ വനിതാ സംഘടനകളും, വനിതാ സമാജങ്ങളും, ക്ലബ്ബുകളും, സഹകരണ സ്ഥാപനങ്ങളും തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി ക്ഷീരോൽപ്പന്നങ്ങളും ഉണ്ടാക്കുന്ന രീതി വിശദമാക്കുകയും പ്രാദേശികമായി ഉപയോഗിക്കുന്ന ക്ഷീരോൽപ്പന്നം അവിടെ വച്ച് തന്നെ നിർമ്മിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. ഉൽപ്പന്ന നിർമ്മാണത്തിന് 500 രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണ്.

47 **കന്നുകാലി പ്രദർശനം**

കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണ മുറകളും മനസ്സിലാക്കുവാനും മേൽത്തരം വർഗ്ഗ ഗുണമുള്ള കാലികളെ നേരിൽ കാണാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കന്നുകാലി പ്രദർശനം ക്രമീകരിക്കാവുന്നതാണ്. ഈ ഇനത്തിൽ 5000/രൂപ ധന സഹായം നല്കാവുന്നതാണ്.

48 **കന്നുകുട്ടി വിതരണ പദ്ധതി**

പഞ്ചായത്തിലെ കർഷകർക്ക് വർഗ്ഗ ഗുണമുള്ള കാലികളെ ലഭിക്കാൻ വളരെ ബുദ്ധിമുണ്ടുണ്ട്. കമ്പോളത്തിൽ നല്ലപശുക്കളെ ലഭി

ക്കാൻ അമിത വില നല്കണം. ഇതിനുവേണ്ടി നല്ല കന്നുകുട്ടികളെ വളർത്തിയെടുക്കുന്ന കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കാവുന്നതാണ്. ഇവിടെ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഓരോ വർഷവും 25 കന്നുകുട്ടികളെ വളർത്തുന്നതിനുള്ള സഹായധനം (ഒരു കന്നുകുട്ടിക്ക് 1000/ രൂപ പ്രകാരം) നല്കിയാൽ അവർ സംരക്ഷിക്കുന്ന നല്ല കന്നുകുട്ടികളും നല്ല കിടാരികളായി വളരുകയും ഏകദേശം 18 മാസം കൊണ്ട് 6000 രൂപ വിലവരുന്ന പശുക്കളായി വിൽക്കാവുന്നതുമാണ്.

49 കാലിത്തീറ്റ സഹായ പദ്ധതി

പാൽ വില കൂടുതൽ വർദ്ധിപ്പിക്കാതെ കൂടുതൽ ലാഭകരമായി പാൽ ഉൽപ്പാദിപ്പിക്കാൻ കാലിത്തീറ്റയുടെ വില കുറക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിലെ ക്ഷീരോൽപ്പാദകർക്ക് 50% നിരക്കിൽ കാലിത്തീറ്റ സബ്സിഡി അനുവദിക്കാവുന്നതാണ്. കാലിത്തീറ്റക്ക് സഹകരണ സംഘങ്ങളും മുഖേന റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയാൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കാനും അതുവഴി പാലിന്റെ ഉൽപ്പാദനം ലാഭകരമാക്കുവാനും കഴിയും.

50 കാളിറ്റി ടെസ്റ്റിംഗ് പദ്ധതി

പാലിന്റെ കാളിറ്റി ടെസ്റ്റിംഗ് നടത്തുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുന്നതിന് ബ്ലോക്കുതലത്തിലുള്ള ക്ഷീര വികസന ഓഫീസർക്ക് പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും കാളിറ്റി ടെസ്റ്റിംഗ് നടത്തി നടപടികളും എടുക്കുന്നതിനുള്ള അധികാരം നൽകിയാൽ ഉൽപ്പാദകനും ഉപഭോക്താവിനും ശുദ്ധമായതും കാളിറ്റിയുള്ളതുമായപാൽ ലഭ്യമാക്കുന്നതിനും സഹായകരമായിരിക്കും.

51 പുൽകൃഷി വികസന പരിപാടി

പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിൽ കാലികൾക്ക് നൽകുന്നതിനുള്ള തീറ്റപ്പുല്ല്, പയറുവർഗ്ഗ മിശ്രിതം വൻപയർ, മക്കച്ചോളം, പുൽക്കടകം എന്നിവ യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിന് വേണ്ട ക്രമീകരണങ്ങളും ചെയ്യാവുന്നതും ആയതിന് ചെലവഴിച്ച തുകയുടെ 50% കണക്കാക്കി സബ്സിഡി നൽകാവുന്നതുമാണ്.

52 ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാൻ കിറ്റ് വിതരണം

നാമമാത്ര വില ഈടാക്കിക്കൊണ്ട് ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാൻ സഹായിക്കുന്ന അണുനാശിനികളും പശുക്കളെ വൃത്തിയാക്കുന്നതിന് സഹായിക്കുന്ന ഉപകരണങ്ങളും മറ്റും അടങ്ങിയകിറ്റ് വിതരണംചെയ്യാവുന്നതാണ് കിറ്റ് ഒന്നിന് 75 രൂപ വിലവരും 15 രൂപ കർഷകരിൽ നിന്നും 60 രൂപ ധനസഹായമായും നല കാവുന്നതാണ്.

53 യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരണം

സാധാരണ കർഷകർ ഉരുക്കൾക്ക് നൽകുന്ന വൈക്കോലിൽ യൂറിയചേർത്ത് സമ്പുഷ്ടീകരിച്ചാൽ പോഷക ഗുണം വർദ്ധിപ്പിക്കാനും തീറ്റച്ചെലവ് കുറക്കാനും സഹായിക്കും. ഈ ഇനത്തിൽ 500 രൂപ വരെ സഹായധനംനൽകാവുന്നതാണ്.

54 ക്ഷീര സംഘങ്ങളുടെ ആധുനിക വൽക്കരണം

ക്ഷീര സഹകരണ സംഘങ്ങൾക്ക് ആധുനിക രീതിയിൽ പാൽ ഗുണ നിയന്ത്രണം നടപ്പിലാക്കുന്നതിനും പാൽ ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ഷീര സഹകരണ സംഘം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യകത ബോധ്യപ്പെടുന്നതനുസരിച്ച് സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും യോഗ്യതനേടിയ സെക്രട്ടറിമാരുടെ നിയമനം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾക്ക് മൂന്നു വർഷം മാനേജീരിയൽ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ധനസഹായം നൽകാവുന്നതാണ്.

45

ക്ഷീര സംഘങ്ങൾക്ക് സർക്കാർ നൽകേണ്ട നിർദ്ദേശം

1 ക്ഷീരസംഘങ്ങൾക്ക് ഏറിയ കൃത്യമായി നിർണ്ണയിച്ച് അതാതു സംഘങ്ങളുടെ ഏറിയയിൽ അതിക്രമിച്ചു പാൽ അളക്കുന്നതു തടയാൻ വേണ്ട നടപടി സ്വീകരിക്കുക.

2 സഹകരണസംഘം ആക്ടിലെ 80-ാം വകുപ്പ് ക്ഷീരസഹകരണ സംഘ ജീവനക്കാക്കും ബാധകമാക്കുക.

3 ക്ഷീര സഹകരണ സംഘം ജീവനക്കാർക്ക് ന്യായമായ ശമ്പളം കൊടുക്കാൻ സർക്കാർ വേണ്ട നടപടി സ്വീകരിക്കുക.

മത്സ്യബന്ധനം

4-ാം വാർഡിലും 8-ാം വാർഡിലും രണ്ടു കുളത്തിൽ മാത്രമാണ് മൂത്തേടം പഞ്ചായത്തിൽ മത്സ്യ കൃഷിയുള്ളത്. മത്സ്യം വളർത്തുന്നവർ 4-ാം വാർഡിൽ മാത്തിൻകടവിൽ വർഗീസ് മാത്യുവും 8-ാം വാർഡിൽ അറാശ്ശേരി ജോർജ് പാലാങ്കരയുമാണ്.

പ്രധാന പ്രശ്നങ്ങൾ

1 കുളങ്ങളും നിർമ്മിക്കാനുള്ള ധന സഹായം കിട്ടാത്ത അവസ്ഥ.

2 മത്സ്യ കുഞ്ഞുങ്ങളെ കിട്ടാത്ത അവസ്ഥ.

3 പുഴകളിലെയും തോട്ടകളിലേയും മത്സ്യത്തിനു രോഗപ്രതിരോധ നടപടികളും നടപ്പാക്കാൻ പറ്റാത്ത അവസ്ഥ.

സാധ്യതകൾ

1 കുളങ്ങളും നിർമ്മിക്കാൻ സബ്സിസി നൽകുക.

2 മത്സ്യ കുഞ്ഞുങ്ങളെ കർഷകക്ക് എത്തിച്ചുകൊടുക്കുക.

3 പഞ്ചായത്തിലുള്ള കുളം മത്സ്യം വളർത്തുന്നതിനു ലേലം ചെയ്തുകൊടുക്കുക.

4 വാർഡുകളും കേന്ദ്രമാക്കി മത്സ്യ ബന്ധന വിപണന യൂണിറ്റ് സ്ഥാപിക്കുക.

നാട് നന്നാക്കുവാൻ വേണ്ടി മറ്റുള്ളവർ എന്ത് ചെയ്യുന്നു
എന്നല്ല നോക്കേണ്ടത്,
എനിക്ക് എന്ത് ചെയ്യാൻ സാധിക്കും എന്നാണ്.

—ജോൺ എഫ്. കെന്നഡി

വ്യവസായം

മുത്തേടം ഗ്രാമ പഞ്ചായത്തിൽ പൊതു മേഖലയിലോ സൗകാര്യ മേഖലയിലോ പ്രവർത്തിക്കുന്ന യാതൊരു വ്യവസായ യൂണിറ്റും ഇല്ലാത്ത പഞ്ചായത്താണ്. മൂന്നുവശം പുഴകളാലും ഒരു ഭാഗം വനപ്രദേശങ്ങളാലും ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഉപദ്വീപായതിനാൽ ഗതാഗത സൗകര്യങ്ങളോ വൈദ്യുതിയോ ലഭ്യമല്ലാത്തതിനാൽ വ്യവസായങ്ങളും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളും ഇല്ലാതെ പോയി. എന്നാൽ 1995-ൽ എടക്കരയുമായി ബന്ധിക്കുന്ന കാറ്റാടി കടവിൽ പാലം ഉണ്ടായതോടുകൂടി ധാരാളം വ്യവസായയൂണിറ്റുകളും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നിന്നുതന്നെ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളും തദ്ദേശ ഉപയോഗിച്ച് പൊതുമേഖലയിലും സഹകാര്യ മേഖലയിലും സഹകരണ മേഖലയിലും ധാരാളം ചെറുകിടവ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങി. അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ 10 ഗ്രാമ സഭകളിലും പ്രധാനമായും ഉയർന്നുവന്നനിർദ്ദേശം നാണ്യവിളകളായ റബ്ബർ, തെങ്ങ് എന്നിവ അധിഷ്ഠിതമായ വ്യവസായങ്ങളാണ്. ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ 18 റൈസ് ഫ്ളെവർ ഓയിൽ മില്ലുകളും മാത്രമേയുള്ളൂ. പഞ്ചായത്തിലെ തൊഴിലാളികളുടെ വിവരം പട്ടിക 1ൽ കൊടുത്തിട്ടുണ്ട്.

റബർ അധിഷ്ഠിത യൂണിറ്റ്

നമ്മുടെ പഞ്ചായത്തിൽ പ്രതിദിനം 15000 ലിറ്ററോളം റബ്ബർപാൽ ലഭ്യമാണ്. അതിനുപുറമേയായി ഒട്ടുപാലും ലഭ്യമാണ്. ഇതു മുഴുവൻ ഷീറ്റായിചെറുകിട വ്യാപാരികളും വഴി വിറ്റഴിക്കപ്പെടുകയാണ്. മൊത്തം ഉല്പാദനത്തിന്റെ 5% റബ്ബർ പാൽ ആയി തന്നെ കയറ്റി അയയ്ക്കുന്നു.

റബ്ബർപാൽ ഉപയോഗിച്ച് സ്പോഞ്ച് നിർമ്മിക്കാവുന്നതാണ്. സ്പോഞ്ചും ചകിരിയും ഉപയോഗിച്ച് ബഡ്ഡ്സ്, സോഫ മുതലായവ നിർമ്മിക്കാവുന്ന പലയൂണിറ്റുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങാവുന്നതാണ്. റബ്ബർ പാൽ ഉപയോഗിച്ചുണ്ടാക്കാവുന്ന ചെരിപ്പ്, ചവുട്ടി മുതലായവ ധാരാളം മാർക്കറ്റ് ലഭിക്കാൻ സാധ്യതയുള്ള ഉല്പന്നങ്ങളായതിനാൽ പ്രസ്തുത യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. കൂടാതെ റബ്ബർ ബാൻറ്, റബ്ബർ ഗ്ലാസ്, ബലൂൺ എന്നിവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങളും തുടങ്ങാൻ കഴിഞ്ഞാൽ ധാരാളം തൊഴിൽ സാദ്ധ്യതകളും ഉറപ്പുവരുത്താവുന്നതാണ്. ഒട്ടുപാൽ അരച്ച് ഷീറ്റാക്കുന്ന വ്യവസായ യൂണിറ്റുകളും തുടങ്ങാൻ കഴിഞ്ഞാൽ ഇവിടെ ഉത്പാദിപ്പിക്കുന്ന മുഴുവൻ ഒട്ടുപാലും കാളിറ്റി റബ്ബർ ഷീറ്റാക്കി മാറ്റി കൂടിയ വിലക്കു വിറ്റഴിക്കാൻ കഴിയും

ഈ പഞ്ചായത്തിൽനിന്നും മുറിച്ചുമാറ്റുന്ന മുഴുവൻ റബ്ബർ മരങ്ങളും അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റിപോകുന്ന സ്ഥിതിയാണ്. ഈ പഞ്ചായത്തിൽ റബ്ബർതടി സംസ്കരണശാല ആരംഭിച്ചാൽ ധാരാളം പേർക്ക് തൊഴിലവസരങ്ങളും ലഭിക്കുമെന്നതു കൂടാതെ കർഷകന് റബ്ബർ മരത്തിന് നല്ല വിലയും ലഭിയ്ക്കും. പ്രസ്തുത സംസ്കരണ മരങ്ങളും ഉപയോഗിച്ച് ഫർണിച്ചർ ഉപകരണങ്ങളും മറ്റും ഉല്പാദിപ്പിക്കുവാൻ കഴിയും. അതുവഴി ആയിരത്തിലധികം പേർക്ക് പ്രത്യക്ഷമായും തൊഴിൽ ലഭിയ്ക്കും.

കേര അധിഷ്ഠിത യൂണിറ്റ്

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു നാണ്യവിളയായ തെങ്ങ്-അധിഷ്ഠിതമായവ്യവ

സായങ്ങളം തുടങ്ങാൻ എല്ലാ ഗ്രാമസഭകളിൽ നിന്നുംനിർദ്ദേശങ്ങളം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിൽ ഉല്പാദിക്കുന്ന മുഴുവൻ നാളികേവും മറ്റു പ്രദേശങ്ങളിലേക്ക് കയറ്റി പോവുകയാണ് ചെയ്യുന്നത്. എന്നാൽ പഞ്ചായത്തിൽ രണ്ടോ മൂന്നോ കൊപ്ര സംസ്കരണ യൂണിറ്റുകളം ആരംഭിക്കുവാൻ കഴിഞ്ഞാൽ ഉല്പാദിപ്പിക്കപ്പെടുന്ന കൊപ്രയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും അതുവഴി കർഷകന് ന്യായമായ വിലയും ധാരാളം തൊഴിലവസരങ്ങളം ഉണ്ടാകും. നാളികേരത്തിൽനിന്നും കൊപ്ര എടുത്തുകഴിഞ്ഞശേഷം ബാക്കിവരുന്ന തൊണ്ട് ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്. ചകിരിനാര് ഉല്പാദിപ്പിക്കാവുന്ന ഫാക്ടറികളം ആരംഭിക്കാവുന്നതാണ് കൂടാതെ സഹകരണ മേഖലയിൽ കയർ നിർമ്മാണം, കയറുപായ് നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകളം ആരംഭിച്ച് ധാരാളം തൊഴിലവസരങ്ങളം സൃഷ്ടിക്കാവുന്നതാണ്.

വളരെയേറെ വ്യവസായിക പ്രാധാന്യമുള്ള അസംസ്കൃത പദാർത്ഥമാണ് ചിരട്ട. നമ്മുടെ നാട്ടിൽ ധാരാളമായി ലഭിക്കുന്ന ചിരട്ട തീകത്തിക്കുന്നതിനും റബ്ബർ ടാപ്പിംഗിനും മാത്രമാണ് ഉപയോഗിക്കുന്നത്. ബാക്കി വരുന്ന ചിരട്ട മുഴുവൻ ഉപയോഗശൂന്യമായി പോകുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഇങ്ങനെ പാഴായി പോകുന്ന ചിരട്ട സംഭരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന ആക്ടിവേറ്റഡ് കാർബൺ ആക്കി മാറ്റാവുന്ന ഒരു യൂണിറ്റ് കൊപ്ര സംസ്കരണ യൂണിറ്റിനോടനുബന്ധിച്ച് ആരംഭിക്കാവുന്നതാണ്. കൂടാതെ ചിരട്ടയിൽനിന്നും പെയിൻറ് എണ്ണ നിർമ്മിച്ച് പെയിൻറിനും മറ്റും ഉപയോഗിക്കാവുന്ന യൂണിറ്റും ആരംഭിക്കാവുന്നതാണ്. അങ്ങിനെ പാഴായി പോകുന്ന ചിരട്ടകളം ഉപയോഗപ്പെടുത്തുന്നപക്ഷം കർഷകന് ചിരട്ടക്ക് വില ലഭിക്കുകയും തൊഴിലവസരങ്ങളം ഉണ്ടാവുകയും ചെയ്യും.

കൂടാതെ തേങ്ങാവെള്ളം ഉപയോഗിച്ച് വിന്നാഗിരി നിർമ്മിക്കാവുന്നതാണ്. വൻ വിപണന സാദ്ധ്യതയുള്ളതിനാൽ സംസ്കരണ ശാലയോടനുബന്ധിച്ച് വിന്നാഗിരി യൂണിറ്റും ശീതളപാനീയ യൂണിറ്റും ആരംഭിക്കാവുന്നതാണ്.

ഇഷ്ടിക നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ പല വാർഡുകളിലായി അഞ്ഞൂറോളം ആളുകളം ജോലി ചെയ്യുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റുകളം നിലവിലുണ്ട്. വളർന്നുവരുന്ന നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമാണ് ഇഷ്ടിക. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഇഷ്ടിക വളരെ അപര്യാപ്തമാണ്. ആയതു കൊണ്ട് പഞ്ചായത്തിൻെറ വിവിധ വാർഡുകളം കേന്ദ്രീകരിച്ച് സഹകരണ മേഖലയിലോ പൊതുമേഖലയിലോ (wire cutting bricks) ഇഷ്ടിക നിർമ്മാണ യൂണിറ്റുകളം സ്ഥാപിക്കുന്നപക്ഷം ആയിരത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

കൂടാതെ കരിങ്കൽപൊടിയും സിമൻറും ഉപയോഗപ്പെടുത്തി ഹോളോബ്രിക്സ് നിർമ്മിക്കുന്ന യൂണിറ്റും, കെട്ടിട നിർമ്മാണത്തിനു ആവശ്യമായ കട്ടിള, ജനലുകളം എന്നിവയും, സിമൻറ് കാലുകളും നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളും ആരംഭിച്ചാൽ ധാരാളം വിപണന സാദ്ധ്യതയും തൊഴിലവസരങ്ങളും ഉണ്ടാവുന്നതാണ്.

ക്രഷർ മെറ്റൽ നിർമ്മാണം

നമ്മുടെ പഞ്ചായത്തിലുള്ള കരിങ്കൽ കോറികളം സർക്കാർ അംഗീകാരത്തോടുകൂടി നടത്താൻ കഴിഞ്ഞാൽ വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണത്തിനു ആവശ്യമായ ക്രഷർ മെറ്റൽ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉണ്ടാക്കാവുന്നതാണ്. കൂടാതെ കരിങ്കല്ലും സുലഭമായി ലഭ്യമാക്കാൻ കഴിയും.

കാലിത്തീറ്റ ഫാക്ടറി:

ഏഷ്യയിൽ ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന ഭൂപ്രദേശമായ മൂത്തേടം പഞ്ചായത്തിൽ കാലിവളർത്തൽ ഒരു പ്രധാന കൃഷിയാണ്. കന്നുകാലികൾക്ക് കൊടുക്കുന്ന കാലിത്തീറ്റകളം ഇപ്പോൾ വിവിധ സംസ്ഥാനങ്ങളിൽനിന്നും പല ഏജൻസികളം മുഖേന

യാണ് നമുക്ക് ലഭിക്കുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പൂള, തവിട്, കൊപ്ര എന്നിവ സംസ്കരിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിന് ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലുള്ള സഹകരണ സംഘങ്ങളും മുഖേന വിറ്റഴിക്കുവാനും അതുവഴി ധാരാളം പേർക്ക് തൊഴിലവസരങ്ങളും ഉണ്ടാവുകയും കൂടാതെ കലർപ്പില്ലാത്ത കാലിത്തീറ്റ കുറഞ്ഞ വിലക്ക് കർഷകന് ലഭ്യമാക്കാനും കഴിയും.

റെഡിമെയ്ഡ് ഗാർമെൻസ്:

തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഒരു പദ്ധതിയാണ്. ഈ പഞ്ചായത്തിന്റെ 10 വാർഡുകളിലും തൊഴിൽ രഹിതരായ പെൺകുട്ടികൾ തയ്യൽ പരിശീലിച്ചവരായുണ്ട്. ഇവർക്ക് മുഴുവൻ തൊഴിൽ നല്കുവാൻ നമ്മുടെ വാർഡുകൾ തോറും സഹകരണ അടിസ്ഥാനത്തിൽ റെഡിമെയ്ഡ് യൂണിറ്റുകൾ ആരംഭിച്ചാൽ സാധിക്കും. പനമ്പറ്റ ആസ്ഥാനമാക്കി ഒരു വനിതാ റെഡിമെയ്ഡ് സഹകരണ സംഘം രജിസ്റ്റർ ചെയ്യുവെങ്കിലും കെടുകാര്യസ്ഥത മൂലം പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

മൺ പാത്ര നിർമ്മാണം:

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പരമ്പരാഗതമായി മൺപാത്ര നിർമ്മാണംകൊണ്ട് ഉപജീവനം കഴിക്കുന്നവരുണ്ട്. ആധുനിക യുഗത്തിൽ മൺപാത്രം ഉപയോഗിക്കുന്നവരുടെ എണ്ണം കുറയുകയും പാത്രം നിർമ്മിക്കുന്നതിനുള്ള അദ്ധ്വാനവും അതിനനുസരിച്ചുള്ള വില ലഭിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ അത് ഉപേക്ഷിച്ച് മറ്റ് മേഖലയിലേക്ക് തൊഴിൽ തേടിപോകുന്നു. എന്നാൽ സർക്കാർ വന പ്രദേശത്തു നിന്നും മണ്ണ് ലഭ്യമാക്കുകയും ആധുനിക കാലഘട്ടത്തിനനുസരണമായുള്ള ചട്ടിയും പൂ ചട്ടിയും മറ്റ് കൗതുക വസ്തുക്കളും നിർമ്മിക്കുന്നതിന് പരിശീലനം കൊടുത്തുകൊണ്ട് ഈ മേഖലയെ വികസിപ്പിച്ചെടുക്കാവുന്നതാണ്.

നൂൽനൂൽപ്പ്:

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നൂൽനൂൽപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ആയതിന് ആവശ്യമായ പരിശീലനം ലഭിച്ച വനിതകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

ടൂറിസം

ടൂറിസം വകുപ്പ് വ്യവസായം ആയി സർക്കാർ അംഗീകരിച്ചിരിക്കയാണല്ലോ. ആ നിലയ്ക്ക് നമ്മുടെ പഞ്ചായത്തിന് ടൂറിസം വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങളായ കൽകുളം, പൂളക്കപ്പാറ, ഉച്ചക്കുളം, നെടുംകയം എന്നിവ വികസിപ്പിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് അനുയോജ്യമാക്കി തീർക്കാവുന്നതാണ്. ഊട്ടി സന്ദർശിച്ചു വരുന്ന ടൂറിസ്റ്റുകൾക്ക് എളുപ്പമാർഗ്ഗത്തിൽ നെടുംകയത്ത് എത്തിച്ചേരുന്നതിനും കാനന ഭംഗി കണ്ടാസ്വദിക്കുന്നതിനും ഊട്ടിയിൽ നിന്നും എടക്കര, കുറിക്കാട്, പുത്തുവായ്, ശങ്കരംകോട്, നെടുംകയം എത്തിച്ചേരാം ശങ്കരംകോട് ഒരു ടൂറിസ്റ്റ് ബംഗ്ലാവ് ഗാർഡൻ, പക്ഷി – മൃഗസംരക്ഷണകേന്ദ്രം നീന്തൽ കുളം എന്നിവ സജ്ജീകരിക്കേണ്ടതാണ്.

മിനിവ്യവസായ എസ്റ്റേറ്റ്

ജനസാന്ദ്രത കൂടുന്നതനുസരിച്ച് സ്ഥല സൗകര്യ പരിധി കണക്കിലെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കേണ്ടതാണ്.

സാദ്ധ്യതകൾ.

നമ്മുടെ പഞ്ചായത്തിൽനിന്നും ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് ആരംഭിക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ. ഗ്രാമ സഭകളിൽനിന്നു വന്ന നിർദ്ദേശങ്ങൾ.

1 നവീന രീതിയിലുള്ള തൊണ്ടഴക്കൽ.

2 യന്ത്രവൽകൃത പച്ച ചകിരിനാര് നിർമ്മാണം.

3 കയർ, കയറുല്പന്നങ്ങൾ കിടക്ക മുതലായവ നിർമ്മാണം.

4 ചകിരിചവറ് ഉപയോഗിച്ചുള്ള വളം നിർമ്മാണം.

5 തെങ്ങ്തടി കൊണ്ടുള്ള ഫർണീച്ചറും കെട്ടിട നിർമ്മാണ സാമഗ്രികളും നിർമ്മിക്കുക.

6 ചിരട്ട പൊടി, ചിരട്ട എണ്ണ നിർമ്മാണം

7 തേങ്ങാ പൗഡറും ക്രീമും തേങ്ങാപാൽ കുഴമ്പും.

8 വെളിച്ചെണ്ണ, വിർജിൻ, ശീതള പാനീയങ്ങൾ നിർമ്മാണം.

9 കൊപ്ര കാലിത്തീറ്റ നിർമ്മാണം.

10 ചിപ്സ് നിർമ്മാണം,

11 ചിരട്ട ഉപയോഗിച്ചുള്ള കൗതുക വസ്തുക്കൾ നിർമ്മാണം.

12 ജാമുകൾ നിർമ്മാണം (പഴം, കൈതച്ചക്ക നേന്ത്രപ്പഴം, ചക്ക, മാങ്ങ, പറങ്കിമാങ്ങ മുതലായവ)

13 അവിൽ നിർമ്മാണം.

14 ഫാൻസി ഫൈബർ. (വാഴനാര്, കൈതനാര്)

ചുരുങ്ങിയ മുതൽ മുടക്കിൽ തുടങ്ങാവുന്നതും വിറ്റഴിക്കാൻ സാദ്ധ്യത കൂടുതൽ ഉള്ളതുമായ വ്യവസായങ്ങൾ. ഗ്രാമസഭാ നിർദ്ദേശങ്ങളിൽ നിന്ന്.

1 കോഴി വളർത്തൽ.

2 ആയുർവ്വേദ മരുന്ന് നിർമ്മാണം.

3 മരം ഫർണീച്ചർ.

4 ഹവായ് ചെരുപ്പ്.

5 സ്പോഞ്ച്, ബെഡ്ഡ്, സോഫാ.

6 ഫാൻസി ലതർ ഗുഡ്സ്.

7 സ്ത്രീ ബാഗ്.

8 ക്ലീനിംഗ് പൗഡർ.

9 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

10 സോപ്പ്, സോപ്പുപൊടി നിർമ്മാണം,

11 പേപ്പർ കവർ നിർമ്മാണം.

12 കുട, നോട്ടുബുക്ക് നിർമ്മാണം.

13 ബാഗ്, റെയിൻകോട്ട് നിർമ്മാണം.

14 ഇരുചക്ര വാഹന വർക്കുഷോപ്പ്

15 കറിപൗഡർ.

16 മെറ്റൽ നിർമ്മാണം.

17 സിമൻറ് കാലുകൾ, ജനലുകൾ, വാതിലുകൾ, ബ്രിക്സ് തുടങ്ങിയവ.

18 ഇഷ്ടിക നിർമ്മാണം.

19 ക്ലൗൺ കൃഷി.

20 തീപ്പെട്ടി നിർമ്മാണം.

21 മീൻവള നിർമ്മാണം.

22 കുറവി മുല്ല.

23 പാൽ ഉല്പന്നങ്ങൾ.

24 അടയ്ക്ക സംസ്കരണം.

25 പപ്പടം.

26 ആട് വളർത്തൽ.

27 തേനീച്ച വളർത്തൽ.

28 മെഴുകുതിരി.

29 കൊട്ട, മുറം, പനമ്പ് നിർമ്മാണം.

30 സെറി കൾച്ചർ വ്യവസായം.

31 താറാവ് വളർത്തൽ.

32 ചൂരൽ, ഫർണീച്ചർ കരകൗശലവസ്തുക്കൾ നിർമ്മാണം.

33 വള്ളികൊട്ട നിർമ്മാണം.

വൻകിട വ്യവസായങ്ങൾ:

1 കേര സംസ്കരണ ശാല.

2 റബ്ബർ സംസ്കരണ ശാല.

3 കാലിത്തീറ്റ ഫാക്ടറി.

4 Wire Cutting Bricks & Tiles Factory.

5 ആയുർവ്വേദ മരുന്ന് നിർമ്മാണ ശാല.

6 റബ്ബർ മരം സംസ്കരണ യൂണിറ്റ്

പ്രശ്നങ്ങൾ:

1 ഒരു വൈദ്യുതി ഉല്പാദന കേന്ദ്രം സ്ഥാപിച്ച് വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ത്രീഫെയ്സ് ലൈൻ ലഭ്യമാക്കുക.

2 ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ കൂടിയും ടാറിംഗ് റോഡ് നിർമ്മിച്ച് ഗതാഗതം സുഗമമാക്കുക.

3 വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ പരിശീലനം സർക്കാർ ഏജൻസികളിൽനിന്നും ലഭ്യമാക്കുക.

4 വ്യവസായ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിനുള്ള വ്യവസായ ഉദ്യോഗസ്ഥന്റെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കുക.

5 വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നല്കുന്നതിനു ബാങ്കിംഗ് മേഖലയുടെ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കുക.

6 വ്യവസായ നടത്തിപ്പിനാവശ്യമായ ബോധവല്ക്കരണം നടത്തുക.

7 വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ കാംക്ഷിക്കുന്ന മാർഗ്ഗരേഖ പഞ്ചായത്തിൽ പ്രദർശിപ്പിക്കുക.

8 വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനു ഒരു മോണിറ്ററിംഗ് കമ്മറ്റിയുടെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കുക.


മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിയ്ക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്കു തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക വിദ്യാഭ്യാസപുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങൾ വളർന്നു വരാൻ കാരണമാവുകയും ചെയ്യും.

മുത്തേടം ഗ്രാമ പഞ്ചായത്ത് - വ്യവസായ തൊഴിലാളി പട്ടിക

ഇനം	ആകെ വ്യവസായം	തൊഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ.	ആകെ
റൈസ് ഫ്ളോർ ഓയിൽ മിൽ	18	18	18	36
അച്ചടി	1	2		2
ആയുർവ്വേദ മൃതസഞ്ജീവിനി	1			
കരിങ്കല്ല് വ്യവസായം (കോറി)	3	18		

ഇനം	തൊഴിലാളികളുടെ എണ്ണം		
	പു.	സ്ത്രീ.	ആകെ
ബീഡി	50		50
കളിമൺ	33	20	53
കൊട്ട, മുറം, പനമ്പ്	27	20	47
പായ നെയ്ത്ത്		45	45
പപ്പടം	17	20	37
സോഡ	12		12
അവിൽ	10	6	16
കല്ല്വെട്ട്	60		60
റിംഗ് (കിണർ)	24	6	30

അവലംബം — പഞ്ചായത്താഫീസ് രേഖ CBNP സർവ്വെ



വിദ്യാഭ്യാസം

മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛനേയും ജ്ഞാനപ്പാന രചിച്ച പൂന്താനത്തിനേയും, നാരായണീയത്തിന്റെ കർത്താവായ മേപ്പത്തൂർ ഭട്ടതിരിയേയും മാപ്പിളപ്പാട്ടിന്റെ ഇശലുകളിലൂടെ ഇന്നും മലയാളി മനസ്സുകളിൽ ജീവിക്കുന്ന മോയിൻക്കുട്ടി വൈദ്യരെയും, പോറ്റിവളർത്തിയ മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ഒരു സാശ്രയ പഞ്ചായത്താണ് മൂത്തേടം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നുംതന്നെയില്ലാതിരുന്ന കാലത്ത് സമീപ പഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കാൻ ഇവിടുത്തുകാർ താൽപ്പര്യം കാണിച്ചില്ലെന്നത് വിരോധാഭാസമാണ്. മൂത്തേടം പഞ്ചായത്തിന് രൂപം നൽകിയത് എടക്കര, കരുളായി എന്നീ പഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട പ്രദേശങ്ങളും ഉൾപ്പെടുത്തികൊണ്ടാണ്. ഈ പ്രദേശങ്ങളെല്ലാം തന്നെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വയായിരുന്നു. വർത്തമാന കാലത്തെ ഉന്നത പഠന കേന്ദ്രമായി മാറിയ കോഴിക്കോട് സർവ്വകലാശാലയുടെ സ്വാധീനവും വിദ്യാഭ്യാസപരമായി യാതൊരു ഗുണവും സൃഷ്ടിച്ചില്ല. പിന്നോക്ക ജില്ലയായ മലപ്പുറം ജില്ലയിലെ മറ്റ് പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ സാക്ഷരതയിലും വിദ്യാസമ്പന്നരുടെ ലഭ്യതയിലും വളരെ പിന്നിലാണ് മൂത്തേടം. ഭൂപ്രകൃതിയിൽ വടക്ക് പടിഞ്ഞാറ് പുന്പ്പുഴയും, തെക്ക് കരിമ്പുഴയും കിഴക്ക് വനപ്രദേശങ്ങളുമായതിനാൽ പുറംലോകവുമായി ബന്ധപ്പെടുവാൻ ജനങ്ങൾ വളരെ പ്രയാസപ്പെട്ടു. ഈ വിശേഷാൽ ഭൂപ്രകൃതിയും, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും, ഭൗതിക വിദ്യാഭ്യാസത്തോടുള്ള താൽപ്പര്യക്കുറവും കാരണം ഇവിടുത്തെ വിദ്യാഭ്യാസ പുരോഗതിയിൽ കാര്യമായ വളർച്ചയുണ്ടായില്ല.

'Studies Serve For Delight, For Ornament And For Ability Their Cheef Use For Delight, Is In Privateness And Retiring, For Ornament Is In Discourse And For Ability Is In The Judgement And Disposition Of Business."

(Francis Bacon)

ഫ്രാൻസിസ് ബാക്കന്റെ ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസമേഖലയുടെ നിറവുകളിലേക്കും കുറവുകളിലേക്കും ഒരു എത്തിനോട്ടം.

സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, മേഖലകളിൽ വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നും തന്നെയില്ലായിരുന്നു ഒരു കുടിയേറ്റ മേഖലയായ ഇവിടുത്തുകാർ തങ്ങളുടെ വിദ്യാഭ്യാസം നൽകാൻ വളരെയേറെ പ്രയാസപ്പെട്ടിരുന്നു.

പ്രാരംഭചരിത്രം.

മൂത്തേടത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി തനതായ വിദ്യാഭ്യാസ സംരംഭങ്ങളുമായി ചില വ്യക്തികളും മുന്നോട്ടുവന്നു. 1928 ലാണ് സ്വന്തമായൊരു വിദ്യാഭ്യാസ സ്ഥാപനം എന്ന ആശയത്തിന് തുടക്കം കുറിക്കുന്നത് ഇന്ന് പുതിയ തലമുറയിൽപ്പെട്ട പലർക്കും അറിഞ്ഞുകൂടാത്ത വെള്ളടിമുണ്ടയിൽ 1928 ൽ വലിയപീടിക ഉണ്ണിഹസ്സൻ ഹാജി സ്ഥാപിച്ച മാപ്പിളബോർഡ് സ്കൂളാണ് ഇവിടുത്തെ പ്രഥമ വിദ്യാലയം എന്നാൽ ഉപരിപഠനത്തിനായി വിദ്യാർത്ഥികളും മണിമൂളി, ചുങ്കത്തറ, നിലമ്പൂർ എന്നിവിടങ്ങളിലുള്ള വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിവന്നു. ഈ മാപ്പിള ബോർഡ് സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും സി.എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന 1968 ൽ ഇതിനെ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. പ്രധാന

അദ്ധ്യാപകൻ ഫിലിപ്പ് നേരിയുടെ നേതൃത്വത്തിൽ പഠന നിലവാരത്തിലും കായിക രംഗത്തും സബ്ജില്ലയിലെ മികച്ച സ്കൂളും ഇതായിരുന്നു. 1974 ൽ ചാക്കീരി അഹമ്മദുകുട്ടി വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ഇതിനെ ഹൈസ്കൂളാക്കി ഉയർത്തി. പഞ്ചായത്തിലെ ഏകഹൈസ്കൂൾ ഇതാണ്. ആദ്യത്തെ ഹെഡ്മാസ്റ്റർ ജോർജ്ജ് വി. അബ്രഹാം ആയിരുന്നു PTA കമ്മറ്റിയുടെ ഒരുകെട്ടിടം നിർമ്മിച്ചുനൽകിയതിനുശേഷമാണ് SSLC ബാച്ച് ആരംഭിക്കുന്നത് 1977 ൽ ആണ് എ സി ജോസ് മാസ്റ്റർ ഹെഡ്മാസ്റ്റർ ആയിരുന്നു ഈ സമയം ഹൈസ്കൂളിൽ 32 % വിജയം ഉണ്ടായി. ചുള്ളിക്കുളവൻ മൊയ്തീൻകുട്ടി ഹാജി സ്ഥാപിച്ച സ്കൂൾ ഒരു കമ്മറ്റി ഏറ്റെടുക്കുകയും പിന്നീട് കമ്മറ്റി ഗവൺമെൻറിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ഈ വിദ്യാലയം ചോളമുണ്ട ജി എൽ പി സ്കൂളായി മാറുകയും ചെയ്തു പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സ്ഥാപിച്ചു. നെടുങ്കയം ജി റ്റി എൽ പി സ്കൂൾ പിന്നീട് ഉച്ചകുളത്തെക്ക് മാറ്റുകയും ചെയ്തു. ഇവയാണ് പൊതു മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സഹകാര്യമേഖല

പഞ്ചായത്തിലെ മറ്റുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകാര്യമേഖലയിലുള്ളതാണ് പുതിയറ മുഹമ്മദ് എന്നാണിയാപ്പ 1976 ൽ പി എം എം യു പി എസ് താളിപ്പാടം 1979 ൽ അമ്പലവാസ് വീട്ടിൽ അബ്ദുള്ള ക്രസൻറ് യു പി എസ് കാരപ്പുറംഇന്ന് വടക്കൻ മുഹമ്മദാജിയുടെ മാനേജ് മെൻറിലാണ്. വലിയപീടികക്കൽ പാത്തുമ്മക്കുട്ടി യു എം എൽ പി എസ് പാലാങ്കര 1983 ൽ മുണ്ടമ്പ്രഅലവിഹാജി എം എം എം എൽ പി എസ് കൽക്കുളം എന്നിവയാണ് കൂടാതെ പ്രൈമറി തലത്തിൽ നിർമലസ്കൂൾ മൂത്തേടം, സെൻറ്മേരീസ് മൂത്തേടം, സെൻറ്സെബാസ്റ്റ്യനേസ് വട്ടപ്പാടം, കാരപ്പുറം നേഴ്സറി, നിർമല താളിപ്പാടം, നിർമ്മല കാരപ്പുറം, എം. എം. പി. പി. കൽക്കുളം എന്നിവ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളാണ്. ആറുപതിറ്റാണ്ടിലധികം ദൈർഘ്യമുള്ള മൂത്തേടത്തെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതി നേടാനായില്ലെങ്കിലും പുതിയ തലമുറ മക്കൾക്ക് വിദ്യാഭ്യാസം നൽകാൻ താൽപ്പര്യം കാണിക്കുന്നത് ആശാവഹമാണ്.

പട്ടിക 1 A വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കണക്ക് കൊടുത്തിരിക്കുന്നു.

പട്ടിക 1 A വിദ്യാർത്ഥികൾ, അദ്ധ്യാപകർ

സ്കൂൾ		മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
P.M.M. U.P.S. താളിപ്പാടം	LP	,,	224	209	433	6	9	15
	UP		194	215	409	7	6	13
ക്രസൻറ് U.P.S. കാരപ്പുറം	UP	,,	217	230	447	6	10	16
M.M.L.P.S കൽക്കുളം	LP	,,	144	138	282	4	6	10
G.H.S. മൂത്തേടം	LP	Govt.	228	215	443	29	32	61
	UP		323	301	624			
	HS		540	555	1095			
GTLPS നെടുങ്കയം		,,	4	9	13	2		2
G.L.P.S ചോളമുണ്ട		,,	157	132	289	2	6	8
U.M.A.L.P.S പാലാങ്കര		മനേജ്.	109	109	218	3	5	8
				ആകെ	4253	59	74	133

പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം കാണിക്കുന്ന രേഖ

		LP			UP			HS	
ആകെ വിദ്യർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4253	866	812	19.18	734	746	17.5	540	555	13

LP തലത്തിൽ 812 ഉം, **UP** തലത്തിൽ 746 ഉം, ഹൈസ്കൂൾ തലത്തിൽ 555 ഉം പെൺകുട്ടികൾ പഠിക്കുന്ന പഞ്ചായത്തിൽ 2113 പെൺകുട്ടികളും, 2140 ആൺകുട്ടികളുമാണ് ആകെയുള്ളത്. ഇതിൽ നേരിയ വർദ്ധനവ് ആൺകുട്ടികൾക്കാണ്. 20784 ലോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും, വലുതുമായ വിദ്യാലയങ്ങളിലായി 4253 വിദ്യാർത്ഥികളിൽ **LP** വിഭാഗത്തിൽ 1678 ഉം, **UP** വിഭാഗത്തിൽ 1480 ഉം, ഹൈസ്കൂളിൽ 1095 ഉം, വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

പട്ടിക 1 (C)

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

	LPS			UPS			HS	
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1678	384	16.3	1480	186	7.9	1095	84	3.5

സെക്കൻററി ഡാറ്റ അവലംബം

സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ വിദ്യാർത്ഥികൾ ഇടക്ക്വച്ച് പഠനം നിറുത്തുന്നുണ്ട്. 1995—96 വിദ്യാഭ്യാസവർഷത്തിൽ "കൊഴിഞ്ഞു" പോയവരുടെ വിവരം പട്ടിക 1 (*D*) യിൽ കൊടുത്തിരിക്കുന്നു.

55

പട്ടിക 1 (D) പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
10	18	28	59	27	86
				ആകെ	114

ഒസക്കൻറെറി ഡാറ്റ അപര്യാപ്തം

സ്കോളർഷിപ്പ് — കായികരംഗങ്ങൾ

പഞ്ചായത്തിൽ വികലാംഗ സ്കോളർഷിപ്പ് ലഭിച്ച 24 കുട്ടികളും, മുസ്ലിം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് ലഭിച്ച 552 പെൺകുട്ടികളും, ലംസംഗ്രാന്റ് ലഭിച്ച 494 പേരും, മെറിറ്റ് സ്കോളർഷിപ്പ് ലഭിച്ച 13 വിദ്യാർത്ഥികളുമുണ്ട്. ജില്ലാതലത്തിൽ പോൾവാൾട്ട് ഒന്നും, ജാവലിൻ ത്രോയിൽ മൂന്നും, ഡിസ്കസ് ത്രോയിൽ രണ്ടും, ഹാമർത്രോയിൽ ഒന്നും, ഷോട്ട് പുട്ടിൽ ഒന്നും, കായികതലത്തിൽ ഒന്നാം സ്ഥാനം മൂത്തേടം ഗവ ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്

പട്ടിക II ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപ. എണ്ണം	ഗവ. അദ്ധ്യാപക. എണ്ണം %	ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
133	71	53.8	2596	61

ഈ പഞ്ചായത്തിലെ 3 ഗവഃ സ്കൂളിലായി 71 അദ്ധ്യാപകരും, 2596 വിദ്യാർഥികളുമുണ്ട്. ആകെ അദ്ധ്യാപകരുടെ 53.8 ശതമാനവും, വിദ്യാർത്ഥികളുടെ 61 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങളിലാണ്.

പഞ്ചായത്തിൽനിന്നും ഉന്നത പഠനത്തിനായി സമീപ പഞ്ചായത്തിലെ കോളേജുകളിലേക്കും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വിദ്യാർത്ഥികൾ പോകുന്നുണ്ട്.

പട്ടിക III ഉന്നത പഠനത്തിനായി പോകുന്നവരുടെ കണക്ക്

പ്രീഡിഗ്രി +2	510	കമ്പ്യൂട്ടർ	26
ഡിഗ്രി	260	മെഡിക്കൽ	.....
ഐടി. ഐ.	26	മറ്റുള്ളവ	.....
എൻജിനിയറിംഗ്	18		

''അത്യുൽസാഹം കൊണ്ടല്ലാതെ മഹത്തായ ഒന്നും നേടുവാൻ സാധ്യമല്ല''

ഗോയിഥേ.

പട്ടിക IV

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ഉള്ളത്	ഇല്ലാത്തത്
ലൈബ്രറി	5	2
പ്രവർത്തിക്കാത്തത്		
ലാബ്	3	
പ്രവർത്തിക്കാത്തത്		
പഠനോപകരണങ്ങൾ	3	4
റേഡിയോ	4	3
ടേപ്പ്റിക്കോർഡർ	3	4
ടെലിവിഷൻ	ഇല്ല	ഇല്ല
സിനിമാ പ്രൊജക്ടർ	ഇല്ല	ഇല്ല
സ്ലൈഡ് പ്രൊജക്ടർ	2	5
ഫ്ലാഷ് കാർഡുകൾ മുതലായവ	28	
മറ്റു സാധനസാമഗ്രികൾ	7	
ക്ലാസ് പി ടി എ സജീവം	5	2

സെക്കൻററി ഡാറ്റാ അവലംബം

ലൈബ്രറിഇല്ലാത്ത രണ്ടും, വേണ്ടത്ര പഠനോപകരണങ്ങളും ഇല്ലാത്ത നാലും, റേഡിയോഇല്ലാത്ത മൂന്നും, ടേപ്പ്റിക്കാർഡർഇല്ലാത്ത നാലും, ക്ലാസ് പി ടി എ സജീവമല്ലാത്ത രണ്ടും, സ്കൂളുകളും പഞ്ചായത്തിലുണ്ട്. ലൈബ്രറി പഠനോപകരണങ്ങളും എന്നിവയില്ലാത്ത സ്കൂളുകളിൽ, വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്.

പ്രാഥമിക സൗകര്യങ്ങൾ

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളിലെഅപര്യാപ്തതനമ്മുടെവിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയപോരായ്മയാണ്. ചിലക്ലാസ്സുകളും വാടക കെട്ടിടത്തിൽ നടത്തുന്നു. മൂത്തേടം ഗവ: ഹൈസ്കൂളും ചോളമുണ്ട ജി. എൽ. പി. സ്കൂളും എന്നിവക്ക് കെട്ടിടം വേണ്ടത്രഇല്ല. മൂത്രപ്പുര കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടിക V കൊടുത്തിരിക്കുന്നു.

മൂത്രപ്പുരയില്ലാത്ത നാലും, കക്കൂസില്ലാത്ത നാലും, കുടിവെള്ളം ലഭ്യമില്ലാത്ത ഒന്നും, വൈദ്യുതിയില്ലാത്ത അഞ്ചും സ്കൂളുകളും പഞ്ചായത്തിലുണ്ട്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനവും 95—96 ലെ പാദവാർഷിക പരീക്ഷക്ക് ലഭിച്ച 3 മുതൽ പത്താം ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു,

57

പട്ടിക V ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
PMMUPS	842	28	ഇല്ല	ഇല്ല	കിണർ	ഇല്ല
ക്രസന്റ് UPS	447	16	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്
M M L P S	282	10	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല
GHSമുത്തേടം	2162	61	ഉണ്ട്	ഉണ്ട് 2	കിണർ	ഉണ്ട്
G T L P S	13	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല
G L P S	289	8	ഇല്ല	ഇല്ല	കിണർ	ഇല്ല
UMALPS	218	8	ഇല്ല	ഇല്ല	കിണർ	ഇല്ല

സെക്കൻററി ഡാറ്റ അവലംബം

പട്ടിക VI A – S. S. L. C. വിജയശതമാനം

സ്കൂൾ	91—92	92—93	93—94	94—95	95—96
G. H. S.	19	18	11	6	13

പട്ടിക VI B – 95—96 കാൽപാദപരീക്ഷ

ക്ലാസുകൾ	30% താഴെ മാർക്കു ലഭിച്ചവർ	30%നും 40% നും ഇടയിൽ	40%നും 50% നുമിടയിൽ	50%നും 60% നുമിടയിൽ	60%നു മുകളിൽ കിട്ടിയവർ
III	114	104	81	64	50
IV	114	92	85	62	57
V	153	137	71	47	38
VI	173	149	81	48	37
VII	198	146	97	59	37
VIII	288	28	15	13	13
IX	303	50	14	11	10
X	246	27	12	11	11

സെക്കൻററി ഡാറ്റ അവലംബം

നിങ്ങൾ ദുർബലരാകരുത് നിങ്ങളുടെ ശക്തി നിങ്ങളിൽ തന്നെയുണ്ട്.

സ്വാമി വിവേകാനന്ദൻ

പൊതുവായ വിവരങ്ങൾ

പഞ്ചായത്തിലെ സ്കൂളുകളിൽ വിവിധ വാർഡിൽ നിന്നുമുള്ള കർഷകരുടെയും കർഷകതൊഴിലാളികളുടെ കുട്ടികളും വളരെയധികം യാത്രാ ക്ലേശങ്ങളും സഹിച്ചാണ് എത്തിച്ചേരുന്നത് ഇവിടെ നിന്നും സമീപ സ്ഥലങ്ങളിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികളും പോകുന്നുണ്ട് ഇവിടത്തെ ഭൗതിക സൗകര്യങ്ങളും തൃപ്തികരമല്ല. മിക്കകെട്ടിടങ്ങളും ക്ലാസ് മുറിയായി തിരിച്ചിട്ടില്ലാത്തതുകൊണ്ട് പഠന സമയത്തും കുട്ടികളുടെ ശ്രദ്ധ ക്ലാസ്സിൽ വേണ്ടത്ര കേന്ദ്രീകരിക്കപ്പെടുന്നില്ല. ലൈബ്രറിയും, ലബോറട്ടറിയും ഉണ്ടെങ്കിലും ഇവക്ക് ആവശ്യമായ പ്രത്യേക മുറിസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ആവശ്യത്തിനുള്ള കെട്ടിടം ഇല്ലാത്തതു കൊണ്ട് വാടക കെട്ടിടത്തിൽ പഠനം നടത്തുന്ന സ്കൂളുകളും ഉണ്ട്. ബ്ലാക്ക് ബോർഡുകളും ഫർണീച്ചറുകളും എന്നിവ കുറവായതു പഠനത്തെ ബാധിക്കുന്നു. വിശാലമായ സ്കൂൾ കോമ്പൗണ്ടുകളുംക്ക് ഒന്നും തന്നെ ചുറ്റുമതിലുകളോ, കമ്പിവേലികളോ നിർമ്മിച്ചിട്ടില്ല കുടിവെള്ളംമൂത്രപ്പുര, കക്കൂസ് എന്നിവ ഇല്ലാത്ത സ്കൂളുകളും പഞ്ചായത്തിലുണ്ട് പാചകമുറി, സ്റ്റാഫ്റൂം എന്നീസൗകര്യങ്ങളും ഇല്ലാത്തസ്കൂളുകളിൽ വളരെയധികം പ്രയാസം നേരിടുന്നുണ്ട്മിക്കകെട്ടിടങ്ങളുംശുദ്ധവായുവും വെളിച്ചവും ധാരളമായി ലഭിക്കുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്നക്ലാസ് മുറികളിൽ മിക്കതിലും ബ്ലാക്ക്ബോർഡുകളും ഉണ്ട്. ഈ ബ്ലാക്ക്ബോർഡുകളുംക്കുപകരം ചുമരിൽ സിമൻറ് പൂശിയ ബോർഡുകളും നിർമ്മിച്ചാൽ നന്നായിരിക്കും.

സ്പോർട്സ്, യുവജനോൽസവം മുതലായ പാഠ്യേതര പ്രവർത്തനങ്ങളിൽ തൃപ്തികരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം ഒട്ടുംതന്നെ ലഭിക്കാത്തതോ, പരിമിതമായ വിദ്യാഭ്യാസം ലഭിച്ചതോ ആയ കുടുംബങ്ങളിലെ കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നവരിൽ അധികവും.

G. T. L. P. സ്കൂൾ സ്ഥാപിച്ചത് ആദ്യം നെടുങ്കയത്തായിരുന്നു. പിന്നീടത് ഈ സ്കൂൾ ഉച്ചക്കളം കോളനിയിലേക്ക് മാറുകയാണുണ്ടായത്. 13 വിദ്യാർത്ഥികളും 2 അദ്ധ്യാപകരും ഉള്ള ഇവിടെ യാതൊരു വിധ ഭൗതിക സൗകര്യങ്ങളും ഇല്ലാത്ത ഈ വിദ്യാലയത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. കുരുളായി ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട ഉച്ചകളത്തേക്ക് എത്തിച്ചേരാൻ രണ്ട് കിലോമീറ്റർ വനത്തിലൂടെനടന്ന് പോകണം കാട്ടാനശല്ല്യമുള്ള ഇവിടെ അദ്ധ്യാപകർ വഴിയിൽനിന്നും ആനക്കൂട്ടത്തെകണ്ട് മടങ്ങിപ്പോരുന്നതിനാൽ അദ്ധ്യായനം കൃത്യമായി നടത്താൻ കഴിയുന്നില്ലെന്ന് അദ്ധ്യാപകർ പരാതിപ്പെടാറുണ്ട്. ഈ സ്കൂളിന് ഒരു ഹോസ്റ്റൽസൗകര്യം ഏർപ്പെടുത്തിയാൽ ഇതിനെ തകർച്ചയിൽനിന്നു രക്ഷിക്കാനാവും.

അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ സൗഹൃദം നിലനിർത്തുന്നതുകൊണ്ട് വിദ്യാലയത്തിൽ അച്ചടക്കം കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ട്, പഠനത്തിൽ ശ്രദ്ധിക്കുന്നുണ്ടെങ്കിൽ തന്നെ വിജയശതമാനം താരതമ്യേനകുറവാണ് മാതൃസംഗമം എല്ലാ വർഷവും നടത്തുകയും അതിൽ വിദ്യാർത്ഥികളുടെ പുരോഗതിക്കായി സജീവ ചർച്ചകളും നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞുവരികയും അവ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യാറുണ്ട്. പഞ്ചായത്തിലെ രണ്ട് സ്കൂൾ ഒഴികെ മറ്റുള്ളവയിലെല്ലാം തന്നെ P T A സജീവമാണ്.

അംഗനവാടികൾ

പഞ്ചായത്തിൽ പത്തുവാർഡുകളിലായി ആകെ 14 അംഗനവാടികളുണ്ട് ഒന്നാം വാർഡിൽ ചെമ്മതിട്ടയിലും 2ാം വാർഡിൽ നെല്ലികുത്ത്, കൽകുളം, 3ാം വാർഡിൽ നമ്പൂരിപ്പൊട്ടി 5ാം വാർഡിൽ മുപ്പിനി 6ാം വാർഡിൽ പായിമ്പാടം 7ാം വാർഡിൽ വെല്ലിമുണ്ട. കാട്ടിക്കുളം, 8ാം വാർഡിൽ പാലാങ്കര

9ാം വാർഡിൽ വട്ടപ്പാടം, ചോളമുണ്ട 10ാം വാർഡിൽ ചീനിക്കുന്ന് ഉച്ചകളം എന്നിവയാണ് അംഗനവാടികളും. ഇവയുടെ ഭൗതിക സാഹചര്യമോ കെട്ടിട സൗകര്യമോ പര്യാപ്തമല്ല കളിപ്പാട്ടങ്ങളോ ഉപകരണങ്ങളോ ഒരു അംഗനവാടിയിലും ഇല്ല അംഗനവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരല്ല എന്നതാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കുന്നത് സ്വന്തമായി കെട്ടിടമില്ലാത്തതിന് അടിയന്തിരമായി നിർമ്മിച്ച് നൽകേണ്ടതും, കളിപ്പാട്ടങ്ങളും എത്തിക്കേണ്ടതുമാകുന്നു.

പഞ്ചായത്തിൽ ഒരു പാരലൽ കോളേജ് മാത്രമാണുള്ളത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒന്നുംതന്നെയില്ലാത്ത പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടതാണ് കുടുംബം പുലർത്താൻ പകലന്തിയോളം കഷ്ടപ്പെട്ട് പണിയെടുക്കുന്ന കർഷകരെയും, കർഷകതൊഴിലാളികളേയും അറിവിന്റെ ലോകത്തേക്ക് നയിക്കുന്നതിനുള്ള ആവശ്യമായ വായനശാലകളും പഞ്ചായത്തിൽപരിമിതമാണ്.

സാക്ഷരതയുടെ കാര്യത്തിൽ 100% വിജയം കൈവരിക്കാൻ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളോടൊപ്പം ഈ പഞ്ചായത്തും സജീവമായി പ്രവർത്തിക്കുകയും ഒരളവുവരെ ലക്ഷ്യപ്രാപ്തിയിലെത്തുകയും ചെയ്തു. എന്നാൽ നവസാക്ഷരർക്ക് ആവശ്യമായ തുടർവിദ്യാഭ്യാസം നൽകാൻ ഭരണകർത്താക്കൾ കാര്യമായിശ്രമിക്കാഞ്ഞതിന്റെ ഫലമായി എഴുതുവാനും വായിക്കാനും പഠിച്ച നവസാക്ഷരരിൽ ഭൂരിപക്ഷവും ഇന്ന് നിരക്ഷരരായി മാറിയിരിക്കുന്ന ദയനീയസ്ഥിതി പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും ഉണ്ട്.

പ്രശ്നങ്ങൾ

1. അപ്പർപ്രൈമറിതലങ്ങളിൽ വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുക, സ്കൂളുകളുടെ അക്കാഡമിക്, ഭൗതിക സൗകര്യങ്ങളിലുള്ളഅപര്യാപ്തത.
2. പഞ്ചായത്തിലെ ഏക ഗവ. ഹൈസ്കൂളിൽ സ്ഥിരമായി ഹെഡ്മാസ്റ്റർമാർ ഉണ്ടാവാറില്ല ഗവ: സ്കൂളുകളിൽ ആവശ്യത്തിനദ്ധ്യാപകരെ നിയമിക്കുന്നില്ല, അദ്ധ്യാപകർക്ക് നവീനരീതിയിൽ ഓറിയന്റേഷൻ കോഴ്സുകൾനൽകുന്നില്ല
3. അംഗനവാടികളിൽ കളിപ്പാട്ടങ്ങളും, ഭൗതിക സൗകര്യങ്ങളും എന്നിവയുടെ അഭാവം
4. അനൗപചാരിക,സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.
5. ഉന്നത പഠനത്തിനായി സ്ഥാപനങ്ങളും ഒന്നുംതന്നെയില്ല
6. സാമൂഹികപിന്നോക്കാവസ്ഥ
7. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ തുടക്കത്തിൽ വരുന്ന താളപിഴകളും
8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കൂടുതൽ ആയതിനാൽ കുട്ടിയിൽ വ്യക്തിപരമായി ശ്രദ്ധചെലുത്താൻ കഴിയുന്നില്ല
9. അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ വരവ് വിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു
10. അശാസ്ത്രീയമായ മൂല്യ നിർണ്ണയ സമ്പ്രദായം
11. ചില വിദ്യാലയങ്ങളിൽ P. T. A പ്രവർത്തിക്കുന്നില്ല.
12. പ്രൈമറിതലത്തിലെ ഹെഡ്മാസ്റ്റർമാർക്ക് കൂടുതൽ സമയവും സ്കൂളുകളിൽ ശ്രദ്ധചെലുത്താൻ കഴിയുന്നില്ല,

സാധ്യതകൾ

സ്കൂളിന് ആകർഷകമായനെയിംബോർഡ്സ്കൂൾ, പ്ലാൻ, സ്റ്റാഫ് സ്ട്രങ്ത് സ്റ്റോറ് മെൻറ്, പി. ടി. എ കമ്മറ്റി ഇവ കാണിക്കുന്ന ബോർഡുകളോ, ചാർട്ടുകളോ ഓഫീസ് മുറിയിലുണ്ടായിരിക്കണം. ബഞ്ച് ഡസ്ക്, കസേര,ബോഡ് ഗ്ലോബ്, വേർഡ് ഇന്ത്യ- സംസ്ഥാന ഭൂപടങ്ങളും തുടങ്ങിയവയും വൃത്തിയായും മനോഹരവുമായ പരിസരം

പൂന്തോട്ടം, വൃക്ഷവൽക്കരണം എന്നിവയും വേണം കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, ആധുനികദൃശ്യശ്രാവ്യോപകരണങ്ങളും എന്നിവയും നിർബന്ധമായും ഉണ്ടാവണം ഭൂരിപക്ഷം സ്കൂളുകളിലും ശുദ്ധജലവിതരണ സൗകര്യമില്ലാത്തതിനാൽ സ്വന്തം കിണറുകളെയോ ചിലപ്പോൾ അന്യകിണറുകളെയോ ആശ്രയിക്കേണ്ടിവരുന്നു, കുട്ടികളുടെ അനുപാതത്തിനു് അനുസരിച്ചു് കെട്ടിടമില്ലായ്മ, മൂത്രപ്പുര, കുടിവെള്ളം, കക്കൂസ് എന്നിവ വേണ്ടത്രയില്ലാത്തതും ഭൗതികസാഹചര്യങ്ങളിലുള്ള വലിയ പോരായ്മകളാണു്. ഇവ അടിയന്തിരമായി പരിഹരിക്കണം.

വീടുകളിലെ പഠനസൗകര്യം മെച്ചപ്പെടുത്താൻ രക്ഷിതാക്കളെ മുൻകൈയ്യെടുക്കണം സാമൂഹികപിന്നോക്കാവസ്ഥ പരിഹരിക്കാൻ പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം നടത്തണം, നിലവിലുള്ള സിലബസ് പഠിപ്പിക്കാൻവേണ്ടത്ര സമയംലഭിക്കാതിരിക്കുമ്പോൾതന്നെ അദ്ധ്യാപകരെ മറ്റു ജോലികൾക്കു് ചുമതലപ്പെടുത്തുന്നപ്രവണത ഒഴിവാക്കേണ്ടതും അതിനായി പ്രത്യേകം വിദ്യാഭ്യാസവും കുടിവെള്ളം, ആളുകളെ വേതനം നൽകിനിയമിക്കുകയില്ലെങ്കിൽ തൊഴിലില്ലാ വേതനം പറ്റുന്നവരെ ഇതിനായി നിയമിക്കാം ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപകതസ്തികകളും യഥാസമയം നികത്തേണ്ടതും, പാഠപുസ്തകം സ്കൂളുകളിൽ വർഷാരംഭത്തിൽ തന്നെ എത്തിക്കുകയും വേണം ഒരു മാസത്തിൽ ബില്ലെഴുതാനും പി എഫ് പാസ്സാക്കാനും, കോൺഫ്രൻസുകൂടാനും നിരന്തരം ബന്ധപ്പെടേണ്ടതുകൊണ്ടു് സ്കൂളിന്റെ ദൈനംദിന കാര്യങ്ങളിൽ ശ്രദ്ധിക്കാൻ പ്രൈമറിതലങ്ങളിലെ ഹെഡ്മാസ്റ്റർമാർക്കു് കഴിയുന്നില്ല ഇതിനായി എയ്ഡഡ് ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലെ നിലവിലുള്ള പ്യൂൺമാരെ ടെസ്റ്റിലൂടെ പ്രമോഷൻ നൽകി ക്ലാർക്കുമാരായി നിയമിച്ചാൽ ഹെഡ്മാസ്റ്റർ മാർക്കു് മുഴുവൻ സമയവും സ്കൂളിനെ ശ്രദ്ധിക്കാൻ കഴിയും. ഉച്ചകഞ്ഞിവിതരണത്തിൽ ഇന്നു് നേരിടുന്ന പ്രയാസങ്ങളും അടിയന്തിരമായി പരിഹരിക്കേണ്ടതുമാകുന്നു,

അദ്ധ്യാപകർക്കു് തങ്ങളുടെ അനുഭവങ്ങളും പങ്കുവെയ്ക്കുവാൻ കൂട്ടായ ചർച്ചയിലൂടെ മെച്ചപ്പെട്ട ബോധനോപായങ്ങളും ആവിഷ്കരിക്കാനും ബന്ധപ്പെട്ട മേഖലയിലെ സംശയങ്ങളും തീർക്കുന്നതിനും വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം വിദ്യാർത്ഥികളുടെ എല്ലാകഴിവും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ മൂല്യ നിർണ്ണയ സമ്പ്രദായം ഉണ്ടാവണം ഒന്നാംതരം ഒന്നാന്തരമാക്കാൻ കുട്ടിയെ ശാരീരികമായും, മാനസികമായും വിദ്യാലയ പഠനത്തിനു് സജ്ജമാക്കണം അടിസ്ഥാന വിദ്യാഭ്യാസം കാര്യക്ഷമമായി ലഭിക്കാത്തതുകൊണ്ടു് ഉയർന്നക്ലാസ്സുകളിൽ ഗുണനിലവാരം മെച്ചപ്പെടുന്നില്ല.

പഞ്ചായത്തിലെ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ടീം വിദ്യാലയങ്ങളും സന്ദർശിച്ചു് പ്രവർത്തനങ്ങളും വിലയിരുത്തണം ക്രമേണ ഈടീമിൽ അദ്ധ്യാപകരല്ലാത്ത വിദഗ്ദ്ധർ, ജനപ്രതിനിധികളും ഇവരും ഉൾപ്പെടണം. വിദ്യാർത്ഥികളിൽ വ്യക്തിത്വ വികസനം, സഹകരണമനോഭാവം, സംഘബോധം സർഗാത്മകത, കലാസാഹിത്യാസ്വാദനം വിവിധതരം നൈപുണികളുടെ വികാസം, സ്വയം പഠനത്തിനുള്ള കഴിവു്, നേതൃത്വശേഷി എന്നിവയും വളർത്തിയെടുക്കണം

സ്കൂളിനെ സാമൂഹ്യസ്ഥാപനമാക്കി മാറ്റാൻ കഴിയുംവിധം സ്കൂളും, സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തണം സ്കൂളിനെ നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനും തങ്ങൾക്കും ഏറെ ചെയ്യാനുണ്ടു് എന്ന ബോധം തദ്ദേശവാസികളിൽ ഉണ്ടാക്കിയെടുക്കണം ഒറ്റപ്പെട്ട പ്രവർത്തനംകൊണ്ടു് മാത്രം കാര്യങ്ങൾ ഭംഗിയാവില്ലെന്ന ബോധം അദ്ധ്യാപകരിലും ഉണ്ടാവണം. വ്യക്തികളിലൂടെ പ്രദേശത്തിന്റെയും പ്രദേശങ്ങളിലൂടെ രാജ്യത്തിന്റെയും വികസനമാണു് വിദ്യാഭ്യാസത്തിലൂടെ സാധിതമാക്കേണ്ടതു്. വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ഉള്ള സൗകര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തിയാൽമാത്രമേ ഈ മേഖലയിൽ കാര്യമായ നേട്ടങ്ങളും കൈവരിക്കാനാവൂ.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

1. ഒന്നാംവാർഡിൽ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 2ാം വാർഡിൽ ഒരു ഗവ. അംഗീകൃത തയ്യൽ കേന്ദ്രം അനുവദിക്കുക.

2. 3ാം വാർഡിലെ താളിപ്പാടം യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

3. പൊതുമേഖലയിലോ സഹകാര്യമേഖലയിലോ ഹൈസ്ക്കൂൾ അനുവദിക്കുക

4. മൂത്തേടം ഗവ.ഹൈസ്ക്കൂളിൽ പ്ലസ്ടു അനുവദിക്കുക

5. G. H. S, മൂത്തേടത്തിനും, ചോളമുണ്ട G. L. P. സ്കൂളിനും കെട്ടിടം, ചുറ്റുമതിലുകൾ, മൂത്രപ്പുര, കക്കൂസ്, ഫർണ്ണീച്ചർ, ബ്ലാക്ക്ബോർഡ് എന്നിവ ആവശ്യാനുസരണം ഉണ്ടാക്കുക.

6. പഞ്ചായത്തിൽ ആർട്ട്സ് കോളേജ് ടൈനിംഗ് കോളേജ് ITI മറ്റു സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ അനുവദിക്കുക ജനസംഖ്യാടിസ്ഥാനത്തിൽ അംഗനവാടികൾ അനുവദിക്കുക

7. സർവ്വേഅടിസ്ഥാനത്തിൽ എൽ. പി., യു. പി. സ്കൂളുകൾ അനുവദിക്കുക. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ–പ്രൈമറി അനുവദിക്കുക. എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം മാനദണ്ഡമാക്കാതെ കായിക അദ്ധ്യാപകന്മാരെയും തയ്യൽ ഡ്രോയിംങ്ങ് സംഗീത അദ്ധ്യാപകന്മാരെയും നിയമിക്കുക. സാക്ഷരതാ പ്രവർത്തം തുടർന്ന് നടത്തുക ഒന്നാക്കാസിലെ ഓരോപാസ്സും സമ്പ്രദായം നിർത്തലാക്കുക. ആവറേജ് മാർക്ക് വാങ്ങുന്നവരെ വിജയിപ്പിക്കുക. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക, വിദ്യാലയ രാഷ്ട്രീയം ഒഴിവാക്കുക. ഈവക കാര്യങ്ങളൊക്കെ ചിട്ടയായും ഭംഗിയായും ഒത്തുചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാനാവും എന്ന ശുഭാപ്തിവിശ്വാസമുണ്ട്.

അത്യുൽസാഹം കൊണ്ടല്ലാതെ മഹത്തായ ഒന്നും നേടാൻ സാദ്ധ്യമല്ല.

ഗോയ്ഥേ–

കുടിവെള്ളം

മലയോര പ്രദേശങ്ങളും, ചരിവും സമതലങ്ങളുമുള്ള ഈ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെ ജീവിക്കുന്നവർ ഏകദേശം പകുതിയോളം വരും. ഇവിടങ്ങളിലെ ജനങ്ങളും കുടിവെള്ളത്തിനു കിണറുകളേയും പുഴകളേയുമാണ് ആശ്രയിക്കുന്നത്. സ്വന്തമായി കിണർ നിർമ്മിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരാണ് അധികവും. വേനൽകാലങ്ങളിൽ ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഈ പഞ്ചായത്തിൽ 37% ജനങ്ങൾക്ക് മാത്രമേ സ്വന്തമായി കിണറുകളും ഉള്ളു. ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിലാണ് ക്ഷാമം അനുഭവപ്പെടുന്നത്.

ഈ പഞ്ചായത്തിൽ ഒരൊറ്റ ശുദ്ധജല വിതരണ പദ്ധതിയും നിലവിലില്ല. ഈ പഞ്ചായത്തിനെ ചുറ്റിപ്പറ്റി ഒഴുകുന്ന പുന്നപ്പുഴയും കരിമ്പുഴയും ഒരിക്കലും വറ്റുന്നവയല്ല. ഈ പുഴയോര പ്രദേശങ്ങളിലെല്ലാം വൈദ്യുതി വിതരണമുണ്ട്. ആയതിനാൽ ഈ പുഴയോര പ്രദേശങ്ങളിൽ മിനിവാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തിയാൽ ഈ പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും കുടം വെള്ളം എത്തിക്കാൻ കഴിയും. 4-ാം വാർഡിലെ മരത്തിൻകടവ് കുന്നിൽ ശുദ്ധജല വിതരണ പദ്ധതിയുടെ ടാങ്ക് നിർമ്മിച്ചാൽ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയും.

പൊതുകിണറുകൾ	—	31
സ്വകാര്യ കിണറുകൾ	—	1480
കുഴൽകിണറുകൾ	—	3
മൊത്തം കിണറുകൾ	—	1524

കുടിവെള്ളക്ഷാമ ബാധിത പ്രദേശം, പരിഹാരമാർഗ്ഗങ്ങൾ

1-ാം വാർഡ്- ചണ്ണക്കുന്ന്, കല്ലുവെട്ടിക്കുന്ന്, പാലക്കുന്ന്, താഴെ ചെമ്മംതിട്ട എന്നിവിടങ്ങളിൽ 3 കുഴൽകിണർ നിർമ്മിച്ചാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

2-ാം വാർഡ്- നെല്ലിക്കുത്ത്, പൂവുണ്ടക്കുന്ന്, കൽക്കുളം പെരുപ്പാറ, കാരപ്പുറം, ചക്കരക്കാടൻകുന്ന് എന്നിവടങ്ങളിൽ 4 കുഴൽകിണർ നിർമ്മിച്ചാൽ ഈ ഭാഗങ്ങളിൽ ജലക്ഷാമംപരിഹരിക്കാവുന്നതാണ്.

3-ാം വാർഡ്: ചക്കരക്കാടൻകുന്ന്, മരത്തിൽ നമ്പൂരിപ്പൊട്ടി ചെട്ടിയാരങ്ങാടി എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിച്ചാൽ ഈ പ്രദേശങ്ങളിൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

4-ാം വാർഡ്: കുന്നിൻ ചരിവുകളും മലംപ്രദേശങ്ങളും കൂടുതലുള്ള പ്രദേശങ്ങളാണിവിടെ. പക്ഷെ, ഒരു ഭാഗം പുന്നപ്പുഴയാണ്, മരത്തിൻകടവ്, മൂച്ചിപ്പുര, ചെമ്മംതിട്ട ചാമപ്പറമ്പ്, കാരോട് എന്നീ ഉയർന്ന പ്രദേശങ്ങളിൽ കുഴൽകിണറുകളും നിർമ്മിക്കുകയും കാറാടിയിൽ മിനി വാട്ടർ സപ്ലൈ സ്കീമും നടപ്പിലാക്കിയാൽ ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം

5-ാം വാർഡ്; വരക്കോട്, മൂത്തേടം, തടപ്പറമ്പ്, പൂളപ്പൊയ്ക, ചാമപറമ്പ്, എന്നീ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കണം.

6-ാം വാർഡ്: പനമ്പറക്കുന്ന്, നെല്ലിപ്പൊയിൽ, എണ്ണക്കരകള്ളി, പായിമ്പാടം, വല്ലടിമുണ്ട എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം. പനമ്പറക്കുന്നിൽ ഒരു ടാങ്ക് കെട്ടി അതിനോടനുബന്ധിച്ച് താഴ്ന്ന ഭാഗത്ത് ഒരു കിണർ നിർമ്മിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുക.

7-ാം വാർഡ്: കാട്ടിക്കല്ലിൽ നിലവിലുള്ള കുഴൽകിണറിൽ നിന്ന് വെള്ളം ടാങ്കിൽ സംഭരിച്ച് 50 വീടുകൾക്ക് വിതരണം ചെയ്യാം. പൂച്ചക്കുന്നിൽ ടാങ്ക് കെട്ടി 40 വീടുകളിൽ ശുദ്ധജലമെത്തിക്കാം.

8-ാം വാർഡ്: പാലാങ്കര, മുണ്ടക്കൈ, വടക്കേക്കൈ, വട്ടപ്പാടം എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം. അമ്പലക്കുന്നിൽ ടാങ്ക് കെട്ടി കരിമ്പുഴയിൽ കിണർ നിർമ്മിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

9-ാം വാർഡ്: നാരങ്ങാമൂല, ചോളമുണ്ട, വട്ടപ്പാടം, ചീരപ്പാടം, പനമ്പറ, താന്നിപ്പൊട്ടി, വെള്ളാരമുണ്ട എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിച്ചാൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.

10-ാം വാർഡ്: കൽക്കുളം, ചീനിക്കുന്ന്, ഇറയൻതാങ്ങി, ബാലംകുളം, കാരപ്പുറം എന്നീ

പ്രദേശങ്ങളിലാണ് ഏറ്റവും ജലക്ഷാമം അനുഭവപ്പെടുന്നത്. കരിമ്പുഴയിൽ നിന്ന് ശുദ്ധജല പദ്ധതികൾ നടപ്പാക്കിയും, കുഴിപ്പംകുളം വൃത്തിയാക്കി ഭിത്തികെട്ടി മിനി വാട്ടർ സ്കീം നടപ്പിലാക്കിയാൽ ഈ വാർഡിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. എറയൻതാങ്ങിക്കുന്നിൽ ലഭ്യമായ നീരുറവ സംരക്ഷിച്ച് ടാങ്ക് കെട്ടി മിനി വാട്ടർ സ്കീം നടപ്പാക്കുക.

പുന്നപ്പുഴയിൽ നിന്ന് നെല്ലിക്കുത്ത് കേന്ദ്രീകരിച്ച് ശുദ്ധജല പദ്ധതി നടപ്പിലാക്കിയാൽ 1,2,3,10 വാർഡുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

പഞ്ചായത്ത് തല പദ്ധതി

4-ാം വാർഡിൽ മരത്തിൻകടവ് എന്ന സ്ഥലത്ത് കുപ്പക്കോട്ട എന്നൊരു മലയുണ്ട്. ഏകദേശം പുഴയിലെ ജലനിരപ്പിൽ നിന്നും 1500 അടി ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഈ മലയുടെ വടക്കുഭാഗം പുന്നപ്പുഴയാണ്. ഇന്നുവരേയും വറ്റിവരളാത്ത ഈ പുഴയിൽ ശുദ്ധജലം എന്നും സുലഭമാണ്. കൂടാതെ വടക്കുഭാഗം പുഴയുടെ ഏറ്റവും കൂടുതൽ ആഴമുള്ള ഭാഗം കൂടിയാണ്. ഈ ഭാഗത്ത് വൈദ്യുതി ലഭ്യമാണ്. മൂച്ചിപ്പുര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസ് ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കോട്ട മലയുടെ മുകളിൽ ഒരു ജല സംഭരണി നിർമ്മിക്കുകയാണെങ്കിൽ ഈ മൂത്തേടം പഞ്ചായത്തിന്റെ 90% പ്രദേശങ്ങളിലേക്കും ശുദ്ധജലം എത്തിക്കാൻ കഴിയും. ഈ പഞ്ചായത്തിൽ ശുദ്ധജല വിതരണ പദ്ധതിക്ക് ഇത്രമാത്രം അനുയോജ്യമായ ഒരു സൗകര്യം വേറെയില്ല. KWA യുടെ സഹായത്തോടുകൂടി ഈ പദ്ധതി പൂർത്തീകരിക്കേണ്ടത് ആവശ്യമാണ്.

പ്രകൃതി നിയമങ്ങളെ
ബോധപൂർവ്വമോ അജ്ഞത കൊണ്ടോ
ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്.

—ഗാന്ധിജി

അനുഭവമാണ് ജ്ഞാനത്തിന്റെ
ഏക ഉത്ഭവ സ്ഥാനം.

—സ്വാമി വിവേകാനന്ദൻ

കുടിവെള്ളം പട്ടിക

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
1	കല്ലുവെട്ടിക്കുന്ന്, ചണ്ണക്കുന്ന്, പാലക്കുന്ന്, താഴെ ചെമ്മംതിട്ട ഹരിജൻ കോളനി	കല്ലുവെട്ടിക്കുന്ന്, ചണ്ണക്കുന്ന്, പാലക്കുന്ന്, ചെമ്മംതിട്ട എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക.
2	നെല്ലിക്കത്ത്, പൂവുണ്ടക്കുന്ന്, കൽക്കളം, പെരുപ്പാറ, കാരപ്പുറം, ഞാറപ്പാടം, പെരുംകൊല്ലമ്പാറ	ഈ പ്രദേശങ്ങളിൽ കുഴൽകിണർ. പൊതു കിണർ എന്നിവ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക.
3	ചക്കരക്കാടൻകുന്ന്, മരത്തിൻകടവ്, നമ്പൂരിപ്പൊട്ടി, ചെട്ടിയാരങ്ങാടി	ഈ പ്രദേശങ്ങളിൽ കുഴൽകിണർ, പൊതുകിണർ എന്നിവ സ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാം. മരത്തിൻകടവിൽ വാട്ടർ സപ്ലൈ സ്കീം ഏർപ്പെടുത്തിയാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം.
4	മരത്തിൻകടവ്, മൂച്ചിപ്പുര, ചെമ്മംതിട്ട, ചാമപറമ്പ്, കാരോട്	ഈ പ്രദേശങ്ങളിൽ 5 കുഴൽകിണർ സ്ഥാപിച്ചാൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.
5	വരക്കോട്, മൂത്തേടം, തടപ്പറമ്പ്, പൂളപ്പൊയ്ക, ചാമപറമ്പ്	ഈ പ്രദേശങ്ങളിൽ കുഴൽകിണർ, പൊതുകിണർ എന്നിവ സ്ഥാപിച്ചാൽ ജലക്ഷാമം പരിഹരിക്കാം
6	പനമ്പറക്കുന്ന്, നെല്ലിപ്പൊയിൽ, എണ്ണക്കരക്കള്ളി, പായിമ്പാടം, പുതുവായ്, വല്ലടിമുണ്ട	പനമ്പറക്കുന്നിൽ മിനി വാട്ടർ സപ്ലൈ സ്കീം, തടപറമ്പ്, എണ്ണക്കരക്കള്ളി, വല്ലടിമുണ്ട, എന്നിവിടങ്ങളിൽ കുഴൽകിണർ
7	കാട്ടിക്കല്ല്, പൂച്ചക്കുന്ന്, വല്ലടിമുണ്ട, ചോലയിൽ	കാട്ടിക്കല്ലിൽ നിലവിലുള്ള കുഴൽകിണറിൽ നിന്നും വെള്ളം ടാങ്കിൽ സംഭരിച്ച് 50 വീടുകൾക്ക് വിതരണം ചെയ്യുക. പൂച്ചക്കുന്നിൽ ടാങ്ക് കെട്ടി 40 വീടുകൾക്ക് സപ്ലൈ ചെയ്യുക
8	പാലാങ്കര, മുണ്ടക്കൈ, വടക്കേക്കൈ, വട്ടപ്പാടം	ഈ പ്രദേശങ്ങളിൽ കുഴൽകിണർ, പൊതുകിണർ എന്നിവ സ്ഥാപിക്കുക.
9	നാരങ്ങാമൂല, ചോളമുണ്ട, മില്ലുംപടി, വട്ടപ്പാടം, ചീരപ്പാടം, പനമ്പറ, താന്നിപ്പൊട്ടി, വെള്ളാരമുണ്ട	ഈ പ്രദേശങ്ങളിൽ കുഴൽകിണർ, പൊതുകിണർ എന്നിവ സ്ഥാപിക്കുക.
10	കൽക്കളം, ചീനിക്കുന്ന്, ഇറയൻതാങ്ങി, ബാലംകുളം, കാരപ്പുറം	കരിമ്പുഴയിൽ നിന്ന് വെള്ളം സംഭരിച്ച് ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യാനാവശ്യമായ ശുദ്ധജല പദ്ധതി നടപ്പാക്കുക. സർക്കാർ ഉടമസ്ഥതയിലുള്ള കുഴിപ്പുംകുളം വൃത്തിയാക്കി ഭിത്തികെട്ടി മിനി വാട്ടർ സ്കീം നടപ്പാക്കുക.

ഡോ 65

ഊർജ്ജം

വൈദ്യുതികരിച്ച വീടുകൾ ഗ്രാമീണ ജനതയുടെ എക്കാലത്തെയും സ്വപ്നമാണ്. ഇന്നത്തെ മൂത്തേടം പഞ്ചായത്തിൽപ്പെട്ടുന്ന നെല്ലിക്കുത്തിൽ 1970ൽ ആണ് വൈദ്യുതി ബന്ധം ബുകൾ ആദ്യമായി പ്രകാശിച്ചത്. യാത്രാ സൗകര്യങ്ങൾ നാമമാത്രമായിരുന്ന അന്ന് ആ ലൈനിന്റെ പണിക്കാവശ്യമായ സാധനങ്ങൾ കൊണ്ടുവന്നതും പണികൾ നടത്തിയതും ശ്രമദാനമായിട്ടായിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് പരേതനായ ശ്രീ. കൽക്കുളം രാജനായിരുന്നു.

തുടർന്നിങ്ങോട്ടുള്ള കാലമത്രയും മൂത്തേടം പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ളവർ വൈദ്യുതിക്കുവേണ്ടി നീണ്ട കാത്തിരുപ്പാണ് നടത്തുന്നത്. ദ്വിതീയ വിവര ശേഖരണത്തിൽ നിന്നും കിട്ടിയ വിവരമനുസരിച്ച് കണക്ഷനുകളുടെ ഒരു സ്ഥിതി വിവരം താഴെ കൊടുക്കുന്നു.

നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	800
വ്യാപാരം	30
വ്യവസായികം	9
കാർഷികം	95

ഹരിജൻ കോളനികൾ
വൈദ്യുതീകരിച്ചവ — 3 ചാമപറമ്പ് കോളനി, കൽക്കുളം കോളനി, കോരൻകുന്ന് ഹരിജൻ കോളനി

പഞ്ചായത്തിലെ വൈദ്യുതീകരണം: വീടുകൾ ഒറ്റനോട്ടത്തിൽ-

A വൈദ്യുതീകരിച്ച വീടുകൾ	22.8%
B ഭാഗികമായോ പൂർണ്ണമായോ പണി നടന്ന പദ്ധതികളിൽ പെട്ടുന്ന വീടുകൾ	28%
C പേപ്പർ വർക്കുകൾ മാത്രം നടന്നവയിൽപ്പെട്ടുന്ന വീടുകൾ	15.6%
D യാതൊരു ശ്രമവും നടത്താത്ത വീടുകൾ	33.6%

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം Ordinary 37, OTP 18, OYEC 15 (വിവിധ സ്പെഷൽ ഓർഡർ വർക്കുകളിൽപ്പെട്ടുന്ന അപേക്ഷകർ ഈ കണക്കിൽ പെട്ടുന്നില്ല.)

പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിനു ഉപയോഗിക്കുന്ന LT ട്രാൻസ്ഫോർമറുകൾ-

1	കാറാടി	100 KVA
2	മരംവെട്ടിച്ചാൽ	100
3	താളിപ്പാടം	100
4	പെരുംകൊല്ലംപാറ	100
5	നെല്ലിക്കുത്ത്	63 KVA
6	കൽക്കുളം	63
7	വരക്കോട്	100
8	താളവൻകൊല്ലി	
9	മരത്തിൻകടവ്	
10	പൂളക്കപ്പാറ	

പഞ്ചായത്തിന്റെ വളരെ കുറച്ചുഭാഗത്ത് മാത്രമേ വൈദ്യുതിയെത്തിയിട്ടുള്ളൂ, പ്രാദേശികമായി ജനങ്ങൾ സംഘടിച്ചുനടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് നിലവിലുള്ള പല മിനിമം ഗാരൻറി പദ്ധതികളും നേടിയത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 സ്കൂമുകൾ വിവിധ ഘട്ടങ്ങളിലാണ്. ഇവയിലെല്ലാംകൂടി 1529 കുടുംബങ്ങൾ വൈദ്യുതി പ്രതീക്ഷിച്ചിരിക്കുന്നു. ഇവയിൽ പലതും 25% മുതൽ 95% വരെ പണി നടന്നുകഴിഞ്ഞവയാണ്. വൈദ്യുതിബോർഡ് അധികൃതരുടെ അനാസ്ഥയാണ് മിക്കയിടത്തും കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്നത്. (ഇവയുടെ വിവരം പട്ടിക 3-ൽ) ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവരുന്ന ഒരു പ്രധാന പ്രശ്നം വൈദ്യുതിയായിരുന്നു. വൈദ്യുതി ബോർഡിലെ അഴിമതിയും കൈക്കൂലി പ്രവണതയും ജനങ്ങൾക്കുനേരെ കടുത്ത വെല്ലുവിളി ഉയർത്തുന്നുവെന്നതാണ് ഗ്രാമസഭാ ചർച്ചകളിൽ നിന്ന് മനസ്സിലാവുന്നത്.

നിലമ്പൂരിലുള്ള 66 KV സബ്സ്റ്റേഷനിൽ നിന്നാണ് മൂത്തേടത്ത് വൈദ്യുതി വിതരണം

എടക്കര കേന്ദ്രമാക്കി ഒരു പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള ചില പരിപാടികളും നടന്നിരുന്നുവെങ്കിലും ഇന്നും അത് പ്രായോഗികമായിട്ടില്ല. നിർദ്ദിഷ്ട സബ്സ്റ്റേഷൻ സ്ഥാപിച്ചാൽ നിലമ്പൂർ താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം കുറേക്കൂടി കാര്യക്ഷമമായി നടത്താൻ കഴിയും. ഇപ്പോഴത്തെ സ്ഥിതിയിൽ വൈദ്യുതി മേഖലയിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം എത്രമാത്രമുണ്ടാവും എന്നു പറയാൻ പറ്റാത്ത സ്ഥിതിയായതിനാൽ മിക്ക പ്രശ്നങ്ങളും സംസ്ഥാന സർക്കാർ തലത്തിൽ പരിഹരിക്കപ്പെടേണ്ടവയാണ്.

പാചകാവശ്യങ്ങൾക്ക് എല്ലാ വീടുകളിലും വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഗ്യാസ് ഏജൻസികളുടെ വിതരണ പരിധിയിൽ വരാത്തതിനാൽ അംഗീകൃത ഗ്യാസ് കണക്ഷനുകൾ ഇല്ല എന്നു തന്നെ പറയാം. വളരെ കുറച്ചു വീടുകളിൽ മണ്ണെണ്ണയും പാചകാവശ്യത്തിന് ഉപയോഗിക്കുന്നു. കാർഷികമേഖലയായതിനാലും കാടിന്റെ സാമീപ്യത്താലും വിറക് സുലഭമായിരുന്നു. എന്നാൽ പുതിയ നാണ്യവിളത്തോട്ടങ്ങൾ വന്നതോടെ വിറകിന് ക്ഷാമം അനുഭവപ്പെട്ടുതുടങ്ങി, വിറകിന്റെ വില വർദ്ധനമൂലം പല സ്ത്രീകളിലും ഉച്ച ഭക്ഷണപരിപാടി ഏറെറടുത്തുനടത്തുന്നതിൽ താല്പര്യം കുറയുന്നു. സുമാർ 10 വർഷം മുൻപ് പലസന്നദ്ധ സംഘടനകളുടെ / ശാസ്ത്രസാഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ ദക്ഷ്യതയുള്ള പുകശല്യമില്ലാത്ത അടുപ്പുകൾ അൻപതോളം വീടുകളിൽ സ്ഥാപിച്ചിരുന്നു. അവയിൽ ചിലത് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട് ചെറിയ കുടുംബങ്ങൾക്ക് ഈ വിറകടുപ്പുകൾ അനുയോജ്യങ്ങളാണ് ഊർജ്ജമേഖലയിലെ പ്രശ്നങ്ങൾ ഇങ്ങനെ സംക്ഷിപ്തപ്പെടുത്താം

പ്രശ്നങ്ങൾ:

1 പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2 കിട്ടിയ പ്രദേശങ്ങളിൽ പലേടത്തും വോൾട്ടേജ് പ്രശ്നം രൂക്ഷമാണ്.

3 സ്റ്റേറ്റ് ലൈറ്റുകൾ കൽക്കുളം കോളനിയുടെ ഭാഗത്ത് മാത്രമേ ഉള്ളൂ.

4 വൈദ്യുതി കിട്ടാത്തതിനാൽ കൃഷി സാധ്യതകൾ ഉപയോഗിക്കാനാവാതെ പോകുന്നു. (പ്രത്യേകിച്ചും നാളികേരം, പച്ചക്കറി മേഖലകളിൽ)

5 റേഷൻ കടകളിൽ നിന്ന് പലപ്പോഴും അർഹതപ്പെട്ട മണ്ണെണ്ണ കൃത്യമായി ലഭിക്കുന്നില്ല.

6 വിറകിന്റെ വിലവർദ്ധനവ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

7 വിറകിന്റെ വിലവർദ്ധനവ് മൂലം സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി സുഗമമായി നടക്കുന്നില്ല.

8 അശാസ്ത്രീയമായ വിറകടുപ്പുകൾ ഊർജ്ജനഷ്ടം വരുത്തുന്നതോടൊപ്പം, പുകയും, പൊടിയും മൂലം സ്ത്രീകൾക്ക് ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു.

9 വൈദ്യുതോപകരണങ്ങളുടെ അഭാവത്തിൽ പാചകാവശ്യത്തിന് കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് വായനക്കോ, കുട്ടികളുടെ പഠന കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനോ സമയം കുറയുന്നു.

10 മരത്തിൻകടവ് കോളനി CD അടച്ച് 6 വർഷമായെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല.

11 പഞ്ചായത്തിലെ 34 കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.

വൈദ്യുതീകരിക്കേണ്ട പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ–

ക്രമനമ്പർ	വാർഡ്	കോളനികൾ
1	1	മരംവെട്ടിച്ചാൽ
2	,,	മില്ലുംപടി ചണ്ണക്കുന്ന്
3	2	പച്ചിളിപ്പാടം
4	,,	നെല്ലിക്കുത്ത്
5	3	മരത്തുംകടവ്
6	,,	ചക്കരക്കാടൻകുന്ന്
7	4	മൂച്ചിപ്പുര
8	,,	കാരോട്
9	5	മരുതങ്ങാട്
10	,,	വരക്കോട്
11	6	പുതുവായ് പട്ടികജാതി
12	,,	പുതുവായ് പട്ടികവർഗ്ഗം
13	7	കുറിക്കാട്

വൈദ്യുതീകരിക്കേണ്ട പട്ടികജാതി/പട്ടിക വർഗ്ഗ കോളനികൾ (തുടർച്ച)

ക്രമനമ്പർ	വാർഡ്	കോളനികൾ
14	8	പാലാങ്കര
15	,,	ചീരപ്പാടം
16	9	പനമ്പറ
17	,,	വട്ടപ്പാടം
18	10	ഉച്ചക്കുളം
19	,,	ബാലങ്കുളം
20	,,	എറയൻതാങ്ങി
21	11	ചെമ്മംതിട്ട (മേലെ)

സാധ്യതകൾ/പരിഹാരങ്ങൾ

1 പണി ആരംഭിച്ച വൈദ്യുത ലൈനുകൾ പണി പുരോഗമിച്ച മുറക്ക് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് KSEB ക്ക് നിർദ്ദേശം നൽകുക. മുൻസർക്കാർ OTP ഓർഡർ വഴി മുൻഗണന കൊടുത്ത ജോലികൾക്ക് നിലവിലുള്ള സർക്കാരും മുൻഗണന കൊടുത്ത് പദ്ധതി നടപ്പിൽ വരുത്തണം. ഇതുവഴി 750 കുടുംബങ്ങൾക്ക് നേരിട്ടും 1000 കുടുംബങ്ങൾക്ക് പരോക്ഷമായും പ്രയോജനപ്പെടും.

2 വൈദ്യുതി ഉപയോഗം കുറവുള്ളതും ബൾബുകൾ ഉപയോഗിക്കുന്നതിൽ ഉപഭോക്താക്കൾ ശ്രദ്ധിക്കുക.

3 വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന സാധ്യത സർക്കാർ പരിശോധിക്കുക.

4 'അനർട്ട്' പഞ്ചായത്തുകളെ ഉത്തേടുക്കുന്ന പദ്ധതിയിൽ മുൻതൂക്കം ഉൾപ്പെടുത്താനാവുമോ എന്നും പരിഗണിക്കുക.

5 സാധാരണ അടുപ്പുകളെക്കാൾ ഉക്ഷ്യത കൂടുതലുള്ള പുകശല്യമില്ലാത്ത വിറകടുപ്പുകൾ പ്രചരിപ്പിക്കുക.

6 സ്കൂളുകളിൽ വലിയ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.

7 വഴിവക്കുകളിൽ ഫലവൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് വിറകുല്പാദനം വർദ്ധിപ്പിക്കുക

8 പ്രത്യേക പദ്ധതികൾ ഉണ്ടായിട്ടും ഹരിജൻ കോളനികൾ വൈദ്യുതീകരണം നടക്കുന്നില്ല ഇവക്ക് അടിയന്തര പദ്ധതികൾ തയ്യാറാക്കണം

9 മീൻമുട്ടി ഭാഗത്ത് ഗവ. ഫോറസ്റ്റിനകത്ത് ഒരു മിനി ഹൈഡ്രോളിക് ടർബൈൻ പദ്ധതി ആരംഭിച്ചാൽ മൂന്നോടം കരുളായി പഞ്ചായത്തുകളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ കഴിയും.

10 പഞ്ചായത്തിൽ M G എൻഗിമെന്റ് വച്ച് മുഴുവൻ പദ്ധതികളും കമ്മീഷൻ ചെയ്യണം

മാർക്കറ്റ്

കർഷകരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം കൂടാതെ ആവശ്യക്കാർക്ക് നേരിട്ട് വാങ്ങുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനമാണ് ആഴ്ചചന്തകൾ, മിക്ക വാർഡുകളിലെയും ഗ്രാമ സഭകളിൽ നിന്ന് പഞ്ചായത്തിൽ ആഴ്ച ചന്ത സ്ഥാപിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ഏറ്റവും അടുത്തുള്ള ആഴ്ച ചന്ത എടക്കരയിലാണ് ഇവിടെ എത്താൻ 12 കി. മി വരെ സഞ്ചരിക്കണം.

അതിനാൽ കർഷകർ മിക്കപ്പോഴും ഇടനിലക്കാരുടെ സഹായത്തോടെ ഉല്പന്നങ്ങൾ വിൽക്കുന്നു. ഇതു മൂലം കർഷകന് നഷ്ടം ഉണ്ടാകുന്നു.

സഹകരണസ്ഥാപനങ്ങൾ വഴി കൊപ്രകുരുവണ്ടി തുടങ്ങിയവ സംഭരിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിർജ്ജീവമായിരിക്കുന്നതുപോലെ ആഘോഷവേളകളിൽ സപ്ലൈകോ വഴി നൽകുന്ന പല വ്യഞ്ജനങ്ങൾ സഹകരണ സ്ഥാപനങ്ങൾ വിതരണം ചെയ്യാൻ കൂടുതൽ ശ്രദ്ധക്കാണിക്കേണ്ടതാണ്.

സാധ്യതകൾ

1 നാളികേരം, റബ്ബർ തുടങ്ങിയ എല്ലാ സീസണിലും ലഭ്യമാകുന്ന ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് സഹകരണ മേഖലയിൽ സ്ഥിരം സംവിധാനങ്ങൾ പരിഗണിക്കാം

2 പഞ്ചായത്തിൽ ഒരു കാലി ചന്തയും ഒരു ആഴ്ച ചന്തയും സ്ഥാപിക്കാനുള്ള സാധ്യത ഉണ്ട്.

3 ഇവിടെ സ്റ്റാളുകൾ തയ്യാറാക്കി ലേലത്തിൽ നൽകുന്നത് പഞ്ചായത്തിന് ഒരു ആദായ മാർഗ്ഗമായും മാറും.

4 പ്രധാന ഉല്പന്നമായ നേന്ത്രക്കായ ഉപയോഗിച്ച് ഉപ്പേരി നിർമ്മാണം പോലുള്ള സംരംഭങ്ങൾക്ക് സാധ്യത കാണുന്നു

പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങൾ പൂർണ്ണമായി ഉപയോഗിച്ച് ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുള്ള വിവിധ പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു ഇപ്രകാരം പഞ്ചായത്തിൽ ലഭ്യമായ വിഭങ്ങളെ കോർത്തിണക്കി ഓരോന്നിന്റെയും അധിക ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്തുകൊണ്ട് നമ്മുടെ ഗ്രാമത്തെ സ്വാശ്രയ ഗ്രാമമാക്കി മാറ്റാൻ യത്നിക്കാം.

നിർമ്മാണത്തിലിരിക്കുന്നതോ പ്രതീക്ഷിക്കുന്നതോ ആയ വൈദ്യുത ലൈനുകൾ

നമ്പർ	പേര്	അപേക്ഷകരുടെ എണ്ണം	ഇപ്പോഴത്തെ സ്ഥിതി	പ്രശ്നം
1	മൂത്തേടം, കറുക്കാട്	191	95% പണി കഴിഞ്ഞു	ടെലഫോൺലൈൻ ക്രോസിംഗ് മെറ്റീരിയൽസ് കിട്ടാത്തത്/ അനാസ്ഥ
2	കാരപ്പുറം	202	75% പണി കഴിഞ്ഞു	
3	ബാലംകുളം, കൽക്കുളം	272	40% പണി കഴിഞ്ഞു	
4	വെള്ളാരമുണ്ട, പനമ്പറ്റ	116	11KV ലൈൻ നാട്ടി	മെറ്റീരിയൽസ് കിട്ടാത്തത്/
5	നാരങ്ങാമൂല	80	ലൈൻ മുഴുവനായി 1986-ൽ MGവച്ചു	പമ്പ് ഹൗസിലേക്കുള്ള 11 KV ലൈൻ സ്റ്റേ. പമ്പ് ഹൗസിൽ നിന്നാണ് ഈ ലൈനിനുള്ള 11 KV യുടെ ലൈൻ ചാർജ് ചെയ്യേണ്ടത്.
6	പായിമ്പാടം	120	11KV പോസ്റ്റ് ഇട്ടു	
7	പാലാങ്കര	106	MG വച്ചു	
8	വട്ടപ്പാടം, കാട്ടിക്കല്ല്	184	—	Tender, work order ആയി വക്ക് തുടങ്ങുന്നതിനുമുമ്പ് OTP ക്യാൻസലായി
9	നെല്ലിക്കുത്ത് പച്ചിലിപ്പാടം കൽക്കുളം	142	MG വച്ചു	—
10	താളിപ്പാടം, ചക്കരക്കാടൻകുന്ന്	112	Tender ആയി	—

പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടത്

1) ചേലക്കടവ് താഴെ — 1
2) മൂത്തേടം — 1
3) മേലെ ചെമ്മംതിട്ട — 1
4) പാലാങ്കര — 3
5) മരുത്തിൻകടവ് — 1
6) പായിമ്പാടം കുന്ന് — 1
7) തവളമുണ്ട — 1

(69

സിംഗിൾ ഫേസ് ത്രീഫേസ് ആക്കി മാറ്റാൻ

1	അമ്പലക്കടവ്—ചേലക്കടവ്	1km
2	കാറാടി ലൈൻ മരുതങ്ങാട് — മൂത്തേടം വരെ	1km
3	മേലെ ചെമ്മംതിട്ട—കാരപ്പുറം	1km
4	പാലാങ്കര—അങ്ങാടി വരെ	500mtr
5	ഒഴലക്കൽ—പാലാങ്കര	1km
6	തടപ്പറമ്പ്— മദ്രസ്സപ്പടി	500mtr

നിർമ്മിക്കേണ്ട വൈദ്യുത പദ്ധതി

1	ഫോറസ്റ്റിലെ മീൻമുട്ടി ഹൈഡ്രോളലക്ട്രിക്കൽ പദ്ധതി	KSEB

പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങളും ദൂരം

1	കല്ലുവെട്ടിക്കുന്ന്	1km
2	മൂച്ചിപ്പുരത ഗിരിജൻ കോളനി	600m
3	പാലക്കുന്ന്	1km
4	പാലാങ്കര—കോളനി റോഡ്	1km
5	മരത്തിൻകടവ്, ചേട്ടിയാരങ്ങാടി നമ്പൂരിപ്പൊട്ടി	2km
6	ഇറയൻതാങ്ങി കോളനി	500m
7	ഉച്ചകുളം കോളനി	4km
8	പാലാങ്കര, കാട്ടിക്കല്ല്	2km
9	കാക്കപ്പാടംകുന്ന്	1km

നിലവിലുള്ള തെരുവു വിളക്കുകൾ

1	കൽക്കുളം കോളനി റോഡിൽ	

സ്ട്രീറ്റ് ലൈറ്റ് പട്ടിക

വാർഡ്	വേപ്പർ ലാംമ്പ്	ഫ്ളൂറിയം ബൾബ്	ആകെ
1	5	20	25
2	4	25	29
3	11	45	56
4	6	18	24
5	6	25	31
6	6	25	31
7	7	40	47
8	4	25	29
9	7	25	32
10	5	25	30
ആകെ	61	273	334



മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി

—ശ്രീനാരായണ ഗുരു

ആരോഗ്യമുള്ള ജനതയാണ് രാജ്യത്തിന്റെ സമ്പത്ത് രണ്ടായിരാമാണ്ട് ആകുമ്പോഴേക്കും എല്ലാവർക്കും ആരോഗ്യം എന്നമുദ്രാവാക്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും നമ്മുടെ രാജ്യത്ത്വരിതഗതിയിൽ നടത്തിവരുന്നു.

പാശ്ചാത്യ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരള സംസ്ഥാനത്തെ ശിശുമരണ നിരക്ക് 13/1000 എന്ന തോതിലാണ് ''ആരോഗ്യ പരിപാലനം'' ഈ രാജ്യങ്ങളുമായി കിടപിടിക്കുന്ന രീതിയിലാണ്.

ഏകദേശം 150 വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ആദിവാസി മേഖലയിൽ നിന്നുള്ളപ്രാകൃതചികിത്സാരീതികളും അന്ധവിശ്വാസങ്ങളിലധിഷ്ഠിതമായചിലചികിത്സാ രീതികളും ഇവിടെനിലനിന്നിരുന്നു. ആയുർവ്വേദഔഷധങ്ങൾ സുലഭമായി ലഭിക്കുന്നതു കൊണ്ട് ആയുർവ്വേദചികിത്സാരീതികളും നടന്നുവരുന്ന ആതുരശുശ്രൂഷാരംഗത്ത് ചെറുമുണ്ട ഡോക്ടർ എന്നവരുടെയും കറുപ്പനാട്ടുവൈദ്യന്മാരും മാത്രമായിരുന്നു. മുത്തേടം പ്രദേശത്ത് സേവനം നടത്തിയിരുന്നത്.

1 അലോപ്പതിചികിത്സ

പഞ്ചായത്തിലെ ജനങ്ങൾ പൊതുവെ ആരോഗ്യവാൻമാരാണെങ്കിലും ആദിവാസി ഹരിജൻ മേഖലകളിൽ അനാരോഗ്യവും ചില രോഗങ്ങളും നിലവിലുണ്ട്. ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും അതിനോടനുബന്ധിച്ചുള്ള4 സബ്സെന്ററുകളും മാത്രമാണ് ആലോപ്പതി രംഗത്ത് നിലവിലുള്ളത്. 12 ജീവനക്കാരും ഒരു സ്ഥിരംഡോക്ടറും അടങ്ങുന്നവരുടെ സേവനം ലഭ്യമാണ്. 1981 ൽ സ്ഥാപിതമായഈ ആശുപത്രി ഇന്നും വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. സ്വന്തമായി കെട്ടിടനിർമാണത്തിന് ഒരേക്കർ സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലുംസർക്കാർതലത്തിനിന്നും യാതൊരുഫണ്ടും അനുവദിക്കാത്തകൊണ്ടും പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി മോശമായതുകൊണ്ടും കെട്ടിടനിർമ്മാണം നടത്തിയിട്ടില്ല ഇക്കാരണങ്ങൾകൊണ്ടുതന്നെ ഒരു രോഗിയെ കിടത്തി ശുശ്രൂഷിക്കാനൊ, പ്രാഥമികചികിത്സയൊ നൽകാൻകഴിയുന്നില്ല. ജീവനക്കാർക്ക് സൗകര്യമായി ഇരിപ്പിടംപോലും ലഭ്യമല്ല. ധാരാളം ആദിവാസികളും ഹരിജനങ്ങളും മറ്റു ദരിദ്രവിഭാഗങ്ങളും തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് ആരോഗ്യപരിപാലനം കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യം തള്ളിക്കളയാവുന്നതല്ല.

പ്രാഥമികാരോഗ്യ കേന്ദ്രം, കാരപ്പുറം ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	ജീവനക്കാരുടെ എണ്ണം
1	PHC, കാരപ്പുറം	X	12
2	കൽക്കുളം IPP	X	
3	ചെമ്മന്തിട്ട FWC	IV	
4	കറുക്കാട് IPP	VI	

JCL 71

പ്രശ്നങ്ങൾ

1. ആദിവാസി - ഹരിജങ്ങളുടെ ഉന്നമനത്തിനായിമാത്രം അനുവദിച്ച പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥലം ലഭ്യമായിട്ടും, കെട്ടിടനിർമ്മാണം നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ല.

2. നിലവിലുള്ള സബ്സെൻറുകളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

3. ശുദ്ധജല വിതരണം, പരിസരമലിനീകരണത്തിനാവശ്യമായ നടപടികളും ഇവ ലഭ്യമല്ല.

4. ആദിവാസി – ഹരിജൻ മേഖലകളിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളും സുലഭമല്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള പ്രാഥമികആരോഗ്യ കേന്ദ്രത്തിന് ആരോഗ്യവകുപ്പിനുള്ള SCP, TSP ഫണ്ടുകളിൽനിന്ന് കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുക

2. സബ്സെൻറുകളിൽ ആഴ്ചയിൽ 2 ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

3. ആദിവാസി – ഹരിജൻ മേഖലകളിൽ സ്ഥിരമായി പരിശോധനയും ചികിത്സയും ലഭ്യമാക്കുകയും ബോധവത്കരണ ക്ലാസ്സുകളും നടത്തുകയും സൗജന്യ മരുന്നുവിതരണവും നടത്തുക. ബോധവത്കരണത്തിനായി അവരുടെ ഇടയിൽ പരിശീലനം നൽകുക.

4. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 20 കിടക്കകളും അനുവദിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

5. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പ്രത്യേക ചികിൽസക്കായിഒരു ഗൈനക്കോളജിസ്റ്റ് ഡോക്ടറെ നിയമിക്കുക.

6. അറവുശാലകളുംവഴിയും മറ്റുമുള്ള പരിസരമലിനീകരണം തടയാൻ നടപടികളും സ്വീകരിക്കുക.

7. ശുദ്ധജലവിതരണം നടത്തുവാനുള്ള നടപടികളും സ്വീകരിക്കുക.

8. കൊതുക നശീകരണത്തിനുള്ള നടപടികളും സ്വീകരിക്കുക.

9. പഞ്ചായത്തുതലത്തിയിൽപൊതു ശുചിമുറികളും സ്ഥാപിക്കുക.

10. അശരണരും അഗതികളുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് വൃദ്ധസദനം സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുക,

11. വേനൽകാലങ്ങളിൽ പുഴകളിൽ ഓല കെട്ടിതിർക്കുന്നതിനെതിരേയും, റബ്ബർതോട്ടങ്ങളിൽ റോളർ ശരിയായരീതിയിൽ ഉപയോഗിക്കുന്നതിനും, ചിരട്ടകമഴ്ത്തിവെയ്ക്കുന്നതിനുള്ള ബോധവത്കരണം നടത്തുക

പട്ടിക 11

മുത്തേടം ഗ്രാമപഞ്ചായത്ത്

1	a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ :	19527
	b)	പുരുഷന്മാർ :	9558
	c)	സ്ത്രീകളം :	9969
2	a)	പട്ടികജാതി ജനസംഖ്യ :	1880
	b)	പട്ടിക വർഗ്ഗ ജനസംഖ്യ :	546
3		അംഗൻവാടികളുടെ എണ്ണം :	14
4	a)	ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളം :	524
	b)	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികളം :	390
	c)	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികളം :	228
	d)	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികളം :	802
5)	a)	വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം:	185
	b)	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം :	20
6)		മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) :	238
7)	a)	കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങളം :	132
	b)	ചാപിള്ള ജനനങ്ങളം :	
7	a)	ഒരു വയസ്സിനു താഴെ പ്രായത്തിൽ :	
	b)	ചാപിള്ള ജനനങ്ങളം :	
8	a)	ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) :	6
	b)	0-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം :	3
	c)	3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം :	—
9	a)	ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം :	2
	b)	മറുമരണങ്ങളുടെ എണ്ണം :	
10	a)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം :	633
	b)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം :	92
	c)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം :	127

പൊതുജനാരോഗ്യം

പട്ടിക 3

വാർഡ്	സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും	സ്വ; സ്ഥ:	കാണപ്പെട്ട പ്രധാനരോ:	പ്രവർത്തനത്തെക്കുറിച്ചുള്ളവിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും
1	പൊതുസ്ഥാപനങ്ങളുംഇല്ല	ഇല്ല	വയറിളക്കം ചിക്കൻപോക്സ്	—	തൊട്ടടുത്തുള്ള PHC യിൽ ഒരു സ്ഥിരം ഡോക്ടറിനെ നിയമിക്കുക. ജീവനക്കാർ ഗൃഹ സന്ദർശനം നടത്തുക.
2	ഇല്ല	ഇല്ല	പനി ചട്ടി അതിസാരം വയറിളക്കം ചിക്കൻപോക്സ്	ചെമ്മന്തിട്ട PHC യിലെ ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല	ഈ വാർഡിൽ ഒരു PHC അനുവദിക്കുക നെല്ലിക്കുത്ത് ഒരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കുക ഈവാർഡിൽഒരു PHC ഒരു റൂറൽ ഡിസ്പെൻസറിമുതലായവ സ്ഥാപിക്കുക.
3	—	—	മഞ്ഞപ്പിത്തം ചട്ടിഅതിസാരം പനി മുതലായവ	ചെമ്മന്തിട്ട ഹെൽത്ത് സെന്ററിൽസ്റ്റാഫില്ലാത്തതിനാൽ പ്രവർത്തനം തൃപ്തികരമല്ല.	ഒരുസ്ഥിരം ഡോക്ടറെ നിയമിക്കുക, ആരോഗ്യ ക്ലാസ്സുകളും നടത്തുക ഗൃഹ സന്ദർശനം നടത്തുക
4	ചെമ്മന്തിട്ട പൊതു ജന ആരോഗ്യകേന്ദ്രം	—	പനി, മഞ്ഞപ്പിത്തംവയറിളക്കംചിക്കൻ പോക്സ്	ചെമ്മന്തിട്ട PHC ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല	10 രോഗികളെ കിടത്തിചികിത്സിക്കാൻ തക്കരീതിയിൽ സൗകര്യംവർദ്ധിപ്പിക്കാനും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുംതുടങ്ങണം ആരോഗ്യക്ലാസ്സുകളും നടത്തണം
5	—	—	മഞ്ഞപിത്തം വയറിളക്കം ചിക്കൻപോക്സ്	തൃപ്തികരമല്ല.	
6	സർക്കാർ ആയുർവ്വേദ ആശുപത്രി	....	വയറിളക്കം പനി ചിക്കൻ പോക്സ്രോഗം	ജീവനക്കാരുടെ സേവനംതൃപ്തിയില്ല	10 രോഗികളെ കിടത്തിചികിത്സിക്കാൻ പറ്റുന്ന രീതിയിൽ സൗകര്യങ്ങൾവർദ്ധിപ്പിക്കണം. ആരോഗ്യക്ലാസ്സുകളും നടത്തണം

വാർഡ്	സ്ഥാപനങ്ങൾ പൊതുസ്ഥാപനങ്ങൾ	സ്വ; സ്ഥ:	കാണപ്പെട്ട പ്രധാനരോ:	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
7	ഒരു PHC	—	ചിക്കൻപോക്സ് കോളറ ചെങ്കണ്ണ് TB ചട്ടി	തൃപ്തികരമല്ല.	ഈ PHCയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കാനും കിടത്തിചികിത്സിക്കാനുള്ള സൗകര്യമുണ്ടാക്കുകയും ആവശ്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കണം.
8	—	—	പനിമുണ്ടിനീര് ചെങ്കണ്ണ് ആദിവാസി മേഖലയിലെ പ്രത്യേക രോഗം	—	ഒരു PHC അനുവദിക്കുക. സ്ഥിരം ഡോക്ടറെ നിയമിക്കുക.
9	—	—	ചിക്കൻപോക്സ് കോളറ ചെങ്കണ്ണ്	—	ഈ വാർഡിൽ ഒരു 10 രോഗികളെ കിടത്തി ചികിൽസിക്കാൻ പറ്റിയ ആരോഗ്യകേന്ദ്രം അനുവദിക്കുക ആരോഗ്യക്ലാസ്സുകളും നടത്തുക ആദിവാസിമേഖലകളും പ്രത്യേകം സംരക്ഷിക്കുക
10	1 PHC	കാരപ്പുറത്ത് സ്വകാര്യആയുർവ്വേദ ആശുപത്രി പരിസരം	ചട്ടി മഞ്ഞപിത്തം വയറിളക്കം ചെങ്കണ്ണ്	PHCയിലെ ജീവനക്കാരുടെസേവനം തൃപ്തികരമല്ല.	സ്ഥിരമായിഡോക്ടറെ നിയമിക്കാനും അത്യാവശ്യമരുന്നുകളും ലഭ്യമാക്കണം ആദിവാസിമേഖലകളിൽ പ്രത്യേകം സാനിറേഷൻ പദ്ധതി നടപ്പാക്കാനും ആരോഗ്യ ക്ലാസ്സുകളും നടത്തണം മാതൃശിശുസംരക്ഷണകേന്ദ്രം തുറക്കണം

നിങ്ങളും ദുർബലരാകരുത് നിങ്ങളുടെ ശക്തി നിങ്ങളിൽ തന്നെയുണ്ട്.

സ്വാമി വിവേകാനന്ദൻ

അത്യൽസാഹം കൊണ്ടല്ലാതെ മഹത്തായ ഒന്നും നേടുവാൻ സാധ്യമല്ല.

ഗോയ്ഥേ

ആയുർവ്വേദ ചികിത്സ

ആയുർവ്വേദ ചികിത്സാരംഗത്തു് മുന്തേടം ഗവ: ആയുർവ്വേദ ഡിസ്പെൻസറിയും ഏതാനും നാട്ടുവൈദ്യൻമാരും മാത്രമാണു് നിലവിലുള്ളതു്. ധാരാളം ആയുർവ്വേദ സസ്യങ്ങളും ലഭ്യമായതുകൊണ്ടു് ഇവ ഉപയോഗിച്ചു് മരുന്നുകളും നിർമ്മിക്കാനുള്ള സംരംഭം ആരംഭിക്കാവുന്നതാണു്. ഇതിനായി മൃതസഞ്ജീവനി ആയുർവ്വേദ ഔഷധനിർമ്മാണ സൊസൈറ്റി എന്നപേരിൽ ഒരു സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

1. നിലവിലുള്ള ആശുപത്രിയിൽ ആവശ്യത്തിനു മരുന്നുകളും ലഭ്യമല്ല.
2. കഷായ നിർമ്മാണത്തിനു് സർക്കാർ നിരക്കിൽ വിറകു് ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.
2. രോഗത്തിനാവശ്യമായ മരുന്നുകളും ലഭ്യമാക്കുക.
3. കഷായ നിർമ്മാണത്തിനാവശ്യമായ വിറകു് വാങ്ങുന്നതിനു് നിരക്കുകളും കാലോചിതമായി പുതുക്കുക.

പൊതു പ്രവർത്തനങ്ങളുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

കക്കൂസു് നിർമ്മാണം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ഈ പഞ്ചായത്തിന്റെ 60%ത്തോളം വരും ഇതിനെ ഏറ്റവും പ്രധാനം ഹരിജൻ ഗിരിജൻ മേഖലയാണു്. ഈ പ്രദേശങ്ങളിൽ കണ്ടുവരുന്ന പ്രധാനരോഗങ്ങളാണു് വയറിളക്കവും ചർദ്ദിയും. ഈരോഗത്താൽ ഈ ഗിരിജൻ കോളനികളിൽ മരണം സംഭവിച്ചിട്ടുണ്ടു് ശരിയായ ശുചിത്വ ബോധം ഇല്ലാത്തതാണു് ഈ പിന്നോക്കാവസ്ഥക്കു കാരണം. പലവീടുകളിലും കക്കൂസു് നിർമ്മിച്ചതാണെങ്കിലും ഇവർ ഇതു് ഉപയോഗിക്കുന്നില്ല പലതും തകർന്ന നിലയിലാണു്. വളരെ കുറഞ്ഞ ചിലവിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഇവരുടെതകർച്ചകാരണം ശരിയായി നിർമ്മിക്കപ്പെടാത്തതാണു്. ആയതിനാൽ ഹരിജൻ ഗിരിജൻ മേഖലയിൽ ഇതിനു് പ്രത്യേക പരിഗണന നൽകേണ്ടതാണു്. കൂടാതെ ജനറൽ മേഖലയിലും കക്കൂസു് കുറവാണു് ആകെയുള്ള വീടുകളിൽ 32% വീടുകൾക്കു് മാത്രമെ കക്കൂസുകളും നിർമ്മിക്കപ്പെട്ടിട്ടുള്ള. ആയതിനാൽ പരിസരമലിനീകരണത്തിനു് ഇതു് വഴിയൊരുക്കുന്നു.

പ്രശ്നകാരണം	പരിഹാരം
1 സാമ്പത്തിക പരാതീനത	സർക്കാർ അർദ്ധ സർക്കാർ സംഘടനകളും മുഖേന സാമ്പത്തിക സഹായം അനുവദിച്ചു് കക്കൂസു് നിർമ്മിക്കുന്നതിനു് സഹായിക്കുക കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളിൽ പൊതു കക്കൂസു് നിർമ്മിക്കുക,
ആദിവാസി ഹരിജൻ മേഖല	ആദിവാസി ഹരിജൻ മേഖലകളിൽ സർക്കാർ സാമ്പത്തിക സഹായത്തോടെ ഉയർന്നസാമ്പത്തിക ചെലവിൽ പൊതുവായ കക്കൂസുകളും നിർമ്മിക്കുക. രണ്ടു് മേഖലകളിലും ആരോഗ്യ ക്ലാസ്സുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തേണ്ടതു് അത്യാവശ്യമാണു്.

പഞ്ചായത്തു് തലത്തിൽ പ്രാവർത്തികമാക്കാവുന്ന പദ്ധതികൾ

പഞ്ചായത്തിലെ ഗ്രാമസഭകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പൊതുവായ ഒരു കളിസ്ഥലം നിർമ്മിക്കേണ്ടതു് അത്യാവശ്യമാണു്.

ഗതാഗതം

'ആവശ്യം സൃഷ്ടിയുടെ മാതാവാണ്' എന്ന ആപ്തവാക്യം മറ്റെല്ലാ ജീവിത മേഖലകളേയും പോലെ ഗതാഗത രംഗത്തും പ്രസക്തമാണ്. ജനങ്ങളുടെ ജീവിത രീതികളിലും നിലവാരത്തിലും വന്ന മാറ്റം കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്ത് വളരെ വ്യക്തമായി കാണുന്നു. അതിനാൽ ഗതാഗത രംഗം ഒട്ടേറെ ആവശ്യങ്ങളുയരുന്ന ഒരു മേഖലയായി മാറുന്നു. ഈ ആവശ്യങ്ങളും മുഴുവൻ സാധിച്ചു തരുവാൻ ഭരണ സംവിധാനത്തിനു വിഭവ പരിമിതികളും മൂലം കഴിയാതെവരുന്നു എന്നതിരിച്ചറിവ് ജനങ്ങളും ഉൾക്കൊള്ളുന്നതിനാൽ പഞ്ചായത്തിന്റെ പല ഭാഗത്തും ശ്രമദാനത്തിലൂടെ ധാരാളം റോഡുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ സാമ്പത്തിക പുരോഗതി ഗൃഹ നിർമ്മാണ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ സൃഷ്ടിച്ചു. തൊഴിൽ, വിദ്യാഭ്യാസം, കൃഷി, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കൊപ്പം യാത്രാസൗകര്യവും കൂടുതലായി വേണ്ടിവരുന്നു ഇതിന് പ്രയോജനപ്പെടുന്ന തരത്തിൽ പഞ്ചായത്തിലെ റോഡ് ശൃംഖല കാര്യക്ഷമമാക്കേണ്ടതായി കാണുന്നു.

മൂത്തേടം പഞ്ചായത്തിലെ ഒരേയൊരു PWD റോഡ് കാറാടിക്കടവു മുതൽ കല്ലേന്തോട്മുക്ക് വരെയുള്ള ടാർ റോഡാണ്, ഈ റോഡ് 1954 ൽ നിർമ്മിക്കപ്പെട്ടതാണെങ്കിലും PWD ഏറ്റെടുത്തത് 1966 ലാണ്. ആദ്യത്തെ ടാർ റോഡ് 1987 ൽ പണികഴിച്ച നെല്ലിക്കുത്ത്-കൽക്കുളം റോഡാണ്. ഇതുകൂടാതെ പഞ്ചായത്ത് രേഖകളിലുള്ളതും ഇല്ലാത്തതുമായ 97 റോഡുകളും ഇവിടെയുണ്ട്. ഇവയെല്ലാം 10 അടിയിൽ കുറയാത്ത വീതിയുള്ളവയാണ്.

1991 ഫെബ്രുവരി 24 ന് മലപ്പുറം ജില്ലാ കൗൺസിൽ പ്രസിഡണ്ട് ജനാബ്. ഹസ്സൻ മുഹമ്മദ് കുരിക്കളുടെ അദ്ധ്യക്ഷതയിൽ ശ്രീമാൻ ആര്യാടൻ മുഹമ്മദിന്റെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രി ടി. കെ. ഹംസ കാറാടിക്കടവ് പാലത്തിനു തറക്കല്ലിട്ട 1995ൽ ബഹുമാനപ്പെട്ട തൊഴിൽ-ടൂറിസം വകുപ്പുമന്ത്രി ശ്രീമാൻ ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ പൊതുമരാമത്തു വകുപ്പ മന്ത്രി സി ടി മുഹമ്മദാലി ഉദ്ഘാടനം ചെയ്തു. ഇതോടുകൂടി യാത്രാപ്രശ്നം ഒരളവോളം പരിഹരിക്കപ്പെട്ടു.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന റോഡ് രജിസ്റ്റർ കാര്യക്ഷമമായി സൂക്ഷിക്കാത്തതിനാലും അശാസ്ത്രീയമായതിനാലും റോഡ് വികസന പ്രവർത്തനങ്ങൾക്ക് ഈ രേഖകൾ അടിസ്ഥാനമായി പരിഗണിക്കാൻ കഴിയില്ല. നിലവിലുള്ള റോഡുകൾ ഇനംതിരിച്ച് (ടാർ/മെറ്റൽ/മൺ) അവയുടെ അളവുകൾ, ഓട സൗകര്യം, കലുങ്കുകളുടെ ആവശ്യം എന്നീ സമസ്ത വിവരങ്ങളും ഉൾക്കൊള്ളിച്ച് മുൻഗണനാക്രമത്തിൽ കോഡ് നമ്പർ കൊടുത്ത് ആധികാരികമായ ഒരു റോഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ വിവരം അപ്പപ്പോൾ ഈ പട്ടികയിൽ ചേർത്ത് ഇതു പരിഷ്കരിച്ചുകൊണ്ടിരിക്കണം. അതുപോലെ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ ഒരു രജിസ്റ്ററും ഇത്തരത്തിൽ സൂക്ഷിക്കേണ്ടതായി കാണുന്നു. അത്തരത്തിലുള്ള രേഖകളുടെ അഭാവത്തിൽ ഗ്രാമസഭാ ചർച്ചകളിലും പഞ്ചായത്ത് മെമ്പർമാർ പരസ്പരം നടത്തിയ ചർച്ചകളിലും പൊതുജനങ്ങളിൽനിന്ന് കോഓഗ്രൂപ്പ് ശേഖരിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചുമുള്ള കണക്കുകളാണ് ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകളുടെ വിവരം പട്ടിക 1ൽ കൊടുക്കുന്നു.

പട്ടിക 1

നമ്പർ.	റോഡ്	ഉടമസ്ഥത	നീളം KM	വീതി Mtr	യാത്രാ സൗകര്യം (ബസ്)
1	കാറാടി–കല്ലേന്തോട്മുക്ക്	P W D	8	8	ഉണ്ട്
2	മരംവെട്ടിച്ചാൽ–കാരപ്പുറം	പഞ്ചായത്ത്	3.5	8	ഉണ്ട്
3	നെല്ലിക്കത്ത് –പച്ചിലിപ്പാടം	പഞ്ചായത്ത്	2	8	നാമമാത്രം
	ആകെ		13.5		

പഞ്ചായത്തിൽ ഇപ്പോഴുള്ള റോഡുകളുടെ പൂർണ്ണരൂപം പട്ടിക 4ൽ കൊടുത്തിരിക്കുന്നു

ദ്വിതീയ സമിതിവിവരമനുസരിച്ച് ലഭിച്ച റോഡ് വിവരം

പട്ടിക 2

പക്ക കി.മീ.	മെറ്റൽ കി മീ	ടാർ പഞ്ചായത്ത്	ടാർ PWD	ആകെ
64.746	10 6	5 5	8	88.846

പ്രശ്നങ്ങൾ

1 105 കി മീ. ദൈർഘ്യമുള്ള റോഡ് ശൃംഖലയുണ്ട് എങ്കിലും വാഹന ഗതാഗതത്തിനു യോജിച്ച മെച്ചപ്പെട്ട റോഡുകൾ 13.5 കി മീ. മാത്രമാണുള്ളത്. വിശാലമായ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങൾക്ക് ബസ് സർവ്വീസ് സൗകര്യം ലഭിക്കുന്നില്ല എന്നതു തന്നെ ഗതാഗതരംഗത്തെ ഏറ്റവും പ്രധാന പ്രശ്നം. ഗ്രാമസഭാ റിപ്പോർട്ടുകളിൽ എല്ലാം തന്നെ റോഡുകൾ നന്നാക്കികിട്ടുന്നതിനുള്ള ആവശ്യങ്ങളാണ് ഉയർന്നു വന്നിട്ടുള്ളത്. ഈ ആവശ്യങ്ങൾ അവഗണിക്കാനാവില്ല

2 നിലവിലുള്ള ടാർ റോഡുകളിൽ വാഹനതിരക്ക് അനുഭവപ്പെടുന്നതിനാൽ അപകട സാധ്യത കൂടുന്നു. അടിയന്തിരമായി വീതി കൂട്ടേണ്ട അവസ്ഥയിലാണ് ഈ റോഡുകൾ.

3 വാർഷിക അറ്റകുറ്റപണികൾ കൃത്യമായി നടക്കാത്തതിനാൽ ഓടകൾ മണ്ണുനിറഞ്ഞ് വെള്ളം ഒലിച്ചുപോകുന്നതിന് തടസ്സമുണ്ടാക്കുന്നു.

4 മൺറോഡുകൾ ഓരോ മഴക്കാലം കഴിയുമ്പോഴും ഗതാഗതയോഗ്യമല്ലാതാകുന്നു. ഇതിനു പ്രധാന കാരണം ഓടകളുടെ പോരായ്മ തന്നെ. ഇവിടുത്തെ സവിശേഷമായ ഭൂപ്രകൃതിയും കൃഷിഭൂമികളിലെ മണ്ണുസംരക്ഷണ പ്രവൃത്തികളുടെ അഭാവവും റോഡുകൾ നശിക്കാനിടയാക്കുന്നു.

5 താണ പ്രദേശങ്ങളിലെ റോഡുകൾ (വിശേഷിച്ചും പൊട്ടി പ്രദേശങ്ങൾ) വെള്ളം കെട്ടിനിന്ന് ചെളി നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതാകുന്നു.

6 മിക്ക റോഡുകൾക്കും കലുങ്കുകളില്ലാത്തതിനാൽ റോഡുമുറിച്ച് വെള്ളം ഒഴുകുന്ന പ്രവണത കാണുന്നു.

7 ബസ്/ട്രക്കർ/ജീപ്പ് തുടങ്ങി വിവിധ സൗകര്യങ്ങൾ ഉപയോഗിക്കുന്ന പൊതുജനങ്ങൾക്ക് ബസ് വെയിറ്റിംഗ് ഷെഡുകളുടെ അഭാവം അസൗകര്യം സൃഷ്ടിക്കുന്നു.

8 റോഡിലേക്ക് വളർന്നുതൂങ്ങുന്ന വൃക്ഷക്കൊമ്പുകളും പൊന്തക്കാടുകളും വളവുകളിൽ അപകട ഭീഷണി ഉയർത്തുന്നു.

9 പാടങ്ങളിലൂടെയുള്ള റോഡുകൾ സംരക്ഷിച്ചു നിർത്തുന്നതിന് വളരെയധികം പാഴ്ച്ചെലവുകൾ ഉണ്ടാക്കുന്നു.

10 പഞ്ചായത്ത് അതിർത്തികളിലെ കടത്തുകൾ ഉപയോഗിക്കുന്നത് 90% വും ഈ പഞ്ചായത്തിലെ ജനങ്ങളാണെങ്കിലും നമ്മുടെ പഞ്ചായത്തിന് ഈ ഇനത്തിൽ കാര്യമായ വരുമാനവും ലഭിക്കുന്നില്ല. ഈ ഇനത്തിൽനിന്നുള്ള വരുമാനം അയൽ പഞ്ചായത്തുകൾ കൈപ്പറ്റുന്നത് യുക്തിക്ക് നിരക്കുന്നതല്ല. മുഴുവൻ ഫണ്ടും മൂത്തേടം പഞ്ചായത്തിനു ലഭിക്കണം.

11 ടാക്സികൾ നല്ല റോഡുകളിൽപോലും തത്പദീക്ഷയില്ലാതെ ഉയർന്ന നിരക്ക് വസൂലാക്കുന്നു.

12 റോഡരികിൽ കെട്ടിടനിർമ്മാണ സാമഗ്രികൾ കൂട്ടിയിടുന്ന പ്രവണത കാണുന്നു.

റയിൽവേ

ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിക്കപ്പെട്ട നിലമ്പൂർ റെയിൽവേ ലൈൻ ടൂറിസ്റ്റു കേന്ദ്രങ്ങളായ ഊട്ടി, മൈസൂർ ഭാഗത്തേക്ക് നീട്ടുവാനുള്ള സാധ്യത പരിഗണിക്കേണ്ടതാണ് അതുപോലെ മംഗലാപുരം–ഷൊർണൂർ പാത ഇരട്ടിപ്പിക്കലിന്റെ നിർദ്ദിഷ്ട പദ്ധതിയിൽ നിലമ്പൂർ ലൈൻ കോഴിക്കോടുവരെ നീട്ടുന്ന കാര്യം ബന്ധപ്പെട്ടവർ പരിഗണിക്കേണ്ടതാണ്

സാധ്യതകൾ

ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യങ്ങൾ മുഴുവൻ സാധിക്കുവാൻ ആവശ്യമായ ഫണ്ട് മുഴുവൻ എന്നെങ്കിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുവാൻ വയ്യ. അതിനാൽ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വളരെ പ്രധാനപ്പെട്ട റോഡുകളുടെമാത്രം ഒരു ശൃംഖലയുണ്ടാക്കി അവയുടെ പണി മുഴുവനായും തീർത്ത് (ടാറിംഗ് വരെ നടത്തി) ബസ് ഗതാഗത യോഗ്യമാക്കേണ്ടതിന്റെ ആവശ്യം വളരെ പ്രാധാന്യമുള്ളതായി കാണുന്നു. ഇതിന്റെ പ്രാരംഭമായി ഇതിന്റെ മൺപണികൾ ജനകീയപങ്കാളിത്തത്തോടെ നടത്താൻ കഴിയും. ശ്രമദാനങ്ങൾക്കുള്ള വാഗ്ദാനം മിക്ക ഗ്രാമസഭകളിലും ഉണ്ടായിരിക്കുന്നു. ഏതു റോഡും ടാർ ചെയ്തു പണി പൂർത്തിയാക്കാനുള്ള സാധ്യതയുണ്ടെങ്കിൽ മൺപണികൾ നടത്തുന്നതിനുള്ള ജനപങ്കാളിത്തം വൻതോതിൽ ലഭിക്കും. ഈ സാധ്യത ഫലപ്രദമായും അവസരോചിതമായും ഉപയോഗിക്കണം. ഈ സ്കീം ഫലപ്രദമായി സമയബന്ധിതമായി പൂർത്തീകരിക്കൽ ഗതാഗതം തന്നെ പ്രഥമവും പ്രധാനവുമായ പ്രവൃത്തിയായി കാണേണ്ടതാണ്.

(പട്ടിക 3 ലെ റോഡുകളുടെ പ്രാധാന്യം)

1 പഞ്ചായത്തിന്റെ കവാടമായ കാറാടി പാലത്തിൽ നിന്നും പാലാങ്കരക്കും കാരപ്പുറം നെല്ലിക്കുത്തു ഭാഗത്തേക്കും ബസ്സ് സർവീസ് നടത്തുന്ന റോഡുകളുണ്ട്. എന്നാൽ വടക്കു കിഴക്കു ഭാഗമായ താളിപ്പാടത്തേക്ക് ഒരു സർവ്വീസ് സൗകര്യങ്ങളുമില്ലാത്തതുകൊണ്ട് പ്രാധാന്യമർഹിക്കുന്നു.

2 മരംവെട്ടിച്ചാൽ കാരപ്പുറം വഴി നെല്ലിക്കുത്ത് റോഡിൽ കാരപ്പുറം വരെ ടാർ ചെയ്തെങ്കിലും വീതി കുറവാണ്. കാരപ്പുറത്തുനിന്ന് നെല്ലിക്കുത്ത് വരെയുള്ളതിൽ നെല്ലിക്കുത്ത് മുതൽ പച്ചിളപ്പാടം വരെയും ടാർ ചെയ്തിട്ടുണ്ട്. ഇടയിൽ മിക്ക സ്ഥലങ്ങളും മെറ്റൽ ചെയ്തതാണ്. പഞ്ചായത്തിന്റെ സിംഹഭാഗം വരുന്ന ഈ റോഡ് പ്രാധാന്യത്തോടെ ടാർ ചെയ്യണം.

3 മൂത്തേടം കാക്കപ്പാടം ഹൈസ്കൂൾ റോഡ് ഏക ഹൈസ്കൂളിലേക്ക് വരുന്ന $\frac{3}{4}$ ഭാഗം കുട്ടികളും കാരപ്പുഴ കൽക്കുളം നെല്ലിക്കുത്ത് പെരുപ്പാറ ചീനിക്കുന്ന് ബാലകളും ചോളമുണ്ട ഭാഗങ്ങളിൽ നിന്ന് ബസ്സിൽവന്ന് കാക്കപ്പാടത്ത്/മരംവെട്ടിച്ചാലിൽ ഇറങ്ങിസ്കൂളിൽ എത്തേണ്ട സ്ഥിതിയാണ്. അതുകൊണ്ട് ഹൈസ്കൂളിലെ

രത്താനും സപ്ലീസ് ബാങ്കിലെത്താനും രണ്ട് ടാർ റോഡുകളെ ബന്ധിപ്പിപ്പിക്കുന്ന ഈ റോഡ് അടിയന്തിരമായി ചെയ്തീർക്കേണ്ടതാണ്.

4 കല്ലേന്തോട് മുക്ക് കാരപ്പുറം റോഡ് 3 വാർഡുകളെ സ്പർശിച്ചുവരുന്നതും NREP പദ്ധതിയിൽ നേരത്തെ പ്രവർത്തിനടത്തിയിരുന്നതാണ്. പ്രധാനപ്പെട്ട ഈ റോഡ് അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

5 കുറ്റിക്കാട് കാരപ്പുറം പഞ്ചായത്തിന്റെ മധ്യത്തിലൂടെ പഞ്ചായത്തുമായി ബന്ധപ്പെടുത്തുന്ന ഈ റോഡ് ഒട്ടനവധി ജനങ്ങൾക്ക് പ്രയോജനപ്രദമാണ്.

6 മുച്ചിപ്പാറ ഗിരിജൻ കോളനിയിലേക്കുള്ള ഈ റോഡ് കുറേഭാഗം മെറ്റൽചെയ്തിട്ടുണ്ട്. SCP പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പെട്ടന്ന് ടാർചെയ്യാവുന്നതാണ്.

7 EAS പദ്ധതിയിൽ മെറ്റലിങ്ങ്പൂർത്തിയാവുന്ന ഈ റോഡ് പഴയ പ്രധാനപ്പെട്ട റോഡാണ്.

1 പട്ടിക 3 ൽ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും റോഡ് PWD ഏറ്റെടുക്കാനുള്ള സാധ്യത ആരായേണ്ടതാണ്

2 അനേകം റോഡുകൾ ഉണ്ടാക്കുകയും ഒന്നും ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്ന രീതി നമ്മുടെ പഞ്ചായത്തിലെ പ്രധാന ഗതികേടാണ്. അതിനാൽ പട്ടിക 3 ൽ പറയുന്ന റോഡുകളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷം വാർഡുകളിലെ ചെറുറോഡുകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുക

3 പൊട്ടി പ്രദേശങ്ങളിലെ റോഡുകൾ മെറ്റൽ ചെയ്യുന്നതിന് മുൻഗണന നൽകുക

4 ചെറുറോഡുകളുടെ സംരക്ഷണത്തിന് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ സമിതികളുണ്ടാക്കി സംരക്ഷണ പ്രവർത്തികൾ ചെയ്യുക

5 മൺറോഡുകൾക്ക് ഓടകൾ ഉണ്ടാക്കുന്നതിന് മുൻഗണന നൽകിയാൽ അവ സംരക്ഷിക്കാനാവും

6 പാടങ്ങളിലൂടെ നിലവിലുള്ള റോഡുകൾ സംരക്ഷിക്കുക. പുതുതായി അത്തരം റോഡുകൾ വെട്ടുന്ന പ്രവണത നിരുൽസാഹപ്പെടുത്തുക

7 സന്നദ്ധസംഘടനകൾ, യുവജന സംഘടനകൾ, ക്ലബുകൾ ഇവരുടെ നേതൃത്വത്തിൽ ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ നിർമ്മിക്കുവാൻ നേതൃത്വം നൽകാം. (സ്പോൺസറിംഗ് രീതി പരീക്ഷിക്കാവുന്നതാണ്)

8 പഞ്ചായത്ത് അതിർത്തികളിലുള്ള കടത്തുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായി പഞ്ചായത്തിനു ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക

9 മുപ്പിനി കടവിൽ കോസ്വേ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലുള്ളവർക്ക് പ്രയോജനപ്പെടുന്ന ഈ സ്കീം പരിഗണനാർഹമാണ്

10 മൂത്തേടം പഞ്ചായത്തിന്റെ സമീപത്തുള്ള നെടുങ്കയം ടൂറിസ്റ്റ്കേന്ദ്രത്തിന്റെ വികസനത്തോടൊപ്പം സംസ്ഥാനത്തിന്റെ തെക്കൻ ഭാഗങ്ങളിൽനിന്ന് ഊട്ടിയിലേക്കുള്ള ദൂരം കുറയ്ക്കാനിടയാക്കുന്നതിനും സഹായിക്കുന്ന കരിമ്പുഴപ്പാലത്തിന്റെ പണി പുനരാരംഭിക്കാനുള്ള നടപടികൾ കേരളാ ഗവൺമെന്റിന്റെ പരിഗണനയിൽ സമർപ്പിക്കുന്നു

11 പ്രാഥമിക യാത്രാസൗകര്യങ്ങൾ പോലുമില്ലാത്ത ചില പ്രദേശങ്ങളിൽ പുതിയ റോഡുകൾ വെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പട്ടികയിൽപ്പെടുത്തിയിരിക്കുന്നത് പട്ടിക 9 കൊടുക്കുന്നു. ഇവ നിർമ്മിക്കുമ്പോൾ ഓടകൾ നിർമ്മിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

12 നമ്പൂരിപ്പൊട്ടി തോട്ടപ്പാളക്കടവിൽ ഒരു കോസ്വെ നിർമ്മിക്കണം. ഒട്ടനവധി ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിലെ നെല്ലിക്കുത്തിലേക്കും പാലാങ്കരയിലേക്കും KSRTC എടക്കം കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാവേണ്ടതാണ്.

റോഡ് വികസനത്തിന്റെ അനുബന്ധമായ മറ്റ് അടിയന്തിരാവശ്യങ്ങൾ തുടർന്നു വരുന്ന പട്ടികകളിൽ സൂചിപ്പിക്കുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളുടെ ശൃംഖല

പട്ടിക 3

ക്രമ നമ്പർ	കോഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി	ടാർ	മെറ്റൽ	മണ്ണ്	വാർഡുകൾ
1	0104	മരംവെട്ടിച്ചാൽ-താളിപ്പാടം-മരത്തിൻകടവ്-നെല്ലിക്കുത്ത് റോഡ്	8	8		7	1	1,2,3,4
2	0204	മരംവെട്ടിച്ചാൽ-കാരപ്പുറം-നെല്ലിക്കുത്ത്	9	8	4	$4\frac{1}{2}$	$\frac{1}{2}$	1, 4, 6
3	0305	മൂത്തേടം-കാക്കപ്പാടം (ഹൈസ്കൂൾപടി വഴി)	2	6			2	5, 6
4	0408	കല്ലേന്തോട് മുക്ക്-കാരപ്പുറം	8	8		$1\frac{1}{2}$	$6\frac{1}{2}$	6, 9, 1
5	0507	കുറിക്കാട് - കാരപ്പുറം	3	8			3	7, 9
6	0604	കാറാടി മിൽ-മൂച്ചിപ്പുര	$2\frac{1}{2}$	8		$\frac{1}{2}$		4
7	0706	ഹൈസ്കൂൾപടി - പതുവായ്കോളനി കാരപ്പുറം	3	8			3	6, 1
8	0801	ചെമ്മംതിട്ട-പൂങ്കളംകൈ-കാരപ്പുറം	2	8		2		1, 10
9	0909	ചീരപ്പാടം-നാരങ്ങാമൂല-വെള്ളാരമുണ്ട-താന്നിപ്പൊട്ടി-ചോളമുണ്ട മില്ലുപടി	$3\frac{1}{2}$	8			$3\frac{1}{2}$	9
10	1003	താളിപ്പാടം-പെരുപ്പാറ-കാരപ്പുറം	8	8		$\frac{1}{2}$	8	3
11	1110	കൽക്കുളം-ചീനിക്കുന്ന്-ബാലംകുളം-കാരപ്പുറം	4	6			4	10
12	1208	ഒഴലക്കൽ-വടക്കേകൈ	$2\frac{1}{2}$	8			$2\frac{1}{2}$	8
13	1308	വട്ടപ്പാടം-വടക്കേകൈ	2	6			2	8
14	1407	കാട്ടിക്കല്ല്-വട്ടപ്പാടം	2	6			2	7
15	1508	പാലാങ്കര-ഒഴലക്കൽ	1	8		$\frac{1}{2}$	$\frac{1}{2}$	8
16	1605	ചാമപ്പറമ്പ്-മുപ്പിനി റോഡ്	$3\frac{1}{2}$	8			$3\frac{1}{2}$	4, 5
17	1705	മുപ്പിനി-വരക്കോട്-വല്ലടിമുണ്ട	$2\frac{1}{2}$	8			$3\frac{1}{2}$	5, 7
18	1803	താളിപ്പാടം-ചക്കരക്കാടൻകുന്ന്-പെരുംകൊല്ലംപാറ	$1\frac{1}{2}$	6			$1\frac{1}{2}$	2, 3
19	1903	താളിപ്പാടം-ചെട്ടിയാരങ്ങാടി	$1\frac{1}{2}$	6			$1\frac{1}{2}$	3
20	2008	പതിനാറേക്കർ-ചീരക്കുഴി	$1\frac{1}{2}$	6			$1\frac{1}{2}$	8
21	2108	മുണ്ടകൈ-ചീരക്കുഴി	$1\frac{1}{2}$	6			$1\frac{1}{2}$	8
22	2210	കാരപ്പുറം-ഇറയൻതാങ്ങി-ഗിരിജൻകോളനി	1	6			1	10
23	2310	കാരപ്പുറം-ചോളമുണ്ട	1	6			1	10
24	2401	ചെമ്മിതിട്ട-ഏറയംന്താണി	1	6			1	1, 10

പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ

പട്ടിക 4

നമ്പർ	കോഡ്	പേര്	നീളം	വീതി	സ്വഭാവം			ഓട	കലുങ്ക്	ചെലവഴിച്ച തുക	
					ടാർ	മെറ്റൽ	മൺ			ശ്രമദാനം	പഞ്ചായത്ത് ഫണ്ട്
I	0101	മരംവെട്ടിച്ചാൽ-കാരപ്പുറം	3.5	8	T			Y	N		
	0201	മരംവെട്ടിച്ചാൽ-കാരപ്പുറം (ചെമ്മന്തിട്ട വഴി)	3.5	8	—	M		Y	N		
	0301	ചെമ്മന്തിട്ട-എണ്ണക്കരക്കള്ളി (SNDP)	1	6	—	—	S	—	—		
	0401	മദ്രസപ്പടി–SNDP റോഡ്	1	6	—	—	S	N	—		
	0501	ചണ്ണക്കുന്ന്-താഴെ ചെമ്മന്തിട്ട	1	6	—	—	S	N	—		
	0601	താഴെ ചണ്ണക്കുന്ന്-മേലെ ചണ്ണക്കുന്ന്	¾	4	—	—	S	N	—		
II	0102	നെല്ലിക്കുത്ത്-കാരപ്പുറം	4.5	8	1km	M	0.5				
	0202	താളിപ്പാടം-കൽക്കുളം	2	6			S				
	0302	പെരുപ്പാറ-കൽക്കുളം സ്റ്റേപടി	1	5			S				
	0402	താളിപ്പാടം-കാരപ്പുറം	2.5	6		0.5	S				
	0502	നെല്ലിക്കുത്ത് - പൂളക്കപ്പാറ	1.5	6			S				
	0602	ഞാറപ്പാടം-പെരുപ്പാറ	1.5	6			S				
	0702	ഞാറപ്പാടം-പച്ചിലപ്പാടം	¾	6			S				
	0802	വെട്ടിലങ്ങാടി-താളിപ്പാടം മുസ്ലിംപള്ളി	1								
III	0103	താളിപ്പാടം–മരത്തുംകടവ്–നെല്ലിക്കുത്ത്	6	8		M					
	0203	താളിപ്പാടം–ചക്കരക്കാടൻകുന്ന്–പെരുങ്കൊല്ലൻപാറ	2	8		S					

	0303	താളിപ്പാടം–ചെട്ടിയാരങ്ങാടി	2	6			,,
	0403	തോട്ടപ്പാള–നമ്പൂരിപ്പൊട്ടി	0.5	6			,,
	0503	മരത്തിൻകടവ്–നാലംകൂട്ടി	0.5	6			,,
	0603	പൂപ്പാതിരികടവ് റോഡ്	0.5	6			,,
	0703	ചെട്ടിയാരങ്ങാടി–നാലംകൂട്ടി	0.5	5			,,
	0803	നമ്പൂരിപ്പൊട്ടി–പെരുംകൊല്ലൻ പാറക്കടവ്	250	4			,,
	0104	കാറാടിക്കടവ്–കല്ലേന്തോട് മുക്ക് PWD	8	8	T		
IV	0204	കാറാടി–മൂച്ചിപ്പുര	$2\frac{1}{2}$	8		1	,,
	0304	ചെമ്മംതിട്ട–താളിപ്പാടം	$1\frac{1}{2}$	8		M	S
	0404	മൂച്ചിപ്പുര–മരത്തുംകടവ്	3	6			,,
	0504	കാറാടി–ചേലക്കടവ്	$\frac{3}{4}$	6			,,
	0604	കാറാടി–ചെറുമുണ്ട	$\frac{3}{4}$	4			,,
	0704	ചാമപറമ്പ്–കാരോട്	1	4			,,
	0804	ചാമപറമ്പ്–പൂളപൊയ്ക	$\frac{3}{4}$	8			,,
	0904	ചെമ്മംതിട്ട–മൂച്ചിപ്പുര	1	4			,,
V	0105	മരുതക്കടവ്–ഹൈസ്കൂൾപടി	2	8			,,
	0205	പൂളപ്പൊയ്ക–മുപ്പിനി	2	8			,,
	0305	വരക്കോട്–വല്യടിമുണ്ട	1.5	6			,,
	0405	വരക്കോട്–മുപ്പിനി	1.5	6			,,

	0505	മൂത്തേടം–വരക്കോട്–ഗിരിജൻകോളനി	1	4		,,	
	0605	തടപറമ്പ്–മരുതങ്ങാട്	1	4		,,	
VI	0106	ഹൈസ്കൂൾപടി–കാക്കപ്പാടം	1.5	6		,,	
	0206	ഹൈസ്കൂൾപടി–പൂത്തുവായ് ഗിരിജൻകോളനി വഴി–കാരപ്പുറം	3	6		,,	Y
	0306	ഹൈസ്കൂൾപടി–ആയുർവ്വേദ ഡിസ്പെൻസറിറോഡ്	$\frac{3}{4}$	4		,,	,,
	0406	എണ്ണക്കരക്കള്ളി–കാക്കപ്പാടംകുന്ന്	1	4		,,	,,
	0506	കാരപ്പുറം–കാട്ടിക്കൈ	1	4		,,	,,
	0606	കാക്കപ്പാടംകുന്ന്റോഡ്	0.5	4			
VII	0107	കാരപ്പുറം–കുറിക്കാട്	2.5	8		,,	
	0207	വടക്കേക്കൈ–വട്ടപ്പാടം	1	6		,,	
	0307	കുറിക്കാട്–തവളമുണ്ട	1	6		,,	
	0407	കാട്ടിക്കല്ല്–തവളമുണ്ട	1.5	4		,,	
	0507	പായിമ്പാടം–വട്ടപ്പാടം	1.5	4		,,	
	0607	കുറിക്കാട്–ഹെൽത്ത്സെന്റർ റോഡ്	1	4		,,	
	0807	കുറിക്കാട്–ആനതൊണ്ടി	1	4		,,	
VIII	0108	കല്ലേന്തോട്മുക്കം–കാരപ്പുറം	5	8	M	,,	
	0208	പാലാങ്കര–ഒഴലക്കൽ	1	6	500	,,	
	0308	പാറായിപ്പടി–ഒഴലക്കൽ	2.5	4		,,	

	0408	മുണ്ടക്കൈ–പെരുമ്പിലാട്	1	4	,,
	0508	മുണ്ടക്കൈ–താഴെപാലാങ്കര	1	4	,,
	0608	16 ഏക്കർ–ചെകിടിക്കാപ്പ്	1.5	6	,,
	0708	ഒഴലക്കൽ–പമ്പ്ഹൗസ്	1.5	4	,,
IX	0109	ചീരപ്പാടം–നാരങ്ങാമൂല	1.5	8	,,
	0209	നാരങ്ങാപൊട്ടി–വെള്ളാരമുണ്ട	1.5	8	,,
	0309	വെള്ളാരമുണ്ട–ചോളമുണ്ട മില്ല്	2	6	,,
	0409	മില്ലിൻപടി–ചോളമുണ്ട [കുന്നുവഴി]	1	5	,,
	0509	നാരങ്ങാപൊട്ടി–താഴെപ്പൊട്ടി	1.5	6	,,
	0609	വെള്ളാരമുണ്ട–പനമ്പറ	0.5	8	,,
X	0110	കൽക്കുളം–ചീനിക്കുന്ന്	2	6	,, ,,
	0210	കാരപ്പുറം–ബാലങ്കുളം	1.5	6	,,
	0310	കാരപ്പുറം–ഇറയന്താണിക്കോളനി	1	6	,,
			105	135	

പഞ്ചായത്തിലെ റോഡ് നിർമ്മാണത്തിന് ഫണ്ട് ലഭിച്ച സ്രോതസ്സുകൾ

	(കഴിഞ്ഞ വർഷം)	തുക
1	പഞ്ചായത്തിന്റെ തനതായ ഫണ്ട്	88,388.00
2	മറ്റ് ഏജൻസികൾ	5,93,927.00
3	ശ്രമദാനം/സംഭാവന	കണക്കാക്കിയിട്ടില്ല
	ആകെ	6,82,315.00

T=ടാർ, M=മെറ്റൽ, S=മൺ, Y=Yes, N=No.

നിർമ്മിക്കേണ്ട പാലങ്ങളം

പട്ടിക 5

ക്രമനമ്പർ		ഉടമസ്ഥത
1	കരിമ്പുഴ പാലം	PWD
2	നമ്പൂരിപ്പൊട്ടി തൂക്കുപാലം	,,

നിർമ്മിക്കേണ്ട കോസ്വേകളം

പട്ടിക 6

1	മുപ്പിനി	ബ്ലോക്ക് പഞ്ചായത്ത്
2	വരക്കോട്	,,
3	ചെകിടികാപ്പ്	,,
4	നെല്ലിക്കുത്ത് കോസ്വേ	,,

നിർമ്മിക്കേണ്ട നടപ്പാലങ്ങളം


പട്ടിക 7

1	താഴെ ചെമ്മംതിട്ട	
2	കാരോട്	ബ്ലോക്ക് പഞ്ചായത്ത്
3	പുല്ലാനിത്തോട് താളവംകൊല്ലി	,,
4	പുതുവായ്തോട്	,,
5	ചെമ്മംതിട്ട	,,
		,,

ബസ് വെയിറ്റിങ്ങ് ഷെഡുകളം

പട്ടിക 8

1	കാറ്റാടി	9	പാലാങ്കര
2	മരംവെട്ടിച്ചാൽ	10	വടക്കേകൈ
3	എണ്ണക്കരക്കള്ളി	11	താളിപ്പാടം
4	കാരപ്പുറം	12	ചെമ്മന്തിട്ട
5	കൽകുളം	13	മരത്തിൻകടവ്
6	നെല്ലിക്കുത്ത്	14	നമ്പൂരിപൊട്ടി
7	മൂത്തേടം	15	വെള്ളാരമുണ്ട
8	കുറ്റിക്കാട്	16	വട്ടപ്പാടം



വനിതാ ക്ഷേമം

ആർഷഭാരത സംസ്ക്കാരത്തിൽ വനിതകളുടെ പങ്ക് എല്ലാ തുറകളിലും വളരെ പ്രശംസനീയമാണ്. ഭാരത സ്ത്രീകളെന്നും അവഗണനയുടെയും സാമൂഹ്യാചാരങ്ങളുടേയും ഇടയിൽ വിറങ്ങലിച്ചുനിൽക്കുന്ന ഒരു സ്ഥിതിവിശേഷം കാണാൻ കഴിയും.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സതി തുടങ്ങിയ അനാചാരങ്ങളും ഇപ്പോഴും നിലവിലുണ്ട്. കേരളത്തിൽ വനിതകളുടെ ക്ഷേമം മുൻനിർത്തി സർക്കാർ, ഇതര ഏജൻസികളും, മഹിളാ സംഘടനകളും തുടങ്ങിയവരുടെ പ്രവർത്തനം മൂലം സാമൂഹിക-സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ വനിതകളും ഏറെക്കുറെ മുൻപന്തിയിലാണ്.

ആരോഗ്യ കാര്യത്തിൽ ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ശ്രദ്ധാപൂർവ്വകമായിപല ആധുനിക ചികിത്സാ സമ്പ്രദായങ്ങളും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്.

1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് പ്രകാരം സ്ത്രീകൾക്ക് ഭരണകാര്യങ്ങളിൽ നിർണ്ണായക പങ്കാളിത്തം ലഭിച്ചു. 33.3% സംവരണം എല്ലാ തുറകളിലും വനിതകൾക്ക് ലഭ്യമായി,

സാമൂഹികവും മതപരവുമായ വേലിക്കെട്ടുകൾക്കുള്ളിൽ സ്വയം പിൻപ്പെടുകി അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഒരക്ഷരം ഉരിയാടാൻ കഴിയാതെ സ്വന്തം നിലനിൽപ്പുകൾക്കുപോലും ഭീഷണിയായിരുന്ന ഒരു കാലഘട്ടത്തിൽ താനും താനുൾപ്പെട്ടുന്ന വിഭാഗത്തിനും നേരിടേണ്ടിവരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ പോരാടാൻ സംഘടിതമായ ഒരു അവസരം ലഭിക്കുക എന്നത് വളരെ ചാരിതാർത്ഥ്യമുള്ള ഒരു കാര്യമാണ്.

നമ്മുടെ മൂത്തേടം പഞ്ചായത്തിൽ വനിതാ സംഘടനകളുടെ പ്രവർത്തനം വിരളമാണ്. 3 സമാജങ്ങളും, രാഷ്ട്രീയ പാർട്ടികളുടെ പിൻബലമുള്ള കുറച്ച് മഹിളാ സംഘടനകളുടേയും ആരോഗ്യ പ്രവർത്തകരുടേയും അംഗൻവാടികളുടേയും അപൂർവ്വമായുള്ള സന്നദ്ധ സംഘടനകളുടേയും പ്രവർത്തനങ്ങൾകൊണ്ട് കുറച്ച് മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ വനിതകളുടെയിടയിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല.

1991 ലെ സെൻസസ് പ്രകാരം 19519 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം 9969 മൊത്തം ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് ഇവിടെയുള്ളത്. സ്ത്രീകളുടെ വർദ്ധനവ് അവക്ക് സമൂഹത്തിൽ കിട്ടേണ്ടുന്ന ഉയർന്ന സ്ഥാനത്തിന്റെ ആവശ്യകത വിളിച്ചോതുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ കിടപ്പും സാമൂഹിക പശ്ചാത്തലവും വെച്ചുനോക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും ഉപരിപഠനം നേടുന്നില്ല.

മുസ്ലീം ജനവിഭാഗം ഒരു നല്ലപങ്കായതുകൊണ്ട്തന്നെ വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനം നേടിയ സ്ത്രീകൾ ഈ വിഭാഗത്തിൽ തുലോം കുറവാണ്. കുടിയേറ്റ കർഷകരിൽ ഉപരിപഠനം നേടിയ വനിതകളുണ്ടെങ്കിലും പഞ്ചായത്തുദ്യോഗത്തിൽ ഇവരുടെ സേവനം ലഭ്യമല്ല.

9 പാലുല്പാദന സൊസൈറ്റികളും ഏറ്റവും കുറഞ്ഞ ഭൂപ്രദേശത്ത് ഏറ്റവും കൂടിയ പാൽ ഉൽപ്പാദിപ്പിക്കുന്ന കറവ വിഭവവും സ്വന്തമായിട്ടുള്ള ഈ പഞ്ചായത്തിൽ പശുവളർത്തലാണ് സ്ത്രീകളുടെ പ്രധാന തൊഴിൽ. ഇതിനു പുറമെ പച്ചക്കറി കൃഷി, കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയിലും ധാരാളം സ്ത്രീകൾ വ്യാപൃതരായിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ മൊത്തം സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള 492 വീടുകളുണ്ട്. കാർഷിക മേഖല വലിയ ലാഭമില്ലാത്തതുകൊണ്ടും തൊഴിൽ സാദ്ധ്യത കുറവായതുകൊണ്ടും വളരെയധികം സ്ത്രീകൾ കെട്ടിട നിർമ്മാണ തൊഴിലുകളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നു.

ഒരു തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1996 ഒക്ടോബറിലെ വാർഡ് പഠന പഠനത്തിൽ ലഭിച്ച പട്ടിക താഴെ ചേർക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകൻ	25	1417
കർഷകതൊഴിലാളി	301	2017
മൃഗസംരക്ഷണം	498	1510
ചെറുകിട വ്യവസായം	ഇല്ല	25
കെട്ടിട നിർമ്മാണം	850	1325
ഗതാഗതം, വാഹനവിനിമയം	1	74
വ്യാപാരം	4	75
മറ്റുള്ളവ	150	1210

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായി നിലനിൽക്കുന്നു എന്നു് ഈ പട്ടിക സൂചന തരുന്നു. സ്ത്രീകളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാണു് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതു്,

ദരിദ്ര വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന നമ്മുടെ പഞ്ചായത്തിൽ മദ്യവിപത്തിനെതിരെ പല മഹിളാ സംഘടനകളും ബോധവൽക്കരണം നടത്തുന്നുണ്ടെങ്കിലും 'വ്യാജചാരായത്തിന്റെ' ദുഷിതഫലം അനുഭവിക്കുന്ന കുടുംബങ്ങൾ ധാരാളമായി കാണാൻ കഴിയും. ചെമ്മംതിട്ടയിൽ പ്രവർത്തിക്കുന്ന പൗരസമിതി പോലുള്ള സംഘടനകൾക്കു് ഇക്കാര്യത്തിൽ കാര്യമായ പങ്കു് വഹിക്കാൻ സാധിക്കും.

സ്ത്രീധന നിരോധനിയമം പ്രാബല്യത്തിലുണ്ടെങ്കിലും ഇതിന്റെ പേരിൽ തന്നെ പീഡനങ്ങൾ സഹിക്കേണ്ടിവന്ന പല സംഭവങ്ങളും നമ്മുടെ പഞ്ചായത്തിൽ കാണാം. ഇതുപോലെ തന്നെ ശൈശവ വിവാഹത്തിന്റെ പ്രവണതകളും നമ്മുടെ പഞ്ചായത്തിൽ നിലനിന്നുവരുന്നു. ഈ സാമൂഹിക അസമത്വങ്ങൾക്കെതിരെ നമ്മുടെയിടയിലുള്ള വനിത സംഘടനകൾ ശക്തമായി പ്രതികരിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം,

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും വേണ്ട അവബോധം സ്ത്രീകളിൽ ഇല്ലാത്തതുകൊണ്ടും പരിസര മലിനീകരണം സംഭവിക്കുകയും തൻമൂലം പല പകർച്ച വ്യാധികളും പടർന്നുപിടിക്കാൻ സാധ്യത ഉണ്ടാവുന്നു. ആയതിനുവേണ്ടി സ്ത്രീകളുടെയിടയിൽ ശുചിത്വപരിപാലനത്തിനായി ബോധവൽക്കരണം നടത്തുന്നതോടൊപ്പം തന്നെ ആവശ്യമായ ശുചിത്വ സംവിധാനങ്ങളും പഞ്ചായത്തു് തലത്തിൽ ഏർപ്പെടുത്തിക്കൊടുക്കേണ്ടതുമാണു്.

പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം നിലവിലുണ്ടെങ്കിലും രോഗികളെ കിടത്തി ശുശ്രൂഷിക്കാനോ, പ്രസവത്തിനുവേണ്ട സൗകര്യങ്ങളോ ഇല്ല 10 കി: മീറ്ററോളം ദൂരം എത്തിയെങ്കിൽ മാത്രമേ ഒരു ഡോക്ടറെ സമീപിക്കാനും ശുശ്രൂഷ ലഭിക്കാനും കഴിയുന്നുള്ളൂ.

സ്ത്രീകളുടെ നേതൃത്വത്തിൽ സാമൂഹികാടിസ്ഥാനത്തിൽ സർവ്വെ നടത്തി താഴെ തട്ടിലുള്ള കുടുംബങ്ങളെ കണ്ടുപിടിച്ചു് അവരുടെ പുരോഗതിക്കായിമാത്രം പ്രവർത്തിക്കുന്ന CBNP പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. മൊത്തം 1708 റിസ്ക് കുടുംബങ്ങളും 52 അയൽക്കൂട്ടകുടുംബങ്ങളും 7 A C S ഉം ഒരു C C S ഉം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ത്രിഫ്ട് സൊസൈറ്റിയുടെ പ്രവർത്തനം ചില വാർഡുകളിലൊഴിച്ചാൽ വളരെ നല്ല പ്രയോജനം ചെയ്യുന്നു ഈ ത്രിഫ്ട് സൊസൈറ്റി മുഖേന 20 കുടുംബങ്ങൾക്കു് 1250 രൂപ പ്രകാരം കക്കൂസ് നിർമ്മാണത്തിനായി ധനസഹായം വിതരണം നടത്തുകയുണ്ടായി ഇതിനുപുറമേ യൂണിസെഫിൽ നിന്നും ലഭിച്ച 7000/- രൂപ വിവിധ ആവശ്യങ്ങൾക്കായി ഗുണഭോക്തൃതാക്കൾക്കു് വിതരണം ചെയ്യുകയുണ്ടായി സി ബി എൻ പി യുടെ പ്രവർത്തനത്തിനായി ഒരു എ പി ഡി, രണ്ടു് സി ഒ മാർ എന്നിവരെ തിരഞ്ഞെടുക്കുകയും സി ഒ മാക്കു് ചെറിയ ഒരു ഓണറേറിയം നല്കുകയും ചെയ്തിരുന്നു. ഈ ഓണറേറിയം പിന്നീടു് നിർത്തലാക്കിയെങ്കിലും സി ഒ മാർ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുപോരുന്നു. ഈ

ശൃംഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ വനിതാക്ഷേമം എന്ന നമ്മുടെ ആശയം കൂടുതൽ ദൃഢമാകും

പ്രശ്നങ്ങൾ

1 പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം യാതൊരു ചികിത്സാ സൗകര്യങ്ങളുമില്ലാതെ വാടക കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്.

സാമൂഹിക ചുറുപാടുകളും ചട്ടക്കൂടുകളും:

2 സ്ത്രീകൾ പൊതുവെ പൊതുരംഗങ്ങളിൽ പ്രവർത്തിക്കാതെ വീടുകളിൽ ഒതുങ്ങിക്കൂടുന്നു.

3 മദ്യവിപത്ത്, സ്ത്രീധന സമ്പ്രദായം നിലവിലുള്ളതുകൊണ്ട് സ്ത്രീപീഡനം തുടങ്ങിയ അവസ്ഥ നിലനിൽക്കുന്നു.

4 നല്ല രീതിയിൽ പ്രവർത്തിക്കുന്ന മഹിളാ സംഘടനകളുടെ അഭാവം

5 സ്വയംതൊഴിൽ രംഗത്ത് സ്ത്രീകൾക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

6 വിദ്യാഭ്യാസപരമായി സ്ത്രീകൾ പിന്നിലായതുകൊണ്ട് പൊതുവിജ്ഞാനം കുറഞ്ഞുവരുന്നു.

7 അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ഉറപ്പിക്കാൻ ആയത് കാരണമാകുന്നു.

പരിഹാരങ്ങൾ

1 പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിട നിർമ്മാണത്തിനായി സ്വന്തമായി ഉള്ള സ്ഥലത്ത് ഉടൻ കെട്ടിട നിർമ്മാണം തുടങ്ങുക.

2 നിലവിലുള്ള ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

3 ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പരമാവധി ചികിൽസാ സംവിധാനം ഏർപ്പെടുത്തുക.

4 സബ്സെന്ററുകളില്ലാത്ത വാർഡുകളിൽ സബ്സെന്ററുകൾ സ്ഥാപിക്കുക.

5 സബ്സെന്ററുകളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

6 വനിതാ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7 ആരോഗ്യ പ്രവർത്തകരുടേയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ സ്ത്രീകളുടെ ഇടയിൽ പരമാവധി ബോധവൽക്കരണം നടത്തുക.

8 അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

9 CBNP യുടെ പ്രവർത്തനം വിപുലപ്പെടുത്തുക.

ഈ ഭൂമുഖത്തുള്ള സർവ്വരുടേയും ആവശ്യത്തിനുള്ള വിഭവങ്ങൾ ഇവിടെ ഉണ്ട്.

എന്നാൽ,

ആരുടെയും ഭുരാഗ്രഹത്തിനുള്ള വക ഇവിടെ ഉല്ല.

—ഗാന്ധിജി

സംസ്കാരം

ചരിത്ര സംഭവങ്ങളാൽ കൊണ്ട് പ്രസിദ്ധമായ ഏറനാട് താലൂക്കിന്റെ കിഴക്കൻ മേഖയിൽ പുതുതായി രൂപം കൊണ്ട നിലമ്പൂർ താലൂക്കിന്റെ തെക്കുകിഴക്കായി കരിമ്പുഴയുടെയും, പുന്നപ്പുഴയുടേയും സംഗമ സ്ഥാനത്തിന് മുകളിൽ ഒരു ഉപദ്വീപായ ഭൂവിഭാഗത്തിൽ സഹ്യസാനുക്കളുടെ പൂർവ്വദിക്കിൽ നിന്നും ഉള്ള മന്ദമാരുതന്റെ തലോടലിൽ കഴിയുന്ന ശാലീന സുന്ദരമായ ഭൂപ്രദേശമാണ് മൂത്തേടം ഗ്രാമപഞ്ചായത്ത്

ഗതാഗതത്തിന്റെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അപര്യാപ്തത മൂലം വിദ്യാഭ്യാസപരമായി പിന്നോക്കമായിരുന്നെങ്കിലും ഇവിടത്തെ ജനങ്ങളും പരമ്പരാഗതമായ ആചാരമര്യാദകളിലും സൗഹാർദ്ദപരമായ ജീവിത രീതിയിലും അദ്ധ്വാന ശേഷിയിലും സാംസ്കാര്യ മൂല്യതയിൽ മുറുകെ പിടിച്ചു കഴിയുന്ന ഹൃദയസമ്പന്നരും സന്തുഷ്ടരുമാണീ ഗ്രാമവാസികളും.

പ്രാന്തപ്രദേശങ്ങളിൽ നിന്നും തിരുവിതാംകൂർ മേഖലകളിൽ നിന്നും അദ്ധ്വാനശീലരായ കുടിയേറ്റ കർഷകരുടെ ആഗമനത്തോടെയാണ് ഈ ഗ്രാമത്തിന്റെ ശ്രദ്ധേയമായ മാറ്റം തുടങ്ങിയത്.

നിലമ്പൂർ കോവിലകത്തിന്റെ വകയായിരുന്ന ഈ പ്രദേശത്ത് കഴിവുള്ളവർ കൃഷി പ്രദേശം ഒന്നായി പാട്ടം എടുക്കുകയും അവരിൽ നിന്ന് ചെറുകിട കർഷകർ കൂടിയപാട്ടത്തിനു എടുത്ത് കൃഷിചെയ്തു പോന്നു. അങ്ങനെ ജന്മികളും ഇട ജൻമികളും (മദ്ധ്യവർത്തികളും) അദ്ധ്വാനശീലരായ കർഷകരുംപ്പെടെ മൂന്നു തട്ടായി ജനത നിലകൊണ്ടു. നിബിഡ വനപ്രന്തത്തിലുള്ള ഈ പ്രദേശം വന്യ മൃഗങ്ങളുടെയും കോവിലകം കാര്യക്കാരുടെയും ഇടജൻമികളുടെയും അസ്വസ്ഥമായ ഇടപെടലുകളും മൂലം കാർഷിക മേഖലക്കും ചെറുകിട കൃഷിക്കാർക്കും സമാധാനവും, നിത്യജീവിതവും. പുരോഗതിയും വഴിമുട്ടികൊണ്ടിരുന്നു. എങ്കിലും ശുഭപ്രതീക്ഷയോടെ പ്രതികൂല സാഹചര്യങ്ങളെ തൃണവൽ ഗണിച്ച് കഠിനാദ്ധ്വാനം ചെയ്തു.

ഇതിന് പരിഹാരം കണ്ടെത്തിയത് 1973-ലെ ഭൂപരിഷ്കരണനിയമം മൂലം അദ്ധ്വാനവർഗ്ഗം മധുരസ്വപ്നം പൂവണിഞ്ഞ് കൃഷിഭൂമിയുടെ ഉടമകളായി. ഇപ്പോൾ 21000-ത്തോളം ജനങ്ങളും ഇവിടെ അധിവസിക്കുന്നു ഹിന്ദു മുസ്ലീം ക്രിസ്ത്യൻ ആദിവാസികളും എന്നിവർ സഹവർത്തിത്വത്തോടെ ഇവിടെ കഴിയുന്നു.

പരിതസ്ഥിതികളും പ്രതികൂലമായിരുന്നെങ്കിലും ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും 2 യു. പി സ്കൂളും 3 എൽ. പി. സ്കൂളും ഒരു ടൈബൽ സ്കൂളും അടക്കം ഏഴ വിദ്യാലയങ്ങളും ഇവിടെ കുട്ടികളുടെ വിദ്യാഭ്യാസ മേഖല സജീവമാക്കുന്നു. കൂടാതെ വായനശാലകളും കലാ-കായിക സംഘങ്ങളും ഉണ്ട്.

ഇപ്പോളും വിലവിലുള്ള സന്നദ്ധസംഘടനകളും സമിതികളും

1 ഗ്രാമവികസന സമിതി (കലാ-കായിക) പാലാങ്കര
2 ഗ്രാമീണവായനശാല – പാലാങ്കര
3 ധന്യയൂത്ത് ക്ലബ് (ഗ്രന്ഥശാല) വെള്ളാരമുണ്ട
4 വൈ. സി. ഒ. – കൽകുളം
5 കവിത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കാരപ്പുറം
6 നിസരി ഗ്രന്ഥശാല - പൂങ്കുളംകൈ
7 ഫ്രാങ്ക്യൂത്ത് ക്ലബ് – മൂത്തേടം
8 അബ്ബുട്ടി സ്മാരക ഗ്രന്ഥശാല -മൂത്തേടം
9 ബ്രദേഴ്സ് കായിക-കലാ സമിതി താളിപ്പാടം
10 എൻ. വൈ. സി. - നെല്ലിക്കുത്ത്
11 P M Y – ചക്കരക്കാടൻകുന്ന്
12 മഹാത്മാഗാന്ധി വായനശാല മരംവെട്ടിച്ചാൽ
13 SOYAC – കാറാടി

എന്നിവ സാംസ്കാരിക രംഗത്ത് സജീവമായ പങ്കു വഹിക്കുന്നു. എന്നാൽ വളരെ മുമ്പ്

തന്നെ വെള്ളാരമുണ്ടയിലും താഴ്കുണ്ട് എന്ന പേരിൽ മരംവെട്ടിച്ചാലിലും ചില പ്രമുഖ വ്യക്തികളും താല്പര്യമെടുത്ത് ഗ്രന്ഥശാലകളും നടത്തിയിരുന്നു.

കൂടാതെ. നെല്ലിക്കുത്ത്, കാരപ്പുറം, വെള്ളാരമുണ്ട, മൂത്തേടം, എന്നിവിടങ്ങളിൽ 4 ജനവിദ്യാ കേന്ദ്രങ്ങളും 2 ജനശിക്ഷണ നിലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.

മൂത്തേടം ഗ്രാമീണ കാർഷിക വ്യവസായ സൊസൈറ്റി കാരപ്പുറം, റബ്ബർ കർഷക വികസന സൊസൈറ്റി എന്നിവയും പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ ഓണാഘോഷം, പഞ്ചായത്ത് മേള, അതോടനുബന്ധിച്ച് വള്ളംകളി എന്നിവ നടത്തിയിരുന്നു. നാടൻ കലകളും അതിനോടനുബന്ധപ്പെട്ട മറ്റു കലകളും പ്രോത്സാഹനമില്ലാതെ നിർജ്ജീവമായിക്കൊണ്ടിരിക്കുന്നു. മേളകളും ഉൽസവങ്ങളും ജനശിക്ഷണ കേന്ദ്രങ്ങളും കായിക കലാ വിനോദ ഉപാധികളും ഇന്ന് മന്ദീഭവിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ പല പോസ്റ്റാഫീസുകളും ടെലിഫോൺ സൗകര്യങ്ങളും കൊണ്ട് വാർത്താ വിനിമയ രംഗത്തെ സജീവമാക്കേണ്ടതുണ്ട്. പ്രോൽസാഹനം ഇല്ലാതെയുള്ള പല മേഖലകളും സജീവമാക്കേണ്ടതുണ്ട്.

പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സജീവ നിയന്ത്രണത്തിൽ വായനശാലകളും, ടെലിവിഷൻ എന്നിവ പ്രവർത്തിപ്പിക്കുകയും അവക്ക് സ്വന്തമായി കെട്ടിടവും വൈദ്യുതി സൗകര്യവും ലഭ്യമാക്കുകയും വേണം.

2 സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

3 കായിക രംഗത്തും കലാരംഗത്തും പ്രോൽസാഹനം നടത്തണം.

4 പഞ്ചായത്ത് ആസ്ഥാനത്ത് ഒരു സാംസ്കാരിക നിലയവും ഒരു സമ്പൂർണ്ണമായ വായനശാലയും പ്രവർത്തിപഥത്തിൽ കൊണ്ടുവരണം.

ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു.

—ഗാന്ധിജി

ഓരോരുത്തരും അവരവരുടെ മനസ്സാക്ഷിയർപ്പിക്കുന്ന
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു.

—ഗാന്ധിജി

പാർപ്പിടം

കർഷകരും കർഷക തൊഴിലാളികളും തിങ്ങിതാമസിക്കുന്ന ഈ പഞ്ചായത്ത് എടക്കര, കരുളായി വില്ലേജിൽ പെട്ടതാണ്. 1980മുതൽ ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ അധികവും കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നവരായതു കൊണ്ട് വീടുകളും അധികവും ഓല മേഞ്ഞതും ഓട് മേഞ്ഞതുമാണ്.

വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ

വാർഡ്	ഓട്	ടെറസ്	ഓല	ടെറസ്/ഓട്	ഇരുനില	കൂടിൽ	ആകെ	വീടില്ലാത്തവർ
1	294	17	30	7		9	357	12
2	415	11	61	8		50	545	15
3	327	5	44	3		26	405	8
4	298	32	98	15	5	68	516	28
5	417	35	31			20	503	5
6	221	16	30			1	268	10
7	200	8	48	9	1	11	277	18
8	234	50	147				431	11
9	209	9	231	4		30	490	7
10	191	6	194	4		25	395	15
ആകെ	2806	189	914	50	6	240	4187	129

പഞ്ചായത്തിലെ 10 വാർഡുകളിലായി ഇടകലർന്ന് റോഡരികിൽ നിർമ്മാണ ചെലവ് കൂടിയതും/ആർഭാടവുമായ വീടുകളും കാണാൻ കഴിയും. കാർഷിക മേഖലയെ ദോഷമായി ബാധിക്കുന്ന രീതിയിൽ വയലുകളും നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിലുണ്ട് കഴിഞ്ഞ 5 വഷ്ത്തിനിടയിൽ ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്ത് നല്ലൊരു കുതിച്ചു ചാട്ടം നടത്തിയിട്ടുണ്ട്. 1990 കാലങ്ങളിൽ ആകെ 2531 ഭേദപ്പെട്ട വീടുണ്ടായിരുന്നത് 1996 കാലങ്ങളിൽ 3051 ആയി വർദ്ധിച്ചിട്ടുണ്ട്

ഭവന നിർമ്മാണ രംഗത്ത് പ്രവത്തിക്കുന്ന ഏറനാട് കാർഷിക വികസന ബാങ്കിന്റെ എടക്കര ശാഖ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ എടക്കര ശാഖ, നിലമ്പൂർ ഹൗസിംഗ് സൊസൈറ്റി, ജില്ലാ ഹൗസിംഗ് ബോർഡ് എന്നിവയിൽ നിന്ന് പഞ്ചായത്തിലെ ജനങ്ങൾക്ക് വായ്പകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും ഇത്തരം ലോണുകൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യം. സാധാരണക്കാർക്ക് കൂടി ലഭിക്കുന്ന തരത്തിൽ പലിശ, ജാമ്യാവസ്ഥ എന്നിവയിൽ ഇളവു വരുത്തേണ്ടതാണ്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 മൂന്ന് സെൻറും അതിനു മുകളിലുമുള്ള മുഴുവൻ ഉപഭോക്താക്കൾക്കും ലോൺ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2 വീട് വെക്കാൻ സ്ഥലമില്ലാത്ത കർഷക തൊഴിലാളികൾക്ക് വീടുവെക്കാനുള്ള സ്ഥലത്തിന് വായ്പ അനുവദിക്കുക.
3 നിലവിലുള്ള പലിശ നിരക്കിൽ കുറവ് വരുത്തുക. പഞ്ചായത്തിൽ ഒരു ഭവന വായ്പ സൊസൈറ്റി രൂപീകരിക്കുക.

പഞ്ചായത്തിൽ 121 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സക്കാർ ഏജൻസികളും മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ കുറവാണ്.

ദുർബലരായ വിഭാഗങ്ങൾക്ക് വീട് വെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനങ്ങളിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന പാപ്പിട പ്രശ്നത്തിന് അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹാരം കാണേണ്ടതും അതുവഴി ഗ്രാമത്തിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടും കൂടി സ്വന്തമായി വീടുണ്ടാക്കുക എന്ന ആശയം സമസ്ത ജനവിഭാഗങ്ങളിലും സജീവമാക്കാൻ കഴിയേണ്ടതുമാണ്.

പഞ്ചായത്തിൽ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരം താഴെ ചേർക്കുന്നു.

11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെഎണ്ണം (IRDP സർവ്വെ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ചവീട്	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	61	10	10		51
2	135	10	10		125
3	147	10	10		137
4	127	10	10		117
5	83	8	8		75
6	57	9	9		48
7	60	10	10		50
8	95	10	9	1	85
9	154	15	14	1	139
10	97	18	18		79
ആകെ	1016	110	108	2	906

ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവന്റെ സ്വന്തമായ വീട് എന്ന ആഗ്രഹം വെറുമൊരാഗ്രഹമായി ശേഷിക്കുവേ സർക്കാരിൽ നിന്നും കിട്ടിയ ആനുകൂല്യങ്ങളും കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

75-76 കാലങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 5 രൂപയും അവിദഗ്ദ തൊഴിലാളികൾക്ക് 3 രൂപയും 93-94 വർഷങ്ങളിൽ യഥാക്രമം 75 ഉം 80 ഉം രൂപയായും 50 ഉം 55 ഉം രൂപയായും 95-96 വർഷമായപ്പോഴേക്കും 125ഉം 140ഉം രൂപയായും 80ഉം 100ഉം രൂപയായും നിൽക്കുന്നു. സ്ത്രീ തൊഴിലാളിയെ പഞ്ചായത്തിൽ വിദഗ്ദ തൊഴിലാളികളായി അറിയപ്പെടുന്നില്ല. അവിദഗ്ദ തൊഴിലാളികളായ സ്ത്രീകളാണ് പഞ്ചായത്തിൽ കൂടുതലും.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ് 87-88 കാലങ്ങളിൽ 70രൂപയും 92-94 കാലങ്ങളിൽ 150 രൂപയും 95-96 വഷ്ങ്ങളിൽ 180 രൂപയായും എത്തിനിൽക്കുന്നു. 87-88 ൽ ഒരു ലോഡ് കരിങ്കല്ലിന് 400 രൂപയായിരുന്നത് 95-96 ആയപ്പോഴേക്കും 1200 രൂപയായി വർദ്ധിച്ചിരിക്കുന്നു. ചെങ്കല്ല് അപര്യാപ്തമായ ഗ്രാമമായതുകൊണ്ട് 90% ജനങ്ങളും വീട് കെട്ടുകൊണ്ട് വീട് നിർമ്മിക്കുന്നു. 84-85 ൽ വിറക് 1 ടണ്ണിന് 300 രൂപയായിരുന്നത് 95-96 ആയപ്പോഴേക്കും 1200 രൂപയിൽ എത്തിനില്ക്കുന്നു.

85-86 ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000 എണ്ണത്തിന് 2500 രൂപയുള്ളത് 95-96 ആയപ്പോഴേക്കും 5000 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് 10 വർഷം കൊണ്ട് മൂന്ന് ഇരട്ടി വർദ്ധനവ് കാണിക്കുന്നു.

കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങൾ RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും, രാജീവ് ദ്രുലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കുവാനും വായ്പകളുടെ സാങ്കേതികവും സാമ്പത്തീകവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതാണ്.

റവന്യൂവകുപ്പ് വഴി പ്രകൃതി ക്ഷോഭത്തിൽ വീട് തകർന്നവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം വളരെ കുറഞ്ഞ ആളുകൾക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ.

പഞ്ചായത്തിൽ ലക്ഷംവീട് കോളനി ഒന്നുംതന്നെയില്ല. എന്നാൽ ഒന്നാം വാർഡിലെ കല്ലുവെട്ടികുന്ന്, പാലക്കുന്ന്, രണ്ടാം വാർഡിലെ പെരുപാറ, പൂവുണ്ടക്കുന്ന്, മൂന്നാം വാർഡിലെ ചെട്ട്യാരങ്ങാടി, ചക്കരക്കാടൻകുന്ന്, നാലാം വാർഡിലെ ചെമ്മംതിട്ട, മൂച്ചിപ്പുര, അഞ്ചാം വാർഡിലെ തടപ്പറമ്പ്, ആറാം വാർഡിലെ പനമ്പറക്കുന്ന്, സ്കൂൾകുന്ന്, ഏഴാം വാർഡിലെ പുതുപായി, എട്ടാം വാർഡിലെ പാലാങ്കര, ഒൻപതാം വാർഡിലെ ചേരളമുണ്ട, പനമ്പറ, വട്ടപ്പാടം, പത്താം വാർഡിലെ ബാലംകുളം എന്നീ പ്രദേശങ്ങളും ജനങ്ങളും കൂടുതലും തിങ്ങിതാമസിക്കുന്നു.

പാർപ്പിട രംഗത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. സംഘം മുഖേന കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, കമ്പി, ഇഷ്ടിക, ഓട് എന്നിവ വിതരണം ചെയ്യുക. ഇത്തരം ഭവന നിർമ്മാണ വായ്പകൾക്ക് സബ്സിഡി നൽകുക.

2 സർക്കാർ വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക,

3 രാജീവ് ദ്രുലക്ഷ പാർപ്പിട പദ്ധതിക്കുള്ള വായ്പാ ഫോറം ഗ്രാമ പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.

4 ഭവന വായ്പകൾക്ക് രജിസ്റ്റർ ഫീസ് ഇല്ലാതാക്കുക.

5 ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6 സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുക.

7 IAY MWS JRY RLEGP എന്നിവ 22600 ൽ നിന്നും 35000രൂപയാക്കുക.

8 രാജീവ്ദ്രുലക്ഷ പാർപ്പിട പദ്ധതി 29000 രൂപയിൽ നിന്നും 35000 രൂപയാക്കി വർദ്ധിപ്പിക്കുക.

9 പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000 ക. യിൽ നിന്നും 35000 ക. യാക്കി വർദ്ധിപ്പിക്കുക.

10 ഭൂമിയില്ലാത്തവർക്ക് 5 സെൻറ് ഭൂമി സൗജന്യമായി നൽകുക.

5വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹാരം കാണാൻ നമുക്ക് ഒട്ടായ്മയോടെ ഒന്നിക്കാം.

സഹകരണം

കാർഷിക മേഖലയിൽ കടബാദ്ധ്യതയിൽ കിടന്ന് നട്ടംതിരിയുന്ന കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ൽ ഭാരതത്തിലെ സഹകരണ നിയമം നിലവിൽ വന്നു. പ്രസ്തുത നിയമപ്രകാരം സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുപോന്നിരുന്നു. എന്നാൽ 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 1969ലെ 21-ാമത്തെ നിയമം ആയി 'കേരളാ സഹകരണ സംഘം നിയമം 1969' നിലിൽവന്നു. അതേതുടർന്ന് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുംവിധം സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ഒരു സഹകരണ ബാങ്ക് എന്ന തത്വം അംഗീകരിച്ചുവന്നപ്പോൾ നമ്മുടെ പഞ്ചായത്തിനും സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.

1981-ൽ ശ്രീ. വി. പി. അഹമ്മദ്കുട്ടി ചീഫ് പ്രമോട്ടറായിട്ടുള്ള അഞ്ചംഗ സമിതിയാണ് മൂത്തേടത്ത് ബാങ്കിംഗ് മേഖലയിലുള്ള ആദ്യത്തെ സംരംഭമായ മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിനു തുടക്കം കുറിച്ചത്.

വിവിധ മേഖലകളിലായി സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 9 ക്ഷീര സഹകരണ സംഘങ്ങൾ ഒരു മൃതസഞ്ജീവനി സഹകരണ സംഘം ഒരു സെറികൾച്ചർ സംഘം ഒരു വനിതാ സഹകരണ സംഘം ഒരു സുഗന്ധവിള കർഷക സംഘം മൂന്ന് റബ്ബർ ഉല്പാദക സംഘം (പാലാങ്കര, താളിപ്പാടം, പുതുവായ്) എന്നിവയാണ്. ഇതിൽ ചില സംഘങ്ങളുടെ പ്രവർത്തനം ഇന്ന് നിലവിലില്ല. അവ സെറികൾച്ചർ, സുഗന്ധവിള, വനിതാ സഹകരണ സംഘം താളിപ്പാടം റബ്ബർ ഉല്പാദകസംഘം എന്നിവയാണ്

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷിക മേഖലയിൽ മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. സ്ത്രീ സഹകരണ സംഘങ്ങൾ മൂന്നെണ്ണം പഞ്ചായത്തിന്റെ പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തിവരുന്നു. പഞ്ചായത്തിൽ 9 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ മൂത്തേടം മൃതസഞ്ജീവനി സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ഉല്പാദനം തുടങ്ങിയിട്ടില്ല.

കാർഷിക മേഖല.

ഏകദേശം നാലായിരത്തി അഞ്ഞൂറോളം കർഷക കുടുംബങ്ങളുള്ള മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏക സഹകരണ സംഘമായ മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് കാർഷിക കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നു. എന്നാൽ മുഴുവൻ കർഷക്കും അർഹമായ വായ്പ നൽകാൻ ഈ സംഘത്തിനു സാധിക്കുന്നില്ല.

1. മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക്

നാലായിരത്തി അഞ്ഞൂറിൽപരം കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിലുണ്ട്. എന്നാൽ ഈ ബാങ്കിൽ മുഴുവൻ കർഷകരും അംഗങ്ങളല്ല. കഴിഞ്ഞ കാലത്ത് പരമാവധി കർഷകരെ അംഗങ്ങളാക്കി ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായതോതിൽ നിർവ്വഹിക്കുവാൻ രണ്ട് കോടിയിൽപരം രൂപ വർഷം തോറും ആവശ്യമാണ്. എന്നാൽ കഴിഞ്ഞ വർഷത്തിൽ വിതരണം

ചെയ്തത് 2309894 രൂപയാണ്. നബാഡ് നിലവിലുള്ള കാർഷിക വായ്പാ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. വായ്പ എടുക്കുന്നവർ കൃത്യസമയത്ത് തിരിച്ചടക്കാത്തതു കാരണം ബാങ്കിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു. രാസവള വിതരണം ചിട്ടയോടുകൂടി നടക്കുന്നില്ല.

മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 277 മൂത്തേടം പി. ഒ. എന്ന പേരിൽ 1981-ൽ സംഘം പ്രവർത്തനം ആരംഭിച്ചു. പ്രവർത്തന പരിധി ഗ്രാമ പഞ്ചായത്ത് മൊത്തം ഉൾപ്പെട്ടതാണ്. ആകെ 7551 മെമ്പർമാരുണ്ട്. അതിൽ 5844 A ക്ലാസ് മെമ്പർമാരും 1 B ക്ലാസ് മെമ്പറും 1706 C ക്ലാസ് മെമ്പറന്മാരും ഉണ്ട്. അംഗീകൃത ഓഹരി മൂലധനം 765000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 662641 രൂപയും സർക്കാർ ഓഹരി 150000 രൂപയുമാണ്. പരമാവധി കടമെടുക്കാവുന്ന തുക 9939615 രൂപയും പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരം നിക്ഷേപം 1934923.95 രൂപയും ഹ്രസ്വകാല നിക്ഷേപം 1194758.20 രൂപയുമാകുന്നു. ജീവനക്കാർ സ്ഥിരം 5ഉം മറ്റുള്ളവർ 3ഉം ആകെ 8ഉം ആകുന്നു.

ദീർഘകാല വായ്പ.

നിലമ്പൂർ താലൂക്ക് പ്രവർത്തന പരിധിയിലുള്ള എടക്കര കാർഷിക ഗ്രാമവികസന ബാങ്ക് ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘകാലവായ്പ നൽകി വരുന്നു. കാർഷിക മേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണം കർഷകർ വായ്പ വിനിയോഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ

ഖാദി ഗ്രാമവ്യവസായ ബോഡിന്റെ കീഴിൽ മൂത്തേടത്ത് മൃതസഞ്ജീവനി സഹകരണ സംഘത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏകദേശം നൂറുപേർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്ന ഈ സ്ഥാപനം ഇന്ന് ഖാദി ബോഡിൽ നിന്ന് അനുവദിച്ചു കിട്ടിയ തുക ഉപയോഗിച്ച് കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്.

പാർപ്പിട പ്രശ്നം

മൂന്നു ഭാഗം പുഴകളാലും ഒരു ഭാഗം വനത്താലും ചുറ്റപ്പെട്ട കിടക്കുന്ന ഈ പഞ്ചായത്തിൽ സ്വന്തമായി ഭവനം ഉള്ളവർ എഴുപത്തഞ്ച് ശതമാനത്തോളമാണ്. സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന സഹായം കൊണ്ടും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പ ഉപയോഗപ്പെടുത്തിയുമാണ് പല കുടുംബങ്ങളും ഭവന നിർമ്മാണം നടത്തുന്നത് ഭവന നിർമ്മാണ വായ്പ നൽകുന്ന നിലമ്പൂർ റൂറൽ ഹൗസിങ്ങ് സഹകരണ സംഘം, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ഈ മേഖലയിലുണ്ട്, എന്നാൽ ഫണ്ടുകളുടെ അപര്യാപ്തത മൂലം ഈ സംഘങ്ങൾക്ക് വർദ്ധിച്ചു വരുന്ന ആവശ്യം നിറവേറ്റാൻ സാധിക്കുന്നില്ല.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷികമേഖല

1 എല്ലാ കർഷകരെയും അംഗങ്ങളാക്കി മൂത്തേടം സർവ്വീസ് സഹകരണ സംഘത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

2 വ്യാപകമായി നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക. ഇങ്ങനെ ലഭിക്കുന്ന തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. (കൺസ്യൂമർ വായ്പ, സ്വർണ്ണപണയ വായ്പ, ഭവനനിർമ്മാണ വായ്പ മുതലായവ)

3 ബാങ്കിന്റെ കീഴിൽ ചിട്ടി നടത്തുക.

4 കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സംഘത്തിൽ സൂക്ഷിക്കുകയും

അതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തിലെയും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

5 ഓരോ കർഷകനും ഒരു വർഷത്തേക്കു ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പുതന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക

6 കാഷ്ടിക ആവശ്യത്തിനായി നബാഡിൽ നിന്നും കൺസഷനൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.

7 സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടി സക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യുക.

8 വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി കർഷകന്റെ ആവശ്യം കണക്കിലെടുത്ത് ഉയർത്തുക. മൂത്തേടം സർവ്വീസ് സഹകരണ ബാങ്ക് ആദ്യ ജാമ്യത്തിൽ രണ്ടായിരം രൂപയാണ് നൽകി വരുന്നത്.

9 വളവും കാർഷികോപരണങ്ങളും വിതരണം ചെയ്യുവാനും കർഷക ഉല്പന്നങ്ങൾ സംഭരിക്കുവാനും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. എല്ലാ ഭാഗത്തുള്ള വർക്കും വളവും കാർഷികോപകരണങ്ങളും ലഭ്യമാക്കുക.

10 കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ കർഷകരെ സഹായിക്കുവാൻ അവ സെക്യൂരിറ്റി ആയി വാങ്ങികൊണ്ട് ''കിലോൺ'' അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാക്കുക. ഉല്പന്ന സംഭരണത്തിനായി ഗോഡൗൺ നിർമ്മിക്കുവാൻ കർഷകർക്ക് സബ്സിഡി നിരക്കിൽ വായ്പ അനുവദിക്കുക.

11 മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിനു കാരപ്പുറത്ത് ബ്രാഞ്ച് തുറക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.

12 ധാരാളം നാളികേരം ലഭിക്കുന്ന ഈ പ്രദേശത്ത് കേരവികസനത്തിനു ഒരു ''കോക്കനട്ട് ഗ്രോവേസ്'' സഹകരണ സംഘം രൂപീകരിക്കുക. കൊപ്രസംഭരണത്തിനു മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിൽ സംവിധാനം ഏർപ്പെടുത്തുക. തെങ്ങ് കെട്ടുലോൺ അനുവദിക്കുക. തൊണ്ട് നാളികേരം എന്നിവ സംഘം മുഖേന ശേഖരിച്ച് വില്പന നടത്തുക.

13 മൂത്തേടം പഞ്ചായത്തിന്റെ ഏകദേശം മൂന്നിൽ ഒരു ഭാഗം നെൽപ്പാടങ്ങളായിരുന്നു. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറികൊണ്ടിരിക്കയാണ് സർക്കാരിൽ നിന്നും നെൽകൃഷിക്കാർക്ക് നൽകിവരുന്ന സബ്സിഡി നാമ മാത്രമാണ്. ഒരു ഹെക്ടറിനു ചുരുങ്ങിയത് രണ്ടായിരം രൂപയെങ്കിലും സബ്സിഡിയായും മേൽത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതി യന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം. ഇതിനായി നിലവിലുള്ള പാടശേഖര കമ്മറ്റികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

14 ദീർഘകാല വായ്പകൾ നൽകി വരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതമാക്കുകയും പഞ്ചായത്തുകൾ തോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം ജനകീയവൽക്കരിക്കണം.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ.

മൂത്തേടം ഗ്രാമ പഞ്ചായത്തിൽ കാരപ്പുറം, കൽക്കുളം, താളിപ്പാടം, ചെമ്മന്തിട്ട, ചേലക്കടവ്, മൂത്തേടം, മുപ്പിനി, വെള്ളാരമുണ്ട, വട്ടപ്പാടം എന്നീ പ്രദേശങ്ങളിൽ ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഒരു

ദിവസം 2250 ലിറ്റർ പാൽ ഈ സംഘങ്ങം മുഖേന സംഭരിക്കുകയും കയറ്റി അയക്കുകയും ചെയ്യുന്നു. കന്നുകാലി വളർത്തലിന് ഏറ്റവും അനുയോജ്യമായ ഈ പ്രദേശത്ത് നല്ലയിനം കറവ മാടുകളെ സംഘം മുഖേന വിതരണം ചെയ്യുകയും ഒരു കന്നുകാലി ഫാം സംഘങ്ങളുടെ കീഴിൽ നടത്തുകയും ചെയ്യുകയാണെങ്കിൽ പാലിന്റെ അളവ് പതിന്മടങ്ങു വർദ്ധിപ്പിക്കാൻ സാധിക്കും. നിലവിലുള്ള സംഘങ്ങൾക്ക് പുറമെ പാലാങ്കര, മരത്തിൻകടവ് എന്നീ പ്രദേശത്തുകൂടി ഓരോ സംഘങ്ങം ആരംഭിക്കണം.

മൂത്തേടം ഗ്രാമ പഞ്ചായത്ത്

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

(ആപ്കോസ്)

നമ്പർ.	സംഘത്തിന്റെ പേര്	മെമ്പർമാർ A Class	മെമ്പർമാർ B Class	ദിനംപ്രതി ലഭിക്കുന്ന പാൽ	ജീവനക്കാർ
1	കാരപ്പുറം	60	222	275 ലി	3
2	ചെമ്മംതിട്ട	35	18	150 ലി	3
3	താളിപ്പാടം	54	187	200 ലി	3
4	കൽക്കുളം	52	254	230 ലി	3
5	മുപ്പിനി	40	92	160 ലി	3
6	ചേലക്കടവ്	48	164	250 ലി	3
7	വട്ടപ്പാടം	75	185	355 ലി	3
8	വെള്ളാരമുണ്ട	44	199	200 ലി	3
9	മൂത്തേടം	60	198	210 ലി	3

മറ്റു നിർദ്ദേശങ്ങൾ.

1 ധാരാളം കന്നുകാലികളുള്ള ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ സംഘം രൂപീകരിക്കേണ്ടതാണ്.

2 കന്നുകാലികൾക്ക് വിവിധ രോഗങ്ങൾ പിടിപെടുന്ന ഈ കാലഘട്ടത്തിൽ മൃഗ സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കാൻ രണ്ടോ, മൂന്നോ മൃഗാശുപത്രി സ്ഥാപിക്കുക. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയെ നിലവിലുള്ളൂ.

3 ക്ഷീര കർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംഘങ്ങൾ മുഖേന വിതരണം ചെയ്യുക.

4 പാലിൽ നിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കുക. പാലിന്റെ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക,

കയർ സഹകരണ സംഘം.

ധാരാളം തെങ്ങു കൃഷിയുള്ള ഈ പ്രദേശത്ത് ഒരു കയർ സഹകരണ സംഘം ഇല്ലാത്തതു ഇവിടുത്തെ തൊഴിൽ രഹിതരായ കർഷക സ്ത്രീകൾക്ക് തൊഴിൽ നിഷേധിക്കുന്നേ ഒരവസ്ഥ ഉണ്ടാക്കിയിരിക്കയാണ്. ആയതിനാൽ ഈ പഞ്ചായത്തിൽ ഒരു കയർ സഹകരണ സംഘം സ്ഥാപിക്കുക.

കൺസ്യൂമർ മേഖല.

നിത്യോപയോഗ സാധനങ്ങൾക്ക് അന

ദിനം വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്തിലെ വ്യാപാരികളും അമിത വില ഈടാക്കുന്ന അവസ്ഥ ഇല്ലാതിരിക്കാൻ കൺസ്യൂമർ സംഘം സ്ഥാപിക്കുകയും സംഘങ്ങൾക്ക് വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷനു വരുന്ന നഷ്ടം മാതിരി കണക്കാക്കി സർക്കാരിൽനിന്നും സബ്സിഡി അനുവദിച്ച് നഷ്ടം നികത്തുക.

തൊഴിൽ സാദ്ധ്യതകൾ

ധാരാളം കർഷക തൊഴിലാളികളും താമസിക്കുന്ന മൂത്തേടം പഞ്ചായത്തിൽ സഹകരണ മേഖലയിലോ മറേറാ യാതൊരു വിധ വ്യവസായവും വ്യവസായ സഹകരണ സംഘവും നിലവിൽ ഇല്ല. തൊഴിൽ ചെയ്യാൻ താല്പരരായ യുവതീ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ മേഖലയിൽ താഴെ പറയുന്ന വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

1 മൂത്തേടം കേന്ദ്രമായി ഒരു ടൈൽ സഹകരണ സംഘം, കയർ വ്യവസായസംഘം, പാൽ ഉല്പന്ന സഹകരണ സംഘങ്ങൾ, ഖാദിവ്യവസായ ബോഡിന്റെ കീഴിൽ തേനീച്ച വളർത്തൽ സംഘം, പട്ടുനൂൽ വ്യവസായ സഹകരണ സംഘം, ആദിവാസി സഹകരണ സംഘം. പട്ടികജാതി സഹകരണ സംഘം, പരമ്പരാഗത തൊഴിലാളി സഹകരണ സംഘം, റബ്ബർ ഉല്പാദക സഹകരണ സംഘം, നെയ്ത്ത് സഹകരണ സംഘം, തയ്യൽ പരിശീലന കേന്ദ്രം കരകൗശല സംഘം ടാപ്പിംഗ് തൊഴിലാളി സഹകരണ സംഘം, മുതലായവ ആരംഭിച്ചാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കും. പച്ചമരുന്നു കൃഷിയും സംസ്കരണവും ആയുർവേദ മരുന്നുകളുടെ വിതരണവും ലക്ഷ്യമാക്കി പുതിയ സഹകരണ സംഘം ആരംഭിക്കുക.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്ക് ഈ പഞ്ചായത്തിൽ മൊത്തം പത്തു കോടി രൂപയെങ്കിലും മുതൽ മുടക്കിയാൽ ആയിരം പേർക്ക് പ്രത്യക്ഷമായും ആയിരം പേർക്ക് പരോക്ഷമായും ജോലിയും മൂത്തേടം പഞ്ചായത്തിലെ അയ്യായിരത്തോളം കുടുംബങ്ങൾക്ക് സാമ്പത്തിക ഭിവൃദ്ധിയും ഉണ്ടാകുന്നതാണ്. മൂത്തേടം ഗ്രാമ പഞ്ചായത്തിലെ 10 ഗ്രാമ സഭകളും ചർച്ച ചെയ്തു സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്തു ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയാറാക്കിയിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി മൂത്തേടം ഗ്രാമ പഞ്ചായത്തിലെ കാർഷിക തൊഴിൽ രംഗങ്ങളിൽ സമഗ്രമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ മൂത്തേടം പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



LUU 97

ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽനിന്നും
മോചിപ്പിക്കുന്നതിൽ
ഞാൻ വിജയിക്കുമ്പോൾ
ഞാൻ സ്വാതന്ത്ര്യം കൈവരിക്കും.

മഹാത്മാഗാന്ധി.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 8.67 ശതമാനമായ 1880 അംഗങ്ങളും പട്ടിക ജാതിയും 2.51 ശതമാനമായ 546 അംഗങ്ങളും പട്ടികവർഗ വിഭാഗത്തിലും പെട്ടവരാണ്. ഇതിൽ തന്നെ 8 പട്ടികജാതി കോളനികളും 18 പട്ടിക വർഗ്ഗ കോളനികളും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

അംഗീകരിച്ച കോളനികളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	വാർഡ്	പട്ടികജാതി കോളനികളുടെ പേരു്	വീടുകളുടെ എണ്ണം
1	2	പെരുപാറ	8
2	3	മരത്തിൻകടവ്	12
3	4	ചെമ്മംതിട്ട	10
4	5	ചാമപറമ്പ്	12
5	8	ചീരപ്പാടം	13
6	9	പനമ്പറ	12
7	9	വട്ടപ്പാടം	10
8	10	കൽക്കുളംകോരൻകുന്ന്	14

പട്ടിക 2

ക്രമ നമ്പർ	വാർഡ്	പട്ടികവർഗ്ഗ കോളനികളുടെ പേര്	വീടുകളുടെ എണ്ണം
1	1	നെല്ലിപൊയിൽ	10
2	2	നെല്ലിക്കുത്ത്	11
3	2	പൂളകപ്പാറ	11
4	3	താളിപ്പാടം	10
5	3	മരത്തിൻകടവ്	11
6	3	താളവൻകൊല്ലി	8
7	4	മൂച്ചിപ്പുരത	9
8	4	മേലെകാരോട്	9
9	4	താഴെകാരോട്	9
10	5	വരക്കോട്	10
11	6	പുതുവായ്	8
12	8	ചീരപ്പാടം	8
13	8	പാലാങ്കര	8
14	9	പനമ്പറ	12
15	9	വട്ടപ്പാടം	9
16	10	കൽക്കുളം	10
17	10	കൽക്കുളം എറനാടൻ	8
18	10	പൂങ്കുളംകൈ	9

ബാലംകുളം പട്ടികജാതി കോളനി അംഗീകാരത്തിനായുള്ള സർവ്വെ കഴിഞ്ഞിട്ടുണ്ട്. താഴെ പറയുന്ന കോളനികളും അംഗീകരിക്കേണ്ടതുണ്ട്

ക്രമനമ്പർ	വാർഡ്	കോളനികളുടെ പേര്
1	1	താഴെചെമ്മംതിട്ട മില്ലുപടി
2	2	പച്ചളിപ്പാടം
3	2	പൂമുണ്ട
4	3	ചെട്ട്യാരങ്ങാടി
5	3	ചക്കരക്കാടൻകുന്ന്
6	5	പൂളപൊയ്ക
7	6	കട്ടിക്കൈ
8	7	ചോലയിൽ
9	8	വടക്കേക്കൈ
10	9	നാരങ്ങാപൊട്ടി

മുൻകാലങ്ങളിൽ സമൂഹിക രംഗത്തും ജാതി വ്യവസ്ഥയിലകപ്പെടുകയും സാമ്പത്തിക രംഗത്തു ചൂഷണത്തിനു് വിധേയരാവുകയും ചെയ്തതു മൂലം ഈ വിഭാഗത്തിനു് സാമൂഹിക-സാമ്പത്തിക രംഗത്തു് ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ല. ഉച്ചനീചത്വത്തിൽ നിന്നു് പൂർണ്ണമായും മോചനം നേടുവാനോ സാമ്പത്തിക, വിദ്യഭ്യാസ തൊഴിൽ മേഖലകളിലെ സ്ഥിതി മെച്ചപ്പെടുത്തുവാനോ കഴിഞ്ഞിട്ടില്ല.

സർക്കാർ ഭാഗത്തുനിന്നു് സഹായങ്ങൾ ഏറെയുണ്ടെങ്കിലും അതേകുറിച്ചറിയുന്നവർ വളരെ വിരളമാണു്. പദ്ധതിയെ കുറിച്ചറിയുന്നവരിൽ തന്നെ അതു് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയാത്തവരാണു് അധികവും ഉദ്യോഗസ്ഥ തലങ്ങളിൽ നിന്നോ, രാഷ്ട്രിയ-സാമൂഹ്യമണ്ഡലങ്ങളിൽ നിന്നോ ഈ വിഭാഗത്തിന്റെ പുരോഗതിക്കായി ആത്മാർഥമായി പ്രവർത്തിക്കുന്നവർ വളരെ കുറവാണു്. എങ്കിലും നിരവധി സഹായപദ്ധതികളും ചിലതെങ്കിലും സർക്കാർ ഏജൻസി വഴി കോളനികളിൽ എത്തി കാണുന്നതു് കൊണ്ടു് ഭാഗികമായ ചില നേട്ടങ്ങളും കാണാൻ കഴിയും.

വിദ്യാഭ്യാസം

വിദ്യഭ്യാസപരമായി വളരെ പിന്നോക്കം തന്നെയാണു്. കോളനികളിൽ നിരക്ഷരർ ഇപ്പോഴും കൂടുതലാണു്. ഉച്ചക്കുളം ഗിരിജൻ കോളനിയിൽ ഒരു എൽ. പി. സ്ക്കൂളും ഒരു അംഗനവാടിയുമുണ്ടു്. എന്നാൽ സ്കൂളിലും അംഗനവാടിയിലും എത്തുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണു്. പ്രൈമറി വിദ്യഭ്യാസം കഴിഞ്ഞാൽ യു പി, എച്ചു് എസു് -ൽ എത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വളരെ പിന്നോക്കമാണു്. ഗിരിജനങ്ങളായ മാതാപിതാക്കൾ തൊഴിൽ തേടിവനത്തിൽ പോകുമ്പോൾ കൂടെ കുട്ടികളും അനുഗമിക്കുന്നു. ഇതു കാരണം വിദ്യഭ്യാസപരമായി ഉയരാനോ പ്രാഥമിക വിദ്യഭ്യാസം പോലും നേടാനോ ഈ വിഭാഗത്തിനു് കഴിയുന്നില്ല.

പട്ടികജാതിയിൽപ്പെട്ടവരിൽ തന്നെ ന്യൂനപക്ഷം വിഭാഗം കുട്ടികൾ സ്കൂളിൽ നിന്നു് പൊഴിഞ്ഞു് പോകുന്നുണ്ടു്. സാമ്പത്തിക ഞെരുക്കമോ, കുടുംബ ബാധ്യതയോ ഇതിനൊരു കാരണമായി കാണാം. വിദ്യഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനു് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തേണ്ടതുണ്ടു്.

96-97 അദ്ധ്യായന വർഷത്തിൽ പഠിക്കുന്ന കുട്ടികളുടെ വിവരം താഴെചേർക്കുന്നു.

എൽ. പി. സ്ക്കൂൾ	384	എണ്ണം
യു. പി.	186	,,
ഹൈസ്ക്കൂൾ	84	,,

S.S.L.C. പരാജയപ്പെട്ടാൽ തുടർന്നു പഠിക്കുന്നതിനു് തയ്യാറാവുന്നില്ല, S.S.L.C. ഉപരി വിദ്യഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണു്. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടതാണു്.

തൊഴിൽ

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്തു് ഉപജീവനം കഴിച്ചുവരുന്നവരാണു്. പട്ടികവർഗ കുടുംബങ്ങളാവട്ടെ കാട്ടിലെ വിഭവങ്ങൾ സമാഹരിച്ചു് ഉപജീവനം കഴിച്ചു് വരുന്നു. എന്നാൽ ചിലയിടങ്ങളിൽ ഈ അടുത്ത കാലത്തായി കാർഷിക രംഗങ്ങളിലുണ്ടായ തകർച്ച ഈ വിഭാഗങ്ങളുടെ തൊഴിൽ കുറയുകയും തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്കു് പോകുവാൻ നിർബന്ധിതരായിരിക്കുകയുമാണു്. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണു് എത്തിച്ചേർന്നിരിക്കുന്നതു്. ഈ രംഗത്തു് മതിയായ കൂലി ലഭിക്കുന്നതിനാൽ കാർഷികരംഗം വിട്ടു നിർമ്മാണ രംഗത്തേക്കുവരാൻ ഈ വിഭാഗം ഉത്സാഹം കാണിക്കുന്നു. ഇതു മൂലം കാർഷികരംഗത്തും തൃപ്തികരമായ കൂലി കൊടുക്കുവാൻ കൃഷിയുടമകൾ തയ്യാറായി. കൂലി വേല ചെയ്തു് ഉപജീവനം കഴിക്കുന്ന ഈ വിഭാഗത്തിനു് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുകയും ആരംഭിക്കുകയും ചെയ്യേണ്ടതുണ്ടു്.

കാർഷിക ജോലികളും മിക്കതും സീസണിലായതു കൊണ്ടു മറ്റു സമയങ്ങളിൽ ചെയ്യാൻപറ്റുന്ന കൈതൊഴിലുകളിൽ പ്രാവിണ്യം നേടേണ്ടതുണ്ടു്.

IRDP സർവ്വെ പ്രകാരം 130 പട്ടികജാതി കുടുംബങ്ങളും 75 പട്ടികവർഗ കുടുംബങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ഇവരിൽ 77 പട്ടികജാതി കുടുംബങ്ങൾക്കും 45 പട്ടികവർഗ കുടുംബങ്ങൾക്കും സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടു്.

പാർപ്പിടം

കോളനികളിൽ സർക്കാർ പദ്ധതികളിലൂടെ പാർപ്പിടപ്രശ്നത്തിനു് ഏറെ കുറെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടു് എന്നുള്ളതു് ആശാവഹമായ കാര്യമാണെങ്കിലും ഇടകലർന്നു താമസിക്കുവർക്കു് ഈ ആനുകൂല്യം ലഭിക്കാത്തതുകൊണ്ടു് പൂർണ്ണമായ പാർപ്പിടസൗകര്യം ലഭ്യമായിട്ടില്ല. ലഭ്യമായവർക്കു തന്നെ പരിമിതമായ സൗകര്യങ്ങളും മാത്രമേയുള്ള. കാരണം അപര്യാപ്തമായ തുക കൊണ്ടു് പണിതീർക്കാൻ ഉപഭോക്താവു് ശ്രമിക്കുമ്പോൾ സൗകര്യങ്ങളും തീരെ കുറഞ്ഞു് വരുന്നു. ഇതിനു് പരിഹാരമായി ഇപ്പോൾ ഇവർക്കനുവദിക്കുന്ന പദ്ധതി തുകയിൽ ഗണ്യമായ വർദ്ധനവു് അത്യന്താപേക്ഷിതമാണു്.

വീടു വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്കു് സ്ഥലവും വീടു വെക്കാനുള്ള ധനസഹായവും പുനരധിവാസപദ്ധതിപ്രകാരം അനുവദിച്ചുകൊടുത്താൽ പാർപ്പിടപ്രശ്നത്തിനു് ഒരളവോളം പരിഹാരംകാണാൻ കഴിയും. ഒന്നിച്ചു താമസിക്കുന്ന കുടുംബങ്ങൾക്കു് ഈ പദ്ധതിയിലൂടെ പുതിയ വീടു് നിർമ്മിച്ചുകൊടുക്കേണ്ടതാണു്.

പല കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല അതുപോലെ മിക്ക വീടുകൾക്കും കക്കൂസു് നിലവിലില്ല ഇതുമൂലം വളരെയധികം പ്രയാസമനുഭവിക്കുന്നുണ്ടു്. ഓരോ വീടിനും കക്കൂസു് നിർബന്ധമായും അനുവദിച്ചു കൊടുത്തുകൊണ്ടു് ഈ പ്രശ്നത്തിനു് പരിഹാരം കാണാവുന്നതാണു്.

ആരോഗ്യം

ആരോഗ്യരംഗത്തു് പട്ടികജാതി വിഭാഗങ്ങളും കുറഞ്ഞ ബോധവാൻമാരാണെങ്കിലും, പട്ടികവർഗ വിഭാഗങ്ങളും ഇക്കാര്യത്തിൽ ഒട്ടും ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണു് വാസ്തവം. ഈ രണ്ടു വിഭാഗത്തിൽ പെട്ടവരുടെയും ആരോഗ്യ സംരക്ഷണപ്രവർത്തനങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണു് നമ്മുടെ പഞ്ചായത്തു് തുരുത്തായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ആരോഗ്യരംഗത്തു് ഹാനികരമായിരിക്കുന്ന പ്രവണതയാണു്. ഇതു മൂലം പല പ്രദേശങ്ങളിലും പല സാംക്രമിക രോഗങ്ങളും പിടിപെടുന്നു. ഇതിനു പ്രധാനപ്പെട്ട കാരണം പല വീടുകളിലും ശുചിത്വം ഇല്ല എന്നുള്ളതാണു്. ആരോഗ്യ രംഗത്തുജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാർ മാസാന്തം കോളനികളിൽ പോവുകയും അവർക്കു് പ്രബോധവൽക്കരണം നടത്തേണ്ടതും ആരോഗ്യരംഗത്തെക്കുറിച്ചു് അവരെ ബോധവാൻമാരാക്കേണ്ടതും അത്യന്താപേക്ഷിതമാണു്.

പ്രശ്നങ്ങൾ

1. ആവശ്യത്തിനു് വീടില്ലാത്തതു് കൊണ്ടു് ഒരു വീട്ടിൽതന്നെ ഒന്നിൽ കൂടുതൽ കുടുംബങ്ങളും താമസിക്കേണ്ടിവരുന്നു.

2. കോളനികളിൽ കുടിവെള്ളമില്ല. 2 കോളനികളൊഴികെ മറ്റൊരു കോളനിയും വൈദ്യുതിയില്ല. ആവശ്യത്തിനു് കക്കൂസുമില്ല.

3 തൊഴിൽ സാധ്യത കുറഞ്ഞു വരുന്നതുകൊണ്ടു് ജീവിതം പ്രതിസന്ധിയിലാവുന്നു.

4. ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ അഭാവംമൂലം ചിലപ്രത്യേക രോഗങ്ങളും കോളനികളിൽ നിലനിൽക്കുന്നു.

5 IRDP പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.

6 പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ കൊണ്ടുവരുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം പദ്ധതിതുകകളും ഇടനിലക്കാർ കൈക്കലാക്കുന്നു

7 വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. സ്ത്രീകളിൽ അധികവും വിദ്യാർത്ഥികളും സ്കൂളിൽനിന്നും പൊഴിഞ്ഞുപോകുന്നു.

8 പട്ടികജാതികോളനികളും അംഗീകരിക്കാൻ 10 വീടുകളും എന്നതു് 5 വീടുകളായി ചുരുക്കുക.

സാധ്യതകൾ

ആവശ്യമായ സ്ഥലം കൈവശമുള്ളതുകൊണ്ട് പുനരധിവാസ പദ്ധതി വ്യാപിപ്പിച്ച് പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുകയും മറ്റു മതവിഭാഗങ്ങളുടെ ഇടയിൽ ഇവർക്ക് വേണ്ട കോളനികൾ സ്ഥാപിച്ചാൽ സാംസ്കാരികമായും വിദ്യാഭ്യാസപരമായും കൂടുതൽ ഉയർച്ചയിൽ എത്താൻ ഈ വിഭാഗങ്ങൾക്ക് കഴിയും

4, 5 വാർഡുകളിൽ കിടക്കുന്ന ചാമപ്പറമ്പ് കോളനിയിൽ ലൈൻ വലിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ വൈദ്യുതി ലഭ്യമല്ല. 10-ാം വാർഡിലെ കോരംകുന്ന് കോളനി വൈദ്യുതീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കോളനികൾ വൈദ്യുതീകരിക്കാൻ വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്യണം.

വീട് വെക്കുന്നതിനു വേണ്ടി പല പദ്ധതികളിലൂടെ കെ ടുത്ത വിവരങ്ങൾ താഴെ ചേർക്കുന്നു

ക്രമ നമ്പർ	വാർഡ്	ഗുണഭോക്താവിന്റെ പേര്	പദ്ധതികൾ JRY	IAY	അൺടൈഡ് ഫണ്ട്
1	10	ചാത്തൻ കൽക്കളം			,,
2	10	അയ്യു കൽക്കളം			,,
2	10	രാജൻ കൽക്കളം			,,
4	10	കുട്ടൻ കൽക്കളം			,,
5	3	തോട്ടാക്കര മണി മരത്തുംകടവ്			,,
6	3	ചാന്നോലി സരോജിനി			,,
7	4	കാരോടൻ രാമൻ മൂത്തേടം			,,
8	7	തോട്ടുപുറത്ത് അയ്യപ്പൻ കൂറ്റിക്കാട്			,,
9	9	മണക്കാടൻ രാമൻ കൽക്കളം			,,
10	10	അമ്പലക്കൽ ചക്കി			,,
11	1	തുവ്വക്കാടൻ ബാബു ചെമ്മംതിട്ട	JRY		
12	6	തെക്കുംപാടൻ രേവി കാരപ്പുറം	,,		
13	4	തെങ്ങോടിച്ചി കുഞ്ഞിക്കാളി	,,		
14	1	ഓമല മാഞ്ചീരി	,,		
15	7	മാട്ടവൻ സതീശൻ	,,		
16	1	പുളിക്കപറമ്പിൽ ചക്കി ചെമ്മംതിട്ട		IAY	
17	1	കോടംകൊല്ലി ചെള്ളി		,,	
18	2	പൈങ്ങോടൻ നാരായണൻ		,,	
19	2	വെള്ളരിമുണ്ടി കൽക്കളം		,,	
20	3	കൊരമ്പയിൽ വെള്ളര		,,	
21	3	പാമ്പാടിയൻ കുമ്പ		,,	
22	4	കറോടൻ കുപ്പാമി		,,	
23	4	ചണ്ണംകുഞ്ഞൻ		,,	
24	5	ഏറാന്തൊടിക അയ്യപ്പൻ		,,	
25	6	മാട്ടവൻ ശിവൻ കാരപ്പുറം		,,	
26	6	വെള്ളാടൻ കണ്ണൻ ,,		,,	
27	8	എടപ്പിലാൻ കാരി കാരപ്പുറം		,,	
28	8	ലക്കൊടിച്ചി നീലി		,,	
29	9	മണക്കാട് മാരൻ പാലാങ്കര		,,	
30	9	കാഞ്ഞിരവിള സുമതി		,,	
31	10	ചെറുക്കാടൻ ചാമി		,,	
32	11	പൂക്കോടൻ അയ്യപ്പൻ		,,	

പ പ ക്ഷേമം 4 & Last

വിഭവ സമാഹരണം

102

ആധുനിക സാങ്കേതിക വിദ്യ ഉൾക്കൊണ്ടുകൊണ്ടും ലഭ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ഉൽപ്പാദന ക്ഷമതയിൽ പുരോഗതി കൈവരിക്കാൻ, അങ്ങനെ കൈവരിക്കുന്ന പുരോഗതി ദരിദ്ര വിഭാഗങ്ങളുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കൽ എന്നിവയാണ് വികേന്ദ്രീകരണ ആസൂത്രണത്തിൽ വിഭവസമാഹരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളുടെ വിഭവസമാഹരണം പ്രധാനമായും കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി, വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീ, ഉത്സവങ്ങൾക്കും മറ്റുമുള്ള ലൈസൻസ് ഫീസ്, പഞ്ചായത്തുത്തിയിലുള്ള നദികളിൽ നിന്നും മണൽ ലേലം ചെയ്തു കിട്ടുന്ന വരുമാനം, വിവിധതരം ഗവൺമെൻറ് ഗ്രാൻറുകൾ ഇവയാണ്.

48 ച. കി. ചുറ്റളവിലായി വ്യാപിച്ചുകിടക്കുന്നതും ഏകദേശം 21000ത്തോളം ജനസംഖ്യയുള്ളതും ധാരാളം കൃഷി സ്ഥലങ്ങളുള്ളതുമാണ് മൂത്തേടം ഗ്രാമപഞ്ചായത്ത്. മൂത്തേടം ഗ്രാമപഞ്ചായത്തിൻെറ വരുമാനം ഒരുലക്ഷം രൂപയിൽ താഴെയാണ്.

ഒരു മൂന്നാം ഗ്രേഡ് പഞ്ചായത്തായ മൂത്തേടം വിഭവ സമാഹരണത്തിൻെറ കാര്യത്തിൽ വളരെ പിന്നിലാണ്. പഞ്ചായത്താഫീസിലെ ജീവനക്കാരുടെ തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു.

സെക്രട്ടറി	—	1
യു. ഡി. സി.	—	1
എൽ. ഡി. സി.	—	1
ജൂനി. ബിൽ കലക്ടർ	—	1
പാർട്ട് ടൈം സ്വീപ്പർ	—	1

മറെറല്ലാ പഞ്ചായത്തുകളിലെപ്പോലെതന്നെ ജെ. ആർ. വൈ., അൺടൈസ്ഡ് ഫണ്ട്, ജനകീയാസൂത്രണം എന്നീ പ്രവൃത്തികളും പഞ്ചായത്താഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾക്കും നിലവിലുള്ള തസ്തികകൾക്കു പുറമെ ഒരു ഹെഡ്ക്ലാർക്ക്, ഒരു പ്യൂൺ ഒരു യു. ഡി. സി. ഒരു എൽ. ഡി. സി. എന്നീ തസ്തികകളും കൂടി സൃഷ്ടിച്ച് പഞ്ചായത്താഫീസിലെ ജീവനക്കാരുടെ അപര്യാപ്തത നികത്തേണ്ടത് അത്യാവശ്യമാണ്.

മൂത്തേടം പഞ്ചായത്തിൽ മൊത്തം 10 വാർഡുമെമ്പർമാരാണുള്ളത്. പത്തു വാർഡുകളിലെയും മെമ്പർമാരുടെ ഓണറേറിയം, ബത്ത, ഇവയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ, ബത്തകൾ തുടങ്ങിയ ചിലവുകളിലേക്കായി വരുമാനത്തിൻെറ നല്ല ഒരു ശതമാനം നീക്കി വെക്കേണ്ടിവരുന്നു. ഓരോവർഷം കഴിയുംതോറും ഈ ചിലവ് കൂടിവരുന്നു.

പഞ്ചായത്ത്രാജ് നിയമപ്രകാരം കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ആയുർവേദ ഡിസ്പെൻസറി, പട്ടികവർഗ്ഗ ക്ഷേമം, പട്ടികജാതി വികസനം, ക്ഷീരവികസനം, തുടങ്ങിയ വകുപ്പുകളിൽനിന്നും അനുവദിക്കുന്ന തുക അതാതു വകുപ്പുകളുടെ ചെലവിലേക്കായി മാത്രമെ വകയിരുത്താൻ കഴിയുകയുള്ളൂ. പഞ്ചായത്തു ഫണ്ടിലേക്ക് പ്രസ്തുത തുകകൾ വകയിരുത്താൻ കഴിയുകയില്ല.

മൂത്തേടം ഗ്രാമപഞ്ചായത്തിൻെറ ഏകദേശം 25 ശതമാനത്തോളം കൃഷിയിടങ്ങളാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, റബ്ബർ, കശുവണ്ടി, കപ്പ, കുരുമുളക്, നാളികേരം, തുടങ്ങിയ വിളകൾ നമ്മുടെ പഞ്ചായത്തിൽ വിപണന സൗകര്യമില്ലാത്തതുകൊണ്ടുതന്നെ അടുത്ത പ്രദേശങ്ങളായ ചുങ്കത്തറ, എടക്കര, കുളായി എന്നിവിടങ്ങളിൽകൊണ്ടുപോയി വില്പന നടത്തേണ്ട സ്ഥിതി വരുന്നു. ഇവിടെനിന്നും കൂടുതൽ വിലകൊടുത്ത് നമ്മുടെ ഗ്രാമവാസികൾതന്നെ ഇവ വാങ്ങുകയും ചെയ്യുന്നു.

വ്യവസായ യൂണിറ്റുകളുടെ കാര്യമെടുത്താൽ പഞ്ചായത്തിൽ ഒന്നുംതന്നെ ഇല്ലാത്ത സ്ഥിതിയാണു്. വനപ്രദേശം വളരെ അടുത്തായതുകൊണ്ടു് വനവിഭവങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കു് സാധ്യതയുണ്ടെങ്കിലും നിലവിലുള്ള നിയമ നൂലാമാലകളും സമ്മതിക്കാത്തതിനാൽ ഈ വ്യവസായം തുടങ്ങാൻ കഴിയാത്ത സ്ഥിതിയാണു്. 'മൃതസഞ്ജീവനി' ആയുർവ്വേദ ഔഷധ നിർമ്മാണ സൊസൈറ്റി' എന്നപേരിൽ ഈയടുത്തായി ഒരു സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായ സ്ഥാപനത്തിന്റെ കെട്ടിടംപണി മുടങ്ങിക്കിടന്നു നടന്നുകൊണ്ടിരിക്കുന്നു. ധാരാളം ആയുർവ്വേദ സസ്യങ്ങളും വളരുന്ന നമ്മുടെ വനത്തിൽനിന്നുതന്നെ ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളും ഇവിടെ ലഭ്യമാകും എന്നതിനാൽ വളരെ സാധ്യതയുള്ള ഒന്നാണു് ഇതു്.

പഞ്ചായത്തിന്റെ 1995-'96 വർഷത്തെ തനതു വരുമാനം 91130 50 പൈസയാണു്. പട്ടിക ചുവടെ ചേർക്കുന്നു.

വരവു് സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. CB

ഇനം	ധനാഭ്യർത്ഥന		പിരിച്ചതു്		ബാക്കി
കെട്ടിട നികുതി	53622	84	53622	84	
ലൈ. സെസ്സു്	2656	91	2656	91	
തൊഴിൽ നികുതി	26195	00	26195	00	
വാഹന നികുതി	3400	00	3400	00	
വിനോദ നികുതി	900	00	900	00	
അഡി. വിനോദ നികുതി	200	00	200	00	
പ്രദർശന നികുതി	76	00	76	00	
പ്രദർശന നികുതിയിന്മേലുള്ള സർചാർജു്	7200	00	7200	00	
ചന്ത വരവു്	442	50	442	50	
ലാൻറു് സെസ്സു്	8000	00	8000	00	
ലൈസൻസു് ഫീസു്	2917	25	2917	25	
കെട്ടിട നികുതി സർചാർജു്	20300	00	20300	00	
വസ്തു കൈമാറ്റ നികുതി 75%	184943	00	184943	00	
വസ്തു കൈമാറ്റ നികുതി 25%	100000	00	100000	00	
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകളും സംഭാവന സെപ്പോസിറ്റു്	1154031	00	1154031	00	
മറ്റുള്ളവ	121868	75	121868	75	
ആകെ	1680273	30	1680273	30	

1995-96 വർഷം ഭരണ രചലവിനത്തിൽ 169382 രൂപ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, ബത്തകൾ ഇവക്കായി മാത്രം ചെല വായിരിക്കുകയാണ്. മെമ്പർമാരുടെ ഓണ റേറിയം തുടങ്ങിയ ഇനങ്ങളിൽ തുകയും വളരെ കൂടുതലാണ്. മൊത്തം വരുമാനത്തിന്റെ ന ല്ലൊരു ശതമാനം ഭരണ ചെലവുകൾക്കായി ചെലവഴിക്കേണ്ടിവരുന്നു.

പഞ്ചായത്തിന്റെ വരുമാനം താഴെപ്പറ യുന്ന ഇനങ്ങളിൽ നിന്നാണ് ലഭിച്ചുകൊ കൊണ്ടിരിക്കുന്നത്.

തൊഴിൽനികുതി:

മൂത്തേടം ഗ്രാമ പഞ്ചായത്തിൽ നിലവി ലുള്ള സ്കൂളുകൾ ആശുപത്രികൾ, സഹകരണ സംഘങ്ങൾ എന്നിവയിൽ ജോലി നോക്കുന്ന ജീവനക്കാരിൽനിന്നും, കച്ചവട സ്ഥാപനങ്ങ ളിൽ നിന്നും, കുറച്ചുമാത്രം തോട്ടമുടമകളിൽ നി ന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നു. ധാ രാളം തോട്ടമുടമകളിൽനിന്നും ഇനിയും പിരി ച്ചെടുക്കാവുന്നതാണെങ്കിലും പിരിച്ചെടുത്ത് കാണുന്നില്ല. വിവിധ മേഖലകളിൽ തൊ ഴിൽ ചെയ്യുന്ന ധാരാളം ഘടകങ്ങളിൽനിന്നും ഇനിയും തൊഴിൽ നികുതി ഈടാക്കുവാൻ ക ഴിയും.

കെട്ടിട നികുതി:

കെട്ടിട നികുതിയിനത്തിൽ 95-96 വഷ്ം പിരിച്ചെടുത്ത തുക 53622.24 പൈസയായിരു ന്നു. കെട്ടിട നികുതി 6 ശതമാനം മുതൽ 10 ശതമാനം വരെയുമെത്താമെന്നുണ്ടെങ്കിലും 6 ശതമാനം മാത്രമാണ് ചുമത്തി വരുന്നത്. കെട്ടിടങ്ങളുടെ വലിപ്പമനുസരിച്ച് നികുതി ചുമത്തുന്നില്ല.

ലൈസൻസ് ഫീസ്:

ചന്ത സൗകര്യങ്ങളോ മറ്റു വിപണന സൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ട് നമ്മുടെ ഗ്രാമത്തിൽ വ്യവസായങ്ങളോ, മൊത്ത വ്യാ പാര സ്ഥാപനങ്ങളോ ഇല്ല. ചില്ലറ വില്പന ക്കാരിൽനിന്നുമാത്രം ലൈസൻസ് ഫീസ് ഈ ടാക്കുന്നു. വൈദ്യുതി വോൾട്ടേജ് ക്ഷാമം കൊണ്ടും മറ്റു സാങ്കേതിക കാരണങ്ങളാലും വ്യ വസായ സംരംഭങ്ങൾ വിജയിപ്പിക്കുവാൻ കഴി യുന്നില്ല.

മറ്റു നധാഗമ മാർഗങ്ങൾ:

കല്ലേന്തോട്ടുമുക്ക്, കാറ്റാടിക്കടവ് എന്നീ കടത്തുകളിൽനിന്നും ലേലം ചെയ്യ കിട്ടുന്ന തുക യുടെ $\frac{1}{3}$ ഭാഗം നമ്മുടെ പഞ്ചായത്തിനു ലഭിക്കാറുണ്ടെങ്കിലും കഴിഞ്ഞ രണ്ട് വർഷമാ യി ലഭിക്കുന്നില്ല.

ധാരാളം പുറമ്പോക്കുകൾ നമ്മുടെ പഞ്ചാ യത്തിനകത്തും നിലകൊള്ളുകയും ലീസ് പാ രിക്കുകയും ചെയ്യുന്നുണ്ടെങ്കിലും കാര്യമായ പു രോഗതിയില്ല.

പഞ്ചായത്ത് വക ഒരേക്കർ ശ്മശാനത്തിലു ള്ള കശുമാവുകളിൽനിന്നുള്ള ആദായം ലേലം ചെയ്യ കിട്ടുന്ന തുകയാണ് മറ്റൊരു വരുമാനം.

ഗഫൂർ മേഖലയിൽ തൊഴിൽ ചെയ്യുന്ന വരുടെ എണ്ണം താരതമ്യേന കുറവാണ്.

പ്രശ്നങ്ങൾ.

1 കെട്ടിട നികുതി പരമാവധി പിരിക്കാൻ നിയമമുണ്ടെങ്കിലും പിരിക്കുന്നില്ല.
2 ധാരാളം ഘടകങ്ങളിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാതെ കിടക്കുന്നു.
3 ധാരാളം തോട്ടങ്ങൾ പഞ്ചായത്തിൽ നില വിലുണ്ടെങ്കിലും തൊഴിൽ നികുതി കാര്യ മായി പിരിക്കുന്നില്ല.
4 മണൽ വാരുന്നതിന് സാധ്യതകളുണ്ടെങ്കി ലും മണൽ ലേലം നടത്തുന്നില്ല.
5 കടത്തുകളിൽനിന്നും ലഭിക്കേണ്ടുന്ന തുക അയൽ പഞ്ചായത്തുകളിൽനിന്നും ലഭ്യമാ യി കാണുന്നില്ല.
6 ലൈസൻസ് ഫീസ് പഴയ നിരക്കുകളനു സരിച്ചാണ് പിരിച്ചെടുക്കുന്നത്.
7 ബേസിക് ടാക്സ് പഴയനിരക്കിലാണ് പിരിക്കുന്നത്.
8 വസ്തു കൈമാറ്റ നികുതി ഇനത്തിൽ 5% വരെ ഈടാക്കാൻ നിയമമുണ്ടെങ്കിലും ഈ ടാക്കുന്നില്ല.
9 പഞ്ചായത്തുകൾക്ക് 75% സ്റ്റാമ്പ്ഡ്യൂ ട്ടിയിനത്തിലുള്ള തുക സമയത്തിന് ല ഭിക്കുന്നില്ല.
10 25% സ്റ്റാമ്പ്ഡ്യൂട്ടി തുക രാഷ്ട്രീയാഭി രുചിക്കനുസരിച്ച് വിതരണം ചെയ്യുന്നു.

11 വി. ടി. സി. ഗ്രാൻറ് ലഭിക്കുന്നതിന് പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുള്ള റോഡ് റജിസ്റ്റർ കൃത്യമല്ല.

നിർദ്ദേശങ്ങൾ.

1 കെട്ടിട നികുതിയുടെ തോത് ഏറ്റവും ചുരുങ്ങിയത് 8% എങ്കിലും ആയി വർദ്ധിപ്പിക്കുക.

2 5 ലക്ഷം രൂപ വരെ നിർമ്മാണചെലവുള്ള കെട്ടിടങ്ങൾക്ക് ഉപ കെട്ടിടനികുതി ചുമത്തുക.

3 മുഴുവൻ തോട്ടമുടമകളിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുക.

4 പഞ്ചായത്തതൃത്തിയിലുള്ള പരസ്യങ്ങളിൽനിന്നും പരസ്യനികുതി ചുമത്തി പിരിച്ചെടുക്കുക.

5 ലൈസൻസ് ഫീസ് നിരക്ക് വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുക.

6 പാലാങ്കര, വരക്കോട്, മുപ്പിനി, കാറ്റാടി, മരത്തുംകടവ്, തോട്ടപ്പാള, നെല്ലിക്കുത്ത്, ഇനങ്ങാർ എന്നിവിടങ്ങളിൽ നിന്നും മണൽ ലേലം ചെയ്യുക.

7 നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനു ജീവനക്കാരെ കൂടുതലായി നിയമിക്കുക.

8 പഞ്ചായത്തിൽ ഒരു ആഴ്ചചന്ത തുടങ്ങി ഫീസ് പിരിക്കുക.

9 പഞ്ചായത്തതൃത്തിയിലുള്ള കുളങ്ങളും ലേലം ചെയ്ത മത്സ്യം വളർത്തുന്നതിനു നൽകുക.

10 ആഡംബരമായി നടത്തുന്ന വിവാഹങ്ങളും മറ്റു ചടങ്ങുകളും ഇവക്ക് നിശ്ചിത ഫീസ് ഈടാക്കുക.

സർക്കാരിലേക്കുള്ള നിർദ്ദേശങ്ങൾ

1 ഭൂനികുതി തോത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

2 വസ്തു കൈമാറ്റ നികുതി 5% വരെ ഈടാക്കുവാനും ഈടാക്കുന്ന തുക 100% വും അതാതു പഞ്ചായത്തുകൾക്ക് ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കുക.

3 സ്ഥലം വിൽക്കുന്നവരോടും, വാങ്ങുന്നവരോടു ഈടാക്കുന്ന രീതിയിൽ സ്ഥലം കൈമാറ്റം ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ തുക ഈടാക്കുക.

4 സ്ഥലത്തിനു വില നിശ്ചയിക്കുന്നതിനു ജനകീയാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കുക.

5 പഞ്ചായത്തതൃത്തിയിലുള്ള വനവിഭവങ്ങളിൽനിന്നും ലേലം ചെയ്യുന്ന സമയത്തു 5% സെസ്സ് ഈടാക്കി പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

പൊതുനിർദ്ദേശങ്ങൾ

1 സി. ബി. എൻ. പി. യുടെ പ്രവർത്തനം എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുക.

2 പ്രകൃതിക്ഷോഭങ്ങൾ, അപകടമരണങ്ങൾ തുടങ്ങിയ അത്യാഹിത ഘട്ടങ്ങളിൽ സഹായം എത്തിക്കുന്നതിനു ഒരു പൊതു ഫണ്ട് പഞ്ചായത്തു സമിതിയുടെ സഹകരണത്തോടെ സമ്പൂർപിക്കുക.

3 പൊതു വികസന പ്രവർത്തനങ്ങളിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക. പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുക.

ഉപസംഹാരം

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട്, ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന മഹനീയ സ്വപ്നം ഗ്രാമസ്വരാജ് ഇന്ത്യൻ ഭരണകൂടം പഞ്ചായത്ത്‌രാജ് നഗര പാലിക ബില്ലിലൂടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കി തന്നിരിക്കുന്നു. 1995 ഒക്ടോബർ 2ന് ആണ് മുതലേടം ഗ്രാമ പഞ്ചായത്ത് ഭരണസമിതി അധികാരം ഏറെറടുത്തത്.

സാമൂഹ്യ, സാംസ്കാരിക, വ്യവസായിക മേഖലകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണെന്ന തിരിച്ചറിവോടെ തന്നെയാണ് ഈ സാരഥ്യം ഞാൻ ഏറെറടുക്കുന്നത്. ഗതാഗത സൗകര്യങ്ങളും ഒട്ടുംതന്നെയില്ലാത്ത നമ്മുടെ പഞ്ചായത്ത് വരുമാനത്തിന്റെ കാര്യത്തിലും ഏറ്റവും പിന്നിലാണെന്ന ബോധം ഉൾക്കൊണ്ടുകൊണ്ട് പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് മുഴുവൻ ആളുകളുടെയും പങ്കാളിത്തം കൊണ്ടേ സാധ്യമാവുകയുള്ളൂ എന്ന ചിന്താഗതിയുമായി എല്ലാവരും ആയി സഹകരിച്ചു പ്രവർത്തിച്ചു പോരുവെയാണ് സർക്കാർ 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന ആശയവുമായി മുന്നോട്ട് വന്നത്.

വികസനത്തിന്റെ കണികപോലും എത്തിനോക്കിയിട്ടില്ലാത്ത ധാരാളം പ്രദേശങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. പരിഷ്കൃത ജന സമൂഹത്തിനു മുൻപിൽ ചോദ്യചിഹ്നമായി ഈ പഞ്ചായത്തിന്റെ മല മടക്കുകളിലും ഉൾ പ്രദേശങ്ങളിലും ജീവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് വെള്ളവും വെളിച്ചവും കൊടുത്ത് വികസനത്തിന്റെ പന്ഥാവിലേക്ക് കൊണ്ടുവരിക എന്ന ശ്രമകരമായ ദൗത്യത്തിൽ പങ്കാളികളാകുന്നതിന് സർക്കാർ മുന്നോട്ടുവെച്ച ആശയം അത്യാഹ്ലാദപൂർവ്വമാണ് ഞങ്ങൾ സ്വീകരിച്ചത്.

ആസൂത്രണം അടിത്തട്ടിൽ നിന്ന് എന്ന സൂക്തം – വികസനം ജനപങ്കാളിത്തത്തോടെ എന്ന മഹത്തായ മറെറാരാശയത്തിന് വഴിയൊരുക്കുന്നു. ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയപ്പോൾ യഥാർത്ഥത്തിൽ ഞങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയായിരുന്നു. ഇതിന്റെ പരിപാടികളും മാർഗ്ഗരേഖകളും ജനങ്ങളുടെ പൂർണ്ണമായ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കപ്പെട്ടപ്പോൾ വളരെ ആവേശത്തോടെയാണ് ജനങ്ങൾ അവ സ്വീകരിച്ചത്. ആസൂത്രണവുമായി ബന്ധപ്പെട്ട് അധികാര സ്ഥാനങ്ങളിൽനിന്നുള്ള എല്ലാ നിർദ്ദേശങ്ങളും അടുക്കും ചിട്ടയും സൂക്ഷ്മതയോടും സമയ ബന്ധിതമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ തയ്യാറാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്.

രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ മറന്ന് രാഷ്ട്രപുനർ നിർമ്മാണ പ്രക്രിയയിൽ ഇതുപോലെ ആത്മാർത്ഥമായും ഐക്യത്തോടും ആവേശത്തോടുമുള്ള കൂട്ടായ പ്രവർത്തനം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞ മറെറാരു സംരംഭങ്ങൾക്കും കഴിഞ്ഞിട്ടില്ല. ജനനന്മക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളിൽ ഇത്തരം ഒരു ശൈലി രൂപപ്പെടുത്തിയെടുക്കുക എന്നതുതന്നെയാണ് ഈ പ്രസ്ഥാനത്തെ സംബന്ധിച്ച ഏറ്റവും വലിയ നേട്ടം. നാം ഒന്ന് നമ്മൾ ഒന്ന് എന്ന ചിന്തയിലേക്ക് ജനങ്ങളെ എത്തിച്ചു എന്നതിന്റെ തെളിവാണ്

നവമ്പർ ഒന്നിന് നടന്ന പുനഃരർപ്പണ പ രിപാടി തന്നെ വൻ വിജയം കൈവരിക്കാൻ കഴിഞ്ഞതു്.

കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു് ന മ്മുടെ പഞ്ചായത്തിന്റെവ കസന പ്രവർത്ത നങ്ങളും തന്നെ ദ്രുതഗതിയിൽ നടന്നു കൊ ണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. അതായ തു് വിവിധ റോഡുകളുടെ നിർമ്മാണ പ്ര വർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നടക്കു ന്നു – സാധാരണക്കാരായ ആളുകൾക്കു് വീട് കളും ഓടുമേയുന്നതിനുള്ള സഹായം – പാവ പ്പെട്ടവർക്കു് വീടും കക്കൂസും നിർമ്മിച്ചു് കൊടുക്കുന്നു – കുടിവെള്ള ക്ഷാമത്തിനും വരൾ ച്ചക്കുമെതിരെ നെതർലൻറ് ഗവർണ്മെൻറി ന്റെ സഹായത്തോടെ കുടിവെള്ള പദ്ധതി കളും – എന്നു തുടങ്ങി എല്ലാ മേഖലയിലും വി കസനത്തിന്റെ പ്രകാശ കിരണങ്ങളും എത്തി ച്ചുകൊണ്ടിരിക്കുന്നു.

ഒന്നുമായിട്ടില്ല നാം തുടങ്ങിയിട്ടേയുള്ളു. ആസൂത്രണം പൂർത്തിയാക്കണം. പദ്ധതി വി ഹിതത്തിന്റെ 40% ലഭ്യമാകണം മാർഗ്ഗ നിർ ദ്ദേശങ്ങൾക്കനുസൃതമായി ആസൂത്രണം ചെയ്തു് രൂപപ്പെടുത്തിയ പദ്ധതികൾ അടുത്ത അഞ്ചു വർഷംകൊണ്ടു് മുൻഗണനാക്രമത്തിൽ നടപ്പിലാ ക്കണം. അതിനു് ജനപങ്കാളിത്തം മൊത്ത ത്തിൽ ആവശ്യമാണു്. അങ്ങനെ ജനകീയ പദ്ധതിയായ ഒമ്പതാം പദ്ധതി ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കി മുന്നോട്ടുപോകാം. വി ജയം സുനിശ്ചിതമാണു്. ആയതിലേക്കു് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണ വും സന്മനസ്സും പ്രതീക്ഷിച്ചുകൊള്ളുന്നു.

K. A. പീറർ.
പ്രസിഡൻറു്
മുത്തേടം ഗ്രാമപഞ്ചായത്തു്,
കാരപ്പുറം P. O.



അനുബന്ധം ഒന്ന് 108

കൃഷിയും ജലസേചനവും

1. മൺതരങ്ങളം എന്ന ഭാഗത്ത് പൂന്തൽപ്പാടവും കൂടി ചേർക്കണം.
2. നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണം നിലവിലുള്ളത് ശരിയല്ല. അത് ശരിയായ രീതിയിൽ പരിശോധിച്ച് രേഖപ്പെടുത്തണം.
3. നെല്ലിക്കുത്ത് പാടശേഖര സമിതികൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.
4. നിർദ്ദേശങ്ങളം 13-ൽ ചേർത്തിരിക്കുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം തെറ്റാണ്.
5. നിർദ്ദേശം 3-ൽ 25 HP (50 HP ആക്കണം)

നിർദ്ദേശങ്ങൾ:-

1. നെല്ലിന് ഗവണ്മെൻറ് തറവില പ്രഖ്യാപിക്കണം.
2. 3, 8 വാർഡുകളിൽ പാടശേഖര സമിതികളം നിർമ്മിക്കണം. (ചോളമുണ്ട, നമ്പൂരിപ്പൊട്ടി മരത്തിൻകടവ്, കാരപ്പുറം, ആലിങ്കൽപരത, മുണ്ടക്കൈ, കാട്ടിക്കല്ല് എന്നിവിടങ്ങളിൽ പാടശേഖര സമിതി വേണം.)
3. പച്ചക്കറികൃഷിക്കും സബ്സിഡി, ലോൺ ഇവ നൽകണം.
4. കേര വികസന സമിതി (കാരപ്പുറം) ഉടൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണം. കർമ്മസമിതി അതിനും നേതൃത്വം വഹിക്കണം.
5. തെങ്ങുകൃഷിക്ക് രോഗം ബാധിച്ചതിനു പുനഃകൃഷി നടത്താൻ സാമ്പത്തിക സഹായംവേണം
6. സഹകാര്യ വള വിൽപ്പന കേന്ദ്രത്തിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കുകയും കൃഷി ഓഫീസർ ഇടയ്ക്കിടെ ഇത് പരിശോധിക്കുകയും വേണം.
7. കാരപ്പുറത്ത് ഒരു ദേശസാൽകൃത ബാങ്കിൻെറ ശാഖ ആരംഭിക്കണം.
8. മൂത്തേടം സഹകരണ ബാങ്കിൽ നിന്നും കൃഷി ലോൺ എടുത്തവർ അത് പുതുക്കുമ്പോൾ അവർക്ക് കൃഷി ലോൺ തന്നെ നൽകണം.
9. കാർഷികോപകരണങ്ങളം കൃഷിഭവൻ മുഖാന്തിരം ലഭ്യമാക്കണം.
10. കുറിപുതുവായി (9-ാം വാർഡ്) കുളത്തിനു ആഴം കൂട്ടണം. (7-ാം വാർഡിൽ കാട്ടികല്ല് രണ്ടാം വാർഡിൽ കൽക്കുളം) ഇവിടങ്ങളിൽ കുളങ്ങളം നിർമ്മിക്കണം.
11. പാലാങ്കര പദ്ധതി 2 അടി കൂടി ഉയർത്തി നിർമ്മിക്കണം.
12. എറയംതാങ്ങി കുളം ജലസേചനത്തിനു അനുയോജ്യമാക്കണം.
13. മൂച്ചിപ്പുരത, നെല്ലിക്കുത്ത് ഇറിഗേഷൻ പദ്ധതി ചോളമുണ്ടയിലേക്ക് നീട്ടണം.
14. സാദ്ധ്യമായ തോട്ടകൾക്ക് ചീർപ്പുകളിടണം. ഞാറപ്പാടം പുല്ലാഞ്ഞി തോടിനു ചീർപ്പിടണം.
15. കൃഷിഭവനിൽ നിന്നുള്ള സഹായ പദ്ധതികളുടെ നോട്ടീസ് മിൽക്ക് സൊസൈറ്റികളിലും റേഷൻ കടകളിലുമുള്ള നോട്ടീസ് ബോർഡിൽ പതിക്കണം.
16. നിർദ്ദേശങ്ങളിൽ നെല്ലിക്കുത്ത് ഇറിഗേഷൻ പദ്ധതിക്ക് മുൻഗണന നൽകി ഉടൻ പ്രാവർത്തികമാക്കണം.

മൃഗസംരക്ഷണം

നിർദ്ദേശങ്ങൾ

1, ഗവ: ഓർഡർ പ്രകാരം പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മൃഗഡോക്ടർ പഞ്ചായത്തിലെ എല്ലാ പാൽ ഉല്പാദക സഹകരണ സംഘങ്ങളിലും ഉരുക്കളെ പരിശോധിക്കുന്നതിനായി ആഴ്ചയിൽ ഒരു ദിവസം നിർബ്ബന്ധമായും ഹാജരാകണം എന്ന നിയമം പൂർണ്ണമായും നടപ്പാക്കേണ്ടതാണ്.

2. ക്ഷീരകർഷകർക്ക് നിർബ്ബന്ധമായും പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക.

3. ചാമപറമ്പിൽ ഇപ്പോഴും നിലനിൽക്കുന്ന മൃഗാശുപത്രി നിലനിർത്തിക്കൊണ്ടുതന്നെ കുറിക്കാട്, താളിപ്പാടം, വെള്ളാരമുണ്ട എന്നീ സ്ഥലങ്ങളിൽ ഓരോ മൃഗാശുപത്രി വീതം സ്ഥാപിക്കുക.

4. അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ ഭ്രൂണങ്ങളും നമ്മുടെ സംസ്ഥാനത്തുള്ള പശുക്കളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ശ്രദ്ധിക്കുക.

5. കൃഷി, മൃഗസംരക്ഷണം. ക്ഷീരവികസനം എന്നിവ ഏകീകരിച്ച് ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരിക.

6. സാധാരണയായി മദ്ധ്യവേനൽ കാലത്ത് പാൽ ഉല്പാദനം പൊതുവെ കുറവായതുകൊണ്ട് കർഷകർക്ക് ഒരു ആശ്വാസം എന്ന നിലയിൽ പാലിനു ലിറ്ററിനു കുറഞ്ഞത് 2 രൂപയെങ്കിലും വർദ്ധിപ്പിക്കുക.

7. പാലിനു ആശ്വാസകരമായ വില നൽകുക.

8. ഏഴാം വാർഡിൽ കുറിക്കാട് ഒരു പാൽ ഉൽപാദക സംഘം രജിസ്റ്റർ ചെയ്യുക.

മുൻഗണന ക്രമത്തിലുള്ള നിർദ്ദേശങ്ങൾ

1. മൂത്തേടം പഞ്ചായത്തിൽ ഒമ്പത് പാലുല്പാദക സംഘങ്ങൾക്ക് ഇപ്പോൾ ചാമപ്പറമ്പിൽ ഒരു മൃഗാശുപത്രി മാത്രമാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും ഉരുക്കളെയുംകൊണ്ട് ഇവിടെ എത്തുന്നതിനു ക്ഷീരകർഷകർക്ക് ബുദ്ധിമുട്ടുള്ളതുകൊണ്ട് വെള്ളാരമുണ്ട, താളിപ്പാടം എന്നിവിടങ്ങളിൽ ഓരോ മൃഗാശുപത്രി സ്ഥാപിക്കുക.

2. കാലിത്തീറ്റക്ക് 50% സഹായധനം അനുവദിച്ചുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുക.

3. ക്ഷീരകർഷകർക്ക് പാലിനു ആശ്വാസകരമായ വില നൽകുക.

4. ക്ഷീരകർഷകർക്ക് ക്ഷേമനിധി നടപ്പാക്കുക.

5. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുക.

6. മൃഗാശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുക. മൈക്രോസ്കോപ്പ്, ടെലിഫോൺ, വൈദ്യുതി, വെള്ളം, പരിശോധന ലബോറട്ടറി എന്നീ സംവിധാനം ലഭ്യമാക്കുക.

7. ഓരോ വീട്ടിലും ഓരോ പശു എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുക.

8. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടും ക്ഷീരസഹകരണ സംഘങ്ങളുടെ സഹായത്തോടും ഒരു മിനി കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക.

ക്ഷീര സംഘങ്ങൾക്ക് സർക്കാർ നൽകേണ്ട നിർദ്ദേശങ്ങൾ

1. സഹകരണ സംഘം ആക്ടിലെ 80-ാം വകുപ്പ് ക്ഷീരസഹകരണ സംഘം ജീവനക്കാർക്കും ബാധകമാക്കുക.

110

കർമ്മസമിതി അംഗങ്ങൾ

1. മൃഗഡോക്ടർ
2. ബാലകൃഷ്ണൻ, കൃഷ്ണസദനം കാരപ്പുറം പി.ഒ.
3. രാജഗോപാൽ കെ. തോട്ടപുറത്ത്, താഴെചെമ്മന്തിട്ട കാരപ്പുറം പി. ഒ.
4. മൂസാൻ, കാളങ്ങാടൻ കാരപ്പുറം പി.ഒ., ചെമ്മന്തിട്ട
5. എം. ററി. ജോർജ്, മട്ടക്കമൂട്ടിൽ പനമ്പററ കാരപ്പുറം
6. അലി, സഖറ, താളിപ്പാടം നമ്പൂരിപ്പൊട്ടി പി.ഒ.
7. മറിയാമ്മ കെ. ദേവസ്യ കിഴക്കെതെയ്യിൽ, പുതുവായ് കാരപ്പുറം പി.ഒ.
8. റഷീന, പുന്നക്കാട്ടതൊടിക കാരപ്പുറം പി.ഒ.
9. ഷരീക്കത്ത് കെ., കരുപറമ്പൻ കാരപ്പുറം പി.ഒ. (പായിമ്പാടം അംഗൻവാടി)
10. എം. കെ. സുകുമാരൻ, മുത്തോലിക്കൽ മൂത്തേടം പി.ഒ.
11. വർഗീസ് ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ കാരപ്പുറം പി ഒ. വെള്ളാരമുണ്ട
12. ഗീത ജി. എരുമചന്ദ്ര മൂത്തേടം പി.ഒ. കാക്കപ്പാടം
13. സതി ഒ. കെ. കാവുപറമ്പിൽ കാരപ്പുറം പി.ഒ പൂങ്കുളംകൈ
14. എം. ററി. ജോസഫ്
15. കോശി കെ. ററി. കാഞ്ഞിക്കൽ കാരപ്പുറം പി.ഒ.

കുടിവെള്ളവും പൊതുജനാരോഗ്യവും

വാർഡ് 7 – പൂച്ചകുന്ന് എന്ന സ്ഥലപ്പേരു് മാററണം. കാട്ടിക്കല്ല്കുന്ന് എന്നാക്കണം.

1. 1-ാം വാർഡിൽ കല്ല്വെട്ടികുന്നിൽ അത്യാവശ്യമായി കുഴൽകിണർ നിർമ്മിക്കണം.
   9-ാം വാർഡിൽ പനമ്പററ കുന്നിൽ കുഴൽകിണർ സ്ഥാപിക്കണം.
2. വാർഡ് 2 – പൂവുണ്ടകുന്നിൽ കുഴൽകിണർ നിർമ്മിച്ച് ടാങ്ക് കെട്ടി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കണം.
3. ചെട്ടിയാരങ്ങാടിയിൽ കുന്നപ്പള്ളി ഉമ്മറിന്റെ വീടിനുസമീപം ഒരു പൊതുകിണർ സ്ഥാപിക്കണം.
   നമ്പൂരിപ്പൊട്ടിയിൽ ഒരു പൊതുകിണർ സ്ഥാപിക്കണം.
   മൂത്തേടം ഹൈസ്കൂൾ ഭാഗത്ത് ഒരു പൊതുകിണർ സ്ഥാപിക്കണം.
   ഏഴാം വാർഡിൽ പുതുവായ്കുന്നിൽ ഒരു കുഴൽകിണർ സ്ഥാപിക്കണം.
   നാലാം വാർഡിൽ കോട്ടമ്മൽ അമ്മിണിയമ്മയുടെ പറമ്പിനു സമീപം ഒരു പൊതുകിണർ സ്ഥാപിക്കണം.
   കാരപ്പുറം ക്രസൻറ് യു. പി. സ്കൂളിൽ വേനൽക്കാലങ്ങളിലെ കുടിവെള്ളക്ഷാമത്തിനു് പരിഹാരം കാണണം.

പൊതുജനാരോഗ്യം:-

മൂത്തേടം പഞ്ചായത്തിലെ 10 വാർഡുകളിൽ 2 വാർഡുകൾക്ക് ഒരു സബ്സെൻറർ വീതം അനുവദിക്കണം. പ്രസ്തുത സബ്സെൻററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

കക്കൂസ് ഇല്ലാത്ത എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കണം.

111

വ്യവസായം

വൻകിട വ്യവസായങ്ങൾക്കാണ് ഈ കമ്മറ്റി കൂടുതലായി ശ്രദ്ധപതിപ്പിക്കുന്നത്.

1. കൂടുതലായി ചേർക്കേണ്ടത് ഒട്ടുപാൽകൊണ്ട് ടയർ റീസോളിങ്ങ്
2. കേരസംസ്കരണം സംബന്ധിച്ച എല്ലാ അനുബന്ധ വ്യവസായങ്ങളും
3. ചെങ്കൽ വ്യവസായം
4. ഓട്, ഇഷ്ടിക വ്യവസായം
5. ഇലക്ട്രോണിക്സ് യൂണിറ്റ്

പണി പൂർത്തിയായി കിടക്കുന്ന വൈദ്യുതി കണക്ഷൻ വേഗത്തിൽ കിട്ടാനുള്ള നടപടി സ്വീകരിക്കുക,

ടൂറിസം വ്യവസായത്തിലെ എന്ന ഹെഡ്ഡിങ്ങിലുള്ള വിശദീകരണത്തിൽ ഊട്ടി സന്ദർശിച്ചുവരുന്ന ടൂറിസ്റ്റുകൾ എടക്കര, മൂത്തേടം, കുറ്റിക്കാട്, പുതുവായ്, ശങ്കരൻകോട്ട വഴി നെടുങ്കയം എത്തിച്ചേരാം എന്നു ചേർക്കേണ്ടതാണ്.

കമ്മറ്റി

ചെയർമാൻ : ഡെയ്സി മത്തായി
വൈ. ചെയർമാൻ. പി. കെ. ശങ്കരപിള്ള
കൺവീനർ: പി. കെ. ബാലചന്ദ്രൻമാസ്റ്റർ പി. ഒ. കാരപ്പുറം
ജോ. കൺവീനർ: പി. സന്തോഷ് പതിയിൽ വീട് നെല്ലിക്കുത്ത് പി. ഒ. നമ്പൂരിപ്പൊട്ടി
മെമ്പർമാർ:

5. ജോൺ ശാമുവൽ പുത്തൻപറമ്പിൽ പി. ഒ. മൂത്തേടം
6. ബി. ഉദയകുമാർ തേയിലപ്പുറത്ത് പി. ഒ. മൂത്തേടം
7. സി. കൃഷ്ണൻ ചൂരക്കുന്നൻ പി. ഒ. കരപ്പുറം
8. വാസുദേവൻപിള്ള ചരുവിളപുത്തൻവീട് പാലാങ്കര
9. ഇ. സി. ഗോപാലൻ ബാലംകുളം പി. ഒ. കാരപ്പുറം
10. എം. റ്റി. ചാക്കോ മരുതിമൂട്ടിൽ പി. ഒ. പാലാങ്കര
11. പി. യു. കുഞ്ഞപ്പൻ പള്ളിമോളയിൽ പി. ഒ. മൂത്തേടം
12. പി. സീമാമു പൊറ്റയിൽ വരക്കോട് പി. ഒ മൂത്തേടം

ഗതാഗതം

പ്രധാന റോഡ് പട്ടികയിൽ (III)

a) ചാമപ്പറമ്പ് — മുപ്പിനി റോഡ്
b) താളിപ്പാടം–ഞാറപ്പാടം–കൽക്കുളം റോഡ്
c) ഒഴലക്കാൽ–വടക്കേകൈ റോഡ്

ഇവ ക്രമനമ്പർ യഥാക്രമം 12, 13, 4 ആയി ഉൾക്കൊള്ളിക്കേണ്ടതാണ്.

വാർഡ് നമ്പർ ഒന്നിൽ, കോഡ് 0601–താഴെ ചണ്ണക്കുന്ന്–മേലെ ചണ്ണക്കുന്ന് എന്ന റോഡ് പ്രധാന റോഡുകളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു. കാരണം പഞ്ചായത്ത് ആ റോഡ് ഏറ്റെടുത്തിട്ടില്ല.

112

കോസ്‌വേ

മരത്തുംകടവിൽ കോസ്‌വേ സ്ഥാപിക്കേണ്ടതാണ്.
വാർഡ് VI ൽ കോഡ് 0506–കാരപ്പുറം–കുട്ടിക്കൈ റോഡ് എന്നത് പായിമ്പാടം അംഗന റോഡായി മാറ്റിയിരിക്കുന്നു. കാരപ്പുറം കുട്ടിക്കൈ റോഡ് ക്യാൻസൽ ചെയ്തിരിക്കുന്നു.

പുതിയ റോഡുകൾ നിർമ്മിക്കേണ്ടത്

1. തടപ്പറമ്പ് — മരംവെട്ടിച്ചാൽ VI
2. കുറിക്കാട്—കുറിപ്പുതുവായ് (VII)
3. പൂങ്കുളംകൈ—ഇറയംതാങ്ങി.

P.W.D. ഏറ്റെടുക്കേണ്ടവ.

മരംവെട്ടിച്ചാൽ—കാരപ്പുറം—കൽക്കുളം.
നെല്ലിക്കുത്ത്—നമ്പൂരിപ്പൊട്ടി—മരത്തുംകടവ്—മുണ്ട.(എടക്കര)
കരുളായ്—കല്ലേന്തോട്മുക്ക്—കാരപ്പുറം.
ചെമ്മന്തിട്ട—മരംവെട്ടിച്ചാൽ.

നിർദ്ദേശങ്ങൾ

1 കോൺട്രാക്ട് വ്യവസ്ഥ പൂർണ്ണമായും അവസാനിപ്പിക്കുക.
2 റോഡ് നിർമ്മാണത്തിൽ പ്രാദേശികമായി സുലഭമായി കിട്ടുന്ന ചരൽ ഉപയോഗിക്കുക.
3 ഗതാഗത സൗകര്യം തീരെയില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗത്തിൽ മുൻഗണന നൽകുക.

ഊർജ്ജം

നിട്ടിഷ്ട ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ മൂത്തേടത്ത് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കിട്ടാനുള്ള സാധ്യതയുള്ളതിനാൽ ഈ നിർദ്ദേശം പരിഗണിക്കേണ്ടതാണ്.
വരക്കോട് ഇറിഗേഷനു് വൈദ്യുതി ലഭിക്കാൻ നടപടിയുണ്ടാവണം.
അളക്കൽ വെള്ളച്ചാട്ടത്തിൽ (പുഞ്ചക്കൊല്ലി മുകളിൽ) ഒരു ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതിയുള്ള സാധ്യത കേരള സർക്കാരിന്റെ പരിഗണനക്ക് സമർപ്പിക്കുക.
പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ ഇവകൂടി ഉൾപ്പെടുത്തണം.

1 മുപ്പിനി
2 തെക്കേപൊലാട് ലിഫ്റ്റ് ഇറിഗേഷനു് പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിച്ച് മരത്തുംകടവ് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

വൈദ്യുതീകരിക്കാത്ത കോളനി ലിസ്റ്റിൽ ഇവ ഉൾപ്പെടുത്തുക.

a) പേരൂപ്പാറ
b) ചെട്ടിയാരങ്ങാടി
c) നമ്പൂരിപ്പൊട്ടി

പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ:— പേരൂപ്പാറ — മുണ്ടേക്കരനു്
ട്രീഫേസ് ആക്കേണ്ടത്:— ഞാറപ്പാടം — കൽക്കുളം

മാർക്കറ്റ് മാർക്കറ്റ് കാരപ്പുറം കേന്ദ്രീകരിച്ച് സ്ഥാപിക്കുക.

113

കർമ്മസമിതിയംഗങ്ങൾ:-

ചെയർമാൻ. വി. പി. അഹമ്മദ്കുട്ടി
കൺവീനർ. സുകുമാരപണിക്കർ
ജോ. കൺവീനർ. ഉണ്ണിഅലവി നമ്പൂരിപ്പൊട്ടി
വൈ. പ്രസിഡൻറ്. എൻ. കെ. കുഞ്ഞുണ്ണി കൽക്കുളം

1. സി. കെ. മുഹമ്മദ് ചുള്ളിക്കുളവൻ
2. പി. കെ. വാസുദേവൻ പുറാനിക്കാട്ടിൽ
3. ടി പി. ഐദ്രു മരത്തുംകടവ്
4. സി. എം. മത്തായിക്കുട്ടി ചെട്ടിയാകുന്നിൽ
5. എ. മുഹമ്മദാലി ചോളമുണ്ട
6. കെ. കെ. വർഗീസ് മുപ്പിനി
7. എൻ. കെ. കുഞ്ഞുണ്ണി കൽക്കുളം
8. ടി. കെ. അബൂബക്കർ സിദ്ദിഖ് കൽക്കുളം
9. ഉണ്ണി അലവി പുതിയറ നമ്പൂരിപ്പൊട്ടി
10. കെ. സുബ്രഹ്മണ്യൻ കൽക്കുളം

പാർപ്പിടം

1. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും സൗജന്യമായി കൊടുക്കുക.
2. കെട്ടിടങ്ങളും സർക്കാർ സ്ഥാപനങ്ങളിലെ മറ്റു പണികളും സംഘങ്ങൾക്കു വീട്കൊടുക്കുക.
3. ഓവർ ഡ്യൂ ആയ ലോണുകൾ തവണകളായി അടയ്ക്കുവാനുള്ള സാവകാശം കൊടുക്കുക.

സാമൂഹിക ക്ഷേമം:

1. അംഗനവാടികൾക്കുള്ള ഫർണിച്ചറുകളും പാത്രങ്ങളും കൊടുക്കുക.
2. വൗച്ചറിനു കിട്ടുന്ന തുക വർദ്ധിപ്പിക്കുക.
3. താലൂക്ക് അടിസ്ഥാനത്തിൽ എല്ലാ ക്ഷേമനിധി ബോർഡുകളും രൂപീകരിക്കുക.
4. അംഗനവാടി കുട്ടികളുടെ സുരക്ഷിതത്വത്തിനുവേണ്ടി കോമ്പൗണ്ട് മതിൽ കെട്ടുക.
5. സാമൂഹിക ക്ഷേമവകുപ്പിന്റെ എല്ലാ ഓഫീസുകളും പഞ്ചായത്ത് തലത്തിൽ കൊണ്ടുവരുവാനുള്ള നടപടികൾ കൈക്കൊള്ളുക.

നിർദ്ദേശങ്ങൾ:

1. IRDP ലോണുകൾ ലഭ്യമാകുന്നതിനുവേണ്ടി സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖ കാരപ്പുറത്ത് അനുവദിക്കുക.
2. മറ്റു ലോണുകൾ മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിലൂടെ നടപ്പാക്കണം.

കമ്മറ്റി അംഗങ്ങൾ:

1. പി. ഇസ്മായിൽ (പദവിനോക്കുന്നേൽ മെമ്പർ)
2. സി. പി മുഹമ്മദ്കുട്ടി തണ്ടുപാറക്കൽ മൂത്തേടം
3. കെ. ജെ. ജോസ് കുന്നത്ത് താളിപ്പാടം നമ്പൂരിപ്പൊട്ടി പി.ഒ.
4. ജാഫർ കടായിക്കൽ മരത്തിൻകടവ് നമ്പൂരിപ്പൊട്ടി
5. കെ. സേവ്യർ കോതോലിൽ താളിപ്പാടം നമ്പൂരിപ്പൊട്ടി
6. കതീജ കറുത്തേടത്ത് വരക്കോട് മൂത്തേടം പി. ഒ.
7. ബാലകൃഷ്ണൻ വലിയേട്ടപ്പറമ്പിൽ കാരപ്പുറം പി. ഒ.
8. സി. മുഹമ്മദ് തോണിയിൽ മൂത്തേടം പി ഒ.
9. അബ്ദുറഹിമാൻ കിഴക്കേപറമ്പൻ കാരപ്പുറം
10. പി. എം. മത്തായി പടുകയിൽ മൂത്തേടം ചേലക്കടവ്
11. സി. കെ. കബീർ ചേനാട്ടുകുഴിയിൽ മൂത്തേടം
12. വി. പി. ഉമ്മർ ഉൽപ്പിലാപ്പറ പാലാങ്കര

Group 8

114

I *കുറവുകൾ*

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആവശ്യമായ ജനശിക്ഷണ നിലയങ്ങളും ഇല്ല.
2. വാർത്താ വിവരങ്ങളും അറിയുന്നതിനുള്ള മാദ്ധ്യമ സൗകര്യങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ വാർഡ് തലത്തിൽ ഇല്ല.
3. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളും ഇല്ല.
4. കലാ കായിക മേഖലകളും വളരുന്നതിനുള്ള സൗകര്യങ്ങളും ഇല്ല.

II *നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.*

മൂത്തേടം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനശിക്ഷണനിലയങ്ങളും സ്ഥാപിക്കുക. മൂത്തേടം പഞ്ചായത്തിൽ വർഗ്ഗീയതയും, അയിത്തവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഓരോ വാർഡിലും റേഡിയോ, ടെലിവിഷൻ എന്നിവ സ്ഥാപിക്കുക. കലാ, കായിക രംഗങ്ങളും വളർത്തുന്നതിനാവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുക.

കമ്മറ്റി അംഗങ്ങൾ

ചെയർമാൻ	:	കെ. എ പീറ്റർ
വൈസ് ചെയർമാൻ	:	കെ. ചിത്തരഞ്ജൻ
കൺവീനർ	:	സെക്രട്ടറി
ജോ. കൺവീനർ	:	എം. ബഷീർ

1. കെ. ജി. എബ്രഹാം, കോലേത്ത് വീട്, പാലാങ്കര പി. ഒ.
2. എം. ബഷീർ, മുണ്ടമ്പ്ര വീട്, കാരപ്പുറം പി. ഒ.
3. മൊയ്തീൻ എം, മഞ്ഞക്കണ്ടി വീട്, മൂത്തേടം പി. ഒ.
4. കെ. രവീന്ദ്രൻ, ആനന്ദവിലാസം, കാരപ്പുറം പി. ഒ.
5. സിദ്ധീഖ് കെ. വി., കോലാർ വീട്ടിൽ, നമ്പൂരിപൊട്ടി പി. ഒ.
6. സത്യചന്ദ്രൻ സി കെ., ചെമാർകാടൻ ഹൗസ്, കാരപ്പുറം പി. ഒ.
7. രാജമ്മ, തോട്ടപുറത്ത്, കാരപ്പുറം പി. ഒ
8. വിജയലക്ഷ്മി, കൂട്ടക്കൽ വീട്, കാരപ്പുറം പി. ഒ.
9. ചാത്തൻകുട്ടി എം., മഞ്ഞപ്പാറ വീട്, കാരപ്പുറം പി. ഒ.
10. ചിത്തരഞ്ജൻ, വാക്കുളത്തയിൽ, വീട്, മൂത്തേടം പി. ഒ.
11. ലിജു ജോർജ്, ഊര്യവടിക്കൽ, കാരപ്പുറം പി. ഒ.

വനിതാക്ഷേമം

പരിഹാര നിർദ്ദേശങ്ങൾ:-

1. വാർഡുകംതോറും മഹിളസമാജങ്ങളും രൂപീകരിച്ച് സ്ത്രീകളുടെ അഭിരുചിക്കനുരിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിക്കുന്നത് ആശാസ്യമാണ്.
2. ലേഡി വില്ലേജ് എസ്റ്റൻക്ഷൻ ഓഫീസറെ നിയമിച്ച് വനിതാ സംഘടനകളെ ഓർഗനൈസ് ചെയ്യിക്കണം.

3. ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിർത്തിപോകുന്ന പെൺകുട്ടികളെ വനിതാ സംഘങ്ങൾ സമീപിച്ച് കാരണം മനസ്സിലാക്കി തുടർന്നുള്ള വിദ്യാഭ്യാസം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
4. പശുവളർത്തൽ രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ഡയറി ഫാമുകൾ രൂപീകരിക്കുക. കൂടാതെ ടൈലറിങ്ങ്, ചിപ്പ്സ് നിർമ്മാണം, തേനീച്ച വളർത്തൽ തുടങ്ങിയ രംഗങ്ങളിൽ വേണ്ട പരിശീലനം നൽകുക. അതുപോലെ തന്നെ തുണിസഞ്ചി പോലുള്ള തൊഴിൽ മേഖലകൾ സൃഷ്ടിക്കുക.
5. C.B.N.P. യുടെ പ്രവർത്തനം പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുന്നത് നന്നായിരിക്കും.
6. സ്ത്രീകളുടെ ഇടയിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ മഹിളാസമാജങ്ങളെ ഉത്ബുദ്ധരാക്കി രംഗത്ത്കൊണ്ടു വരുന്നത് നന്നായിരിക്കും.

കർമ്മസമിതി അംഗങ്ങൾ :

1. ചെയർമാൻ: ആനി മാത്തുക്കുട്ടി (മെമ്പർ, വാർഡ് 9)
2. വൈ. ചെയർമാൻ: കെ. എൻ. രാമചന്ദ്രൻ, കളിയിലുവിള, താന്നിപ്പൊട്ടി, കാരപ്പുറം.
8. കൺവീനർ : എം. എം. സ്റ്റാറിയ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, കരുളായി.
4. ജോ. കൺവീനർ: എ. വി. രാമചന്ദ്രൻ, ആനന്ദവിലാസം, പി. ഒ. കാരപ്പുറം
5. ടി. വി. ചാക്കോ തെക്കേ പ്ലാത്തോട്ടത്തിൽ, വെള്ളാരമുണ്ട, പി. ഒ. കാരപ്പുറം
6. സുഹറ തോപ്പിൽ കാരപ്പുറം
7. സലീൻ ജോസഫ് കുഴപ്പിൽ വെള്ളാരമുണ്ട, കാരപ്പുറം
8. ലിസ്സി എം. എസ്. തെക്കേ മുറിയിൽ, പേരുപ്പാറ, കാരപ്പുറം.
9. നസീന, കരുപറമ്പൻ, പേരുപ്പാറ, കാരപ്പുറം
10. കെ. എം. സാമുവേൽ, കാരാവള്ളിൽ, പാലാങ്കര
11. എം. അയമു, മുണ്ടോടൻ, നെല്ലിക്കുത്ത്, നമ്പൂരിപ്പൊട്ടി
12. സുമതി, കാഞ്ഞിരംവിള, താന്നിപ്പൊട്ടി, കാരപ്പുറം.

സഹകരണം

പഞ്ചായത്ത് കമ്മറ്റി പ്രസിദ്ധപ്പെടുത്തിയ സമഗ്ര വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും നിർദ്ദേശങ്ങളും കർമ്മസമിതി പരിഗണിക്കുകയും താഴെ പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നല്കേണ്ടതാണെന്നും തീരുമാനിച്ചു.

1. ഓരോ കർഷകനും 1 വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പ് തന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
2. മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ച് കാരപ്പുറത്ത് തുറന്നു പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആദ്യം ജാമ്യത്തിന്മേൽ 5000 രൂപയായും വസ്തുപണയത്തിന്മേൽ 20000 രൂ. യായും വർദ്ധിപ്പിക്കുക
4. സർക്കാരിൽനിന്നും അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി അതാതു സമയത്ത് നല്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

അനുബന്ധമായി ചേർക്കേണ്ട നിർദ്ദേശങ്ങൾ :-

1. പ്രവർത്തനം നിലച്ചുപോയ സെറി കൾച്ചറൽ സഹകരണ സംഘം പുനർ ജീവിപ്പിക്കുവാനും അതുവഴി കൂട്ടത്തിൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാനും കുറഞ്ഞ പലിശക്കും വിപണന സൗകര്യങ്ങളും നിലമ്പൂർ താലൂക്ക് ആസ്ഥാനമാക്കി ഉണ്ടാക്കുക.
2. മൂത്തേടം പഞ്ചായത്തിലെ 9 ക്ഷീര സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ മിനി കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുവാൻ ആവശ്യമായി നടപടികളും സ്വീകരിക്കുകയും ഉദ്ദേശം 10 ലക്ഷം രൂപയുടെ ചിലവു വരുന്ന ഫാക്ടറിയുടെ അടങ്കൽ തുകയുടെ 75% സർക്കാരിൽനിന്നും 25% ക്ഷീര സഹകരണ സംഘങ്ങളുടെ ഭാഗത്തുനിന്നും സ്വരൂപിക്കുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കുക.
3. പാലിൽനിന്നും ഉല്പന്നങ്ങളും ഉണ്ടാക്കുവാൻ എല്ലാ സംഘങ്ങളിൽനിന്നും വനിതകളെ സംഘടിപ്പിക്കുകയും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി ഉണ്ടാക്കുവാനുള്ള നടപടികളും സ്വീകരിക്കുകയും ഗവർമ്മെൻറ് തലത്തിൽ സംഘങ്ങൾക്ക് സബ്സിഡിയായി യൂണിറ്റ് ഒന്നിന് 50000 രൂ. യായി വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിക്കുക.

താഴെ പറയുന്നവരെ ചേർത്തു കർമ്മസമിതി രൂപീകരിച്ചു.

ചെയർമാൻ : സുബൈദ ടീച്ചർ, മെമ്പർ (വാർഡ് 10) കാരപ്പുറം പി. ഒ. എടക്കര
കൺവീനർ : കെ. സി. ഫിലിപ്പ്, കല്ലുകളം, നമ്പൂരിപ്പൊട്ടി, മണിമൂളി.
വൈ ചെയർമാൻ: എൻ. പ്രഭാകരൻ, വാളായിൽ, പെരുപ്പാറ, കാരപ്പുറം
ജോ: കൺവീനർ : പി. അലവിക്കുട്ടി മാസ്റ്റർ, കാരപ്പുറം

മെമ്പർമാർ :

1. വി. പി. മുഹമ്മദ് വലിയപറമ്പൻ, ബാലംകുളം, കാരപ്പുറം
2. എം. അബ്ദുൽജലീൽ, മുണ്ടമ്പ്ര, കൽക്കുളം.
3. പി. കെ. വാസുദേവൻ, പുറാനിക്കാട്ടിൽ, കൽക്കുളം
4. കെ. കെ. ബേബിക്കുട്ടി, സെക്രട്ടറി കാരപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം
5. അബ്ദുൽകരീം പി. പൊറ്റയിൽ, ചോളമുണ്ട
6. ഹമീദ് കൂനർകാടൻ, കാരപ്പുറം
7. കെ. വി. മുഹമ്മദ് കോലാർ വീട്ടിൽ, നെല്ലിക്കുത്ത്
8. പി. സി. ഹൈസൻകാർ പുള്ളിച്ചോല
9. എ. പി. അബ്ദുറഹിമാൻ, അമ്പലപ്പറമ്പൻ കാരപ്പുറം
10. രാജേന്ദ്രപ്രസാദ്, ഡപ്യൂട്ടി റേഞ്ചർ, പട്ടിക്കസ്റ്റേഷൻ
11. മുണ്ടശ്ശേരി മുഹമ്മദ് ബാലംകുളം, കാരപ്പുറം പി. ഒ.
12. മറിയാമ്മ ദേവസ്യ കിഴക്കേതയ്യിൽ, വെള്ളാരമുണ്ട KSS

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വീടുകളും കക്കൂസുകളും സ്ഥായിയായതും പ്രത്യേകം പൊളിച്ച് വിൽക്കാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടി വീടുകളും കക്കൂസുകളും ഏതാനും പേരടങ്ങുന്ന (ഏകദേശം അഞ്ച് വീട്) ഒരു ഗ്രൂപ്പിനു ഒരു വാർപ്പ് കെട്ടിടം നിർമ്മിക്കുക.

ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നുള്ള മോചനത്തിനു വേണ്ടി ബോധവൽക്കരണം നടത്തുക.

പട്ടികജാതി പട്ടിക വർഗ്ഗക്കാരെ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽനിന്നും പൂർണ്ണമായും സംരക്ഷിക്കുന്നതിനുള്ള നടപടികളും കൈകൊള്ളുക.

ആധുനിക പരിഷ്കാരങ്ങളും ഇവരുടെ ഇടയിൽ കൊണ്ടുവരുന്നതിന് വേണ്ടി പഠന യാത്രകളും മറ്റും വളരെ പ്രയോജനപ്രദമായിരിക്കും. എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിനും ശുദ്ധജലം എത്തിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക. വിദ്യാഭ്യാസത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുക. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വസ്തുവകകളും ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാർക്ക് നേരെ വേണ്ട ശിക്ഷാനടപടികളും സ്വീകരിക്കുകയും ചെയ്യുക. ഇവർക്ക് കൂടുതൽ തൊഴിലവസരങ്ങളും നൽകുകയും നിലവിലുള്ള തൊഴിലുകളെക്കുറിച്ച് വേണ്ട അറിവുകളും നൽകുകയും ചെയ്യുക. ഇവർക്കിടയിൽ ചെറുകിട വ്യവസായങ്ങളും ഉൾകൊള്ളിച്ചു കൊണ്ടുള്ള വ്യവസായങ്ങളും നടപ്പിലാക്കുക. കൈതൊഴിലുകളും മറ്റും ഇവരെ സംഘടിപ്പിച്ചു കൊണ്ട് നടപ്പിലാക്കിയാൽ ഈ മേഖലയിൽ കൂടുതൽ പേർക്കും തൊഴിലവസരം ലഭിക്കാൻ ഇടയാകും. ഇതിന് വേണ്ടിയുള്ള പരിശീലന സ്ഥാപനങ്ങളും സ്ഥാപിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്ക് അവരുടെ ഭൂമിയിൽ സർക്കാർ ചിലവിൽ, റബ്ബർ പ്ലാന്റേഷൻ നടത്തി അവർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കിയെടുക്കാനുള്ള ശ്രദ്ധ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

ചെയർമാൻ P. ഇസ്മായിൽ
കൺവീനർ. V. E. O.
വിഗ്ദ്ധൻ. M. മുഹമ്മദ്, (കല്ലൂർ വീട്
പുതുവായ് കാരപ്പുറം പി. ഒ.
ജോയിൻ കൺവീനർ. ബിന്ദു നറുക്കിൽ നമ്പൂരിപ്പൊട്ടി പി. ഒ.

കമ്മിറ്റി അംഗങ്ങൾ:

ജോസഫ് സി. ജെ. ചെറയിൻപറമ്പിൽ കാരപ്പുറം പി. ഒ.
ബേബി പി ഡി. പുത്തൻവീട്ടിൽ കാരപ്പുറം പി. ഒ.
മുഹമ്മത് എ. കെ. അകമ്പാടം കാരപ്പുറം പി. ഒ.
മുജീബ് എം. കെ. കമരിയൻ നമ്പൂരിപ്പൊട്ടി
അബ്ദുൾ അസീസ് വി. വടക്കൻ മൂത്തേടം പി. ഒ.
രാജു വർഗീസ് തുണ്ടത്തിൽ നമ്പൂരിപ്പൊട്ടി പി. ഒ.
നാസർ സി. കെ.

വിദ്യാഭ്യാസം

നിർദ്ദേശങ്ങൾ :

1. പാഠപുസ്തകങ്ങളും വിതരണം ചെയ്യുന്നതിനും സബ്ജില്ലാ തലത്തിൽ ബുക്ക് ഡിപ്പോ അനുവദിക്കുക.
2. GTLPS കൾക്കുള്ള സ്കൂളിന് കൾക്കുള്ളത്ത് ഒരു ഹോസ്റ്റൽ നിർമ്മിക്കുക.
3. പ്രൈമറി തലത്തിലെ ഹെഡ്മാസ്റ്റർമാരുടെ ക്ലാസ് ചാർജ് ഒഴിവാക്കുക.
4. താളിപ്പാടം സ്കൂളും ഹൈസ്കൂളും ആക്കുന്നതിന് പകരം പഞ്ചായത്തിന് ആസ്ഥാനത്ത് ഒരു ഹൈസ്കൂളും അനുവദിക്കുക.
5. സ്ഥലം ലഭ്യമായ അംഗനവാടികൾക്ക് കെട്ടിടം പണിതുകൊടുക്കുക.

6. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 20:1 എന്ന ക്രമത്തിലാക്കുക.
7. പഞ്ചായത്തിലെ നിലവിലുള്ള എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിനുള്ള ഫർണീച്ചറും ചുറ്റു മതിലും കളിസ്ഥലങ്ങളും മറ്റ് അടിസ്ഥാന ആവശ്യങ്ങളും മാനേജർമാർ പൂർത്തിയാക്കുക.
8. എൽ. പി., യു. പി. അറബിക് സ്കൂളുകളിൽ ക്ലാർക്കുമാരെ നിയമിക്കുക.
9. അൺ എയ്ഡഡ് സ്കൂളുകളും നിർത്തലാക്കുകയും നിലവിലുള്ള ഗവ. എയ്ഡഡ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ വേണ്ട ഭൗതിക സൗകര്യങ്ങളും ഉണ്ടാക്കുക.
10. സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉത്തരവാദിത്വം അദ്ധ്യാപകരിൽനിന്നും ഒഴിവാക്കി പ്യൂൺമാരെ ഏൽപ്പിക്കുക.
11. എല്ലാ ക്ലാസ്സുകളിലും ശരാശരി മാർക്ക് വാങ്ങുന്നവരെ മാത്രം വിജയിപ്പിക്കുക.
12. നിലവിലുള്ള എൽ. പി. സ്കൂളുകളിൽ പ്യൂൺമാരെ നിയമിക്കുക.

കർമ്മസമിതി :-


ചെയർമാൻ : വി. എ. മുഹമ്മദ് എന്ന മാനു

വൈ. ചെയർമാൻ : സൂസമ്മ ടീച്ചർ CUPS കാരപ്പുറം

കൺവീനർ : രത്നാകരൻ മാസ്റ്റർ മൂത്തേടം GHS

ജോ. കൺവീനർ: എ. അബ്ദുറഹ്മാൻ DRP

മെമ്പർമാർ :
1. നൗഷാദലി ഇ. കെ.
2. പി. കെ. രാഘവൻ
3. രവി മാസ്റ്റർ
4. അബ്ദുൽഅസീസ് മാസ്റ്റർ PMMUPS
5. തങ്കമ്മ ടീച്ചർ UMMLPS
6. ചെറിയ മുഹമ്മദ്
7. അലവി ഇ. കെ.
8. മൂസാൻകുട്ടി നെല്ലിപ്പൊയിൽ



ജനകീയ ആസൂത്രണം

